
വാല്യം 77

കോതമംഗലം ബ്ലോക്ക്

(എറണാകുളം ജില്ല)

1. പൈങ്ങോട്ടൂർ
2. നെല്ലിക്കുഴി
3. പിണ്ടിമന
4. കോട്ടപ്പടി
5. കവളങ്ങാട്
6. വാരപ്പെട്ടി
7. കീരമ്പാറ
8. പോത്താനിക്കാട്
9. പല്ലാരിമംഗലം









നെല്ലിക്കുഴി ഗ്രാമ പഞ്ചായത്ത്
ജനകീയാസൂത്രണം
വികസന രേഖ

എറണാകുളം ജില്ല


തൃശൂർ
കൊടുങ്ങല്ലൂർ
തൃശൂർ
ഇടുക്കി
നെല്ലിക്കുഴി
മൂന്നാർ
പെരുമ്പാവൂർ
കോതമംഗലം
ലക്ഷദ്വീപ് കടൽ
തൊടുപുഴ
കോട്ടയം
N
S

77 - 2



നെല്ലിക്കുഴി ഗ്രാമ പഞ്ചായത്ത്
വികസന രേഖ - 1996

[(15- 12- 1996) നെല്ലിക്കുഴി പഞ്ചായത്ത് യു. പി. സ്ക്കൂൾ ഹാളിൽ നടത്തുന്ന വികസന സെമിനാറിൽ അവതരിപ്പിച്ചത്]

വളരെക്കാലമായി കാത്തിരുന്ന ഒരു പരിവർത്തനമാണ്
ജനങ്ങൾ ഉത്തരവാദിത്തത്തോടെ അധികാരം
ഏറ്റെടുക്കണമെന്നുള്ളത്
അതിപ്പോൾ സംഭവിച്ചേക്കുമെന്നറിയുന്നതിനാൽ
വളരെ ആഹ്ലാദം തോന്നുന്നു
ഡിപ്പാർട്ട്മെൻറലിസം തീരണമെങ്കിൽ
രാജ്യവാസികളുടെയും വകുപ്പുകളുടെയും ഇടയിൽ
പടുത്തുയർത്തിയിട്ടുള്ള ബ്യൂറോക്രസിയുടെ ജീർണ്ണിച്ച കോട്ടകൾ തകരണം
ഇപ്പോഴും ജനനൻമയ്ക്കായി
സർക്കാർ ഓഫീസുകളിൽ ചെല്ലുന്നവർ, ഓർമ്മിച്ചു
നിന്ന് അധികാരികളോട് യാചന ചെയ്യുന്ന രീതി
തീരെ മാറണം. താൻ കൂടിയാണ് ' സർക്കാർ' എന്ന്
ഓരോ പൗരനും വിശ്വാസം വരണം.
വരണം എന്നു പറയുന്നതുകൊണ്ടു മാത്രം വരികയില്ല.
ജനകീയതയുടെ മാതൃകഎല്ലാ സർക്കാർ രംഗത്തും ഉണ്ടാക്കി കാണിക്കണം
'ജനപങ്കാളിത്തം ' ചോദിച്ചു വാങ്ങൽ മാത്രമാകരുത്.
എന്റെ രാജ്യം, ഞാനും കൂടിയായ ജനകീയത എന്ന ബോധത്തോടെ മുക്കാൽ
പങ്കു ജോലിയും ജനങ്ങൾ ചെയ്തു കൊടുക്കാൻ
മാതൃകയുണ്ടാക്കണം

സ്നേഹപൂർവ്വം നിന്റെ സ്വന്തം ജനി


ഗ്രാമ പഞ്ചായത്ത് സമിതി



ഇ. എസ് അബ്ദുൽ ഖാദർ
(പ്രസിഡൻറ്)



എം.എൻ. ജയലക്ഷ്മി
(വൈസ് പ്രസിഡൻറ്)



സി.എം. അബ്ദുൽ റഹിമാൻ
(സ്റ്റാൻഡിംഗ് കമ്മറ്റി
ചെയർമാൻ)

അംഗങ്ങൾ

എ. എം. അലിയാർ

എ. എൻ. വത്സല

സഹീർ കോട്ടപ്പുറമ്പിൽ

കെ. കെ. രാജു

എ. ബി. മുഹമ്മദ്

സൈനബ അലി

റോസിലി ബേബി

ബ്ലായിൽ ര[redacted]കൃഷ്ണൻ

സി. ജി. വസുദേവൻ നമ്പൂതിരി

ജില്ലാ പഞ്ചായത്ത് അംഗം - ബാബു പോൾ

ബ്ലോക്ക് പഞ്ചായത്ത് അംഗം - അനു വിജയനാഥ്

പൊതു വിവരണം

ഗ്രാമപഞ്ചായത്തിന്റെ പേര്	:	നെല്ലിക്കുഴി
റവന്യൂ വില്ലേജ്	:	ഇരമല്ലൂർ, തൃക്കാരിയൂർ
ജില്ലാ പഞ്ചായത്ത് നിയോജകമണ്ഡലം	:	പായിപ്ര
ബ്ലോക്ക് പഞ്ചായത്ത്	:	കോതമംഗലം
താലൂക്ക്	:	കോതമംഗലം
ജില്ല	:	എറണാകുളം
അസംബ്ലി മണ്ഡലം	:	കോതമംഗലം
വിസ്തീർണ്ണം	:	25.03 ച.കി മീ.
ജനസംഖ്യ	:	29593(1991 സെൻസസ്)
വാർഡുകളുടെ എണ്ണം	:	12
അതിരുകൾ	:	വടക്ക് : കോട്ടപ്പടി ഗ്രാമ പഞ്ചായത്ത് പിണ്ടിമന ഗ്രാമ പഞ്ചായത്ത്
		പടിഞ്ഞാറ് : അശമന്നൂർഗ്രാമ പഞ്ചായത്ത്
		തെക്ക് : പായിപ്ര ഗ്രാമ പഞ്ചായത്ത്
		കിഴക്ക് : കോതമംഗലം മുനിസിപ്പാലിറ്റി



ഉള്ളടക്കം

ആമുഖം

I സാമൂഹ്യ സംസ്ക്കാരിക ചരിത്രം

II ഭൂപ്രകൃതി , വിളക്രമം

II വികസനമേഖലകൾ


1. കൃഷിയും ജലസേചനവും
2. മൃഗസംരക്ഷണം
3. വ്യവസായം
4. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
5. പാർപ്പിടം സാമൂഹ്യക്ഷേമം
6. കുടിവെള്ളവും പൊതുജനാരോഗ്യവും
7. വിദ്യാഭ്യാസം
8. സംസ്ക്കാരം
9. പട്ടികജാതി പട്ടിക വർഗ്ഗം
10. വനിത
11. സഹകരണമേഖല
12. വിഭവസമാഹരണം

ഉപസംഹാരം




നെല്ലിക്കുഴി പഞ്ചായത്ത് വിഭവ ഭൂപടം

ജില്ല	എറണാകുളം
റവന്യൂ ഡിവിഷൻ	മൂവാറ്റുപുഴ
താലൂക്ക്	കോതമംഗലം
ബ്ലോക്ക്	കോതമംഗലം
പഞ്ചായത്ത്	നെല്ലിക്കുഴി
വില്ലേജ്	ഇരമല്ലൂർ തൃക്കാരിയൂർ
വിസ്തീർണ്ണം	6827.53 ഏക്കർ
	(2731.012 ഹെക്ടർ)



	കുന്നിൻ പ്രദേശം
	സമതല പ്രദേശം
	താഴ്ന്ന പ്രദേശം
	പഞ്ചായത്ത് അതിർത്തി
	വാർഡ് അതിർത്തി
	ബസ് റൂട്ട് റോഡുകൾ
	റോഡുകൾ
	കനാലുകൾ
	സബ് കനാലുകൾ
	തോടുകൾ
	കൈ തോടുകൾ

P	പഞ്ചായത്ത് ആഫീസ്
V.C	വില്ലേജ് ആഫീസ്
P.O	പോസ്റ്റ് ആഫീസ്
H.S	ഹൈസ്കൂൾ
U.P	യു.പി.സ്കൂൾ
L.P	എൽ.പി. സ്കൂൾ
O	ആശുപത്രി
C	ചിറ
T	അമ്പലം
M.	മോസ്ക് (മുസ്ലീം പള്ളി)
S.S	സണ്ടേസ്കൂൾ
D	ധർമ്മഗിരി മഠം
L	ഗ്രന്ഥശാല
S	സൊസൈറ്റി
B	ബാങ്ക്
R	റേഡിയോ ഓപ്പേഴ്സ്
C.S.	ചെയിൻ സർവ്വേ സ്കൂൾ



ആമുഖം

വികസനമെന്നാൽ ദ്രുതഗതിയിൽ ജനങ്ങളുടെ ജീവിതനിലവാരം ക്രമാനുഗതമായും സ്ഥായിയായും നീതിപൂർവ്വകമായും ഉയർത്തുന്നതിനുള്ള ഒരു സാമൂഹ്യപ്രക്രിയയാണെന്ന് പറയാം. ഇത് ഫലപ്രദമാകണമെങ്കിൽ ആസൂത്രണം വേണം. ആവശ്യങ്ങൾ എല്ലാം നിറവേറ്റുന്നതിന് വിഭവങ്ങൾ തികയുകയില്ല. ആവശ്യങ്ങളുടെ മുൻഗണനാക്രമം നിശ്ചയിച്ച്, അപ്രകാരം വിഭവങ്ങൾ നീക്കി വെയ്ക്കുന്നതാണ് ആസൂത്രണം.

സാമാന്യജനങ്ങൾക്ക് വിദ്യാഭ്യാസം, പാർപ്പിടം, ആരോഗ്യം, റേഷൻ, ക്ഷേമം, ഗതാഗത സൗകര്യം, വൈദ്യുതി, വാർത്താവിനിമയം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ ഉറപ്പാക്കുന്നതിൽ കേരളം ഇതര സംസ്ഥാനങ്ങളുടെ മുൻപന്തിയിലാണ്. താഴ്ന്ന സാമ്പത്തിക നിലവാരത്തിലും ബോധപൂർവ്വമായ സാമൂഹ്യ ഇടപെടലുകളിലൂടെ ജനസാമാന്യത്തിന്റെ ജീവിത നിലവാരം ഉയർത്താമെന്ന് കേരളം തെളിയിച്ചു. എന്നാൽ കൃഷിയിലും വ്യവസായത്തിലും നാം പിന്നിലാണ്. ഈ സ്ഥിതി ആദ്യം പറഞ്ഞ മേഖലകളിലെ പുരോഗതിക്കും ഭീഷണിയാകുന്നു. പൊതുഖജനാവിൽ ഭരണചെലവ് കൂടിവരുകയും വികസന മേഖലയ്ക്ക് നീക്കിവെയ്ക്കേണ്ട തുക താരതമ്യേന കുറയുകയും ചെയ്യുന്നു. എന്നാൽ ഗൾഫ് പണമായും മറ്റു തരത്തിലും ജനങ്ങളിൽ ഒരു വിഭാഗത്തിന് ധനശേഷി ഉണ്ട്. മാനവവിഭവ ശേഷിയും ഇവിടെ ലഭ്യമാണ്. ഇവ ഉപയുക്തമാക്കാൻ കഴിയുന്ന പദ്ധതിയാണ് ജനകീയ ആസൂത്രണം.

എട്ടാം പഞ്ചവൽസര പദ്ധതി അടുത്ത മാർച്ച് മാസത്തോടെ പൂർത്തിയാകുന്നു. പദ്ധതികളിൽ ചെലവഴിച്ച തുകയുടെ മുന്നിലൊരംശം പോലും ജനങ്ങൾക്ക് പ്രയോജനപ്പെട്ടിട്ടില്ല. ഈ ഇനത്തിൽ ചെലവഴിക്കുന്ന ഓരോ രൂപയിലും കേന്ദ്രഗവൺമെൻറിനേറതായി പതിനഞ്ച് പൈസയും സംസ്ഥാന ഗവൺമെൻറിനേറതായി മുപ്പത്തിയഞ്ച് പൈസയും മാത്രമാണ് ജനങ്ങളിൽ എത്തിച്ചേരുന്നത്. ജനപങ്കാളിത്തം ഇല്ലായ്മയും വിവിധ വകുപ്പുകൾ തമ്മിൽ ബന്ധമില്ലാതെ പ്രവർത്തിക്കുന്നതും അഴിമതിയും ചുവപ്പുനാടയും എല്ലാം ഇതിന് കാരണങ്ങളാണ്. വിഭവ പരിമിതി കണക്കാതെ ഓരോ വകുപ്പും പദ്ധതി തയ്യാറാക്കുകയും ഒന്നും പൂർത്തിയാകാതെ ദീർഘകാലം കിടക്കുകയും ചെയ്യുന്നുണ്ട്. ഇതിനെല്ലാം പരിഹാരം കാണുവാൻ വികേന്ദ്രീകൃത ജനകീയാസൂത്രണം ഉപകരിക്കും.

നമ്മുടെ ഭരണഘടന പഞ്ചവൽസര പദ്ധതികളുടെ ആസൂത്രണത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് പങ്കാളിത്തം ഉറപ്പു നൽകുന്നു. കേരള നിയമസഭ പാസാക്കിയ പഞ്ചായത്ത് മുനിസിപ്പൽ നിയമങ്ങൾ ഈ ചുമതലകളെ കൂടുതൽ വ്യക്തമാക്കിയിട്ടുണ്ട്. ഒൻപതാം പഞ്ചവൽസര പദ്ധതിയിൽ തന്നെ ഇത് നടപ്പിലാക്കുവാൻ സംസ്ഥാന സർക്കാരും സംസ്ഥാന ആസൂത്രണ ബോർഡും തീരുമാനമെടുക്കുകയാണുണ്ടായത്.

നെല്ലിക്കുഴി ഗ്രാമ പഞ്ചായത്തിൽ ഇതെങ്ങനെ നടപ്പിലാക്കാമെന്ന് സാമാന്യ ജനങ്ങൾ കൂടിയാലോചിച്ചതിൻെറ ഫലമായി രൂപംകൊണ്ട ഈ റിപ്പോർട്ട് ഉയർത്തുന്ന പുതിയ മുദ്രാവാക്യം 'നാടിനെ അറിയൂ - നാടിനെ മാറ്റൂ' എന്നാണ്. 1996 ആഗസ്റ്റ് 17 (ചിങ്ങം 1) സംസ്ഥാന തല ഉദ്ഘാടനം നടന്നസമയം തന്നെ കൃമ്പയിൻെറ പഞ്ചായത്തല ഉദ്ഘാടനം ശ്രീ. ടി. എം. മീതിയൻ എക്സ്. എം. എൽ. എ. നിർവ്വഹിച്ചു. പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ നടന്ന പ്രസ്തുത ചടങ്ങനിടയിൽ സംസ്ഥാന തല ഉദ്ഘാടനം ദൂരദർശൻ തത്സമയം സംപ്രേക്ഷണം ചെയ്ത് പ്രദർശിപ്പിച്ചു. ഈ പരിപാടി വിജയകരമാക്കാൻ കഴിഞ്ഞത് വാർഡുതലത്തിൽ നടത്തിയ മേഖലാ വികസന യോഗങ്ങൾ വഴിയാണ്. സംസ്ഥാന തലത്തിൽ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് രൂപം കൊടുക്കുന്നതിന് മുൻപ്തന്നെ വികസന പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിനു വേണ്ടി 12 വാർഡുകളിലായി 38 മേഖലാ യോഗങ്ങൾ വിളിച്ചു ചേർക്കുകയും പ്രാദേശിക വികസന പ്രശ്നങ്ങൾ ചർച്ചചെയ്യുകയും പട്ടികപ്പെടുത്തുകയും ചെയ്തു. ഈ യോഗത്തിൽ മേഖലാ വികസന സമിതികൾക്ക് രൂപം നൽകി. യോഗങ്ങളിലാകെ പങ്കെടുത്തവരുടെ എണ്ണം 3478 ആണ്. സ്ത്രീജനങ്ങളുടെ വൻതോതിലുള്ള പങ്കാളിത്തം എടുത്തു പറയേണ്ടതാണ്. പഞ്ചായത്തിൻെറ നാനാ മേഖലയിൽ വൈദഗ്ധ്യമുള്ളവരുടെ പങ്കാളിത്തംകൊണ്ട് മേഖലാ യോഗങ്ങൾ സമ്പുഷ്ടമായിരുന്നു. ഇങ്ങനെ പരുവപ്പെടുത്തിയ പശ്ചാത്തലത്തിലാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്.

മേഖലാ വികസന യോഗങ്ങളിൽ നിന്ന് ജനകീയാസൂത്രണ പ്രസ്ഥാനത്തിന് നേതൃത്വം നൽകാൻ കഴിയുന്നവരെ കണ്ടെത്തിയിട്ടുണ്ട്. വരും നാളുകളിൽ പഞ്ചായത്തു വികസന സമിതി രൂപീകരിച്ച് പദ്ധതി നടത്തിപ്പിൽ നേതൃത്വപരമായ പങ്കു വഹിക്കുവാൻ മേഖലാ യോഗങ്ങൾ പശ്ചാത്തലമൊരുക്കിയിട്ടുണ്ട്.

പഞ്ചായത്തിൽ നിന്ന് ജില്ലാ തല പരിശീലനത്തിന് താഴെ പറയുന്നവരെ നിയോഗിച്ചു.

1. പി.കെ. കുര്യാക്കോസ് (പ്രസിഡൻറ് താലൂക്ക് ലൈബ്രറി യൂണിയൻ)
2. പരീത് പട്ടരുമഠം (അദ്ധ്യാപകൻ)
3. പി.വി. നാരായണനുണ്ണി (റിട്ട. അദ്ധ്യാപകൻ)
4. കെ. ചന്ദ്രൻ (പഞ്ചാ. ജീവനക്കാരൻ)
5. കെ. എ. ഹമീദ് (സഹ: വകുപ്പ് ഉദ്യോഗസ്ഥൻ)
6. പി.കെ.ബാപ്പൂട്ടി (ജോ. സെക്രട്ടറി യുഗദീപ്തി ഗ്രന്ഥശാല)
7. സി. സതീഷ് ബാബു (പ്രസിഡൻറ് ഇരമല്ലൂർ പബ്ലിക്ലൈബ്രറി)

ഇവരിൽ പരീത് പട്ടരുമഠം പഞ്ചായത്ത് സ്കൂൾ കോംപ്ലക്സ് അക്കാഡമിക് കമ്മറ്റി കൺവീനറും, പി.വി. നാരായണനുണ്ണി പഞ്ചായത്ത് സ്കൂൾ കോംപ്ലക്സ് അക്കാഡമിക് കമ്മറ്റി ചെയർമാനും, മറ്റുള്ളവർ സാക്ഷരതാ പ്രവർത്തകരുമാണ്. ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ശ്രീ. ഇ. എസ്. അബ്ദുൾ ഖാദർ, വൈസ് പസിഡൻറ് എം. എൻ. ജയലക്ഷ്മി, സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ സി.എം. അബ്ദുൾ റഹിമാൻ, ബ്ലോക്ക്പഞ്ചായത്ത് മെമ്പർ അനു വിജയനാഥ്, പഞ്ചായത്ത് കമ്മറ്റി അംഗം കെ. കെ. രാജു എന്നിവർ ജനപ്രതിനിധികളായി പങ്കെടുത്തു. സെപ്റ്റംബർ 10,11,12 തീയതികളിൽ കോതമംഗലം ''കലാ'' ആഡിറ്റോറിയത്തിൽ പരിശീലനം നടന്നു.

12 -ന് അവിടെ വച്ചു തന്നെ പരിശീലകരും ജനപ്രതിനിധികളും ഭാവി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു. കെ. ചന്ദ്രനെ പഞ്ചായത്ത്തല കോ-ഓർഡിനേറ്ററായി തെരഞ്ഞെടുക്കുകയും ചെയ്തു.

ഗ്രാമപഞ്ചയത്തിൻെറ നിശ്ചയപ്രകാരം സെപ്റ്റംബർ 13 -ന് പഞ്ചായത്തുതല ശില്പശാല സംഘടിപ്പിച്ചു. 14 -ന് തന്നെ രണ്ട് വിശേഷാൽ ഗ്രാമസഭകൾ ചേരുകയും ഒക്ടോബർ 6-ാം തീയതിയോടെ എല്ലാം പൂർത്തിയാക്കുകയും ചെയ്തു. ജനകീയ ആസൂത്രണത്തിൻെറ സന്ദേശം പ്രചരിപ്പിക്കുവാൻ ബ്ലോക്ക്പഞ്ചായത്ത് തലത്തിൽ കലാജാഥ സംഘടിപ്പിച്ചു. ബ്ലോക്ക്തല പരിശീന ക്യാമ്പ് നമ്മുടെ പഞ്ചായത്തിൽ സെപ്റ്റംബർ 20 മുതൽ 28 വരെ കമ്മ്യൂണിറ്റി ഹാളിൽ വിജയകരമായി പൂർത്തീകരിച്ചു. കലാജാഥയുടെ അരങ്ങേറ്റം സെപ്റ്റംബർ 28-ന് എളമ്പ്രയിൽ വച്ചു നടത്തി. ജനകീയാസൂത്രണ പ്രസ്ഥാനത്തെക്കുറിച്ച് നേരിൽ കണ്ടു പഠിക്കുന്നതിന് എത്തിയ ഉത്തരേന്ത്യയിൽ നിന്നുള്ള 'ഭാരത് ജ്ഞാൻ വിജ്ഞാൻ 'സമിതി പ്രവർത്തകരുടെ എളമ്പ്രയിലും തൃക്കാരിയൂരിലുമുള്ള സന്ദർശനം നമുക്ക് ആവേശം പകർന്നു. ജനാധികാര കലാജാഥ നമ്മുടെ പഞ്ചായത്തിൽ മുപ്പതാം തീയതി പര്യടനം നടത്തി. നെല്ലിക്കുഴി യുഗദീപ്തി ഗ്രന്ഥശാലയുടെ ആഭിമുഖ്യത്തിൽ നടന്നവികസന സെമിനാറും ഇരമല്ലൂർ പബ്ലിക് ലൈബ്രറി നടത്തിയ 'ജനകീയാസൂത്രണം' ചർച്ചാക്ലാസും ഈ പ്രസ്ഥാനത്തിൻെറ സന്ദേശം ജനങ്ങളിൽ എത്തിക്കാൻ സഹായിച്ചു. ഗ്രാമസഭകളുടെ മുന്നൊരുക്കം, പങ്കാളിത്തം, നടത്തിപ്പ്, സ്ത്രീകളുടെ പങ്കാളിത്തം എന്നിവയുടെ നിലവാരത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിട്ടുണ്ട്. പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൻെറ പങ്കാളിത്തം താതമ്യേന കുറവായിരുന്നു. എങ്കിലും പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം ചർച്ചചെയ്യുന്നതിനു ഒക്ടോബർ 13-ന് ചേർന്ന വിശേഷാൽ കൺവെൻഷൻ ഫലപ്രദമായിരുന്നു.

പട്ടികI

ഗ്രാമസഭകളുടെ പങ്കാളിത്തം

വാർഡ് നമ്പർ	പുരുഷൻമാർ	സ്ത്രീകൾ	ആകെ
I	89	14	103
II	74	8	82
III	127	32	159
IV	63	2	65
V	82	4	86
VI	85	22	107
VII	91	30	121
VIII	46	18	64
IX	152	57	209
X	60	50	110
XI	65	6	71
XII	47	5	52
ആകെ	981	248	1229

കോതമംഗലം ബ്ലോക്കിലെജില്ലാതല പരിശീലകരുടെ യോഗം 27-9-96 ന് ചേർന്നു ഗ്രാമസഭകളുടെ അവലോകനം നടത്തി. 12-10-96ന് പ്രാദേശിക പരിശീലകരുടെ യോഗം കമ്മ്യൂണിറ്റി ഹാളിൽ ചേർന്ന് പഠനപര്യടനത്തിനും ദ്വിതീയ വിവരശേഖരണത്തിനും പദ്ധതി തയ്യാറാക്കി. നവംബർ 1ൻെറ പുനരർപ്പണ ദിനത്തിൽ കണ്ണംകുളം - പൊട്ടക്കൽ റോഡിൻെറ അറ്റകുറ്റ പണി സന്നദ്ധപ്രവർത്തനത്തിലൂടെ നടത്തി. രണ്ടാംഘട്ട പരിശീലനം നവംബർ 5,6,7 തീയതികളിൽ കോതമംഗലം'കല' ആഡിറ്റോറിയത്തിൽ വച്ച് നടന്നു. ജില്ലാതല പരിശീലകരും ഗ്രാമപഞ്ചായത്ത് അംഗങ്ങളും സെക്രട്ടറിയും പരിശീലനത്തിൽ പങ്കെടുത്തു.

രണ്ടാംഘട്ട പഞ്ചായത്തുതല ശില്പശാല നവംബർ 11ന് കമ്മ്യൂണിറ്റി ഹാളിൽ നടന്നു. 13-11-96 ന് പഠനപര്യടനങ്ങൾ പൂർത്തിയാക്കി. തലങ്ങും വിലങ്ങുമായി 12 പഠനപര്യടനങ്ങളാണു നടത്തുവാൻ കഴിഞ്ഞത്. 14-ന് വനിതാക്ഷേമം വിശേഷാൽ കൺവെൻഷൻ, 15-ന് ക്രോഡീകരണം, 18 -ന് ഉദ്യോഗസ്ഥ വിഭാഗത്തിൻെറ യോഗം, 21-ന് സ്വാഗതസംഘം രൂപീകരണം എന്നിവ നടന്നു. ഡിസംബർ 2-ന് പഞ്ചായത്ത് വികസന രേഖ തയ്യാറാക്കി. ഗ്രാമസഭാ റിപ്പോർട്ടുകൾ, ദ്വിതീയ വിവരക്കണക്കുകൾ, കാരണവർ ചർച്ചകൾ തുടങ്ങിയവ പ്രയോജനപ്പെടുത്തിയാണ് രേഖ തയ്യാറാക്കിയത്.

ഒരു പുത്തൻ വികസന സംസ്ക്കാരത്തിൻെറ തിരിനാളം കൊളുത്തുവാൻ ജനകീയാസൂത്രണം വഴി ഗ്രാമവാസികൾ ഒരുമ്പെട്ടുവെന്ന് അഭിമാനിക്കാം.

ഭരണചരിത്രം:-

1949 -ൽ തിരുകൊച്ചി സംസ്ഥാന രൂപീകരണത്തിന് മുമ്പ് പഴയ തിരുവിതാംകൂറിൽപെട്ട കോട്ടയം ജില്ലയിൽ മൂവാറ്റുപുഴ താലൂക്കിൽ പെട്ടിരുന്ന നെല്ലിക്കുഴി പഞ്ചായത്ത് 15-8-1953 ലാണ് രൂപീകൃതമായത്.മുൻപ് നെല്ലിക്കുഴി പഞ്ചായത്ത് പ്രദേശങ്ങൾ മുഴുവൻ ഇരമല്ലൂർ വില്ലേജിൽ ഉൾപ്പെട്ടിരുന്നു. 1988-ൽ വില്ലേജ് പുനഃസംഘാടനം നടന്നപ്പോൾ പഞ്ചായത്ത് പ്രദേശം ഇരമല്ലൂർ വില്ലേജും തൃക്കാരിയൂർ വില്ലേജുമായി വിഭജിക്കപ്പെട്ടു. പഞ്ചായത്തിൽ രണ്ട് വില്ലേജ് ആഫീസുകൾ, കൃഷിഭവൻ, ഒരു സബ് പോസ്റ്റോഫീസ്, നാല് ബ്രാഞ്ച് പോസ്റ്റോഫീസ്,ഗവൺമെൻറ് ആയുർവേദ ആശുപത്രി, പ്രാഥമിക ആരോഗ്യകേന്ദ്രം , നാല് ഫാമിലി വെൽഫെയർ സെൻററുകൾ, ഒരു മൃഗാശുപത്രി, രണ്ട് ICDPസബ്സെൻറർ, ടെലഫോൺ എക്സ്ചേഞ്ച്,ഗവൺമെൻറ് T.T.I, മാവേലി സ്റ്റോർ എന്നിവ പ്രവർത്തിക്കുന്നു. ജില്ലയിലെ രണ്ട് അനർട്ടു പ്രോജക്ട് ഓഫീസുകളിൽ ഒന്നായ കോതമംഗലം ബ്ലോക്ക് പ്രോജക്ട് ഓഫീസ് നെല്ലിക്കുഴിയിലാണ് സ്ഥിതി ചെയ്യുന്നത്. ഭൂമി ശാസ്ത്രപരമായി ഇടനാട്ടിൽ പെട്ടതാണ് ഈ ഭൂവിഭാഗം.

1946 -ൽ ഇരമല്ലൂർ വില്ലേജ് യൂണിയൻ രൂപീകൃതമായി. യൂണിയന്റെ പ്രസിഡൻറ് യശഃശരീരനായ ടി.കെ. മക്കാർപിള്ളയായിരുന്നു. 1953 ൽ പഞ്ചായത്തു രൂപീകൃതമായതിനെ തുടർന്ന് ഏഴാമത്തെ സമിതിയാണ് നിലവിലുള്ളത്. 1955 മുതൽ 1978 വരെയുള്ള ദീർഘകാലം പഞ്ചായത്തു പ്രസിഡൻറായി സേവനമനുഷ്ഠിച്ചത് ടി. എം. മീതിയനാണ്. മുമ്പ് ഉണ്ടായിരുന്ന ആറ് സമിതികളിലെ പ്രസിഡൻറുമാരുടേയും വൈസ്പ്രസിഡൻറമാരുടേയും പേരുവിവരങ്ങൾ താഴെ ചേർക്കുന്നു.

വർഷം	പ്രസിഡൻറ്	വൈസ്പ്രസിഡൻറ്
1953 -54	സി.ജി. ഗോവിന്ദൻ നമ്പൂതിരി	ടി.എം.മീതിയൻ
1955-62	ടി.എം. മീതിയൻ	കൃഷ്ണൻ കുഞ്ഞി
1963 - 78	ടി.എം. മീതിയൻ	കെ.കെ.കോന്തി
1980 -86	എം.ആർ.നീലകണ്ഠൻകർത്താ	എം.എൻ. ജയലക്ഷ്മി
1988 -91	സി.ജി. വാസുദേവൻ നമ്പൂതിരി	പി.പി. തങ്കപ്പൻ
1991 -95	പി.എം. മഹറൂബ്	പി.പി. തങ്കപ്പൻ

8

സാമൂഹിക - സാംസ്ക്കാരിക ചരിത്ര പശ്ചാത്തലം

ചരിത്ര പശ്ചാത്തലത്തിലേക്ക് ഒരെത്തിനോട്ടം മാത്രമാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നത്. ആദി ചേര സാമ്രാജ്യത്തിന്റെ ആസ്ഥാനമായിരുന്ന തൃക്കാരിയൂർ ഈ പഞ്ചായത്തിലാണ്. ചേര വംശത്തിൽ പെട്ട നാടുവാഴികൾ ഇപ്പോഴത്തെ ഇളമ്പ്രയിലും താമസിച്ചിരുന്നതായി കരുതപ്പെടുന്നു. 500 വർഷം മുമ്പ് അവിടെ വാണിരുന്ന ' വടുവൂർ രാജകുടുംബം' ക്ഷയിച്ച് തൃപ്പൂണിത്തുറക്ക് മാറിപ്പോയതായി ചരിത്രമുണ്ട്. ആ കോയിക്കലെ മുൻവശത്ത്, നാടുവാഴികൾ നിർമ്മിച്ച 'വടുർ കുളം' അടുത്തകാലം വരെ ഇളംപ്രയിലുണ്ടായിരുന്നു. ഈ പ്രദേശം മുഴുവൻ കർത്താക്കൻമാരുടെ അധീനതയിലായത് നാടുവാഴികളുടെ കാലഘട്ടത്തിനു ശേഷമാണ്. കർത്താക്കൻമാരുടേയും മറ്റും തേർവാഴ്ച മാർത്താണ്ഡ വർമ്മ മഹാരാജാവ് ഈ പ്രദേശമാകെ അധീനതയിൽ പെടുത്തുന്നതിന് മുമ്പ്വരെ തുടർന്നു. തൃക്കാരിയൂർ വാണിരുന്ന പെരുമാക്കൻമാരുടെ ആനകളെ തങ്കുളത്തുണ്ടായിരുന്ന ''തെൻങ്കുളത്തിൽ '' കുളിപ്പിച്ചിരുന്നു. ആ കുളത്തിന്റെ പേരിൽ നിന്നാകണം 'തങ്കുളം' എന്ന പേരുണ്ടായത്. ആ കുളത്തിനും അവിടെ താമസിച്ചിരുന്ന ഒരു കുടുംബത്തിനും ആനച്ചിറയെന്ന പേര് സിദ്ധിക്കുകയും ചെയ്തു.

8-ാം നൂറ്റാണ്ടുവരെ ചൈന-ബുദ്ധമത മതാനുയായികൾ അധിവസിച്ചിരുന്ന ഈ പഞ്ചായത്ത് പ്രദേശത്ത് ഏറെക്കുറെ സമാധാനം നിലനിന്നിരുന്നു. ഉച്ചനീചത്വവും കടുത്ത ചൂഷണവും, മർദ്ദനവും കുറവായിരുന്നു. മാവേലി നാടുവാണിരുന്ന കാലത്തോട് ഒട്ടൊക്കെ താരതമ്യം ചെയ്യാൻ കഴിയുന്ന ഈ ഭൂതകാലത്തിന്റെ ഓർമ്മകൾ ആവേശകരമത്രെ.

8-ാം നൂറ്റാണ്ടിന്റെ ശേഷം സഹസ്രാബ്ദത്തോളം നീണ്ടുനിന്നതും സുദീർഘമായതും ഒളിമങ്ങിയതുമായ സമൂഹചരിത്ര കാലമാണ് ജനത പിന്നിട്ടത്. ജാതി-ജൻമി-നാടുവാഴിത്ത മേധാവിത്വം ശക്തിയാർജ്ജിച്ച നൂറ്റാണ്ടുകളിൽ നടന്ന ചെറുത്തു നിൽപ്പ് സമരങ്ങളും പരിശ്രമങ്ങളും വിശേഷാൽ പഠനമർഹിക്കുന്നു.

തൃക്കാരിയൂർ മഹാദേവർ ക്ഷേത്രത്തോടും മറ്റും ബന്ധപ്പെട്ട് ക്ഷേത്ര കലകൾ വളർച്ച പ്രാപിച്ചിരുന്നു. ചില ക്ഷേത്ര കലകളുടെ ഉത്ഭവം തന്നെ ഇവിടെ നിന്നാണ്. 'കേരളത്തിലെ ക്ഷേത്ര കലകൾ ' എന്ന നാല്ഭാഗങ്ങൾ ഉള്ള ഗ്രന്ഥപരമ്പരയും 'മുടിയേറ്റ്' എന്ന ഗ്രന്ഥവും ഈ കലകളെ ദസംബന്ധിച്ച പഠനത്തിന് സഹായകരമാണ്. ദൗർഭാഗ്യകരമെന്നു പറയട്ടെ മണ്ണിൽ പൊന്ന് വിളയിച്ചിരുന്ന ജനസഹസ്രങ്ങളുടെ ജനകീയ കലകളെ സംബന്ധിച്ച പഠന ഗ്രന്ഥങ്ങൾ ഇനിയും ഉണ്ടാക്കേണ്ടിയിരിക്കുന്നു. ചിന്ത്, ഉടുക്ക്, കോൺകളി, പരിചമുട്ടു കളി, പാണപ്പാട്ട്, കുടതുള്ളൽ, കാളകളി, അറവനമുട്ട്, മാർഗംകളിതുടങ്ങി ഇന്നുംജീവിക്കുന്ന കലാവിനോദങ്ങളെക്കുറിച്ച് ഗവേഷണം തന്നെ ആവശ്യമുണ്ട്.

1795 തിരുവിതാംകൂർ ബ്രിട്ടീഷ് അധീനതയിൽ പ്പെട്ടതിനുശേഷമാണ് കൃഷിക്കാരന് ഭൂമിയിൽ ഉണ്ടായിരുന്ന അവകാശം പാടെ തകർക്കപ്പെട്ടത്. എന്നിട്ടും തിരുവിതാംകൂറിലെ 75% ഭൂമിയും പണ്ടാരംവകയായിരുന്നു. എന്നാൽ നെല്ലിക്കുഴി പഞ്ചായത്തിലെ ഭൂമിയിൽ 75 %വും ജൻമികളുടെ വകയായിരുന്നുവെന്നത് വിരോധാഭാസമായി തോന്നാം. കല്ലിൽ പിഷാരം, പെങ്ങനാട്ട് ദേവസ്വം, പുഞ്ഞാർ ദേവസ്വം, മേൻപാഴൂർമന, കുട്ടമശ്ശേരി മന എന്നീ ജൻമികളുടെ വകയായിരുന്നു ഭൂരിഭാഗം പ്രദേശങ്ങളും. ദേവസ്വങ്ങൾ, സമൂഹമാങ്ങൾ, ബ്രഹ്മസ്വങ്ങൾ, ചെറുകിട ജൻമിമാർ എന്നിവരുടെ വകയായും ഗണ്യമായ കൃഷിവൂമിയുണ്ടാവയിരുന്നു. 20-ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ ചെറുവട്ടൂർ പ്രദേശത്തും ഓലിപ്പാറയിലും കർഷകസംഘത്തിന്റേറയും പുരോഗമന പ്രസ്ഥാനത്തിന്റേറയും നേതൃത്വത്തിൽ നടന്ന കൃഷിക്കാരുടെ പ്രക്ഷോഭണങ്ങൾ ഈ പ്രദേശത്ത് നടന്നിട്ടുണ്ട്. കർഷകരുടേയും തൊഴിലാളികളുടേയും പ്രസ്ഥാനത്തിന് അതിശക്തമായ പാരമ്പര്യം അവകാശപ്പെടാനില്ലെങ്കിലും 1950 കളുടെ ആരംഭത്തിൽ തന്നെ ഓടക്കാലി മേതല പ്രദേശത്തുണ്ടായിരുന്ന ജനനായകരുടെ ശ്രമ ഫലമായി ഈ ദിശയിലുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. പിൽക്കാലത്ത് നമ്മുടെ പഞ്ചായത്തിൽ തന്നെയുള്ള വിവിധ നേതാക്കളുടെ ശ്രമഫലമായി ഇത് ബഹുജന പിൻതുണ ആർജിച്ചു. പാട്ടവ്യവസ്ഥയ്ക്കെതിരെ പഞ്ചായത്തിലുടനീളം ദരിദ്ര കർഷകരുടെയും കുടിയാൻമാരുടെയും വീറുറ്റ പോരാട്ടം നടക്കുകയുണ്ടായി. അതിന്റെ ഫലമായി ഈ വിഭാഗം ജനങ്ങൾക്ക് ജീവിതനിലവാരത്തിൽ വമ്പിച്ച കുതിച്ചുകയറ്റമുണ്ടായി എന്നത് ഇത്തരുണത്തിൽ സ്മരണീയമാണ്.

കൃഷിഭൂമിയുടെ ഇപ്പോഴത്തെ വിതരണം ഈ റിപ്പോർട്ടിലെ '' കൃഷിയും ജലസേചനവും '' എന്ന ഭാഗത്ത് ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ നിന്നും ഭൂടമസ്ഥതയിൽ നിന്നും വന്ന മാറ്റം മനസ്സിലാക്കാവുന്നതാണ്. കൃഷിഭൂമിയിൻമേൽ അവകാശത്തിനു വേണ്ടിയുള്ള സമരങ്ങളുടെ ഉജ്ജ്വലമായ ചരിത്രം ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്താൻ കഴിഞ്ഞില്ല.സ്വന്തം വിയർപ്പൊഴുക്കി ഫലഭൂയിഷ്ഠമാക്കിയ മണ്ണിൽ നിന്ന് ഒഴിവാക്കപ്പെട്ട കുടിയാൻമാരുടെ തേങ്ങലുകൾ ഈ അന്തരീ

ക്ഷത്തിൽ ഇന്നും മാറ്റൊലികൊള്ളുന്നുണ്ടെങ്കിലും അവരുടെ ചെറുത്തു നിൽപ്പിന്റെ ജാജ്വല്യമാനമായ ചരിത്രം രേഖപ്പെടുത്താൻ കഴിയാത്തത്, നമ്മുടെ ദൗർബല്യമാണെന്ന് സമ്മതിക്കേണ്ടിയിരിക്കുന്നു.

ജാതിക്കും അനാചാരങ്ങൾക്കും എതിരായ പ്രവർത്തനങ്ങളും ഈ മേഖലയിൽ സംഘടിതമായി നടന്നിട്ടില്ല. എന്നാൽ ഹിന്ദു മിഷൻ ഈ രംഗത്ത് പുരോഗമനാശയങ്ങൾ പ്രചരിപ്പിക്കുവാൻ ശ്രമിച്ചിരുന്നു. കൈവശവകാശകരെ ഒഴിപ്പിക്കുന്നത് നിരോധിക്കുന്ന 1957 -ലെ ഓർഡിനൻസ്സും തുടർന്നുണ്ടായ ഭൂനിയമവും വഴി ഭൂമി ലഭിച്ച ചെറുകിട കർഷകരാണ് ഈ പഞ്ചായത്തിലുള്ളത്. ഭൂമിക്കുവേണ്ടിയുള്ള പ്രക്ഷോഭണങ്ങളിൽനേരിട്ടു പങ്കെടുക്കാൻ അവസരം ലഭിക്കാതെയിരുന്ന ഈ കർഷകർ പിന്നീടും എടുത്തു പറയാവുന്ന സംഘടിത ശ്രമങ്ങൾ നടത്തിയില്ല. ഒരു വിഭാഗം കർഷകർ കർഷകസംഘത്തിന്റെ ആഭിമുഖ്യത്തിൽ ഔപചാരികമായ സംഘടനാപ്രവർത്തനങ്ങൾ നടത്തിവരുന്നു. 1970 -കളിൽ 314 പ്രദേശത്തും പഞ്ചായത്തിന്റെ ഇതര ഭാഗങ്ങളിലും ഒഴിപ്പിക്കലിനെതിരെ കൂടുതൽ സംഘടിതമായ ശ്രമങ്ങൾ നടത്താൻ കഴിഞ്ഞതും കർഷകർക്ക് കൈവശാവകാശം ലഭിച്ചതും കർഷകസംഘത്തിന്റെ നേതൃത്വത്തിലാണ്.

ട്രേഡ് യൂണിയൻ രംഗത്ത് പ്രവർത്തനമാരംഭിച്ചത് പെത്തുതൊഴിലാളികളാണ്. അടിമതുല്യമായ ചൂഷണവും മർദ്ദനവും അനുഭവിച്ചിരുന്ന ഈ വിഭാഗം തൊഴിലാളികളുടെ ജീവിതത്തിൽ സംഘടിത ബോധം വിപ്ലവകരമായ മാറ്റമാണുണ്ടായതെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. 1960 - ലാണ് കള്ളുചെത്തു തൊഴിലാളി സംഘടനാ പ്രവർത്തനം ആരംഭിച്ചത്. ബീഡിതൊഴിലാളികൾ 1969 -ലും കർഷകതൊഴിലാളികൾ, നിർമ്മാണതൊഴിലാളികൾ, തീപ്പെട്ടി കമ്പനി തൊഴിലാളികൾ, കരിങ്കൽ ക്വാറിതൊഴിലാളികൾ, അറക്കമിൽ തൊഴിലാളികൾ, ചുമട്ടു തൊഴിലാളികൾ എന്നീ ജനവിഭാഗങ്ങളും 1970-കളിലും വർഗ്ഗ സംഘനകൾക്ക് രൂപം നൽകി

1955 -ന് ശേഷം നിലവിൽ വന്ന ഭരണസമിതിയാണ് വികസനചരിത്രത്തിന് മൗലികമായ തുടക്കം കുറിച്ചത് 30% ബഹുജനങ്ങളുടെ സന്നദ്ധപ്രവർത്തനത്തിന്റെ സഹായത്തോടെ പഞ്ചായത്തിന്റെ എൽ. ഡി. സ്കീമിൽ ഉൾപ്പെടുത്തിയും അല്ലാതെയും കുറ്റിലഞ്ഞി യു.പി. സ്കൂളിന്റെ ആദ്യത്തെ കെട്ടിടം, വിവധ വാർഡുകളിലായി വിവിധ സ്ഥാപനങ്ങൾ, ചിറകൾ, തോടുകൾ, കുളങ്ങൾ എന്നിവയുടെ നിർമ്മാണത്തിന് ശ്രീ.ടി. എം. മീതിയന്റെ നേതൃത്വത്തിൽ കാൽ നൂറ്റാണ്ടുകാലം ഭരിച്ച ഭരണസമിതി പ്രസ്താവ്യമായ പ്രവർത്തനമാണ് നടത്തിയത് . 1957- ൽ കേരളത്തിൽ അധികാരത്തിൽ വന്ന ഗവൺമെൻറ് കുടിലുകളെ കെട്ടിട നികുതിയിൽനിന്നൊഴിവാക്കുന്ന ആനുകൂല്യം നടപ്പിലാക്കിയപ്പോൾ അതിന് വഴികാട്ടിയായി 1955- ൽതന്നെ ഈ ആനുകൂല്യം പഞ്ചായത്ത് പ്രദേശത്ത് നടപ്പിലാക്കുകയുണ്ടായി.


പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ പേരും സ്ഥാപിച്ച വർഷവും ചുവടെ ചേർക്കുന്നു.

	പേര്	സ്ഥാപിച്ച വർഷം
1.	എൽ.പി.എസ്.തൃക്കാരിയൂർ	1932
2.	എൽ.പി.എസ്.ചെറുവട്ടൂർ	1939
3.	ദേവസ്വം ബോർഡ് ഹൈസ്ക്കൂൾ	1950
4.	കുറ്റിലഞ്ഞി യു.പി.എസ്.	1955
5.	ഗവ.ഹൈസ്ക്കൂൾചെറുവട്ടൂർ	1957
6.	പഞ്ചായത്ത് എൽ.പി.എസ്. / യു.പി.എസ്.	1966
7.	എൽ.പി.എസ്. ഇളമ്പ്ര	1976
8.	യു.പി.എസ്.ചെറുവട്ടൂർ	1983
9.	ഗവ.റ്റി.റ്റി.ഐ ചെറുവട്ടൂർ	1986

ഈ സ്ഥാപനങ്ങളുടെ ആരംഭത്തിനും വളർച്ചക്കും നേതൃത്വം നൽകുകയും അദ്ധ്വാനിക്കുകയും ചെയ്ത നിസ്വാർത്ഥമതികളായ ജനനേതാക്കളെയും ആ മഹത് വ്യക്തികളെയും ഈ പഞ്ചായത്തിലെ ജനങ്ങൾ ആദരവോടെ സ്മരിക്കുന്നു.

ആരോഗ്യരംഗത്ത് 1953 -ൽ സ്ഥാപിച്ച ആയുർവേദ ആശുപത്രിയും അലോപ്പതി ഡിസ്പെൻസറിയും മാത്രമാണ് എടുത്തു പറയേണ്ട സ്ഥാപനങ്ങൾ.സമ്പൂർണ്ണ സാക്ഷരത നേടിയ ഈ പഞ്ചായത്തിൽ 1950 -കളിൽ 85%പേരും നിരക്ഷരരായിരുന്നു.നൂറ്റാണ്ടുകൾ പഴക്കമുള്ള ഏക ഗതാഗത മാർഗ്ഗം തൃക്കാരിയൂർ മൂവാറ്റുപുഴ കമ്പോളങ്ങളെ ബന്ധിപ്പിച്ച പെഴാക്കപ്പിള്ളി റോഡ് ആണ്.

കഴിഞ്ഞ നൂറ്റാണ്ടിൽ വെട്ടിത്തെളിച്ച ഈ നൂറ്റാണ്ടിൽ വാഹനഗതാഗതയോഗ്യമാക്കിയ ആലുവ മൂന്നാർ റോഡ് ആണ് ഈ പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട റോഡ് മറ്റ് റോഡുകളെ ക്കുറിച്ചുള്ള വിവരങ്ങൾ '' ഗതാഗതവും ഊർജ്ജവും '' എന്ന വിഭാഗത്തിൽ കൊടുത്തിട്ടുണ്ട്. 1950- കളിൽ 60% വീടുകളും വൈക്കോൽ കൂരകളായിരുന്നു. ഇപ്പോൾ 5% വീടുകളാണ് അത്തരത്തിലുള്ളവ. കഴിഞ്ഞ 50 വർഷത്തിനുള്ളിൽ വസ്ത്രധാരണത്തിലും തലമുടി വെട്ടിലും വലയ മാറ്റമാണ് ഉണ്ടായിട്ടുള്ളത്. എല്ലാവരും തന്നെ ആധുനിക രീതിയിലുള്ള വസ്ത്രധാരണം നടത്തുകയും കേശാലങ്കാരം ചെയ്യുന്നവരും ആണ്. സാമൂഹിക -സാംസ്ക്കാരിക രംഗത്ത് വേണ്ടത്ര പുരോഗതി ഉണ്ടയിട്ടില്ലെങ്കിലും വലിയ മാറ്റമുണ്ടായിട്ടുണ്ടെന്നത് നിസ്തർക്കമാണ്.എന്നാൽ ഉൽപ്പാദന രംഗത്ത് കാലാനുസൃതമായ അഭിവൃദ്ധി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. തൽസംബന്ധമായ പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളുമാണ് ഈ റിപ്പോർട്ടിൽ ചർച്ച ചെയ്യപ്പെടുന്നത്. അഴിമതി രഹിതവും കാര്യക്ഷമവും സ്വാശ്രയവുമായ സമൂഹസൃഷ്ടിയ്ക്കുവേണ്ടി ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ വീഥി ഒരുക്കാൻ തയ്യാറായിട്ടുള്ള ഈ പഞ്ചായത്തിലെ ജനങ്ങളുടെ പ്രത്യാശ പുവണിയിക്കാനുള്ള പരിശ്രമത്തിൽ നമ്മുടെ സമ്പന്നമായ ഭൂതകാലം ആവേശം പകരട്ടെ.



II

ഭൂപ്രകൃതി

തെക്കു- കിഴക്ക് നിന്ന് വടക്കു- പടിഞ്ഞാറോട്ട് ചെരിഞ്ഞ് കിടക്കുന്ന നിമ്നോന്നത പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്. ഭൂവിസ്തൃതി നോക്കിയാൽ കിഴക്കു- പടിഞ്ഞാറും തെക്ക്- വടക്കും ഏകദേശം തുല്യമാണെന്ന് കാണാം, സമുദ്ര നിരപ്പിൽ നിന്നും ശരാശരി 875 അടി ഉയരത്തിലാണ് പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. 1050 അടി ഉയരത്തിലുള്ള പ്രദേശവും നമ്മുടെ പഞ്ചായത്തിലുണ്ട്. ഭൂപ്രകൃതിയനുസരിച്ച് പഞ്ചായത്തിനെ മൂന്നായി തിരിക്കാവുന്നതാണ്. ഒന്ന് ഉയർന്ന കുന്നിൻ പ്രദേശം, രണ്ട് ചെരിവ് പ്രദേശം, മൂന്ന് സമതലപ്രദേശം.

ഭൂപ്രകൃതി സംബന്ധിച്ച പട്ടിക താഴെ ചേർക്കുന്നു.

	പട്ടിക	Sq/Km	%
1	ഉയർന്ന കുന്നിൻ പ്രദേശം	6.0072	24
2	ചെരിവ് പ്രദേശം	11.01	44
3	സമതല പ്രദേശം	8.09	32

ഉയർന്ന കുന്നിൻ പ്രദേശത്ത് പാറക്കെട്ടുകൾ കാണപ്പെടുന്നുണ്ട്. 314 പ്രദേശം , കുര്യപ്പാറ മോളം, പാഴൂർ മോളം, ചെളിക്കുഴിതണ്ട്, ഇളംമ്പ പുത്തൻകുഴിപ്പാറ, കുപ്പശ്ശേരി മോളം തുടങ്ങിയവയാണ് നമ്മുടെ പഞ്ചായത്തിലെ ഉയർന്ന കുന്നിൻപ്രദേശങ്ങൾ. ഈ പ്രദേശങ്ങളിൽ കടുത്ത വരൾച്ചയും മണ്ണൊലിപ്പും അനുഭവപ്പെടുന്നുണ്ട്. മേൽമണ്ണിന്റെ അടുക്ക് കഴിഞ്ഞാൽ കീഴ്ഭാഗത്ത് പാറ കാണപ്പെടുന്നതിനാൽ മഴക്കാലത്ത് ഭൂഗർഭത്തിലേക്ക് വെള്ളം കിനിഞ്ഞിറങ്ങാൻ സാധ്യതയില്ല.

ഭൂവിസ്തൃതിയുടെ 44% - ത്തോളം ചരിവ് പ്രദേശമാണ്. ഈ പ്രദേശങ്ങളിൽ റബ്ബർ, തെങ്ങ് എന്നിവ കൃഷി ചെയ്യുന്നു. ഇവിടെ ജലക്ഷാമം അതിരൂക്ഷമല്ലെങ്കിലും വരൾച്ച അനുഭവപ്പെടാറുണ്ട്.

മൊത്തം ഭൂമിയുടെ 32% - ത്തോളം സമതല പ്രദേശമാണ്. മഴവെള്ളം ശേഖരിക്കപ്പെടുന്ന പ്രദേശമാണിത്. നെൽകൃഷിയാണ് ഈ പ്രദേശത്ത് മുഖ്യ വിള.

മണ്ണ്

ലാറ്ററൈറ്റ് സോയിൽ അഥവാ വെട്ടുകൽ മണ്ണ് ആണ് നമ്മുടെ പഞ്ചായത്തിലുള്ളത്. ഉയർന്ന പ്രദേശങ്ങളിൽ ചരൾ മണ്ണും താഴ്ന്ന പ്രദേശങ്ങളിൽ കളിമണ്ണും ആണ് കാണപ്പെടുന്നത്. മണ്ണിൽ കാൽഷ്യം കുറവായിട്ടാണ് പൊതുവെ കാണപ്പെടുന്നത്. ആകയാൽ ഫലഭൂയിഷ്ഠത കുറഞ്ഞ് കുറഞ്ഞ് വരുന്നു. ഇത് സംബന്ധിച്ച കണക്കുകൾ കൃഷിയും ജലസേചനവും സംബന്ധിച്ച റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്. കേരളാ സ്റ്റേറ്റ് ലാൻഡ് യൂസ് ബോർഡ് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തെ 13 കാർഷിക കാലാവസ്ഥ മേഖലകളായി തിരിച്ചിട്ടുണ്ട്. അതുപ്രകാരം നമ്മുടെ പഞ്ചായത്ത് ഹൈലാൻഡ് മേഖലയിലാണ്. ഇതേ പഠനത്തിൽ ഭൂപ്രകൃതിയുടെ അടിസ്ഥാനത്തിൽ നാം മിഡ്‌ലാൻഡ് മേഖലയിൽ പെടുന്നു.

കാലാവസ്ഥ

1994-ലെ കണക്കനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ ഓരോ മാസവും ലഭിച്ച മഴയുടെ അളവ് താഴെ ചേർക്കുന്നു.

മാസം	ലഭിച്ചവ M/L	സംസ്ഥാന ശരാശരി M/L
ജനുവരി	17	14
ഫെബ്രുവരി	17	17
മാർച്ച്	41	39
ഏപ്രിൽ	134	112
മെയ്	318	256
ജൂൺ	740	691
ജൂലൈ	721	760
ഓഗസ്റ്റ്	451	433
സെപ്റ്റംബർ	288	247
ഒക്ടോബർ	312	258
നവംബർ	172	163
ഡിസംബർ	45	42
ആകെ	**3254**	**3063**

മേൽപ്പറഞ്ഞ പട്ടികയിൽ നിന്നും സംസ്ഥാന ശരാശരിയെക്കാൾ ഉയർന്ന മഴ നമ്മുടെ പ്രദേശത്ത് ലഭ്യമാണെന്ന് കാണാം. കഴിഞ്ഞ കാലങ്ങളിൽ നമ്മുടെ നെൽകൃഷി പ്രദേശങ്ങളിൽ അധിക ഭാഗവും മഴയെ ആശ്രയിക്കുന്ന മാൻമാലികൾ ആയിരുന്നുവെന്നത് നമുക്ക് കാലാകാലങ്ങളിൽ ലഭിക്കുന്ന മഴയെ സൂചിപ്പിക്കുന്ന ഒന്നാണ്. ഈ മാൻമാലികൾ ഇപ്പോൾ നാണ്യവിളകളുടേയും കെട്ടിടങ്ങളുടേയും താവളങ്ങളാണെന്ന് കാണാം. കഴിഞ്ഞ അഞ്ചു വർഷത്തെ കാലാവസ്ഥ പഠനത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ കലാവസ്ഥ കലണ്ടർ താഴെ ചേർക്കുന്നു.

മാസങ്ങൾ	കാലാവസ്ഥ
ഇടവം,മിഥുനം, കർക്കിടകം, ചിങ്ങം 15 വരെ	കാലവർഷം
കന്നി, തുലാം	തുലാവർഷം -
വൃശ്ചികം, ധനു, മകരം	തണുപ്പുകാലം
കുംഭം, മീനം, മേടം	വേനൽക്കാലം

മുഖ്യമായും രണ്ട് സീസണിലാണ് മഴ ലഭിക്കുന്നത്. കാലവർഷത്തിലും തുലാവർഷത്തിലും കുംഭം- മകര മാസങ്ങളിൽ ഇടമഴയും ലഭിക്കാറുണ്ട്. 91-92, 92-93 എന്നീ വർഷങ്ങളിൽ ഇടമഴ ലഭിക്കുകയുണ്ടായി. എന്നാൽ 94-95 വർഷത്തിൽ ഇടമഴ ലഭിക്കുകയുണ്ടായില്ല. കാല വർഷത്തിന്റേയും തുലാവർഷത്തിന്റേയും ആരംഭത്തിൽ കാറ്റും, ഇടിമിന്നലും ഉണ്ടാകാറുണ്ട്.

ഊഷ്മാവ്

നമ്മുടെ പ്രദേശത്ത് 94-95 വർഷത്തിൽ അനുഭവപ്പെട്ട അന്തരീക്ഷ താപനിലയുടെ കണക്കുകൾ താഴെ ചേർക്കുന്നതാണ്.

താപനില			ഹ്യൂമിഡിറ്റി	%
മാസം	കൂടിയത്	കുറഞ്ഞത്	Time 8.30	
ജനുവരി	30.08	22.09	75	64
ഫെബ്രുവരി	31.06	24.7	82	67
മാർച്ച്	32.4	25.3	78	69
ഏപ്രിൽ	32.5	25.2	79	76
മെയ്	32.2	26	82	75
ജൂൺ	30	24.1	93	85
ജൂലൈ	29.3	23.4	93	86
ഓഗസ്റ്റ്	29.5	23.9	91	82
സെപ്റ്റംബർ	30.8	24.3	85	79
ഒക്ടോബർ	30.9	23.8	84	79
നവംബർ	31.7	24.2	78	72
ഡിസംബർ	31.9	22.9	71	61

ജലലഭ്യത

കുന്നുകളും, ചെരിവുകളും ഇടകലർന്ന ഭൂമിശാസ്ത്ര ഘടനയുടെ പ്രത്യേകതകൊണ്ട് മഴക്കാലത്ത് ലഭിക്കുന്ന ജല സമ്പത്ത് ഒന്നായി ഒഴുകി പോകുകയും വേനൽക്കാലത്ത് വരൾച്ച നേരിടുകയും ചെയ്യുന്നു. മഴയെ ആശ്രയിക്കുന്നതുകൊണ്ട് വേനൽക്കാലത്ത് തോടുകളിൽ ജലം ലഭ്യമല്ല. വേനൽക്കാലത്ത് വറ്റാത്ത ചിറകൾ പഞ്ചായത്തിൽ കുറവാണ്. ഇരമല്ലൂർ ചിറ, ചക്കുംചിറ എന്നിവിടങ്ങളിൽ വേനൽക്കാലത്തും ജലം ലഭ്യമാണ്. മഴക്കാലത്ത് ജലസംഭരണികളായി പ്രവർത്തിക്കുന്ന ചിറകളും കുളങ്ങളും പൂർണ്ണമായി സംരക്ഷിക്കേണ്ടത് പാരിസ്ഥിതിക സംതുലത്തിന് അനിവാര്യമാണ്. നമ്മുടെ പഞ്ചായത്തിൽകൂടി രണ്ട് കനാലുകൾ കടന്നുപോകുന്നുണ്ട്. പെരിയാർവാലി-മുളവൂർ ബ്രാഞ്ച് കനാൽ ഇടനാട് ഭാഗത്തു നിന്ന് തുടങ്ങി നെല്ലിക്കുഴി കവലയുടെ താഴ്ഭാഗത്തുകൂടി എളമ്പ്ര വഴി കടന്നു പോകുന്നു. പെരിയാർവാലി ഹൈലവൽ കനാൽ പാനിപ്രാ ഭാഗത്തുനിന്നും ഇരുമലപടിയുടെ പടിഞ്ഞാറുഭാഗത്തുകൂടി മേതലയിലേയ്ക്ക് കടന്നു പോകുകയാണ്. രണ്ടു കനാലുകൾ കടന്നുപോകുന്നുണ്ടെങ്കിലും താഴ്ന്ന സമതല പ്രദേശങ്ങളിലൂടെയാണ് അവയുടെ യാത്ര എന്നുള്ളതുകൊണ്ട് പഞ്ചായത്തിന്റെ ഭൂരിഭാഗം വരുന്ന കുന്നിൻ പ്രദേശങ്ങളും ചരിവു പ്രദേശങ്ങളും അവയുടെ 'ക്യാച്ച് മെൻറ് 'ഏരിയയ്ക്കപ്പുറത്താണ്. കനാൽ താഴ്ന്ന പ്രദേശങ്ങളിലൂടെ പോകുന്നതുകൊണ്ട് ഉയർന്ന പ്രദേശങ്ങളിലെ നീരൊഴുക്ക് ശക്തിപ്രാപിക്കുകയും താഴ്ന്ന ഭാഗത്തെ മണ്ണിന്റെ ദാർഢ്യം ഇല്ലാതായി പോകുകയും ചെയ്യുന്നു. കനാലുകളുടെ പ്രയോജനം ഭൂരിഭാഗം പ്രദേശങ്ങൾക്കും ലഭ്യമാക്കുന്നതിന് ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ നടപ്പിലാക്കുകയല്ലാതെ മാർഗ്ഗമൊന്നുമില്ല.

തണുപ്പുരാശിയുള്ള ഒരു ഉഷ്ണമേഖല പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്. വേനൽക്കാലത്ത് നല്ല ചൂടും മഴക്കാലത്ത് സാമാന്യം നല്ല മഴയും ഇവിടെ അനുഭവപ്പെടുന്നു. 1970-ൽ നടന്ന പഠനമനുസരിച്ച് ഇവിടെ വർഷത്തിൽ 139 ദിവസം മഴ ലഭിച്ചിരുന്നതായി കാണുന്നു. എന്നാൽ ആനുകാലിക പഠനങ്ങൾ മഴ ലഭിക്കുന്ന ദിവസങ്ങളുടെ എണ്ണം കുറഞ്ഞ് വരുന്നതായാണ് കാണിക്കുന്നത് കഴിഞ്ഞ വർഷം '120' ദിവസത്തെ മഴയാണ് നമ്മുടെ പഞ്ചായത്തിൽ ലഭിച്ചത്. മുൻകാലങ്ങളിൽ മഴയെത്തുടർന്ന് ഈർപ്പം വളരെക്കാലം നിലനിന്നിരുന്നുവെങ്കിലും സമീപകാലത്തായി മണ്ണിലെ ഈർപ്പം ദീർഘനേരം നിലനിൽക്കുന്നതായി കാണുന്നില്ല. കാർഷിക രീതിയിലെ മാറ്റങ്ങളും ജലസംഭരണികളായിരുന്ന കുളങ്ങളും പൊട്ടകളും ചെറുചിറകളും നശിക്കാനിടയായതും ജൈവ വൈവിധ്യം നിലനിന്നിരുന്ന ചോലകളും കാവുകളും നാശോൻമുഖമായതും ഇതിന് കാരണമായി കാണുന്നു.

ക്ലേതാംശം

മണ്ണിന്റെ പ്രധാനപ്പെട്ട ദോഷം ക്ലേതാംശം കുറഞ്ഞുവരുന്നതും 'അമ്ലാംശം' കൂടിവരുന്നതുമാണ്. അമി

തമായ രാസവളപ്രയോഗം മൂലം മണ്ണിന്റെ ജീവസത്ത നശിക്കുകയും പോഷകമൂല്യങ്ങളെ ആഗിരണം ചെയ്യാനുള്ള കഴിവ് കുറഞ്ഞു വരികയും ചെയ്യുന്നു. മണ്ണ് നേരിടുന്ന മുഖ്യ പാരിസ്ഥിതിക പ്രശ്നവും ഇത് തന്നെ .കുന്നിൻ പ്രദേശങ്ങളിലും ചെരിവ് പ്രദേശങ്ങളിലും നീരൊഴുക്ക് കൂടുതലാണ്. പാടശേഖരങ്ങളിലെ താഴ്ന്ന സ്ഥലങ്ങളിൽ നീരൊഴുക്ക് താരാമ്യേന കുറവാണ്. പഞ്ചായത്തിലൂടെ കടന്നു പോകുന്ന രണ്ട് കനാലുകളും താഴ്ന്ന പ്രദേശങ്ങളിലൂടെയാണ് സഞ്ചരിക്കുന്നത് എന്നുള്ളതുകൊണ്ട് ചേർന്നുള്ള പാടശേഖരങ്ങളിൽ ചില പാരിസ്ഥിതിക പ്രശ്നങ്ങൾ ഉയർന്നു വന്നിട്ടുണ്ട്.ഭൂമി പാർപ്പിടാവശ്യങ്ങൾക്കും മറ്റും തുണ്ടാക്കുന്ന പ്രക്രിയയ്ക്ക് വിധേയമാകുകയും ചുറ്റു മതിലുകൾ കെട്ടുകയും പാടശേഖരങ്ങൾ മണ്ണിട്ട് നികത്തുകയും ചെയ്യുന്നതുകൊണ്ട് സമതലങ്ങളിൽ നീരൊഴുക്ക് കുറയാനുള്ള പ്രവണത ശക്തിപ്പെട്ടിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിലെ മൊത്തം ഭൂമിയുടെ വിസ്തീർണ്ണം 25.03 Sq/Km ആണ്. തരിശ് ഭൂമി നമ്മുടെ പഞ്ചായത്തിൽ ഉള്ളതായി അന്വേഷണത്തിൽ അറിയുവാൻ കഴിഞ്ഞിട്ടില്ല. മൊത്തം കൃഷിഭൂമിയുടെ 20%-ൽ താഴെ മാത്രമാണ് നെൽകൃഷി ചെയ്യുന്നത്. 1.79 Sq/Km റോഡും ,93.34 Acre കനാലും , 56 Hector പ്രദേശത്ത് വീടുകളും. കൃഷിഭൂമിയുടെ 40% പ്രദേശത്ത് റബ്ബറും, ബാക്കി പ്രദേശങ്ങളിൽ തെങ്ങ്, കമുക്, ജാതി, പൈനാപ്പിൾ, കൊക്കോ, കുരുമുളക് തുടങ്ങിയവ കൃഷി ചെയ്തുവരുന്നു. കൃഷിഭൂമിയിൽ പുരയിടവും പറമ്പുകളുമാണ് സിംഹഭാഗവും. നിലവിനിയോഗത്തെ സംബന്ധിച്ച വിശദമായ വിവരങ്ങളും ഉൽപ്പാദനക്ഷമതയെ സംബന്ധിച്ച വിവരങ്ങളും കൃഷി സംബന്ധിച്ച റിപ്പോർട്ടിൽ വിശദമായി ചേർത്തിട്ടുണ്ട്. കരഭൂമികളിൽ ഏറിയ പങ്കും നാണ്യവിളകൾ കയ്യടക്കിയിരിക്കുന്നു. നെൽക്കൃഷി താഴ്ന്ന പ്രദേശങ്ങളിലായി ചുരുങ്ങിയിരിക്കുന്നു.

ജൈവസമ്പത്ത്


നമ്മുടെ പഞ്ചായത്ത് കുറച്ചൊക്കെ സസ്യ ജനിതക വൈവിധ്യം നിറഞ്ഞതാണ് അതിൽ ഏറിയ കൂറും മനുഷ്യോപയോഗ പ്രദങ്ങളായ വിളസസ്യങ്ങളാണ്. ചേന, ചേമ്പ് , കാച്ചിൽ, ചെറുകിഴങ്ങ് , മധുരക്കിഴങ്ങ്, കൊന്തവാഴ, മലയിഞ്ചി ,കൊച്ചിക്കൂവാ , വെള്ളക്കൂവാ ,മാങ്ങഇഞ്ചി, മഞ്ഞൾ, ചുക്ക്, കാട്ടുജീരകം, തകര, തുമ്പ, കടലാവണക്ക്, അമ്പഴങ്ങ, കമ്മട്ടി, പാവട്ട, മുള്ളൻചക്ക, അമരാ, മുതിരാ, പ്ലാവ്, നെല്ലി, ആല്, പേരാൽ, മാവ്, ഇഞ്ചിപ്പുല്ല്, ചപ്പങ്ങം, ഗരുഡക്കൊടി, ഞൊട്ടാഞൊടിയൻ, പനിക്കൂർക്കാ, കുരുപഞ്ഞി, വേപ്പ് ,അരയാൽ, പേര, കുവളം, കുറുന്തോട്ടി, നിലംപരണ്ട, ചങ്ങലംപരണ്ട, നറുനീണ്ടി, മുക്കുറ്റി, പുത്തരിചുണ്ട, പിച്ചി, കദളി, തെച്ചി, ദർദാ, ചെത്തി, ചമതാ, ശംഖു പുഷ്പം, ആടലോടകം,ഉറുമാൻ, കടലാടി, നന്ത്യാർവട്ടം, വെള്ളില, വീണ്ട, കോളാമ്പി, കൊങ്ങിണി, കാഞ്ഞിരം, രാജമല്ലി, പട്ടത്തി, തുളസി, വാക, ചെമ്പരത്തി, കണിക്കൊന്ന തുടങ്ങിയ വൈവിധ്യപൂർണ്ണമായ സസ്യങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. വർധിച്ച ജനസാന്ദ്രതയും തുണ്ട്വൽക്കരണവും ചെലുത്തുന്ന സമ്മർദ്ദങ്ങളും സസ്യ- പക്ഷി- മൃഗാദികളുടെ തിരോധാനത്തിന് വഴിയൊരുക്കിയിട്ടുണ്ട്. പ്രധാന വിള സസ്യങ്ങളുടെയും ബന്ധുസസ്യങ്ങളുടെയും ജനിതകശ്രോതസ്സുകൾ നശിച്ചുകൊണ്ടിരിക്കുകയാണ്. ഈ സസ്യ വൈവിധ്യം നിലനിർത്തി വളർത്തിക്കൊണ്ടുവരേണ്ടതിന്റെ ആവശ്യകത ബോധവൽക്കരണത്തിലൂടെ ജനങ്ങളിലെത്തിക്കേണ്ടതുണ്ട്. ഒരു ജനിതക ബാങ്ക് ബ്ലോക്ക് പഞ്ചായത്ത് തലത്തിലോ, ജില്ലാ പഞ്ചായത്ത് തലത്തിലോ രൂപീകരിച്ച് ജൈവവൈവിധ്യത്തിന്റെ സമ്പന്നത നിലനിർത്തുവാൻ ശ്രമിക്കേണ്ടതാണ്. ഗാട്ട് കരാറോടുകൂടി ഇത്തരം പ്രവർത്തനങ്ങൾക്ക് ഒരു പ്രാപഞ്ചികമാനം നൽകിത്തുടങ്ങിയിട്ടുണ്ട്.

മനുഷ്യ വിഭവം

1991- ലെ സെൻസസ് കണക്കു പ്രകാരം നമ്മുടെ പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 29593-ഉം ജനസാന്ദ്രത 1182-ഉം ആണ്. ജനസാന്ദ്രത താലൂക്കിലെ മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് ഉയർന്നതാണ്. ഈയിടെ നടത്തിയ ചില പ്രാഥമിക പഠനങ്ങളിൽ പഞ്ചായത്ത് ജനസംഖ്യ '40000' കഴിഞ്ഞിട്ടുള്ളതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. ആലുവാ- മൂന്നാർ റോഡിന്റെ പശ്ചാത്തല സൗകര്യങ്ങളും നഗരവൽക്കരണത്തിന്റെ സമ്മർദ്ദങ്ങളിൽ നിന്ന് കുതറി മാറുന്നതിനുവേണ്ടി കോതമംഗലം പട്ടണത്തിന്റെ പ്രാന്തപ്രദേശമായ നമ്മുടെ പഞ്ചായത്തിലേയ്ക്ക് എത്തിച്ചേരുന്നതിനുള്ള എളുപ്പ വഴികളും പഞ്ചായത്തിലെ ജനസാന്ദ്രത വർദ്ധിപ്പിക്കുവാൻ ഇടയാക്കി. ജനസംഖ്യ വർദ്ധനവിന്റെ തോത് ഇതരപ്രദേശങ്ങളേക്കാൾ അൽപം ഉയർന്നതാണ് നമ്മുടെ പഞ്ചായത്തിൽ. കുടിയേറ്റമാണ് ഇതിന്റെ മുഖ്യ കാരണങ്ങളിൽ ഒന്ന്. സാക്ഷരതയുടെ കാര്യത്തിൽ താലൂക്കിലെ ഇതരപഞ്ചായത്തുകളെ അപേക്ഷിച്ച് പിന്നിലാണ്. സാമ്പത്തികവും സാമൂഹികവുമായ ഒട്ടേറെ കാരണങ്ങൾ ഇതിനു പിന്നിലുണ്ട്. മൊത്തം ജനസംഖ്യയിൽ 9563 പേർക്കാണ് സ്ഥിര വരുമാനമുള്ളത്. കോളേജുകൾ വിട്ടിറങ്ങിയ നൂറുകണക്കിന് ചെറുപ്പക്കാർ തൊഴിൽ രഹിതരായി നമ്മുടെ പഞ്ചായത്തിലുണ്ട്. പട്ടികജാതി വിഭാഗത്തിനിടയിലും തൊഴിലില്ലായ്മ രൂക്ഷമായി നിലനിൽക്കുകയാണ്. വീട്ടമ്മമാരായ സ്ത്രീകൾ വരുമാനമാർഗ്ഗമുള്ള മറ്റ് തൊഴിലിലൊന്നിലും ഏർപ്പെടാതെ അടുക്കള ജീവികളായി കഴിയുകയാണ്. കർഷകത്തൊഴിലാളികൾ ഇതരമേഖലകളിലേയ്ക്ക് കുടിമാറുന്ന പ്രവണത പൊതുവെ വർദ്ധിച്ച് വരികയാണ്. ചെറുപ്പക്കാരായ ആളുകൾ കൃഷി തൊഴിൽ വിട്ട് ഇതര കൈത്തൊഴിൽ മേഖലകളിലേയ്ക്ക് പ്രവേശിച്ചുകൊണ്ടിരിക്കുകയാണ്. പഞ്ചായത്ത് പൊതുവെ നഗരത്തിന്റെ ജനസാന്ദ്രതയും ഗ്രാമത്തിന്റെ പിന്നോക്കാവസ്ഥയും ഇഴചേർന്ന് ഒരു ''ഗ്രാഗർ'' പ്രദേശമായി മാറിക്കൊണ്ടിരിക്കുകയാണ്.



നെല്ലിക്കുഴി പഞ്ചായത്ത്
കാർഷീക വിഭവ ഭൂപടം



1

കൃഷിയും ജലസേചനവും

നമ്മുടെ പഞ്ചായത്തിന്റെ നാമം സൂചിപ്പിക്കുന്നതുപോലെ തന്നെ കാർഷിക പ്രാധാന്യമുള്ള ഒരു ഗ്രാമമാണ് നെല്ലിക്കുഴി. മുഖ്യകൃഷി റബ്ബർ, തെങ്ങ്, നെല്ല്, കമുക്, മരച്ചീനി എന്നിവയും ഇടവിളകളായി വാഴ, ജാതി, കൊക്കൊ, കിഴങ്ങുവർഗ്ഗങ്ങൾ ആദിയായവയും കൃഷിചെയ്ത് വരുന്നു. ജനങ്ങളുടെ മുഖ്യ ജീവിതോപാധി കാർഷികമേഖലയും അനുബന്ധ തൊഴിലുകളുമാണ്.

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ മൊത്തം കൃഷിഭൂമിയുടെ പകുതിയിലേറെ നെൽക്കൃഷിക്കാണ് ഉപയോഗിച്ചിരുന്നത് എന്നാൽ കാർഷികവ്യവസ്ഥയെ വാണിജ്യ വൽക്കരണം കീഴടക്കിയതിന്റെ ഫലമായി നെൽവയലുകളുടെ വിസ്തീർണ്ണം മൊത്തം ഭൂമിയുടെ 19.98% മായി കുറഞ്ഞിരിക്കുന്നു.

പട്ടിക- I (A)

വർഷം	1950	1990
	ഏക്കർ സെന്റ്	ഏക്കർ സെന്റ്
ആകെ ഭൂമിയുടെ വിസ്തീർണ്ണം	6827.53	6827.53
നെൽ വയലിന്റെ വിസ്തീർണ്ണം	2752.21	900.00

കരഭൂമികളിൽ വ്യാപകമായുണ്ടായിരുന്ന കശുമാവു തോട്ടങ്ങളും ഇടവിളയായുണ്ടായിരുന്ന ഇഞ്ചിപ്പുൽ കൃഷിയുടെയും സ്ഥാനം ഇന്നു റബ്ബർതോട്ടങ്ങൾ കൈയടക്കി കഴിഞ്ഞിരിക്കുന്നു. 1950 കൾക്കു മുമ്പ് കല്ലിൽ പിഷാരടി പോലുള്ള ചുരുക്കം ചില ജന്മികളുടേയും ദേവസ്വങ്ങളുടേയുംപൂഞ്ഞാർ രാജകുടുംബത്തിന്റേറയും ഉടമസ്ഥതയിലായിരുന്ന കൃഷിഭൂമി ഭൂപരിഷ്ക്കരണ നിയമങ്ങൾ ഉണ്ടാക്കിയ ജന്മി - കുടിയാൻ ബന്ധത്തിലെ മാറ്റങ്ങളുടെ ഫലമായി ചെറുകിട കർഷകരുടെ കൈകളിലേയ്ക്ക് എത്തിച്ചേർന്നു.

മഴയെ മാത്രം ആശ്രയിച്ച് ഒരുപ്പു ഇരുപ്പു ആയി കൃഷിചെയ്തിരുന്ന മാനഞ്ചാലികളും തേക്കുമാലികളും ആയിരുന്നു നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്നത്. കൊയ്ത്തിനുശേഷം ചാമ, തിന, മുതിര, എള്ള്, ചോനാട്ടു പുല്ല് തുടങ്ങിയവയും ധാരാളമായി കൃഷിചെയ്തിരുന്നു. മിഥുനം, കർക്കിടകം മാസങ്ങളിൽ പനഞ്ചോറ്, തകര, താള്, വാഴപ്പിണ്ടി, മാങ്ങ് തുടങ്ങിയവയും ആഹാരത്തിനുപയോഗിച്ചിരുന്നതായി നാട്ടറിവുകളിൽ നിന്നും മനസിലാക്കുവാൻ സാധിച്ചിട്ടുണ്ട്.

ജന്മി - കുടിയാൻ ബന്ധത്തിലെ വ്യതിയാനം കാർഷികമേഖലയിൽ ദൂരവ്യാപകമായ മാറ്റങ്ങൾക്ക് വഴിവച്ചു. ഇത് കർഷകതൊഴിലാളികളുടെ കൂലിക്കുവേണ്ടിയുള്ള വിലപേശൽ കഴിവു വർദ്ധിപ്പിക്കുകയും കർഷകതൊഴിലാളികൾക്കുമേൽ അടിച്ചേൽപ്പിച്ചിരുന്ന 'മേമ്പണി'കൾ അവസാനിപ്പിക്കുന്നതിനുള്ള തുടക്കവുമായി. കൃഷിഭൂമി ഇടത്തരം കർഷകരുടെ കൈകളിലെത്തിയതോടെ കാർഷികരംഗത്തെ വൈവധ്യവൽക്കരണത്തിനും പുത്തൻ വിത്തിനങ്ങളുടെ ഉപയോഗത്തിലും രാസവളങ്ങളുടേയും കീടനാശിനികളുടേയും അമിതപ്രയോഗത്തിനും ഇടവരുത്തി. കരഭൂമി റബ്ബറടക്കമുള്ള വാണിജ്യവിളകൾ സ്ഥാനം പിടിച്ചതോടെ മൃഗപരിപാലനസാദ്ധ്യത പരിമിതമാകുകയും ജൈവവളങ്ങളുടെ ദൗർലഭ്യത്തിന് കാരണമാകുകയും ചെയ്തു. ഇത് കൃഷിഭൂമിയുടെ തനിമയും ഓജസ്സും നഷ്ടപ്പെടുത്തി ക്ലേതാംശം കുറയുന്നതിന് കളമൊരുക്കയും ചെയ്തു. റബ്ബർ പോലുള്ള അസുര വിളകളുടെ വ്യാപനവും വർദ്ധിച്ചുകൊണ്ടിരിക്കുന്ന അന്തരീക്ഷ ഊഷ്മാവും മണ്ണിലെ ഉറവകളിലെ ജലനിരപ്പു താഴ്ത്തുന്നതിനും പ്രകൃതിയുടെ സന്തുലിതാവസ്ഥ തകർക്കുന്നതിനും കാരണമായി. നെൽവയലുകളിൽ കലപ്പകൾ അന്യമാകുകയും ട്രാക്ടറുകൾ തൽസ്ഥാനം കൈയടക്കിയതോടെ ഉഴത്തട്ടുകൾ നഷ്ടമാകുകയും പ്രയോഗിക്കുന്ന വളത്തിന്റെ സിംഹഭാഗവും മേൽത്തട്ടിൽ തങ്ങിനിൽക്കാതെ മണ്ണിന്റെ അടിത്തട്ടിലേയ്ക്ക് ഊർന്നിറങ്ങുകയും വളപ്രയോഗം പ്രയോജനരഹിതമായ ഒരു പരിപാടിയായി മാറുകയും ചെയ്തു. കർഷകന്റെ ഉറ്റ മിത്രമായ

പട്ടിക- I (B)

വില്ലേജ്	ഭൂമിയുടെ വിസ്തീർണ്ണം					ഭൂമിയുടെ ഉടമസ്ഥരുടെ എണ്ണം						
	പുരയിടം ഏ. സെ.	നിലം ഏ. സെ.	പുഞ്ചയ്ക്ക് ഏ. സെ.	തരിശ് ഏ. സെ.	ആകെ ഏ. സെ.	1 സെന്റ് മുതൽ 10 സെന്റ് വരെ	10 സെന്റ് മുതൽ 25 സെന്റ് വരെ	25 സെന്റ് മുതൽ 50 സെന്റ് വരെ	50 സെന്റ് മുതൽ 100 സെന്റ് വരെ	1 ഏക്കർ മുതൽ 2 ഏക്കർ വരെ	2 ഏക്കർ മുതൽ 5 ഏക്കർ വരെ	5 ഏക്കറിനു മുകളിൽ
കുക്കാരിയൂർ	710.91	541.00	19.84	6.94	1268.79	850	420	160	90	30	14	6
ഇരമല്ലൂർ	2828.13	2211.21	287.50	221.71	5543.85	3895	1212	1340	1319	826	312	38
ആകെ	5339.04	2752.21	307.64	228.65	6822.54	4745	1632	1500	1409	856	326	44

മണ്ണിര അശാസ്ത്രീയമായ കീടനാശിനികളും, വളപ്രയോഗവും മൂലം മണ്ണിനോടു വിട പറഞ്ഞു.

പഞ്ചായത്തിന്റെ ഭൂപ്രകൃതിയും കാലാവസ്ഥയും മഴയുടെ ലഭ്യതയും, വിളചേരുവയും ഭൂപ്രകൃതിയും ജലവിനിയോഗവും എന്ന അധ്യായത്തിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ടല്ലോ. ആകയാൽ നമ്മുടെ ഗ്രാമ പഞ്ചായത്തിലെ വിവിധ കാർഷിക മേഖലയെക്കുറിച്ച് വിശദമായി പരിശോധിക്കാം.

നെൽകൃഷി

ഈ നൂറ്റാണ്ടിന്റെ തുടക്കത്തിൽ കാർഷിക മേഖല മുഖ്യമായും നെൽകൃഷിയായിരുന്നു. 1950-കളിൽ 2752.21 ഏക്കർ സ്ഥലത്ത് നെൽകൃഷി ചെയ്തിരുന്നുവെങ്കിൽ 1996-ൽ 900 ഏക്കർ സ്ഥലത്തു മാത്രമാണ് നെൽകൃഷിയുള്ളത്

പട്ടിക- I (C)

വർഷം	ആകെ ഭൂമി	കൃഷി ഭൂമി	ശതമാനം
1950	6822.54	2752.21	40.33
1966	6822.54	900.00	13.19

ജനസാന്ദ്രതയേറിയ ഒരു പ്രദേശമെന്ന നിലയ്ക്ക് പാർപ്പിട ക്ഷാമം പരിഹരിക്കുന്നതിന് റോഡരികിലുള്ള നെൽവയലുകൾ ഉപയോഗിക്കുവാൻ തുടങ്ങിയതും കാർഷിക മേഖലയിൽ നാണ്യവിളകൾക്ക് കൂടുതൽ പ്രാധാന്യം ലഭിച്ചതോടെ. തേക്കുമാലികളിലും, മാനഞ്ചാലികളിലും നെൽകൃഷി കുറയാൻ ഇടയാക്കി. ഇതരമേഖലകളിലേയ്ക്ക് കർഷകത്തൊഴിലാളികളുടെ കൂടിമാറ്റം നെൽകൃഷിക്കുണ്ടായ ആഘാതമാണ്. അടിക്കടിയുള്ള ഭൂമിയുടെ വില വർദ്ധനവ് മൂലം ഉൾപ്രദേശങ്ങളടക്കം പാടങ്ങൾ നികത്തി റോഡു നിർമ്മിച്ചതും നെൽവയലുകൾക്ക് വിസ്തീർണ്ണം കുറയ്ക്കുവാൻ ഇടയാക്കി .

പട്ടിക- I (D)

വർഷം	ആകെ റോഡ്/ഏക്കർ	ആകെ വീട്/ഏക്കർ
1950	135.50	20
1996	244.67	140

ആദ്യകാലങ്ങളിൽ ഒരുപ്പുവും ഇരുപ്പുവും മാത്രം കൃഷി ചെയ്തിരുന്ന വയലുകളിൽ ജലസേചനസൗകര്യം ലഭിക്കുന്നിടത്ത് മൂന്നുപുവും കൃഷി ചെയ്യുന്നുണ്ട്. 1960 കളുടെ അവസാനം വരെ കൊയ്ത്തുകാലങ്ങളിൽ കുത്താട്ടുകുളം, കാലടി തുങ്ങിയ പ്രദേശങ്ങളിൽ നിന്ന് വ്യാപാരികൾ ഇവിടെ വന്ന് നെല്ലു വാങ്ങിക്കൊണ്ട് പോകുക പതിവായിരുന്നു. എന്നാൽ ഇന്നത്തെസ്ഥിതി പരിശോധിച്ചാൽ നമ്മുടെ മൊത്തം അരി ഉപഭോഗത്തിന്റെ 24.2% മാത്രമാണ് നമ്മുടെ പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കുന്നുള്ളു. പ്രതിരോധ ശക്തികുടിയ നാടൻ വിത്തിനങ്ങളായ മുണ്ടോൻ, ഇട്ടികണ്ടപ്പൻ, ചാര, ഞവര, അരിമുടോൻ, കട്ടൻമുടോൻ, ചെമ്പാവ് തുടങ്ങിയവയുടെ സ്ഥാനത്ത് പ്രതിരോധ ശേഷി കുറഞ്ഞതും അത്യുൽപാദന ശേഷിയുള്ളതുമായ ജ്യോതി, കുഞ്ഞുഞ്ഞ്, ഐ.ആർ-8 , ജയ, രോഹിണി, പട്ടാമ്പി തുടങ്ങിയവ കയ്യടക്കിയിരിക്കുന്നു. വേനൽക്കാലത്തെ പൊടി വിത പാടെ അപ്രത്യക്ഷമായി .

പട്ടിക- I (E)

കൃഷിഭവനിൽ നിന്ന് വിതരണം ചെയ്ത ദുരിതാശ്വാസ വിതരണം

വർഷം	നൽകിയ ഇനം	തുക്കം കി.ഗ്രാം	ആനുകൂല്യം ലഭിച്ചവരുടെ എണ്ണം	വിതരണം ചെയ്ത തുക
1993- 94	ജ്യോതി	510	17	
1994- 95	''	870	39	7222.00
1995- 96	''	2010	296	1,97,562

വ്യാപകമായ കീടങ്ങളുടെയും പുഴുക്കളുടെയും ആക്രമണത്തിന് നെൽച്ചെടികൾ വിധേയമാകാറുണ്ട്. കീടനിയന്ത്രണത്തിനുപയോഗിച്ചു വരുന്ന കീടനാശിനികൾ താൽക്കാലിക ഫലം ഉളവാക്കുന്നുവെങ്കിലും ഇതു മൂലം ഉണ്ടാകുന്ന പാരിസ്ഥിതിക- ആരോഗ്യ പ്രത്യാഘാതങ്ങൾ പരിഗണിക്കപ്പെടാതെ പോകുന്നുണ്ട്.നെൽകൃഷി രംഗത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയെന്ന ലക്ഷ്യത്തോടെ പഞ്ചായത്തിൽ രൂപീകൃതമായ പാടശേഖര സമിതികളുടെ പ്രവർത്തനങ്ങൾ വേണ്ടത്ര ഫലപ്രദമാവുകയുണ്ടായില്ല.

പട്ടിക- I (F)

പാടശേഖര സമിതി

പേര്	രജിസ്റ്റർ നമ്പർ	വിസ്തീർണ്ണം
1. ഇളമ്പ്ര പാടശേഖരം	ER No. 1625/90	74 Ha
2. നെല്ലിക്കുഴി ''	ER No. 1480/90	33 Ha
3. ഇടനാട് ''	ER No. 409/92	32 Ha
4. തൃക്കാരിയൂർ ''	ER No. 17/91	25 Ha
5. അടിവാട് ''	ER No. 78/91	25 Ha
6. ചെറുവട്ടൂർ ''	ER No. 1639/90	43 Ha
7. ഇരുമലപ്പടി കുറ്റിലഞ്ഞി ''	ER No. 30	52 Ha
8. തങ്കളം എച്ചിത്തൊണ്ട് ''	ER No. 1488/90	28 Ha
9. ഇരമല്ലൂർ ''	ER No. 1466/90	48 Ha

ചാണകം, ചവറ്, ചാരം തുടങ്ങിയ ജൈവവളങ്ങളുപയോഗിച്ചിരുന്ന രീതി മാറി രാസവളങ്ങളെ പൂർണ്ണമായി ആശ്രയിക്കാൻ തുടങ്ങിയതോടെ മണ്ണിന്റെ സ്ഥായിയായ ഫലഭൂയിഷ്ഠതയും തനിമയും കൈമോശം വന്നുകൊണ്ടിരിക്കുന്നു. നെല്ലിന്റെ നിലവിലുള്ള ഉൽപ്പാദന ക്ഷമത ഹെക്ടറിന് രണ്ട് ടൺ ആണ്.

തെങ്ങ്

പഞ്ചായത്തിലെ മുഖ്യ നാണ്യവിളയായിരുന്നു തെങ്ങ്. പഞ്ചായത്തിലാകെ 115231 തെങ്ങുകളുള്ളതിൽ

തെങ്ങ്. പഞ്ചായത്തിലാകെ 115231 തെങ്ങുകളുള്ളതിൽ 62.3% മാത്രമേ കായ്ഫലം നൽകുന്നവയായുള്ളു. തെങ്ങിന്റെ ഉൽപ്പാദനക്ഷമത ആണ്ടിൽ ശരാശരി 30 എണ്ണം മാത്രമാണ്. അനുയോജ്യമായ കാലാവസ്ഥയും ഭൂപ്രകൃതിയുമുള്ളതിനാൽ 50 കളുടെ ആരംഭത്തോടെ തെങ്ങുകൃഷിയുടെ വ്യാപനമുണ്ടായി. 70 കളുടെ മദ്ധ്യത്തോടെയുണ്ടായ റബ്ബറുകളുടെ രംഗപ്രവേശം തെങ്ങുകൃഷിയുടെ വ്യാപനം തടയാനിടയാക്കി. എന്നാൽ 90 കളോടുകൂടി തെങ്ങുകൾക്കുണ്ടായ വ്യാപകമായ രോഗങ്ങളും നാളികേരത്തിന്റെ വിലയിലെ അസ്ഥിരതയും തെങ്ങിൻതോപ്പുകളിൽ റബ്ബർകൃഷി ചെയ്യുന്ന അവസ്ഥ സംജാതമാക്കി. നാളികേരകൃഷിയുടെ പ്രശ്നപരിഹാരത്തിന് ഉപകരിക്കുകയെന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് 1988- ൽ രൂപീകൃതമായ കേരകർഷകസമിതികളുടെ പ്രവർത്തനം ഫലവത്തായില്ല. നാളികേരത്തിന്റെ വിപണനത്തിന് നമ്മുടെ പഞ്ചായത്തതിർത്തിയിൽ ഫലപ്രദമായ സംവിധാനങ്ങളില്ല. ഇടത്തട്ടുകാരെ ആശ്രയിക്കുകയാണ് ചെയ്യുന്നത്.

റബ്ബർ

പഞ്ചായത്തിലെ മുഖ്യ നാണ്യവിള റബ്ബർ ആണ്. 70 -കളുടെ മദ്ധ്യത്തോടെ ആരംഭിച്ച റബ്ബർകൃഷി ഇന്ന് പമ്മുടെ കൃഷിഭൂമിയുടെ സിംഹ ഭാഗവും കൈയടക്കികൊണ്ടിരിക്കുന്നു.താരതമ്യേന നല്ലവിലയും മെച്ചപ്പെട്ട വിപണന സൗകര്യവും റബ്ബർബോർഡിന്റെ സഹായങ്ങളും കൃഷി വ്യാപകമാക്കാൻ ഇടയാകുന്നു. RRI-105, GT-1, 600 എന്നീ ഇനങ്ങൾ കൃഷി ചെയ്യുന്നു. ചീക്ക്, പട്ടമരപ്പ് തുടങ്ങിയ രോഗങ്ങളും പ്രകൃതിക്ഷോഭങ്ങളും കൃഷിയെ മുഖ്യമായി നേരിടുന്ന പ്രശ്നങ്ങളാണ്.

ഇടവിളകൾ

വാഴ, ജാതി, കൊക്കോ, പൈനാപ്പിൾ, കമുക്, ചേന, ഇഞ്ചി, മഞ്ഞൾ, കച്ചോലം, കൂർക്ക എന്നിവ ഇടവിളയായി കൃഷി ചെയ്യുന്നു.

വാഴ: - ഏത്തവാഴ ജലസേചന സൗകര്യമുള്ള താഴ്ന്ന പ്രദേശങ്ങളിലാണ് കൃഷി ചെയ്യുന്നത്.പാളയൻകോടൻ, ഞാലിപ്പൂവൻ, കണ്ണൻ, കാളി, റോബസ്റ്റ് തുടങ്ങിയവ ചെരിവു പ്രദേശങ്ങളിലും കൃഷി ചെയ്തു വരുന്നു. ജലസേചന സൗകര്യമില്ലാത്ത പ്രദേശങ്ങളിൽ ഏത്തവാഴ പോലെ കൃത്യമായ പരിചരണമോ വളപ്രയോഗമോ ആവശ്യമില്ലാത്തപൊടി വാഴ കൃഷി ഒരു '' പ്രകൃതി കൃഷി'' പോലെയാണ് നമ്മുടെ പഞ്ചായത്തിൽ പൊതുവെ ചെയ്തുവരുന്നത് കാര്യമായ രോഗങ്ങളൊന്നും ഇവയെ ആക്രമിക്കുന്നില്ല. മുഖ്യ വിപണനകേന്ദ്രങ്ങൾക്ക് അടുത്ത്കിടക്കുന്ന പ്രദേശം എന്ന നിലയിൽ നമ്മുടെ പഞ്ചായത്തിൽ വാഴകൃഷിക്ക് ബൃഹത്തായ സാദ്ധ്യതയാണുള്ളത്. കാർഷകർ സ്ഥലം പാട്ടത്തിനെടുത്താണ് മുഖ്യമായും ഏത്തവാഴ കൃഷി ചെയ്യുന്നത്. കുറുനാമ്പു രോഗംകോക്കാൻ രോഗം കോക്കാൻ രോഗം (കുറ്റില), കരിക്ക് എന്നീ രോഗങ്ങളും പ്രകൃതിക്ഷോഭവും ഈ കൃഷിയെ പ്രതികൂലമായി ബാധിക്കുന്നതു മൂലം 20 % വാഴകൃഷി കുറഞ്ഞിരിക്കുന്നു.

പട്ടിക- I (G)

വിള വിസ്തീർണ്ണവും ഉത്പാദനവും

	വിളകൾ	വിസ്തീർണ്ണം (ഹെക്ടർ)	ഉൽപ്പാദനം	ഉൽപ്പാദനക്ഷമത (ഹെക്ടറിന്)
1.	നെല്ല്	360 ഹെക്ടർ	720 ടൺ	2ടൺ
2.	തെങ്ങ്	605 ''	35 ലക്ഷം തേങ്ങ	5800 തേങ്ങ
3.	റബ്ബർ	620 ''	24800 ടൺ	4 ടൺ
4.	ഇഞ്ചി	116 ''	383 ടൺ	33 ടൺ
5.	മഞ്ഞൾ	35 ''	70 ടൺ	2 ടൺ
6.	കുരുമുളക്	37 ''	9990	270
7.	കമുക്	15 ''	30 ലക്ഷംഅടയ്ക്ക	2 ലക്ഷം
8.	പൈനാപ്പിൾ	75 ''	391 ടൺ	5.2 ടൺ
9.	കശുമാവ്	7 ''	9520കി.ഗ്രാം.	1360 കി.
10.	പച്ചക്കറി	24	200 ടൺ	8.3 ടൺ
11.	കൊക്കോ	6	3720 കി.ഗ്രാം	1360 കി.
12.	പയറു വർഗ്ഗങ്ങൾ	32	3200 കി.ഗ്രാം	100 കി.
13.	വാഴ	150	1050 ടൺ	7000 കി.
14.	മരച്ചീനി	21	108 ടൺ	37 ടൺ

(അവലംബം: കൃഷി ഭവൻ രേഖ)

ഇഞ്ചി:- പൗരാണിക കാലം മുതൽ വാണിജ്യ പ്രാധാന്യമുള്ള വിളയാണ് ഇഞ്ചി. നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് വ്യാപകമായി ഇഞ്ചി കൃഷി ചെയ്തു വരുന്നു. ഇഞ്ചി ഉണക്കി ചുക്കാക്കി മാറ്റുന്ന വ്യാപകമായ വ്യാപാരം 5, 6, 7, 8 ,9 എന്നീ വാർഡുകളിൽ കേന്ദ്രീകരിച്ചിരിക്കുന്നു.മാനന്തവാടി,കുടക്, ഹൈറേഞ്ച് തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും ഇഞ്ചി ലോറികളിൽ കൊണ്ടുവന്ന് ചുക്കാക്കുന്ന പ്രവർത്തനത്തിൽ നൂറു കണക്കിന് സ്ത്രീ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുന്നു. മുടുചീയൽ രോഗവും, കൃഷിചെലവു വർദ്ധിച്ചതും,വിലയിലെ അസ്ഥിരതയും കർഷകരെ ബാധിക്കുന്നു spices ബോർഡിൽനിന്നും ഈകൃഷിക്ക് പരിമിതമായ സഹായം ലഭിക്കുന്നു. മഞ്ഞൾ, കച്ചൂലം, തുടങ്ങിയ കൃഷികളും വ്യാപകമായി നടക്കുന്നു. പാടശേഖരങ്ങളുടക്കം പൈനാപ്പിൾ വർദ്ധിച്ചതോതിൽ കൃഷിയാരംഭിച്ചിട്ടുണ്ട്. സ്ഥലം പാട്ടത്തിനെടുത്താണ് കൃഷി ചെയ്യുന്നത്. റബ്ബർ റീ പ്ലാന്റേഷൻ നടക്കുമ്പോഴും, തെങ്ങ് തോപ്പുകളിലും ഇടവിളയായിചെയ്തുവരുന്നു. വിളവെടുപ്പിന് സമയക്രമം പാലിക്കിന്നതിനുവേണ്ടി ഹോർമോൺ അടങ്ങിയ രാസദ്രാവകപ്രയോഗം നടത്തിലാഭകരമാക്കുന്നു. മൂവാറ്റുപുഴ, വാഴക്കുളം മാർക്കറ്റുകളെ കേരന്ദ്രമാക്കി വിപണനം നടത്തുന്നു. കുത്തക കമ്പനി കാഡ്ബറീസിന്റെ സ്വാധീ

നങ്ങളുടെ ഫലമായി മന്ദീഭവിക്കുവാൻ ഇടയായി. ഇപ്പോൾ 'നെസ്റ്റ്ലെ' അടക്കമുള്ള കമ്പനികൾകൂടി രംഗത്തുവന്നതോടെ കൃഷിമെച്ചപ്പെട്ടുവരുന്നു. ജാതിയുടെ കാര്യത്തിലും ഇതേ അനുഭവം തന്നെ.

മരച്ചീനി: 70കൾ വരെ കൃഷി മാലികണ്ടങ്ങളിലും പുരയിടങ്ങടളിലും കൂടുതലായുണ്ടായിരുന്നു. അന്യസംസ്ഥാന ങ്ങളിലേക്ക് കപ്പ ലോഡു കണക്കിന് കയറ്റി അയച്ചിരുന്നു. നാണ്യവിളകളുടെ രംഗപ്രവേശനത്തോടെ കപ്പകൃഷി ക്രമേണ കുറഞ്ഞുവെങ്കിലും ഈ അടുത്തകാലത്തായി വെള്ളക്കെട്ടില്ലാത്ത പാടശേഖരങ്ങളിൽ വരെ മരച്ചീനികൃഷി ആദായകരമായിനടത്തുന്നു.

മഹാളി, അരിയടക്കപൊഴിയൽ തുടങ്ങിയ രോഗങ്ങൾ ബാധിക്കുന്നുണ്ടെങ്കിലും കമുക് ഈ പഞ്ചായത്തിലെ പുരയിടങ്ങളിൽ കൃഷിചെയ്തുവരുന്നു.

പച്ചക്കറികൃഷി

പാവക്ക,പടവലങ്ങ, വെള്ളരി തുടങ്ങിയ നടുതല കൃഷിയും പയർ,വഴുതന, കാന്താരി തുടങ്ങിയ ഇടവിളകൃഷിയും നേരത്തേ ധാരാളമായിട്ടുണ്ടായിരുന്നു. കീടങ്ങളുടെ മുഖ്യ വിഹാരകേന്ദ്രങ്ങളായി പച്ചക്കറികൃഷി മാറിയതിനേറെയും, വിപണി പ്രശ്നങ്ങളും, കൃത്യമായിപരിചരണമാവശ്യമുള്ള കൃഷിയായതിനാലും യുവതലമുറയ്ക്ക് താൽപര്യം കുറഞ്ഞതും കൃഷി ക്ഷയിക്കുവാൻ ഇടയായി. ശാസ്ത്രീയവും ജനകീയാസൂത്രണപരിപാടിയും മൂലം പച്ചക്കറി കൃഷി വ്യാപിപ്പിക്കുവാൻ കഴിയും.

വളം

സഹകരണ മേഖലയിലെ മുന്നു ഡിപ്പോയും സ്വകാര്യ മേഖലയിലെ എട്ടു ഡിപ്പോയുമടക്കം 11 വിപണന കേന്ദ്രങ്ങൾ ഉണ്ട്. മുഖ്യമായും രാസ വളങ്ങളാണ് പ്രയോഗിക്കുന്നത്. തുറസ്സായ വെളിമ്പ്രദേശങ്ങൾ അന്യമായതോടെ പച്ചിലവളങ്ങൾ ലഭ്യമല്ലാതായി. അശാസ്ത്രീയമായ വപ്രയോഗം മണ്ണു പരിശോധനയുടെ അഭാവത്തിൽ നടത്തിയതുമൂലം ഒരുവശത്തു കർഷകന് അനാവശ്യമായ സാമ്പത്തിക നഷ്ടവും, മണ്ണിന്റെ ജീവൻ നഷ്ടപ്പെടുത്തുന്നതിനും ഇടയാക്കി. രാസവളങ്ങളുടെ ക്രമാതീതമായ വിലവർദ്ധനവ് കൃഷിച്ചെലവ് വർദ്ധിപ്പിച്ചു. അമ്ലാംശം കൂടുകയും ക്ലേദാംശം കുറയുകയും ചെയ്തു. ഉൽപാദനക്ഷമതയെ പ്രതികൂലമായി ബാധിച്ചു.

പട്ടിക- I (H)
രാസവള കീടനാശിനി വിതരണം

ക്ര. നം.	സ്ഥാപനം	1993-'94 രാസവളം kg.	1993-'94 കീടനാശിനി ദ്രവം. kg.	1993-'94 കീടനാശിനി ഖരം. kg.	1994-'95 രാസവളം kg.	1994-'95 കീടനാശിനി ദ്രവം. kg.	1994-'95 കീടനാശിനി ഖരം. kg.	1995-'96 രാസവളം kg.	1995-'96 കീടനാശിനി ദ്രവം. kg.	1995-'96 കീടനാശിനി ഖരം. kg.
1.	സഹകരണം	58136	214.5	319.2	66040	302.4	429	71020	221.85	426.30
2.	സ്വകാര്യം	53664	175.5	204.8	60960	237.6	351	62980	213.15	308.7
	ആകെ	111800	390.0	5600	127000	540.0	780	134000	435	735

ജലസേചനം

മഴ, കിണർ, കുളം, ചിറ തുടങ്ങിയവയായിരുന്നു ജലസേചന ത്തിന്റെ മുഖ്യ ശ്രോതസ്.

പട്ടിക - I (J)

ക്രമ നമ്പർ	പൊതുച്ചിറ/കുളം/തോട്
1.	മുതരപ്പെട്ട
2.	അറയ്ക്കൽ കുളം
3.	പഞ്ചായത്ത് കുളം
4.	ആറുങ്കാൽ കുളം
5.	കാട്ടാങ്കുഴി പൊട്ട
6.	പുവത്തൂർ
7.	ഏക്കുന്നം
8.	ചാമക്കാലായിൽ
9.	കുപ്പശ്ശേരിതോട്
10.	പുല്ലാട്ട് കുളം
11.	പൊട്ടങ്കുളം ചിറ
12.	മുരിയൻചിറ
13.	കാപ്പുചിറ
14.	ഇരമല്ലൂർചിറ
15.	ഐരിയിക്ക ചിറ
16.	പുളിനാച്ചിറ
17.	പഞ്ചായത്ത് ചിറ
18.	പുഞ്ചകുളം
19.	പുറത്തേകുളം
20.	കാനാ ചിറ
21.	കളരിക്കകുളം
22.	പുത്തൻകുളം
23.	പാക്കോളി കുളം
24.	തണ്ണിക്കോട്ട് തോട്
25.	മുണ്ടുപാലം തോട്
26.	വലിയ തോട്

PVIP യിലൂടെ പഞ്ചായത്തിന്റെ മധ്യഭാഗത്തു കൂടി മുളവുർ ബ്രാഞ്ച് കനാലും, പടിഞ്ഞാറുഭാഗത്തുകൂടി ഹൈലവൽ കനാലും, 2 ഉപശാഖകളും ജലസേചനം നടത്തുന്നു. എങ്കിലും മുഖ്യ പ്രദേശങ്ങൾക്കും ഇവകൊണ്ട് കാര്യമായ പ്രയോജനം ലഭിച്ചിട്ടില്ല. പൊതുവെ കുന്നിൻ പ്രദേശമാകയാൽ ജലദൗർലഭ്യം എല്ലാ കാലങ്ങളിലുമുണ്ട്. കുന്നിൻപ്രദേശങ്ങളിൽ ജലം സംഭരിക്കുന്നതിനുള്ള ശാസ്ത്രീയ മാർഗ്ഗങ്ങളില്ലാത്തതുമൂലം മഴവെള്ളം താഴെ ഭാഗങ്ങളിലേയ്ക്ക് വൃഥാ ഒലിച്ചുപോകുന്നു. ഇത് ഫലഭൂയിഷ്ഠതയുള്ള മേൽമണ്ണ് ഒലിച്ചുപോകുന്നതിനും പാടശേഖരങ്ങളിൽ മണൽപ്പറ്റ് വർദ്ധിക്കുന്നതിനും ഇടയായി. കഴിഞ്ഞ കാലങ്ങളിൽ ജലസേചനാവശ്യത്തിനുപയോഗിച്ചിരുന്ന ചിറകളുടേയും കുളങ്ങളുടേയും വിസ്തൃതി കുറഞ്ഞുപോകുകയും പുറമേനിന്ന് മണ്ണ്, കല്ല് എന്നിവ വന്ന് നികന്നുപോകുകയും ചെയ്തതിന്റെ ഫലമായി പ്രസ്തുത ശ്രോതസ്സുകളുടെ ജലസംഭരണശേഷി ഗണ്യമായി കുറഞ്ഞു. പരമ്പരാഗതമായി കൃഷിക്കും മറ്റാവശ്യങ്ങൾ ക്കുമായി ഉപയോഗിച്ചു വന്ന ഇളമ്പ - വടുക്കുളം നെല്ലിക്കുഴി പൊട്ടക്കുളം തുടങ്ങിയവ പരിസരവാസികൾ നികത്തിയെടുത്തതുപോലുള്ള സംഭവങ്ങൾ ജലശ്രോതസ്സുകളുടെ വിസ്തൃതി കുറയ്ക്കുവാൻ കാരണമായി. വിവിധ ജലശ്രോതസ്സുകളുടേയും പദ്ധതിക ളുടേയും ഫലമായി കാർഷികഭൂമിയുള്ള 10.25% സ്ഥലത്തു മാത്രമേ ജലസേചന സൗകര്യമുള്ളു. ഇത് കാർഷിക പുരോഗതിക്ക് മുഖ്യതടസ്സ ങ്ങളിൽ ഒന്നാണ്.

കാർഷികോപകരണങ്ങൾ:

വിവിധപാടശേഖരക്കമ്മറ്റികൾക്കായി കൃഷിഭവൻ വഴി നൽകിയ ഒരു ട്രാക്ടർ, ഒരു ട്രില്ലർ, 125 നാടൻ കലപ്പ, 156 ചവിട്ടുപമ്പ്, 2 മെതിയന്ത്രം, 2 തെങ്ങുകയറ്റ യന്ത്രം 137 കുറ്റിപമ്പ് എന്നിവയാണ് ഇപ്പോൾ ഉള്ളത്. പോത്തുകളെ ഉപയോഗിച്ചു കൊണ്ടുള്ള ഉഴവാണ് നെൽപ്പാടങ്ങളിൽ നടക്കുന്നത്. ആദ്യകാലങ്ങളിലും കാള, പോത്ത് എന്നിവയെ ഉഴവിന് ഉപയോഗിച്ചിരുന്നു. സംരക്ഷണച്ചെലവ് കുറക്കുവാൻ ഉഴവുകാലങ്ങളൊഴികെ മറ്റുമാസങ്ങളിൽ പോത്തുകളെ മേയാനായി വനത്തിൽ വിടുന്ന പതിവുണ്ട്. സ്വകാര്യ വ്യക്തികൾക്ക് കൃഷിക്കുപയുക്തമാക്കാവുന്ന യന്ത്രോപകരണങ്ങളുണ്ട്. മേഞ്ഞിൽ പോലുള്ള നാടൻ കാർഷികോപകരണങ്ങൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. കൃഷിഭവന്റെ ആഭിമുഖ്യത്തിൽ ഒൻപത് പാടശേഖരസമിതികളുണ്ടെങ്കിലും അവയുടെ പ്രവർത്തനം കാര്യക്ഷമമല്ല. യന്ത്രങ്ങൾ പലതും ദ്രവിച്ചുകൊണ്ടിരിക്കുന്നു.

പട്ടിക- I (K)

കാർഷികോപകരണങ്ങൾ

വാർഡ്	ട്രാക്ടർ	ട്രില്ലർ	നാടൻ കലപ്പ	റോക്ക് സ്പ്രെയർ	നാവ് സ്റ്റാക്ക് സ്പ്രെയർ	മെതി യന്ത്രം	തെങ്ങു കയറ്റ യന്ത്രം
I			10	15	8		
II			8	10	5		
III			12	12	4		
IV			16	20	16		
V		1	18	20	24	1	
VI	1		8	10	7		
VII			10	12	6		
VIII			18	8	21		
IX			5	14	28		
X			8	12	14		
XI			4	10	8	1	2
XII			8	13	6		
ആകെ			125	156	137	2	2

(അവലംബം: കൃഷി ഭവൻ നെല്ലിക്കുഴി)

കാർഷിക വായ്പ

ഒരു സഹകരണ ബാങ്കും ഒരു ഷെഡ്യൂൾഡ് ബാങ്കും 583 -ാം നമ്പർ കോതമംഗലം സർവ്വീസ് സഹകരണ ബാങ്കിന്റെ ശാഖയും, ഈ പഞ്ചായത്ത് പരിധിയിലുണ്ട്. കോതമംഗലം ,മൂവാറ്റുപുഴ കാർഷിക വികസന ബാങ്ക് വർഷംതോറും ദീർഘകാല കാർഷിക വായ്പയും നൽകുന്നു. 95 - 96ൽ കുറ്റിലഞ്ഞി സർവ്വീസ് സഹകരണ ബാങ്ക് ഒരു കോടി രൂപ കാർഷിക വായ്പ നൽകിയിട്ടുണ്ട്. നബാർഡിന്റെ കൺസഷണൽ ഫിനാൻസിൽ നിന്നുള്ള ക്യാഷ് ക്രെഡിറ്റ് പദ്ധതിയിലൂടെയും, ഇതര കാർഷിക വായ്പാ പദ്ധതിയിലൂടെയുമാണ് ബാങ്ക് ഇത് നൽകിയത്. ദി. ധനലക്ഷ്മി ബാങ്ക് ലിമിറ്റഡ് പഞ്ചായത്തിന്റെ കാർഷിക ആവശ്യങ്ങളെ വേണ്ടത്ര തൃപ്തിപ്പെടുത്തുന്നില്ല. തൃക്കാരിയൂർ സർവ്വീസ് സഹകരണ സംഘം കോതമംഗലം SCB 583- ൽ ലയിപ്പിച്ചതോടെ പഞ്ചായത്തിലെ 9 മുതൽ 12 വരെയുള്ള വാർഡുകളിലെ ജനങ്ങളുടെ വായ്പാ ആവശ്യങ്ങളെ കുറെ യേറെപരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

കോതമംഗലം മൂവാറ്റുപുഴ കാർഷിക വികസന ബാങ്ക് കൂടുതൽ ഭൂമി കൈവശമുള്ള വൻകിട കൃഷിക്കാർക്ക് ദീർഘകാല വായ്പ നൽകുന്നതുകൊണ്ട് ചെറുകിട നാമമാത്ര കർഷകരുടെ ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുവാൻ കഴിയുന്നില്ല. കുറ്റിലഞ്ഞി സഹകരണ ബാങ്ക് നൽകിയിരുന്ന ബാങ്ക് വായ്പ സംബന്ധിച്ച വിവരം ചുവടെ പേർക്കുന്നു. (സഹകരണ മേഖല പട്ടിക ശ്രദ്ധിക്കുക)

കൃഷിക്കുവേണ്ടി അനുവദിക്കുന്ന വായ്പ പലപ്പോഴും മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുണ്ട് എന്നാണ് കരുതുന്നത്. കാർഷിക വായ്പയ്ക്കുള്ള പലിശ സബ്സിഡി സർക്കാരിൽ നിന്ന് സമയാസമയങ്ങളിൽ നൽകാറില്ല. ദേശസാൽകൃത ബാങ്കുകൾ കാർഷിക വായ്പയുടെ പേരിൽ സ്വർണ്ണപ്പണയ വായ്പയാണ് നൽകുന്നത്. ഇതുമൂലം യഥാർത്ഥ ആവശ്യക്കാർക്ക് പലപ്പോഴും കിട്ടാതെ പോകുന്നുണ്ട്. ബാങ്കുകൾ Agriculture Stabilisation Fund ഉപയോഗിച്ച് ഉൽപാദന വർദ്ധനവിനുള്ള പദ്ധതികൾ തയ്യാറാക്കിയാൽ കൂടുതൽ പ്രയോജനകരമായിരിക്കും. കേരഫെഡ് വഴി കൊപ്രാ സംഭരണത്തിന് സർവ്വീസ് സഹകരണ ബാങ്കുകളിൽ പ്രാരംഭ പ്രവർത്തനം നടത്തിയെങ്കിലും പദ്ധതി മുന്നോട്ട് പോയിട്ടുള്ളതായി കാണുന്നില്ല.

കൂലിനിരക്കും തൊഴിലാളി ലഭ്യതയും

കാർഷികതൊഴിലാളികളുടെ ലഭ്യത കുറഞ്ഞു വരികയാണ്. ആധുനിക വിദ്യാഭ്യാസത്തിന്റെ സ്വാധീനവും തൃതീയ മേഖലയിലേയ്ക്കുള്ള ചേക്കേറ്റവും യുവതലമുറയുടെ താൽപര്യമില്ലായ്മയുമാണ് ഇതിനു നിദാനം. പഞ്ചായത്തിൽ 2890 കർഷികതൊഴിലാളികളും 6710 കർഷകരുമുണ്ട്. ശരാശരി കൂലി നിരക്കും ഉച്ചപണിക്ക് പുരുഷന് 60 രൂപയും സ്ത്രീകൾക്ക് 40 രൂപയുമാണ്. ഏകീകൃത കൂലി നിരക്കും ഉണ്ട്. സംഘടിത കർഷക തൊഴിലാളി പ്രസ്ഥാനത്തിന് പഞ്ചായത്തിൽ വേരോട്ടം ഉണ്ട്.

പട്ടിക- I (L)

കാർഷികമേഖല ശരാശരി കൂലി നിരക്ക്

യന്ത്രം	നെല്ല് ഉഴവ് Rs.150/day	കിളയ്ക്കൽ	നടീൽ	കളപറിയ്ക്കൽ	റബ്ബർ	തെങ്ങ്
പുരുഷൻ	150/day	60.00	-	-	Ps. 25/ one	Rs.5/ one
സ്ത്രീ	-	-	60 + ചെലവ്	-	-	-

(അവലംബം: നാട്ടറിവ്)

പണ്ട് കാലങ്ങളിൽ നിലങ്ങളിൽ പൊടി ഉഴവുകയും പറമ്പുകൾ കിളച്ചിടകയുമാണ് ജലസംക്ഷണ പ്രവർത്തനത്തിന് നടത്തിയിരുന്നത്. ആ സമ്പ്രദായത്തിൽ വന്നമാറ്റം മണ്ണിന്റെ ജലസംഭരണ ശേഷി ഇല്ലാതാക്കി. ആചാരങ്ങളുടെ പേരിലാണെങ്കിൽ പോലും നിലനിന്നിരുന്ന സർപ്പക്കാവുകൾ ജലസംരക്ഷണത്തെ കാര്യമായി സഹായിച്ചിട്ടുണ്ട്.

കൃഷിഭവൻ

1987 -ൽ കാർഷികരംഗത്തെ സമഗ്ര പുരോഗതി സാദ്ധ്യമാക്കാൻ സംസ്ഥാനത്ത് ഉടനീളം ആരംഭിച്ച കൃഷിഭവനുകളുടെ ഭാഗമായി നമ്മുടെ പഞ്ചായത്തിലും കൃഷി ഭവൻ ആരംഭിച്ചു. അതുവരെയുണ്ടായിരുന്ന ഏലാഫീസുകളുടെ പ്രവർത്തനവൈകല്യങ്ങൾ പരിഹരിക്കുന്നതിനു വേണ്ടി യാണ് പഞ്ചായത്തുകൾ തോറും ആരംഭിച്ചത്. ഒരു കൃഷി ഓഫീസ് , മൂന്നു കൃഷി അസിസ്റ്റന്റ് ഉൾപ്പെടെ അഞ്ച് ജീവനക്കാരാണ് നിലവിൽ ഉള്ളത്. പഞ്ചായത്ത് ആഫീസുകെട്ടിടത്തിലാണ് നിലവിൽ കൃഷി ഭവൻ സ്ഥിതി ചെയ്യുന്നത്. പ്രവർത്തന രഹിതമാണെങ്കിലും രണ്ട് ഫാം ഹൗസുകൾ കൃഷി വകുപ്പാ യി ബന്ധപ്പെട്ട് ഇവിടെയുണ്ട്. ഈ ഫാമുകളെ കാർഷികമേഖലയുടെ വികസനത്തിനായി പ്രയോജനപ്പെടു ത്താവുന്നതാണ്. പരീക്ഷണശാലയിൽ നിന്നും ശാസ്ത്ര നേട്ടങ്ങളെ കൃഷിയിടങ്ങളിലേയ്ക്ക് എത്തിക്കുക എന്നുള്ള ലക്ഷ്യം ഇനിയും സാക്ഷാൽക്കരിച്ചിട്ടില്ല. 22 പദ്ധതികൾ വിവിധ മേഖലകളിൽ നടന്നു വരുന്നതിൽ അഞ്ച് പദ്ധതികൾ ഇനിയും പൂർത്തിയാക്കുവാനുണ്ട്. നടീൽ വസ്തുക്കളും ചെടികളും യഥാസമയത്ത് വിതരണം ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നു.

നേഴ്സറികൾ

നമ്മുടെ പഞ്ചായത്തിൽ സ്വകാര്യ വ്യക്തികൾ നടത്തുന്ന മൂന്നു നേഴ്സറികളാണുള്ളത്. നേഴ്സറികൾ റബ്ബർതൈ വിതരണത്തിലാണ് കാര്യമായി ശ്രദ്ധിക്കുന്നത്. മറ്റു നടീൽ വസ്തുക്കൾക്ക് നേര്യമംഗലം ജില്ലാ കൃഷി തോട്ടത്തേയും ഓടക്കാലിയിലുള്ള കാർഷിക ഗവേഷണ കേന്ദ്രവും താലൂക്കിന്റെ വിവിധ കേന്ദ്രങ്ങളിലുള്ള സ്വാകാര്യ നേഴ്സറി കളെയുമാണ് ആശ്രയിക്കുന്നത്. മികച്ചയിനം വിത്തുകളും, നടീൽവസ്തുക്കളും വേണ്ടത്ര നമ്മുടെ പഞ്ചായത്തിൽ ലഭ്യമാകുന്നില്ല.

ആഫ്രിക്കൻ പായലും എലികളും

ആഫ്രിക്കൻ പായൽ നമ്മുടെ താഴ്ന്ന വയലുകളുടെ മുഖ്യ ഭീഷണിയായി വളർന്നുവന്നിരിക്കുന്നു. ദ്രുതഗതിയിലുള്ള വളർച്ചയെ പ്രതിരോധിക്കാൻ ആകാതെ കർഷകർ കുഴങ്ങു ന്നു. കോരിമാറ്റുകയല്ലാതെ മറ്റു നിയന്ത്രണ സംവിധാനങ്ങൾ ഇതുവരേയും വികസിപ്പിച്ചിട്ടില്ല.

കാർഷിക മേഖലയിൽ എല്ലാ വിളകളേയും ഒരേപോലെ ആക്രമിക്കുന്ന ശത്രുവാണ് എലികൾ. കർഷകർ ഒറ്റയ്ക്ക് ഒറ്റയ്ക്ക് ഒട്ടേറെ എലി നിയന്ത്രണ ശ്രമങ്ങൾ നടത്തുന്നുവെങ്കി ലും കാര്യമായ വിജയം ഉണ്ടായിട്ടില്ല.

പഞ്ചായത്തതിർത്തിയിൽ കാർഷികോൽപ്പന്നങ്ങളെ സംസ് ക്കരിച്ച് വിപണനം നടത്തുന്നതിന് വ്യവസായികാടിസ്ഥാന ത്തിൽ യാതൊരു സംരംഭങ്ങളുമില്ല.

ആധുനിക ശാസ്ത്ര സാങ്കേതിക നേട്ടങ്ങൾ സാധാരണ കർഷകരിലെത്തിക്കുന്നതിനുള്ള പരിശീലന

പഠന പരിപാടികൾ പൊതുവെ കുറവാണ്.പരമ്പരാഗത ശൈലിയിൽ സ്വയം ആർജിച്ച അറിവുകളെയാണ് ഉപയോഗപ്പെടുത്തുന്നത്.

പുഷ്പകൃഷി വർത്തമാനകാല കാർഷിക വ്യവസ്ഥയുടെ മുഖ്യചേരുവയായി തീർന്നിട്ടുണ്ട്. കയറ്റുമതിയെ ലാക്കാക്കി നഗരപ്രദേശങ്ങളിൽ ഇത് പ്രചരിപ്പിച്ചിട്ടുണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിൽ നാളിതുവരെ ഇതിന് യാതൊരു അസ്ഥിത്വ വും നേടാൻ കഴിഞ്ഞിട്ടില്ല. കുറ്റിമുല്ല, ഓർക്കിഡ്, അന്തൂറിയം തുടങ്ങിയ പൂക്കളുടെ കൃഷി നഗരവൽക്കരിക്കപ്പെട്ടു കൊണ്ടി രിക്കുന്ന നമ്മുടെ പഞ്ചാത്തിലും പ്രചരിപ്പിക്കാവുന്നതാണ്.

ഔഷധചെടികൾ

പണ്ടു കാലങ്ങളിൽ നമ്മുടെ പറമ്പുകളിൽ ഔഷധ സസ്യ ങ്ങൾ ധാരധളമായി കാണാറുണ്ടായിരുന്നു. കൃഷി രീതിയിലെ മാറ്റം ഇവയെ നമ്മുടെ പറമ്പുകളിൽ നിന്ന് ആട്ടിപ്പായിച്ചു. ആയുർവേദത്തിന് കൂടുതൽ പ്രാധാന്യം ലഭിച്ചുകൊണ്ടി രിക്കുന്ന ഈ കാലഘട്ടത്തിൽ ഔഷധസസ്യ ങ്ങളുടെ വ്യാപനത്തിലൂടെ ഒട്ടേറെ ആളുകൾക്ക് തൊഴിലും സാമ്പത്തിക നേട്ടവും ഉണ്ടാക്കുവാൻ കഴിയും. ഗുണനില വാരമുള്ള നടീൽ വസ്തുക്കൾ ലഭ്യമല്ല എന്നുള്ളതാണ് മുഖ്യ തടസ്സം.

നൂതനകൃഷിമേഖല

Biotechnology സംഭാവനയായ നൂതനകൃഷി മേഖലയ്ക്ക് നമ്മുടെ പഞ്ചായത്തിൽ യാതൊരു സ്ഥാനവും നാളിതുവരെ ലഭിച്ചിട്ടില്ല. മൾബറി കൃഷി പ്രചരിപ്പിക്കുവാൻ ചിലശ്രമം നടത്തിയിട്ടുണ്ടെങ്കിലും വിപണന മേഖലയിലെ അപര്യാപ്തതയും കീടങ്ങളുടെ ആക്രമണം മൂലമുണ്ടായ നഷ്ടങ്ങളും മൂലം കൃഷിക്കാർ ഈ മേഖലയെ കയ്യൊഴിയു കയാണു ണ്ടായത്. പ്രായോഗിക പരിജ്ഞാനത്തിന്റെ അഭാവത്തിൽ കൂൺകൃഷിയും നമ്മുടെ പ്രദേശത്ത് പ്രവേ ശിച്ചിട്ടില്ല.

ചേമ്പ്, ചെറുകിഴങ്ങ്, കാച്ചിൽ, മധുരക്കിഴങ്ങ് തുടങ്ങിയ കിഴങ്ങുവർഗ്ഗങ്ങൾ നാമമാത്രമായി കൃഷിചെയ്യു ന്നുണ്ട്. ഭൂമി തുണ്ടു തുണ്ടായതും കൃഷിയോടുള്ള താൽപര്യ മില്ലായ്മയും ഈവക കൃഷികൾ കുറഞ്ഞുവരുവാൻ കാരണ മാകുന്നു.

സാധ്യതകൾ

- നെല്ല്, തെങ്ങ്,റബ്ബർ, പച്ചക്കറി, പുഷ്പകൃഷി തുടങ്ങിയവയ്ക്ക് ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം ഏർ പ്പെടുത്തുക.
- ഇരമല്ലൂർ - മേതല ലിഫ്റ്റ് ഇറിഗേഷൻ പണി അടിയന്തിര മായി പൂർത്തീകരിക്കുക. 314, റേഷൻകട പടി, കാനാച്ചിറ, തൃക്കാരിയൂർ, കരിപ്പുഴിക്കാവ്, പുലിമല എന്നിവിടങ്ങളിൽ പുതിയവ ആരംഭിക്കുക. പി.വി.ഐ.പി. ഹെലവൽ കനാലിന്റെ ഉയർന്ന പ്രദേശമായ കുറിയപ്പാറ മുകൾ കിഴക്കേചെരിവിൽ നാഗഞ്ചേരി ഭാഗത്തു നിന്ന് ഡിസ്ട്രി ബ്യൂട്ടറി കനാൽ, ലിഫ്റ്റ് ഇറിഗേഷൻ എന്നിവ ആരംഭിച്ച് 5,6,7 വാർഡുകളിൽ ജലസേചനം നടത്താം.
- പാടശേഖരങ്ങളുടെ അരികിലുള്ള തോടുകൾ ബണ്ട് കെട്ടി സംരക്ഷിക്കുക.
- കുളം, ചിറ എന്നിവയുടെ സൈഡ് കെട്ടി സംഭരണ ശേഷി വർദ്ധിപ്പിച്ച്കൂടുതൽ ഉപയുക്തമാക്കുക.
- തോടുകളിൽ ആവശ്യമായിടത്ത് ചീർപ്പുകളും ചിറകളിൽ ഷട്ടറുകളും സ്ഥാപിക്കുക.
- ട്രിപ്പ് ഇറിഗേഷൻ,സ്പിംഗ്ളർ ഇറിഗേഷൻ എന്നിവയ് ക്കുള്ള പദ്ധതികൾ ആരംഭിക്കുക. അതിനുള്ള സാമ്പ ത്തികവും സാങ്കേതികവുമായ സഹായം ലഭ്യമാക്കുക.
- മഴവെള്ളം പരമാവധി സംഭരിച്ചു നിർത്തുന്നതിനുള്ള ശാസ്ത്രീയ പദ്ധതികൾ ആവീഷ്ക്കരിക്കുക. (കോണ്ടൂർ ബണ്ട്, മൾടിംഗ്)
- ആവരണ ചെടികൾ റബ്ബർതോട്ടങ്ങളിലും തെങ്ങിൻ തോട്ടങ്ങളിലും കൂടി വ്യാപിപ്പിച്ച് മണ്ണിന്റെ ജലസംരണ ശക്തി വർദ്ധി പ്പിക്കുക.
- വാട്ടർഷെഡ് പദ്ധതി സാധ്യമായ എല്ലായിടങ്ങളിലും തുടങ്ങുക.
- പി.വി.ഐ.പി. കാനാലിന്റെ ബണ്ടുകൾ പൊട്ടി കൃഷി സ്ഥലങ്ങൾ നശിക്കുന്നതിന് പരിഹാരം കാണുക. ആവശ്യ മായ സമയത്ത് വെള്ളം ലഭ്യമാക്കുക.
- നിലവിലുള്ള 'കാഡ' കനാലുകളുടെ ദൈർഘ്യം ജനപങ്കാളിത്തത്തോടെ വർദ്ധിപ്പിച്ച് കൂടുതൽ കൃഷിയിട ങ്ങളിലേയ്ക്ക് വെള്ളം എത്തിക്കുക.
- ജലദശക പരിപാടിയിൽ പ്രഖ്യാപിച്ച ഗാന്ധിയൻ കാളിറ്റി സർക്കിൾ വാർഡുതലത്തിൽ ആരംഭിക്കുക.

വളം

- മണ്ണിരവളം നിർമ്മിക്കുന്നതിന് ആളുകൾക്ക് പരിശീലനം നൽകുക.
- തരിശുഭൂമികളിലും മറ്റും കമ്മ്യൂണിസ്റ്റ് പച്ച, ശീമക്കൊ ന്ന തുടങ്ങിയ പച്ചിലചെടികൾ വച്ചു പിടിപ്പി ക്കുന്നതിന് പ്രചരണ പദ്ധതികൾ ആവീഷ്ക്കരിക്കുക.
- സഹകരണാടിസ്ഥാനത്തിൽ വളം ഡിപ്പോകൾ ആരംഭിക്കുക.
- ചകിരിച്ചോറ് ഉപയോഗിച്ചുള്ള ജൈവവളം നിർമ്മി ക്കുന്ന തിനും കർഷകരിലെത്തിക്കുന്നതിനും പദ്ധതി യാവീഷ്ക്ക രിക്കുക.
- ജൈവവളം പരാമാവധി പ്രോൽസാഹിപ്പിക്കുക. മണ്ണ് പരിശോധിച്ച് വളം പ്രയോഗിക്കുന്ന സ്വഭാവം വളർത്തിയെടുക്കുകയും മണ്ണ് പരിശോധനസംവിധാന ങ്ങൾ പഞ്ചായത്ത് തലത്തിൽ ഉണ്ടാക്കുകയും ചെയ്യുക.

വിത്ത്

- ഗുണനിലവാരമുള്ള വിത്തിനങ്ങൾ കർഷകർക്കു യഥാസമയം എത്തിക്കുന്നതിന് റിവോൾവിംഗ് ഫണ്ട് സമാഹരിക്കുകയും കൃഷിക്കാരുടെ മുൻകൈയോടെ

വിത്തുകൾ സംഭരിച്ച് കൃഷിക്കാർക്കു എത്തിക്കുന്നതിന് പദ്ധതി ഉണ്ടാക്കുക.


- പഞ്ചായത്തു തലത്തിൽ വിത്തുകൾ ഉൽപാദിപ്പിക്കുന്നതിന് നേഴ്സറികൾ ആരംഭിക്കുക. പുതിയ വിത്തുകളെക്കുറിച്ച് അറിയുന്നതിന് യൂണിവേഴ്സിറ്റികളിൽ നിന്നും മറ്റ് വിത്തുൽ പാദന കേന്ദ്രങ്ങളിൽ നിന്നുമുള്ള പുതിയ അറിവുകൾ സമാഹരിച്ച് കൃഷിക്കാർക്കു ലഭ്യമാക്കുന്നതിന് ബ്ലോക്കു പഞ്ചായത്തു തലത്തിൽ ഇൻഫർമേഷൻ സെൻററുകൾ ആരംഭിക്കുക.

അഗ്രോക്ലിനിക്കുകൾ അല്ലെങ്കിൽ ആഗ്രോസർവീസ് സെൻറർ

- പഞ്ചായത്തു തലത്തിൽ അഭ്യസ്തവിദ്യരായ ആളുകളെ ഉപയോഗിച്ച് അഗ്രോസർവീസ് സെൻററുകൾ ആരംഭിക്കുക യും ഇവർക്ക് വിത്തുൽപാദനം, മണ്ണുപരിശോധന, കാർഷി ക യന്ത്രങ്ങളുടെ ഉപയോഗ രീതിയുംപഠിപ്പിക്കികയും , പരിശീലിപ്പിക്കുകയും ചെയ്യുക. ഇവയുടെ പരിശീലനത്തിന് ജില്ലാ പഞ്ചായത്തിൻെറ നിയന്ത്രണത്തിലുള്ള ജില്ലാ കൃഷിത്തോട്ടങ്ങളെ ഉപയോഗിക്കുന്നതിന് ജില്ലാ പഞ്ചായത്തു പരിപാടി ഉണ്ടാക്കുക.
- **മാതൃകാ തോട്ടങ്ങൾ :-** അഗ്രോക്ലിനിക്കുകളെ ഉപയോഗിച്ച് എല്ലാ വാർഡിലും ചെറുകിട മാതൃകാ തോട്ടങ്ങശ സ്ഥാപി ക്കുകയും അവർക്ക് പൂർണ്ണമായ സാമ്പത്തിക സഹാ്യം ലഭ്യമാക്കുകയും ചെയ്യുക.
- പഞ്ചായത്ത് തലത്തിലും വാർഡുതലത്തിലും കർഷക സഹായക സമിതികൾ രൂപം നൽകുകയും കാർഷിക പ്രവർത്തനങ്ങൾക്ക് ജനപങ്കാളിത്തം ഉറപ്പു വരുത്തുകയും ചെയ്യുക.
- **ഇൻഷ്വറൻസ് :-** എല്ലാവിളകൾക്കും വിള ഇൻഷ്വറൻസ് ഏർപ്പെടുത്തുകയും അതിനുള്ള പ്രീമിയം കൃഷിക്കാരും സർക്കാരും അടയ്ക്കുക.
- **കീടനാശിനി:-** ജൈവകീടനാശിനികൾ പരമാവധി പ്രചരിപ്പിക്കുകയും മിത്ര കീടങ്ങളേയും, കുമിളുകളേയും വളർത്തി തുളസിയടക്കമുള്ള ചെടികൾ പ്രചരിപ്പിച്ചും സർക്കാർ സഹായത്തോടെയുള്ള പദ്ധതികൾ നടപ്പിലാക്കുക.
- **വിപണി:-** പഞ്ചായത്തടിസ്ഥാനത്തിൽ സഹകരണ മേഖലയിൽ മാർക്കറ്റിംഗ് വിപണന സഹകരണ സംഘം ആരംഭിക്കുക. ആവശ്യകതക്ക് അനുസരിച്ച് ബ്രാഞ്ചുകൾ ഉണ്ടാക്കുക, കാർഷിക ഉൽപന്നങ്ങൾ ഈടായി സ്വീകരിച്ച് വായ്പ ലഭ്യമാക്കുക.

  പൊതുചന്ത കാർഷിക ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിനു വേണ്ടി പഞ്ചായത്തടിസ്ഥാനത്തിൽ ആരംഭിക്കുക.
- റബ്ബർ, പൈനാപ്പിൾ തുടങ്ങി കാർഷിക ഉൽപന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള സംസ്ക്കരണ യൂണിറ്റുകൾ ജനപങ്കാളിത്തത്തോടെ സ്ഥാപിക്കുക.
- പഞ്ചായത്തടിസ്ഥാനത്തിൽ കാർഷിക മേളകളും പ്രദർശനങ്ങളും വർഷത്തിലൊരിക്കൽ സംഘടിപ്പിക്കുക.
- കാർഷികമേഖലയിൽ ആധുനിക യന്ത്രോപകരണങ്ങളായ മെതിയന്ത്രം,പാറ്റ്യന്ത്രം, തെങ്ങുകയറ്റയന്ത്രം സ്പെയറുകൾ എന്നിവ പ്രചരിപ്പിക്കുക.
- നെൽകൃഷിയുടെ വ്യാപനത്തിനും പുരോഗതിക്കും വേണ്ടി റബ്ബർബോർഡ് മാതൃകയിൽ ഘട്ടം ഘട്ടമായി കൃഷിച്ചില വിൻെറ അടിസ്ഥാനത്തിൽ സഹായം യഥാസമയത്ത് നൽകുക.
- ഔഷധ സസ്യങ്ങൾ റബ്ബർ തോട്ടങ്ങളിലും തെങ്ങിൻ തോപ്പുകളിലും ഇടവിളകൃഷിയായി ചെയ്യുന്നതിന് വിത്തും വളവും സാങ്കേതിക ഉപദേശവും നൽകുക.
- കൃഷിവകുപ്പു ജീവനക്കാർ ആഴ്ചയിലൊരിക്കലെങ്കിലും കൃഷിയിടങ്ങൾ സന്ദർശിച്ച് ആവശ്യമായ മാർഗ്ഗ നിർദ്ദേശ ങ്ങൾ കൊടുക്കുകയും ആധുനിക കാർഷിക രീതി യെക്കുറി ച്ചുള്ള പരിശീലനം ഉദ്യോഗസ്ഥർക്ക് വർഷത്തിലൊരിക്കൽ നൽകുകയും ചെയ്യുക.
- കൃഷിവകുപ്പുകളിൽ കൊടുക്കുന്ന എല്ലാ സഹായങ്ങളും യഥാർത്ഥ കൃഷിക്കാർക്ക് ലഭ്യമാക്കുവാൻ സമിതി വഴി മാത്രം ലഭ്യമാക്കുകയും അവരുടെ പേരു വിവരം പരസ്യപ്പെടു ത്തുകയും ചെയ്യുക.
- ചെറുകിട നാമമാത്ര കർഷകർക്ക് ക്ഷേമനിധി ഏർപ്പെടു ത്തുക.
- മണ്ണൊലിപ്പ് തടയുന്നതിനുവേണ്ടി ഇടക്കയ്യാലകൾ നിർമ്മിക്കുന്നതിന് സഹായം നൽകുക.
- കാർഷിക സർവകലാശാലകളിലും ഗവേഷണ കേന്ദ്രങ്ങളി ലും മികച്ച കൃഷിക്കാരെ പരിശീലനത്തിന് അയയ്ക്കുക.
- മൾബറി, കൂൺ, പുഷ്പങ്ങൾ തുടങ്ങിയ കൃഷികൾ പരിശീലിപ്പിക്കുവാൻ ആവശ്യ സാമ്പത്തിക സഹായങ്ങശ ഏർപ്പെടുത്തുവാനും വിപണന സൗകര്യം ഉണ്ടാക്കുവാനും ഹോർട്ടികൾച്ചറൽ സൊസൈറ്റി രൂപീകരിക്കുകയും സംസ്ഥാന തല ഫെഡറേഷൻ ഉണ്ടാക്കുകയും ചെയ്യുക.
- ഓരോ സഹകരണ ബാങ്കും ഓരോ കാർഷിക നേഴ്സറി സ്ഥാപിക്കുക.
- സഹകരണ സംഘങ്ങളിലുള്ള ക്രെഡിറ്റ് ലിമിറ്റ് കൃഷിഭൂമി യുടെ വൈവിധ്യവൽക്കരണത്തിനനുസൃതമായി വിപുലീക രിക്കുക.
- ദേശസാൽകൃത ബാങ്കുകളിലെ സ്വർണ്ണപണയ കാർഷിക വായ്പകളെ നിരുൽസാഹപ്പെടുത്തുകയും കാർഷിക ആവശ്യങ്ങൾക്കുവേണ്ടി മാത്രം ലളിത വ്യവസ്ഥകളോടെ നൽകുകയും ചെയ്യുക.
- പഞ്ചായത്തുകളിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ഉള്ളതുപോലെ തന്നെ കാർഷിക വികസനത്തിനുള്ള കമ്മറ്റി രൂപീകരിക്കുക.
- നമ്മുടെ ഗ്രാമപഞ്ചായത്തിലെ കാർഷിക മേഖല അഭിമുഖീകരിക്കുന്ന വെല്ലുവിളികളും പരിഹാര നിർദ്ദേശങ്ങളും ഇവിടെ അനാവരണം ചെയ്തിട്ടുണ്ട്. ഒരു നവ കാർഷിക സംസ്കൃതി രൂപപ്പെടുത്തുന്നതിന് ഇവ സഹായകമാകു മെന്നും പ്രതീക്ഷിക്കുന്നു.





2

മൃഗസംരക്ഷണം

കാർഷികപ്രാധാന്യമുള്ള ഒരു ഗ്രാമമാണ് നമ്മുടെ പഞ്ചായത്ത്. 1960 വരെ നെൽകൃഷി മുഖ്യതൊഴിലായിരുന്നു ഈ പഞ്ചായത്തിൽ. ഈ പഞ്ചായത്തിൽ ഒരു അനുബന്ധ മേഖല എന്ന നിലയിൽ കന്നുകാലി വളർത്തൽ കൃഷിക്കാരുടെ പ്രധാനപ്പെട്ട ഉപതൊഴിൽ ആയിരുന്നു. ഇതിന് ഒട്ടേറെ കാരണങ്ങൾ ഉണ്ട്. പാൽ, മുട്ട, മാംസം തുടങ്ങിയ പോഷകാഹാരവസ്തുക്കൾ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനും വളരെ ചെറിയ മുതൽ മുടക്കുകൊണ്ട് വളരെ പെട്ടന്ന് തന്നെ വരുമാനം ഉണ്ടാക്കാൻ കഴിയുന്ന ഒരു മേഖലയെന്ന നിലയിലും ജൈവവളത്തിന്റെ മുഖ്യസ്രോതസ് എന്നനിലയിലും മൃഗസംരക്ഷണത്തിന് പ്രത്യേക പ്രാധാന്യം ഉണ്ട്. നിലം ഉഴുവാനും പാൽ ഉൽപാദിപ്പിക്കുവാനും സഹായിക്കുന്നു. തരിശ്ശായ ധാരാളം വെളിംപ്രദേശങ്ങൾ ഉണ്ടായിരുന്നതുകൊണ്ട് കാലിവളർത്തൽ പ്രയാസമേറെയില്ലാത്ത ഒരു പ്രവർത്തിയായിരുന്നു അക്കാലത്ത്. വെളിംപ്രദേശങ്ങൾ വാണിജ്യവിളകളുടെ വിളകളുടെ വിഹാര രംഗമായതോടെ സ്ഥിതി പാടെമാറി. കൊയ്ത്തുകഴിഞ്ഞ പാടങ്ങളിൽ മേയാൻ എത്തുന്ന കന്നുകാലിക്കൂട്ടങ്ങളും അവയെ നോക്കാൻ എത്തുന്ന ഗ്രാമീണബാലൻമാരുടെ നാടൻകളികളും കൊണ്ട് അന്നത്തെ സായാഹ്നങ്ങൾ മുഖരിതമായിരുന്നു.

പശു, എരുമ, കാള, ആട് എന്നിവയായിരുന്നു പ്രധാനപ്പെട്ട വളർത്തുമൃഗങ്ങൾ. 1991 -ലെ കണക്കുപ്രകാരം പഞ്ചായത്തിൽ ഉണ്ടായിരുന്ന വളർത്തുമൃഗങ്ങളുടെ എണ്ണം താഴെ ചേർക്കുന്നു.

പശു	-	2389
എരുമ	-	137
ആട്	-	775
കോഴി	-	7759
താറാവ്	-	133
മുയൽ	-	83
പന്നി	-	3

ഉൽപാദനശേഷി കുറഞ്ഞ നാടൻ കന്നുകാലികളായിരുന്നു ഈ പ്രദേശത്ത് ഉണ്ടായിരുന്നത്. തൽസ്ഥാനത്ത് കൂടെക്കൂടി മെച്ചപ്പെട്ട സങ്കരയിനം കന്നുകാലികളാണ് ഉള്ളത്.ജേഴ്സി, ബ്രൗൺസിസ്സ്, ഹോൾസ്റ്റിൻ തുടങ്ങിയവയാണ് അവ. ഇന്ന് നാടൻ പശുക്കൾ ഇല്ലായെന്ന് തന്നെ പറയാം. എരുമകളുടെ എണ്ണം ഗണ്യമായി കുറഞ്ഞിട്ടുണ്ട് പാൽ ഉൽപാദനത്തിന് മാത്രമാണ് എരുമകളെ കർഷകർ ഉപയോഗിക്കുന്നത്. കോഴികളുടെ എണ്ണത്തിൽ ചെറിയ തോതിലുള്ള വർദ്ധനവ് ഉണ്ടായിട്ടുണ്ട്. നാടൻകോഴികൾ ക്രമേണ കുറഞ്ഞുവരികയാണ്. അത്യുല്പാദന ശേഷിയുള്ള വൈറ്റ് ലഗോൺ, ഗിരിരാജ, ആസ്രേടാ വൈറ്റ് തുടങ്ങിയ ഇനംകോഴികൾ വളരെ അധികം വീടുകളിൽ വളർത്തിവരുന്നുണ്ട്. നെൽകൃഷി ക്രമേണ കുറഞ്ഞുവരുന്നതും കൃഷിഭൂമി വാണിജ്യവൽക്കരണത്തിന് വിധേയമായതും മൃപരിപാലനത്തിന് ആവശ്യമായ പുല്ലിന്റെറയും വൈക്കോലിന്റേറയും ദൗർലഭ്യത്തിന് ഇടയാക്കി. നമ്മുടെ സംസ്ഥാനത്തിന്റെ മൃഗസംരക്ഷണമേഖലയുടെ മുഖ്യപ്രശ്നമായി കാലിതീറ്റയുടെ വിലവർദ്ധനവ് ഉയർന്നു വന്നിട്ടുണ്ട്. പാലക്കാട്ട് നിന്ന് ലോറികളിൽ എത്തുന്ന വൈക്കോൽ കെട്ടുകൾ ആണ്. നമ്മുടെ ഗ്രാമപ്രദേശത്തെ കാലികളുടെ മുഖ്യ ആഹാരമെന്നുള്ളത് ഈ രംഗത്തെ മാറ്റത്തിന്റെ സൂചനയായി കണക്കാക്കാവുന്നതാണ്. ഫാക്ടറികളിൽ സംസ്ക്കരിച്ചെടുക്കുന്ന കാലിതീറ്റയുടെ വില ദിവസേന എന്നോണം വർദ്ധിച്ചു വരുകയാണ് ഉൽപാദന ചിലവ് അനുസരിച്ചുള്ള വില കർഷകന് ലഭിക്കുന്നുണ്ടോയെന്ന് സംശയമാണ്.

ട്രാക്ടറുകളും ട്രില്ലറുകളും നിലംഉഴുന്നതിന്റെ പ്രധാന ഉപകരണമായതോടെയും കാളവണ്ടികൾ ഇല്ലാതായതോടെയും കാളകളെ വീടുകളിൽ വളർത്തുന്നത് ഇല്ലാതായി എന്നു തന്നെ പറയാം. ആദ്യകാലങ്ങളിൽ കൊപ്രയാട്ടുന്ന മില്ലുകളിൽ മൂരികളെ ഉപയോഗിച്ചിരുന്നു. പിന്നീട് യന്ത്രവൽക്കരണം കൊപ്രയാട്ടുന്ന രംഗത്ത് ആധിപത്യം സ്ഥാപിച്ചതോടെ മൂരികളുടെ ആവശ്യം ഈ രംഗത്തുനിന്ന് ഇല്ലാതായി. വിരലിലെണ്ണാവുന്ന വിത്തു മൂരികൾ മാത്രമാണ് ഈ പരമ്പരയിൽ നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് അവശേഷിക്കുന്നുള്ളു. പഞ്ചായത്തിൽ 6 ചെറുകിട ഇറച്ചിക്കോഴി കേന്ദ്രങ്ങൾ നിലവിലുണ്ട്. കോഴിവസന്ത പോലുള്ള പകർച്ചവ്യാധികൾ അടിക്കടിയുണ്ടാകുന്നതുമൂലം ഈ മേഖല കാര്യമായി പുരോഗമിക്കുന്നതായി കാണുന്നില്ല. മൃഗാശുപത്രിയിൽ നിന്നും കോഴിക്കുഞ്ഞുങ്ങളും മുട്ടകളും മിതമായ നിരക്കിൽ വിതരണം ചെയ്യുന്ന പരിപാടി പഞ്ചായത്തിൽ നടപ്പാക്കിയിട്ടുണ്ടെങ്കിലും ഗുണമേൻമയുള്ള കോഴിക്കുഞ്ഞുങ്ങളുടെ ദൗർലഭ്യം എല്ലായിടത്തും തന്നെയനുഭവപ്പെടുന്നതായി ഗ്രാമസഭാ ചർച്ചകളിൽ കാണുന്നുണ്ട്. നഗരപ്രാന്ത പ്രദേശമെന്ന നിലക്ക് കോഴി വളർത്തലിന് വളരെ പ്രാധാന്യമുണ്ട്.

താഴ്ചയുള്ള നെൽപാടങ്ങളിൽ ഉഴവുന്നതിന് പോത്തുകളെയാണ് ഇന്നുമാശ്രയിക്കുന്നത്. ഉഴവുകാലം കഴിഞ്ഞാൽ കർഷകർ പോത്തുകളേയും കാളകളേയും വടക്കൻ മലകളിൽ മേയുന്നതിനുവേണ്ടി അയയ്ക്കുകയാണ് പതിവ്. ഇതുമീലം കർഷകന് തീറ്റക്കുലിയിനത്തിൽ തെല്ലൊരാശ്വാസം ലഭിക്കുമെങ്കിലും ചിലപ്പോൾ വനത്തിൽവെച്ച് അപകടങ്ങൾ മൂലവും മറ്റു പല രീതിയിലും അവയെ നഷ്ടപ്പെടാറുണ്ട്.

ചില വീടുകളിൽ താൽക്കാലികമായുണ്ടാക്കുന്ന ചെറിയ കുഴികളിൽ വെള്ളം നിറച്ച് താറാവുകളെ വളർത്തുന്ന സമ്പ്രദായം ഒഴിച്ചാൽ താറാവുകൃഷി പഞ്ചായത്തിലില്ലെന്നു പറയാം. പണ്ട് കാലങ്ങളിൽ വിളവെടുപ്പു കഴിഞ്ഞാൽ കൂട്ടംകൂട്ടമായി താറാവുകൾ പാടശേഖരങ്ങളിലെത്തുന്ന കാഴ്ച കാണാമായിരുന്നു. ഇത് കർഷകർക്ക് ഒരു അനുഗ്രഹവും കീടനശീകരണത്തിന് സഹായകവുമായിരുന്നു. കരതാറാവുകളെ വളർത്തുന്ന രീതി ആ ഇനത്തിൽപെട്ടവയുടെ ദൗർലഭ്യം മൂലം നമ്മുടെ പഞ്ചായത്തിൽ ഇനിയും എത്തിയിട്ടില്ല.

മുട്ടക്കുവേണ്ടി നാം അന്യസംസ്ഥാനങ്ങളെ ആശ്രയിച്ചു കൊണ്ടിരിക്കികയാണ്. കോഴിമുട്ട,താറാവുമുട്ട തുടങ്ങിയവ തമിഴ്നാടു പോലുള്ള അന്യസംസ്ഥാനങ്ങളിൽ നിന്നും നമ്മുടെ സംസ്ഥനത്തേക്ക് കൊണ്ടുവരികയാണ്. നമ്മുടെ പഞ്ചായത്തിൽ ഒരു ദിവസം 35000/- മുട്ടകൾ ആവശ്യമാണെങ്കിലും അതിൽ അഞ്ചു ശതമാനം പോലും നമ്മുടെ പഞ്ചായത്തിൽ ഉൽപാദിപ്പിക്കുന്നില്ല.

മുയൽകൃഷി വിപുലമായ തോതിൽ നടത്തുന്നവർ പഞ്ചായത്തിൽ ഇല്ലെന്നു പറയാം. മൽസ്യകൃഷിയും പഞ്ചായത്തിലില്ല. ഈയിടെയായി മുഴി, കാരി തുടങ്ങിയ നാടൻ മൽസ്യങ്ങൾ ഗുരുതരമായ എന്തോരോഗം ബാധിച്ച് ചത്തുപൊങ്ങുന്ന പ്രവണത കണ്ടുവരുന്നുണ്ട്. പരിമിതമെങ്കിലും ഇന്നും അവശേഷിക്കുന്ന ചിറകളും സ്വകാര്യകുളങ്ങളും ജലലഭ്യതയുള്ള കരിങ്കൽ പാറമടകളും ശാസ്ത്രീയമായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞാൽ ഈ രംഗത്ത് കുറെയേറെ കാര്യങ്ങൾ ചെയ്യാനാവും. പന്നി വളർത്തുന്ന വ്യക്തികൾ ആരുംതന്നെ ഇന്നു പഞ്ചായത്തി ലില്ല.ധർമ്മഗിരി മാവുമായി ബന്ധപ്പെട്ട് പരിമിതമായ തോതിൽ പന്നി വളർത്തൽ ഉള്ളതായി അറിയാൻ കഴി ഞ്ഞിട്ടുണ്ട്.

ഇറച്ചിയും മുട്ടയും നന്നായി ഉപയോഗിക്കുന്ന ധാരാളം ആളുകൾ അധിവസിക്കുന്ന നമ്മുടെ പഞ്ചായത്തിൽ ഇറച്ചിമാടുകളും കോഴികളും ആടുകളും വ്യാപകമായി വിൽപന നടത്തുവാൻ സാധ്യതയുള്ള പ്രദേശമാണ് നമ്മുടേത്. ഈ കാര്യത്തിൽ സ്വയം പര്യാപ്തത കൈവരിക്കുവാൻ നാം ശ്രമിക്കേണ്ടതുണ്ട്. പഞ്ചായത്തിൽ ചെറുവട്ടൂർ കവലയിൽ ഒരു മൃഗാശുപത്രിയും ഇരുമലപടിയിലും ചിറളാടും ഒന്നുവീതം ഐ.സി.ഡി.പി. സെൻററുകളും പ്രവർത്തിക്കുന്നുണ്ട്. ജനസാന്ദ്രതയേറിയതും ധാരാളം കാലിവളർത്തലും ഉള്ള നമ്മുടെ പഞ്ചായത്തിൽ ഇന്നുള്ള മൃഗാശുപത്രി സംവിധാനം ആവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തമല്ല. 2 സബ് സെൻററിനുകൂടി ഒരു ''ലൈവ് സ്റ്റോക്ക് - അസിസ്റ്റൻറ് '' മാത്രമാണുള്ളത്. ആവശ്യത്തിന് ഫർണിച്ചറുകളോ കെട്ടിടങ്ങളോ ഇവയ്ക്കില്ല.

കുളമ്പുരോഗം, അകിടുവീക്കം, വന്ധ്യത, കാൽസ്യം കുറവ് തുടങ്ങിയ രോഗങ്ങൾ കാലികളിൽ ധാരാളമായി കണ്ടുവരുന്നു . കോഴികളിൽ കോഴി വസന്ത കണ്ടുവരുന്നു. മൃഗാശുപത്രികളിലും സബ്സെൻററുകളിലും മരുന്നുകളൊന്നും ലഭ്യമല്ല.

ഈ രംഗത്തെ പ്രധാന പ്രശ്നങ്ങൾ താഴെ ചേർക്കുന്നു.

- കാലിത്തീറ്റ മിതമായ വിലയ്ക്ക് ലഭിക്കുന്നില്ല.
- മൃഗസംരക്ഷണത്തിനുള്ള ഔദ്യോഗിക സംവിധാനം പഞ്ചായത്തിൻെറ എല്ലാഭാഗത്തുമില്ല.
- പാൽ ശേഖരണത്തിന് പഞ്ചായത്തിൻെറ എല്ലാഭാഗത്തും ക്ഷീരസംഘങ്ങളുടെ കളക്ഷൻ സെൻററുകളില്ല.
- കോഴിതീറ്റ മിതമായ വിലയ്ക്ക് ലഭിക്കാത്ത തിനാൽ മുട്ടക്കോഴികളെ വ്യാപകമായി വളർത്തു വാൻ കഴിഞ്ഞില്ല.
- നല്ലയിനം കിടാരികൾ,കോഴിക്കുഞ്ഞുങ്ങൾ എന്നിവ ലഭ്യമല്ല.
- കന്നുകാലി രോഗങ്ങൾ വ്യാപകമായുണ്ട്.
- പേപ്പട്ടി ശല്യമുണ്ട്.
- മൃഗങ്ങളെ വാങ്ങുന്നതിനുള്ള വായ്പ ലഭ്യമല്ല.
- ഇൻഷ്വറൻസ് സംവിധാനം വ്യാപകമായി പ്രചരിപ്പിച്ചിട്ടില്ല.
- തീറ്റപ്പുൽ കൃഷി വ്യാപകമല്ല.
- നല്ലയിനം ആടുകൾ, മുയലുകൾ എന്നിവ ലഭ്യമല്ല.

മൃഗപരിപാലന ബോധവൽക്കരണം കുറവാണ്.

പരിഹാരം

- ബ്ലോക്ക് പഞ്ചായത്തുതലത്തിൽ കാലിത്തീറ്റ ഫാക്ടറി ആരംഭിക്കുക.
- തീറ്റപ്പുൽ പ്രചരിപ്പിക്കുന്നതിനുവേണ്ടി വിത്തും വളവും സൗജന്യമായി നൽകുക. കനാൽ പുറമ്പോക്കു കളിൽ തീറ്റപ്പുൽ വച്ചുപിടിപ്പിക്കുക.
- എല്ലാവാർഡുകളിലും ഐ.സി.ഡി.പി. സെൻറർ സ്ഥാപിക്കുക. അല്ലെങ്കിൽ ക്ഷീരസംഘത്തിലെ ജീവനക്കാർക്കു മൃഗപരിപാലനത്തിനുള്ള പരിശീലനം നൽകുക. മൃഗാശുപത്രികളിൽ ആവശ്യത്തിനുള്ള മരുന്നുകൾ എത്തിക്കുക.
- എല്ലാ ക്ഷീരസംഘങ്ങളിലും ഇൻസുമിനേഷന് ആളുകളെ നിയമിക്കുകയും സെയൽ അനുവദിക്കുകയും ചെയ്യുക.
- വർഷത്തിൽ രണ്ടുതവണയെങ്കിലും പ്രതിരോധകുത്തിവയ്പുകൾ നടത്തുന്നതിനുള്ള സംവിധാനമുണ്ടാക്കുക.

- പാൽശേഖരണത്തിന് ചെറുവട്ടൂർ, പുന്നോത്തുപടി, ഇടനാട് വായനശാലപടി, 314, എച്ചിതൊണ്ട്, കുറ്റിലഞ്ഞി എന്നിവിടങ്ങളിൽ കളക്ഷൻ സെൻററുകൾ ആരംഭിക്കുക.
- പഞ്ചായത്തിൽ പോൾട്രി ഫാം മാതൃകയിലുള്ള സ്ഥാപനങ്ങൾ ആരംഭിക്കുക. നല്ലയിനം കിടാരികൾ ലഭിക്കുന്നതിന് ഡയറിഫാമുകൾക്ക് രൂപം നൽകുക.
- പേവിഷ നിർമ്മാജന പദ്ധതി നടപ്പിലാക്കണം. ബോധവൽക്കരണം, പ്രതിരോധ കുത്തിവെയ്പ് എന്നിവ നടപ്പാക്കണം . അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്കളെ നശിപ്പിക്കുക. നായ്കൾക്ക് ലൈസൻസ് ഏർപ്പെടുത്തുക.
- മൃഗാശുപത്രിയുടെ സൗകര്യം മെച്ചപ്പെടുത്തുക. ആവശ്യമായ ഉപകരണങ്ങൾ, മരുന്ന് എന്നിവ ലഭ്യമാക്കുക.
- ഇറച്ചിക്കോഴി, മുട്ട, കാലിത്തീറ്റ എന്നിവ സഹകരണ സ്ഥാപനങ്ങൾ വഴി വിപണി കണ്ടെത്തുക.
- ശാസ്ത്രീയമായ അറവുശാല നിർമ്മാണം.
- കാലിത്തൊഴുത്തുകൾ നിർമ്മിക്കാൻ സബ്സിഡി നൽകണം.
- സ്വകാര്യ കുളങ്ങളിൽ മൽസ്യങ്ങളെ വളർത്തുന്നതിന് ധനസഹായം ഏർപ്പെടുത്തണം.
- സെമിനാറുകളും മൽസരങ്ങളും സംഘടിപ്പിക്കണം.

നെല്ലിക്കുഴി ഗ്രാമ പഞ്ചായത്ത്
വളർത്തു മൃഗസംഖ്യ - 1987

കാള	നാടൻ	കാള	സങ്കരം	പശു	നാടൻ	പശു	സങ്കരം	എരുമ		പോത്ത്	ആട്	പട്ടി	പന്നി
വംശവർദ്ധനയ്ക്കുള്ള	മറ്റുള്ളവ	വംശവർദ്ധനയ്ക്കുള്ള	മറ്റുള്ളവ	കറവയുള്ളത്	കറവയില്ലാത്തത്	കറവയുള്ളത്	കറവയില്ലാത്തത്	കറവയുള്ളത്	കറവയില്ലാത്തത്				
8	484	12	204	1740	593	1087	480	162	42	147	957	836	23

നെല്ലിക്കുഴി ഗ്രാമ പഞ്ചായത്ത്
വളർത്തു പക്ഷി സംഖ്യ

പൂവൻകോഴി	പിടക്കോഴി		താറാവ്	
	മുട്ട ഇടുന്നത്	മുട്ട ഇടാത്തത്	ആൺ	പെൺ
8456	9054	2692	59	234

നെല്ലിക്കുഴി ഗ്രാമ പഞ്ചായത്ത്
പേവിഷ ബാധ - പ്രതിരോധവും ചികിൽസയും 95- 96

വിവരം	പശു	എരുമ	ആട്	പട്ടി	പൂച്ച	മറ്റുള്ളവ
പ്രതിരോധ കുത്തിവയ്പ് നൽകിയവയുടെ എണ്ണം	2,000	-	-	25	-	10

നെല്ലിക്കുഴി ഗ്രാമ പഞ്ചായത്ത്
കൃത്രിമ ബീജസങ്കലന വിവരങ്ങൾ 95- 96

വളർത്തു മൃഗം	ആകെ എണ്ണം	കൃത്രിമ ബീജസങ്കലനം നടത്തിയവ	ഗർഭധാരണത്തിന് 2 - ലധികം തവണ ബീജസങ്കലനം വേണ്ടി വന്നവ
പശു	2563	375	13
കിടാരി	1537	103	
എരുമ	204	7	

നെല്ലിക്കുഴി ഗ്രാമ പഞ്ചായത്ത്
രോഗവിവരങ്ങൾ 95- 96

	രോഗങ്ങൾ	പശു	എരുമ	ആട്	പന്നി	പട്ടി	കോഴി	താറാവ്	പൂച്ച	ആന	മറ്റുള്ളവ
1	ദഹന സംബന്ധമായവ	376	6	103			50				
2	ശ്വാസകോശ സംബന്ധമായവ	30		5			95				
3	ഉപചയ സംബന്ധമായവ	15		2							
4	ത്വക്ക് രോഗങ്ങൾ	60		2							
5	ധാതു ലവണങ്ങളുടെ അഭാവം	4	1	5			2				
6	പാദ രോഗങ്ങൾ	286	3	36			1				
7	പ്രത്യുൽപാദന വ്യവസ്ഥയുമായി ബന്ധപ്പെട്ട	25		5							
8	വന്ധ്യത	70		3							
9	അകിടു വീക്കം	43		6							
10	മുടന്തൻ പനി	90									

വർഷം	നടപ്പു പദ്ധതിയുടെ പേര്	വിതരണം	ഉപഭോക്താക്കളുടെ എണ്ണം
1991- 92	ആടുവളർത്തലിനു വേണ്ടിയുള്ള പ്രത്യേക പദ്ധതി	31	215
	കോഴി വളർത്തലിനു വേണ്ടിയുള്ള പ്രത്യേക പദ്ധതി	55	11
	ഇറച്ചിക്കോഴി വളർത്തലിനു വേണ്ടിയുള്ള പ്രത്യേക പദ്ധതി	255	51
1992- 93	ആടുവളർത്തൽ വേണ്ടിയുള്ള പ്രത്യേക പദ്ധതി	38	18
1993- 94	മാസ്സിവ് ലൈവ്സ്റ്റോക്ക് പ്രഡക്ഷൻ പദ്ധതി	1000	333
	മാസ്സിവ് പ്രഡക്ഷൻ പദ്ധതി	90	60
	വെള്ളപ്പൊക്ക ദുരിതാശ്വാസ (92- 93)	75	16
1994- 95	ആടു വിതരണ പദ്ധതി	50	25

3



വ്യവസായം

വ്യവസായകമായി പിന്നണിയിൽ കിടക്കുന്ന ഒരു പഞ്ചായത്താണ് നമ്മുടേത്. പരമ്പരാഗത മേഖലയിൽ കൈത്തറി, പനമ്പുനെയ്ത്ത്, ബീഡിതെറുപ്പ്,പപ്പട നിർമ്മാണം തുടങ്ങിയ കുടിൽ -വ്യവസായങ്ങളാണ് സ്വാതന്ത്ര്യത്തിന് മുൻപ് ഉണ്ടായിരുന്നത്. പരിമിതമായ തൊഴിൽ ലഭ്യതയേ ഈ രംഗത്ത് ഉണ്ടായിരുന്നുള്ളൂ. അറുപതുകളുടെ ആരംഭത്തിൽ തടിവ്യവസായം, തീപ്പെട്ടിക്കമ്പനികൾ തുടങ്ങി ചുരുക്കം ചില ചെറുകിട വ്യവസായസ്ഥാപനങ്ങൾ പ്രവർത്തനം ആരംഭിച്ചു. നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള വ്യവസായങ്ങളുടെ ലിസ്റ്റ് അന്യത്ര ചേർത്തിരിക്കുന്നു. വൻകിട വ്യവസായങ്ങൾ ഒന്നും പ്രവർത്തിക്കുന്നില്ല. എടുത്തു പറയത്തക്ക നിലയിലുള്ള ഒരു വ്യവസായ സ്ഥാപനം റാഡോ ടയേഴ്സ് മാത്രമാണ്.

കുറ്റിലഞ്ഞിയിൽ പ്രവർത്തിക്കുന്ന കോതമംഗലം-വുഡ് വർക്കേഴ്സ് സഹകരണസംഘം മാത്രമാണ് സ്വകാര്യമേഖലയിലല്ലാത്ത ഏക വ്യവസായസ്ഥാപനം. ജില്ലയിൽത്തന്നെ, മരവ്യവസായവുമായി ബന്ധപ്പെട്ട് കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഒരു സഹകരണ സ്ഥാപനമാണിത്. സംഘത്തെക്കുറിച്ച് വിശദമായ റിപ്പോർട്ട് 'സഹകരണത്തി'ൽ ചേർത്തിട്ടുണ്ട്.

പട്ടിക 1

		എണ്ണം
1.	ആധുനിക വ്യവസായങ്ങൾ	123
2.	പരമ്പരാഗത വ്യവസായങ്ങൾ	23
3.	സഹകരണ മേഖല	1

പ്രധാനവ്യവസായസ്ഥാപനങ്ങളിലൂടെ:-

കാൽനൂറ്റാണ്ടിനു മുമ്പ് ആരംഭിച്ച ഒരു റബ്ബർ അധിഷ്ഠിത വ്യവസായസ്ഥാപനമാണ് പഞ്ചായത്തിന്റെ കിഴക്കറ്റത്ത് ആലുവ-മൂന്നാർ റോഡരുകിൽ സ്ഥിതി ചെയ്യുന്ന റാഡോ ടയേഴ്സ്. 'റബ്ബറെക്സ്' എന്ന പേരിൽ ആരംഭിച്ച് പല മാനേജ്മെൻറ്കളുടെ കൈകളിലൂടെ കടന്നുപോകുകയും നിരവധി തവണ അടച്ചുപൂട്ടലുകൾക്ക് വിധേയമാവുകയും ചെയ്ത ഈ സ്ഥാപനം 1990 -ൽ പുതിയ മാനേജ്മെൻറ് ഏറ്റെടുക്കുകയും മിനി ടയർ നിർമ്മാണത്തിനുവേണ്ടി ആധുനിക വൽക്കരിക്കുകയും ചെയ്തു. 170 തൊഴിലാളികൾ ഇവിടെ പണിയെടുക്കുന്നുണ്ട്. മൂലധനപരിമിതിയാണ് ഈ സ്ഥാപനം നേരിടുന്ന മുഖ്യ പ്രശ്നം. തൊഴിലാളികളിൽ നിന്നും 50000/- രൂപ വരെ ഓഹരി മൂലധനമായി ശേഖരിച്ചിട്ടുണ്ട്. എന്നാൽ ഇതരമേഖലകളിൽ നിന്നും ആവശ്യമായ മൂലധനം സമാഹരിക്കുന്നതിന് കഴിഞ്ഞിട്ടില്ല. ആദ്യകാലത്ത് സ്വന്തം പേരിൽ ടയർ വിപണിയിൽ ഇറക്കിയിരുന്ന ഈ സ്ഥാപനം അതു നിർത്തുകയും വൻകിട ടയർ നിർമ്മാണ കമ്പനികൾക്കു വേണ്ടി ഉൽപ്പന്നങ്ങൾ നിർമ്മിച്ചു നൽകുന്ന അനുബന്ധയൂണിറ്റായി മാറുകയും ചെയ്തു. ഈ പ്രദേശത്ത് ലഭ്യമാകുന്ന അസംസ്കൃത വസ്തുക്കളും വിപണനസൗകര്യങ്ങളും ആധുനിക മാനേജ്മെൻറ് തന്ത്രങ്ങളുടെ സഹായത്താൽ ഉപയോഗപ്പെടുത്തിയാൽ വൻ വികസന സാധ്യതയുള്ള വ്യവസായ യൂണിറ്റാണിത്.

തീപ്പെട്ടി കമ്പനികൾ:-

തൃക്കാരിയൂരിൽ രണ്ടും നെല്ലിക്കുഴി കമ്പനിപ്പടിയിൽ ഒന്നും പ്രവർത്തിക്കുന്നുണ്ട്. തൃക്കാരിയൂരിൽ നേരത്തെ ഉണ്ടായിരുന്ന രണ്ട് സ്ഥാപനങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. തമിഴ് നാട്ടുകാരാണ് സ്ഥാപനം നടത്തുന്നത്. 110 തൊഴിലാളികൾ ഈ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നു. തൊഴിലെടുക്കുന്നവരിൽ ഭൂരിപക്ഷവും സ്ത്രീകളാണ്. പാഴ്മരങ്ങളാണ് ഈ വ്യവസായത്തിന്റെ അസംസ്കൃത വസ്തു. ഇതിനിപ്പോൾ ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. താരതമ്യേന കുറഞ്ഞ കൂലി നിരക്കാണ് ഈ വ്യവസായത്തിലുള്ളത്. ഉൽപ്പന്നങ്ങൾ തീപ്പെട്ടിയാക്കി രൂപപ്പെടുത്തുന്നത് തമിഴ് നാട്ടിലാണ്. തീപ്പെട്ടി ഇവിടെത്തന്നെ നിർമ്മിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

തടിമില്ലുകൾ:-

മൊത്തം 11 മില്ലുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഇതിൽ 7 എണ്ണത്തിൽ Re Saw യും Bang Saw യും ഉണ്ട്. Bang Saw മില്ലുകളിൽ റബ്ബർ തടി ഉപയോഗിച്ചുകൊണ്ടുള്ള പായ്ക്കിംഗ് കേസുകൾ ഉണ്ടാക്കി ബോംബെ, നാഗ്പൂർ തുടങ്ങിയ വ്യവസായ നഗരങ്ങളിലേയ്ക്കയക്കുന്നു.Re Saw യുള്ള മില്ലുകളിൽ ഘനമരങ്ങൾ ഉരുപ്പടികളാക്കി മാറ്റി ഫർണിച്ചർ നിർമ്മാണത്തിന് ഉപയോഗിക്കുന്നു. വിറക് ആവശ്യത്തിന്റെ 55% -ഉം തടിമില്ലുകൾ വഴിയാണ് നിർവ്വഹിക്കപ്പെടുന്നത്. പായ്ക്കിംഗ് കേസിന്റെ വിലയും വിപണിയും വൻകിട കമ്പനികളുടെ നിയന്ത്രണത്തിന് വിധേയമായതുകൊണ്ട് പലപ്പോഴും ഈ വ്യവസായം നഷ്ടത്തിലും അടച്ചിടേണ്ട അവസ്ഥയിലും എത്തിച്ചേരുന്നു. 'Power Cut' ഈ വ്യവസായം നേരിടുന്ന പ്രധാന ഭീഷണിഷളിലൊന്നാണ്. ഈ രംഗത്ത് 90 തൊഴിലാളികൾ നേരിട്ടും 290 പേർ അനുബന്ധമായും പണിയെടുക്കുന്നു. ഘനമരങ്ങളുടെ ദൗർലഭ്യവും തൻമൂലമുണ്ടാകുന്ന വിലക്കയറ്റവുമാണ് വ്യവസായം നേരിടുന്ന മുഖ്യ ഭീഷണി.

ഫർണിച്ചർ വ്യവസായം:-

വികാസം പ്രാപിച്ചുകൊണ്ടിരിക്കുന്ന ഒരു വ്യവസായ മേഖലയാണ് ഫർണിച്ചർ വ്യവസായം. രജിസ്റ്റർ ചെയ്ത 80 ചെറുകിട യൂണിറ്റുകളും രജിസ്റ്റർ ചെയ്യാത്ത 30-ൽ പരം സ്ഥാപനങ്ങളും ഈ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു. 30 കടച്ചിൽ യൂണിറ്റുകളുള്ളതിൽ 5 എണ്ണം യന്ത്രവൽകൃത യൂണിറ്റുകളാണ്. 800 പേർക്ക് പ്രത്യക്ഷമായും 450 പേർക്ക് പരോക്ഷമായും തൊഴിൽ നൽകുന്ന മേഖലയാണിത്. വിദഗ്ധ തൊഴിലാളികൾക്ക് താരതമ്യേന ഉയർന്ന കൂലി നിരക്കാണുള്ളത്. ജാതി മത ഭേദമെന്യേ തൊഴിലാളികൾ ഈ രംഗത്തേയ്ക്ക് കടന്നുവന്നതു മൂലം ജാതി അനുസരിച്ചുള്ള തൊഴിൽ വിഭജനം ഇല്ലാതാക്കിയിരിക്കുന്നു. വിദഗ്ധ തൊഴിലാളികളുടെ ദൗർലഭ്യം മൂലം ദൂരസ്ഥലങ്ങളിൽ നിന്നും ഒട്ടേറെ ആളുകൾ ഇവിടെ തൊഴിൽ തേടി എത്തുന്നുണ്ട്. ഘനമരങ്ങളുടെ ദൗർലഭ്യവും ധനകാര്യ സ്ഥാപനങ്ങളുടെ അവഗണനയും ഈ വ്യവസായത്തിന്റെ വളർച്ചയ്ക്കുള്ള പ്രതിബന്ധങ്ങളാണ്. വിപണനരംഗത്തെ അനാരോഗ്യകരമായ മൽസരം വ്യവസായത്തിന്റെ ലാഭ സാദ്ധ്യത പരിമിതപ്പെടുത്തുന്നു.

ഹോളോബ്രിക്സ്:-

7 യന്ത്രവൽകൃതയൂണിറ്റുകൾ ഈ മേഖലയിൽ പ്രവർത്തിച്ചു വരുന്നു. ആലുവ- മൂന്നാർ റോഡിന്റെ ഗതാഗതസൗകര്യവും അസംസ്കൃത വസ്തുക്കളുടെ പ്രാദേശിക ലഭ്യതയും പരമ്പരാഗത നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും ഈ വ്യവസായത്തിന്റെ വളർച്ചയ്ക്ക് സഹായകരമായി . 60 തൊഴിലാളികൾ നേരിട്ട് ജോലി ചെയ്തു വരുന്ന മേഖലയാണിത്. താരതമ്യേന മെച്ചപ്പെട്ട കൂലി നിരക്കാണ് തൊഴിലാളികൾക്ക് ലഭിക്കു ന്നത് . അനുകൂല ഘടകങ്ങളെ അനുയോജ്യമായി പ്രയോജന പ്പെടുത്തിയാൽ സാധ്യതകളേറെയുള്ള വ്യവസായമാണിത്. ഇതിനോടനുബന്ധമായി വികസിച്ചുകൊണ്ടിരി ക്കുന്ന ഒരു മേഖലയാണ് കോൺക്രീറ്റ് വെൻറിലേഷൻ ഉൽപ്പന്നങ്ങളുടെ നിർമ്മാണം. 10 യൂണിറ്റുകൾ ഈ മേഖലയിൽ പ്രവർത്തിച്ചു വരുന്നു. തടിയുടെ വിലവർദ്ധനവും ദൗർലഭ്യവും ഈ വ്യവസായത്തിന്റെ വളർച്ചയ്ക്ക് സഹായകരമായി തീർന്നു. ഈ വ്യവസായത്തിൽ 30 പേർ തൊഴിലെടുക്കുന്നു.

റെഡിമെയ്ഡ് വസ്ത്രനിർമ്മാണം:-

പഞ്ചായത്തിൽ 8 റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റുകളുണ്ട്. ഇതിൽ ഒരെണ്ണം മാത്രമാണ് വ്യവസായികാടിസ്ഥാനത്തിൽ ഉൽപ്പാദനവും വിപണവും നടത്തുന്നത്. മറ്റുള്ളവയെല്ലാംതന്നെ സ്വയം തൊഴിൽ സംരംഭങ്ങളാണ്. ഈ മേഖലയിൽ 75 പേർ തൊഴിലെടുക്കുന്നു. വ്യവസായികാടിസ്ഥാനത്തിൽ ഉൽപ്പാദന വിപണന മേഖലയിലേർപ്പെട്ടിരിക്കുന്ന ' റോയൽ ടച്ച് ' വികസിച്ചുകൊണ്ടിരിക്കുന്ന ഒരു ഷർട്ട് നിർമ്മാണ യൂണിറ്റാണ്. ആധുനിക യന്ത്രങ്ങളുടെ സഹായത്തോടെ ഉൽപ്പാദനം നടത്തുന്ന ഈ യൂണിറ്റിൽ 25 പേർക്ക് പ്രത്യക്ഷമായി തൊഴിൽ ലഭിച്ചിട്ടുണ്ട്. സ്ത്രീകളടക്കം പരിശീലനം ലഭിച്ച ധാരാളം പേർ അധിവസിക്കുന്ന നമ്മുടെ പഞ്ചായത്തിൽ ഭാവനാപൂർണ്ണമായ പരിപാടികൾ ആവിഷ്ക്കരിച്ചാൽ വികസിപ്പിച്ചെടുക്കാൻ കഴിയുന്ന ഒരു മേഖല യാണിത്.

ഭക്ഷ്യസംസ്ക്കരണ യൂണിറ്റുകൾ:-

1. കറിപൗഡർ വ്യവസായം

ഈ മേഖലയിൽ ഒരു യൂണിറ്റാണ് നിലവിലുള്ളത് 18 പേർ ജോലി ചെയ്തു വരുന്നു. വിപണിയിലെ കടുത്ത മൽസരം മൂലം വികസനകാര്യത്തിൽ വളരെ പ്രയാസം അനുഭവിക്കുന്നു.

2.ഫുഡ്പായ്ക്ക് ഇൻഡ്യാന:-

20 തൊഴിലാളികൾ ജോലി ചെയ്യുന്ന ഈ സ്ഥാപനം ഭക്ഷ്യസംസ്ക്കരണ മേഖലയിൽ പ്രവർത്തിച്ചുവരുന്നു. ജൂസ്, അച്ചാർ, ജാം, സ്ക്വാഷ് എന്നിവ നിർമ്മിച്ച് വിപണനം നടത്തുന്നു.

3. ചെരിപ്പു നിർമ്മാണം :-

പഞ്ചായത്തിൽ 3 യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഇതിൽ ഒരു യൂണിറ്റ് സോൾ ഷീറ്റുകളും മറ്റുള്ളവ ഷീറ്റുപയോഗിച്ച് ചെരിപ്പുകളും നിർമ്മിക്കുന്നു. 40 പേർ ഈ മേഖലയിൽ ജോലി ചെയ്യുന്നുണ്ട്. ഏറെ സാധ്യതകളുള്ള വ്യവസായമാണെങ്കിലും വിപണന രംഗത്ത് മുന്നേറാൻ കഴിഞ്ഞിട്ടില്ല.

4.റൊട്ടി നിർമ്മാണം:-

ഒരു യൂണിറ്റ് പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു. ഈ സ്ഥാപനത്തിൽ 20 പേർ ജോലിയെടുക്കുന്നു. വിപണിയിലെ മൽസരവും അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റവും വികസനത്തിന് തടസ്സമായി നിൽക്കുന്നു.

5. ഓയിൽ മില്ലുകൾ:-

ഏഴോളം ചെറുകിട യൂണിറ്റുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. നമ്മുടെ പ്രദേശത്ത് ലഭ്യമായ അസംസ്കൃത വസ്തുക്കൾ വാങ്ങി വെളിച്ചെണ്ണയാക്കി കടകളിലെത്തിച്ചു വിപണനം നടത്തുന്നു. സാധ്യതകളേറെയുള്ള ഈ രംഗം വ്യവസായിക ഉൽപ്പാദന ത്തിനായി സജ്ജീകരിക്കുകയും ആധുനികവൽക്കരിക്കുകയും ചെയ്താൽ ഏറെ പേർക്ക് തൊഴിൽ നൽകാൻ ഉപകരിക്കും.

6. കുടിൽ വ്യവസായം:-

ബീഡി തെറുപ്പ്, പപ്പട നിർമ്മാണം, ചിപ്സ് നിർമ്മാണം , പനമ്പു നെയ്ത്ത്, കുട്ട നെയ്ത്ത് എന്നിവയാണ് പഞ്ചായത്തിലെ കുടിൽവ്യവസായവുമായി ബന്ധപ്പെട്ട മേഖലകൾ. 200 പേർ ഈ രംഗത്ത് പണിയെടുക്കുന്നു. എല്ലാ യൂണിറ്റുകളും സ്വയം തൊഴിൽ പദ്ധതികളാണ്. തന്ത്രവൽക്കരണം ഈ മേഖലയ്ക്ക് അന്യമാണ്. നെയ്ത്ത് വ്യവസായങ്ങൾ എല്ലാം തന്നെ അസംസ്കൃതവസ്തുക്കളുടെ ദൗർലഭ്യം മൂലം നാമാവശേഷമായിക്കൊണ്ടിരിക്കുന്നു. വായ്പാസൗകര്യങ്ങൾ ഒന്നും തന്നെ ലഭ്യമല്ല.

പ്ലൈവുഡ്:-

റബ്ബർ തടി ഉപയോഗിച്ച് പ്ലൈവുഡ് നിർമ്മാണത്തിനാവശ്യമായ അസംസ്കൃത ഷീറ്റുകൾ ഉൽപ്പാദിപ്പിക്കുന്ന ഒരുയൂണിറ്റ് കമ്പനിപ്പടിയിൽ പ്രവർത്തിക്കുന്നുണ്ട്. 40 പേർ ഈ കമ്പനിയിൽ തൊഴിൽ ചെയ്യുന്നു. തൊഴിലാളികളേറെയും സ്ത്രീകളാണ്. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ടി സ്ഥാപനത്തിന്റെ പ്രധാനപ്പെട്ട അസംസ്കൃത വസ്തുവായ റബ്ബർ തടികൾ സുലഭമായി ലഭിക്കുന്നു എന്നുള്ളത് വ്യവസായത്തിന്റെ പുരോഗതിക്കുള്ള അനുകൂല ഘടകമാണ്. പാരിസ്ഥിതിക പ്രശ്നങ്ങൾ കാര്യമായി ഇല്ലാത്ത ഈ വ്യവസായത്തിന് ആധുനിക കാലഘട്ടത്തിൽ വിപണി കണ്ടെത്തുവാൻ എളുപ്പമായി രിക്കും.

പാലുൽപ്പന്ന യൂണിറ്റ്, ഐസ് കമ്പനി, ലെയ്ത്ത്, ജൈവവളനിർമ്മാണയൂണിറ്റ്, ടയർ ട്രെഡ് യൂണിറ്റ് എന്നിവയുമായി ബന്ധപ്പെട്ട് ചിലസ്ഥാപനങ്ങൾ കൂടി ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ജൈവ വളയൂണിറ്റും, ടയർ ട്രെഡ് യൂണിറ്റും ഏറെ സാദ്ധ്യതകൾ ഉള്ള മേഖലകളാണ്.

ഖാദി ഗ്രാമവ്യവസായമേഖല

ഖാദികമ്മീഷനിൽ നിന്നും വായ്പ വാങ്ങി സ്വന്തം നിലയിൽ നടത്തുന്ന ചില സ്ഥാപനങ്ങളും നമ്മുടെ പഞ്ചായത്ത് പ്രദേശത്തുണ്ട്. എണ്ണയാട്ട്, കൊപ്ര സംസ്ക്കരണം തുടങ്ങിയ മേഖലകളിലാണ് അത് പ്രവറത്തിക്കുന്നത്. വ്യവസായ വകുപ്പിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നെല്ലിക്കുഴി പഞ്ചായത്ത്വില്ലേജ ഇൻഡസ്ട്രീസ് എന്ന സഹകരണസ്ഥാപനം ഈ പഞ്ചായത്തിലുണ്ട്. ഇത് പ്രവർത്തന രഹിതമാണെന്ന് മാത്രമല്ല ആയതിന്റെ ആസ്ഥാനം എവിടെയാണെന്നുപോലും അന്വേഷണത്തിൽ നിന്നും അറിയാൻ കഴിഞ്ഞിട്ടില്ല.

കൂടാതെ ഭക്ഷ്യ എണ്ണ ടാങ്കർ ലോറികളിൽ കൊണ്ടുവന്ന് ടിന്നുകളിലിക്കി വിപണിയിലിറക്കുന്ന മറ്റൊരു യൂണിറ്റും സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. നിരവധി തൊഴിലാളികൾ ആ മേഖലയിൽ ജോലി ചെയ്യുന്നുണ്ട്.

പഞ്ചായത്തിൽ പൊതുവേ വളർന്നുവരുന്ന യൂണിറ്റുകൾ ആലുവാ- മുന്നാർ റോഡിന്റെ പശ്ചാത്തല സൗകര്യം ഉപയോഗിച്ചാണ് വികസിക്കുന്നത്. എന്നാൽ സമീപപ്രദേശത്തെ അപേക്ഷിച്ച് ഭൂമിയുടെ വിലവർദ്ധനവും ജന സാന്ദ്രതയും വ്യവസായ വികസനത്തിന് തടസ്സമായിട്ടുണ്ട്.

ബീഡിവ്യവസായം:-

1950 മുതൽ ബീഡിതെറുപ്പുമായി ബന്ധപ്പെട്ട് ധാരാളംപേർ ജോലി ചെയ്തിരുന്നു. കേരള സ്പെഷ്യൽ ബീഡി M.P.K.ബീഡി, ലേബർ ബീഡി, E.കേള ബീഡി തുടങ്ങി കോതമംഗലത്തുള്ള ഒട്ടേറെ ബീഡി കമ്പനികളിൽ നമ്മുടെ പഞ്ചായത്തിലുള്ള ആളുകൾ ജോലി ചെയ്തിരുന്നു. മേൽപറഞ്ഞ കമ്പനികൾക്കുവേണ്ടി തൊഴിലാളികൾ അവരുടെ വീടുകളിൽ വച്ച് ജോലി ചെയ്യുകയും ഉൽപ്പന്നങ്ങൾ കമ്പനികളിൽ എത്തിക്കുകയും ചെയ്തിരുന്നു. പുകവലി രംഗത്തുവന്ന മാറ്റം ഈ വ്യവസായത്തെ ഗണ്യമായി പുറകോട്ടടുപ്പിച്ചിട്ടുണ്ട്. വൻകിട കമ്പനികളുടെ സിഗരറ്റുകളോടുള്ള പുകവലിക്കാരുടെ ഭ്രമവും ഈ പിന്നോട്ടടിയെ സഹായിച്ചിട്ടുണ്ട്. ചെറുവട്ടൂർ പ്രദേശത്ത് ഇന്നും രണ്ടു ബീഡി കമ്പനികൾ നിലവിലുണ്ട്. പുതിയ ആളുകൾ ഈ രംഗത്തേക്ക് പ്രവേശിക്കുന്നില്ല എന്നത് എടുത്തു പറയത്തക്കതാണ്.

ഖനനമേഖല :-

പഞ്ചായത്തിൽ ഖനനമേഖല യുമായി ബന്ധപ്പെട്ട് 4 മെറ്റൽ ക്രഷറുകൾ പ്രവർത്തിക്കുന്നുണ്ട്. 105 തൊഴിലാളികൾ പ്രത്യക്ഷമായി ജോലി ചെയ്യുന്നു ഈ മേഖല ആധുനിക യന്ത്രങ്ങൾകൊണ്ട് സജ്ജീകരിക്കപ്പെട്ടതാണ്.നമ്മുടെ പ്രദേശത്ത് സുലഭമായ പാറക്കെട്ടുകളാണ് ഈ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പ്രേരണ നൽകിയത്.

മേൽപറഞ്ഞ യന്ത്രവൽകൃത ക്രഷറുകൾക്കു പുറമെ പരമ്പരാഗതമായ രീതിയിൽ പാറപൊട്ടിച്ച് വിൽപ്പന നടത്തുന്ന പല യൂണിറ്റുകളും പഞ്ചായത്തിലുണ്ട്. പാരിസ്ഥിതികമായ പ്രശ്നങ്ങളാണ് ഈ വ്യവസായ പുരോഗതിയുടെ പ്രധാന തടസ്സങ്ങൾ.

പരമ്പരാഗതമായി, ചെങ്കല്ലു വെട്ടിയെടുത്ത് ഭവനനിർമ്മാണ ആവശ്യങ്ങൾക്കും മറ്റുമായി വിൽപ്പന നടത്തുന്ന ഒട്ടേറെ യൂണിറ്റുകൾ പഞ്ചായത്തിലുണ്ടായിരുന്നെങ്കിലും അനുയോജ്യമായ ചെങ്കൽ കോറികൾ ലഭ്യമല്ലാത്തതുകൊണ്ട് ഈ വ്യവസായം അസ്തമിച്ചു എന്നു പറയാം.

വ്യവസായ എസ്റ്റേറ്റ്:-

1975 -ൽ കെരളത്തിലെ എല്ലാ പഞ്ചായത്തുകളിലും വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കിവാൻ സംസ്ഥാന സർക്കാർ ആലോചിച്ച അവസരത്തിൽ നമ്മുടെ പഞ്ചായത്തിലും ഒരു വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിന് പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിയിരുന്നുവെങ്കിലും പ്രാവർത്തികമാക്കിയില്ല.

സ്ത്രീ പങ്കാളിത്തം:-

സ്ത്രീകളുടെ നിയന്ത്രണത്തിലുള്ള വ്യവസായ ശാലകളൊന്നും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുല്ല. തൊഴിൽ പങ്കാളിത്തം നാമമാത്രവുമാണ്. വിദ്യാഭ്യാസ പരമായുള്ള പിന്നോക്കാവസ്ഥയും സാമൂഹ്യരംഗത്തെ സ്ത്രീകളുടെ പങ്കാളിത്തക്കുറവാണ് വ്യവസായത്തിൽ സ്ത്രീ പങ്കാളിത്തം പരിമിതപെടുവാൻ ഇടയായത്. വ്യവസായ യൂണിറ്റുകളിലെ ഇപ്പോഴുള്ള പരിമിതമായ സ്ത്രീ പങ്കാളിത്തം തന്നെ ലിംഗ വിവേചനം സൃഷ്ടിച്ച കൂലി വ്യത്യാസത്തിൽ നിന്നും ഉളവായതാണെന്ന് കാണാം. ആകയാൽ സ്ത്രീകളുടെ താൽപര്യങ്ങളും അഭിരുചിയും സമന്വയിക്കുന്ന വ്യവസായ സാധ്യതകൾ കണ്ടെത്തേണ്ടതുണ്ട് ഈ വ്യവസായങ്ങൾ കൂടിൽ വ്യവസായത്തുന്റേയോ, 'ഔട്ട് വർക്കർ' സമ്പ്രദായത്തിന്റേയോ അടിസ്ഥാനത്തിൽ തുടങ്ങുന്നതായിരിക്കും ഉചിതം. സ്ത്രീകൾക്കായി തുടങ്ങാൻ കഴിയുന്ന വ്യവസായങ്ങളുടെ ലിസ്റ്റ് താഴെ ചേർക്കുന്നു.

ക്രമനമ്പർ	വ്യവസായ യൂണിറ്റിന്റെ പേര്	തൊഴിൽ സാധ്യത
1.	റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം	500
2.	പപ്പടനിർമ്മാണം,ചിപ്സ്,അച്ചാർ, ജാം	250
3.	കൂൺകൃഷി	100
4.	തേനീച്ച വളർത്തൽ	100
5.	കറിപൗഡർ നിർമ്മാണം	100
6.	നോട്ട് ബുക്ക്	100
7.	റബ്ബർബാൻറ്, പ്ലാസ്റ്റിക് കിറ്റ്	200
8.	ചിരട്ട ചകിരി തുടങ്ങിയവ ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കൾ	50
9.	പാലും പാലുൽപ്പന്നങ്ങളും	50
10	പേപ്പർ കൂട് നിർമ്മാണം	50

മേൽപറഞ്ഞവ്യവസായങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ പരിശീലനവും പ്രോൽസാഹനവും സാങ്കേതിക സാമ്പത്തിക സഹായങ്ങളും കോർത്തിണക്കുന്ന ഒരു 'ഗ്രീൻ ചാനൽ' സംവിധാനം ഏർപ്പെടുത്തണം.

കൂലി നിരക്ക്:-

നിലവിലുള്ള വ്യവസായങ്ങൾ , തൊഴിലാളികളുടെ എണ്ണം, ശരാശരി വേതനം.

ക്ര. ന.	വ്യവസായത്തിന്റെ പേര്	തൊഴിലാളികളുടെ എണ്ണം			വേതനം	
		എണ്ണം	പു.	സ്ത്രീ	പു.	സ്ത്രീ
1.	തടിമില്ലുകൾ	10	80	10	90	50
2.	തീപ്പെട്ടി കമ്പനികൾ	3	36	70	50	40
3.	ക്രഷർ	4	60	45	80	50
4.	ഹോളോബ്രിക്സ്	10	20	30	80	40
5.	ഫുഡ് പാക്ക്	1	5	20	60	35
6.	റൊട്ടി	1	16	3	60	35
7.	ടയർ	1	160	3	80	70
8.	കറിപൗഡർ	2	10	8	50	30
9.	നെയ്ത്ത്	4	16	-	100	-
10.	പാറമട	15	60	75	100	50
11.	ഫർണിച്ചർ	80	640	80	90	45
12.	ഓയിൽ മിൽ	2	6	-	80	-
13.	പപ്പടം	4	12	10	60	40
14.	ചെരിപ്പ്	2	40	20	60	40
15.	റെഡിമെയ്ഡ്	8	32	40	50	30
16.	വളം	1	20	30	65	35
17.	പ്ലൈവുഡ്	1	20	25	60	30
18.	റോളിംഗ് ഷട്ടർ	1	3	-	100	-
19.	വുഡ് വർക്കേഴ്സ് സൊസൈറ്റി	1	15	-	100	-
20.	പാലുൽപ്പാദക യൂണിറ്റ്	2	-	10	-	45
21.	ഐസ്	2	47	-	150	-

പഞ്ചായത്തിൽ സ്ഥാപിക്കാൻ സാധ്യതയുള്ള വ്യവസായങ്ങൾ

		തൊഴിൽ സാധ്യത
1.	സ്ക്കൂൾ ബാഗ് നിർമ്മാണം	10
2.	വർക്ക്ഷോപ്പ്	20
3.	ഇലക്ട്രിക് ചോക്ക്, മറ്റ് നിത്യോപയോഗ ഇലക്ട്രിക് വസ്തുക്കൾ	10
4.	സ്വിച്ച് ബോർഡ്	10
5.	ഹോളോ ബ്രിക്സ്	50
6.	ആയുർവേദ മരുന്ന് നിർമ്മാണം	50
7.	കോഴി വളർത്തൽ	25
8.	കോൺക്രീറ്റ് വെൻറിലേഷൻ വസ്തുക്കൾ	50
9.	റബ്ബർ ബുഷ് നിർമ്മാണം	25
10.	പ്ലൈവുഡ്	100
11.	കറി പൗഡർ	50
12.	ലിക്വുഡ് ഡിറ്റർജൻറ്	20
13.	ചെരുപ്പു നിർമ്മാണം	20
14.	പലഹാര നിർമ്മാണം	25
15.	അലക്കുസോപ്പുകൾ	50
16.	റബ്ബർതടി സംസ്ക്കരണ യൂണിറ്റ്	100

വ്യവസായ പുരോഗതിക്ക് പഞ്ചായത്തുതലത്തിൽ നേരിടുന്ന പ്രശ്നങ്ങൾ താഴെ ചേർക്കുന്നു.

1. മൂലധന സമാഹരണ രംഗത്തുള്ള അജ്ഞതയും പരിമിതിയുമാണ് മുഖ്യതടസ്സങ്ങളിലൊന്ന്.
2. ശരിയായ പദ്ധതികൾ കണ്ടെത്താനുള്ള സംരംഭകരുടെ പരിശീന കുറവ്.
3. വൈദ്യുതി കണക്ഷനുള്ള കാലതാമസം.
4. സംരംഭകർക്കുള്ള പ്രോൽസാഹനത്തിന്റെ കുറവ്.
5. ഭൂമിയുടെ വിലവർദ്ധനവ്.
6. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം
7. വിപണിയെക്കുറിച്ചുള്ള അജ്ഞത.
8. ഔദ്യോഗിക സംവിധാനത്തിലെ കാലതാമസം.
9. വിദഗ്ധതൊഴിലാളികളുടെ ദൗർലഭ്യം.
10. വൻകിട കമ്പനികളുടെ കഴുത്തറപ്പൻ മൽസരത്തിൽ

ചെറുകിടക്കാരുടെ ഞെരുക്കം.

11. മലിനീകരണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ചെലവ് കുറഞ്ഞ സാങ്കേതികവിദ്യകൾ ലഭിക്കുന്നില്ല.


12. ആധുനിക ശാസ്ത്ര സാങ്കേതിക നേട്ടങ്ങൾ ലഭ്യമാക്കുന്നതിനുള്ള തടസ്സങ്ങൾ.

സാധ്യതകൾ:-

* ഒരു മിനി ഇൻസ്ട്രിയൽ എസ്റ്റേറ്റ് ആരംഭിക്കുക. ആയത് ഔട്ട് സർക്കാർ യൂണിറ്റടി സ്ഥാനത്തിൽ ആരംഭിക്കുക.
* പഞ്ചായത്തു തലത്തിൽ വ്യവസായ വികസന സമിതി രൂപികരിക്കുക. അവയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തു തല വ്യവസായ വികസന പദ്ധതി തയ്യാറാക്കുക.
* റബ്ബർതടി സംസ്ക്കരിക്കുന്ന യൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുക.
* നാളികേരം ധാരാളമായി ലഭ്യമായതുകൊണ്ട് (കൊപ്രാ, വെളിച്ചെണ്ണ) നാളികേരാധിഷ്ഠിതമായ വ്യവസായമാരംഭിക്കുക.
* റബ്ബർ ഫാക്ടറി, മെറ്റൽ ക്രൈഷർ, ഐസ് ഫാക്ടറി എന്നിവ മൂലമുണ്ടാകുന്ന പരിതഃസ്ഥിതി പ്രശ്നം പരിഹരിക്കുക.
* ബ്ലോക്ക് പഞ്ചായത്തുതലത്തിൽ ''കൊല്ലം മോഡൽ'' സ്വയം തൊഴിൽ എക്സേഞ്ച് രൂപീകരിക്കുക.
* ഔട്ട് വർക്കർ സമ്പ്രദായത്തിൽ ഉലക്ട്രോണിക് വ്യവസായത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തുവാൻ താൽപര്യമുള്ള സംരംഭകർക്ക് പരിശീനവും ഉൽപ്പന്ന വിപണനങ്ങൾക്ക് ശൃംഖലയും കണ്ടെത്തുക.
* വൈദഗ്ധ്യ പോഷണത്തിനായി പഞ്ചായത്ത് തലത്തിൽ അനൗപചാരിക അക്കാദമി സ്ഥാപിക്കുക.
* ധനകാര്യ സ്ഥാപനങ്ങളും ജനപ്രതിനിധികളും ഉൾപ്പെട്ട ഒരു വ്യവസായ ബന്ധ സമിതി രൂപീകരിക്കുക.
* നിലവിലുള്ള വ്യവസായ സ്ഥാപനങ്ങളുടെ പവർ എഫിഷ്യൻസി പരിശോധിക്കുകയും എനർജി ഓഡിറ്റ് ഏർപ്പെടുത്തുകയും ചെയ്യുക.
* ഊർജ്ജ ഉപഭോഗം കുറച്ചുള്ളതും എന്നാൽ കൂടുതൽ പേർക്ക് തൊഴിൽ നൽകുന്നതുമായ വ്യവസായങ്ങൾ പ്രോൽസാഹിപ്പിക്കുക.
* സഹകരണ മേഖലയിൽ വനിതാ വ്യവസായ സംരംഭകർക്കായി പദ്ധതികൾ തയ്യാറാക്കുക.
* വ്യവസായിക ഉൽപ്പന്നങ്ങളുടെ മേളകൾ ബ്ലോക്ക് പഞ്ചായത്ത് സ്ഥിരമായി സംഘടിപ്പിക്കുക.
* വ്യവസായിക രംഗത്തെ ചലനങ്ങൾ പരസ്പരം കൈമാറുന്നതിനുള്ള ഇൻഫർമേഷൻ സെൻററുകൾ ബ്ലോക്ക് തലത്തിൽ ആരംഭിക്കുക.
* ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിന് ഒരു ജില്ലാതല വ്യവസായ ഉൽപ്പന്ന സഹകരണ സംഘവും ആയതിന് സംസ്ഥാനഫെഡറേഷനും സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.
* കയറ്റുമതി സാധ്യത പരിശോധിക്കാനും അവ അറിയിക്കുവാനും ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ കേന്ദ്രങ്ങൾ തുടങ്ങുക.
* വ്യവസായിക ബോധം കുട്ടികളിൽ വളർത്തുന്നതിന് മാസത്തിലൊരിക്കൽ വ്യവസായ പ്രമുഖരെ സ്ക്കൂളിൽ വിളിച്ചു വരുത്തി പ്രഭാഷണം നടത്തിക്കുക.
* ബ്ലോക്ക് പഞ്ചായത്ത് ഒരു വ്യവസായലൈബ്രറി സ്ഥാപിക്കുക.
* ഒരു നവ വ്യവസായ സംസ്ക്കാരം സൃഷ്ടിക്കാനും കേരളത്തിലെ ഒരോ ഗ്രാമത്തേയും ഓരോ വ്യവസായ കേന്ദ്രങ്ങളാക്കി മാറ്റുവാനും 9-ാം പദ്ധതിയിലൂടെ കഴിയട്ടെ എന്ന് ആശംസിക്കുന്നു.



4



ഗതാഗതം

താരതമ്യേന മോശമല്ലാത്ത റോഡ് ശൃംഖലയാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. എങ്കിലും സഞ്ചാരയോഗ്യമായ റോഡുകളുടെ എണ്ണം പരിമിതവുമാണ്. പ്രധാന റോഡുകൾ ഒഴികെയുള്ള മറ്റുറോഡുകൾ എല്ലാംതന്നെ അറ്റകുറ്റപണികൾവേണ്ടി വരുന്നവയും ടാർചെയ്യേണ്ടവയുമാണ്.

പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട റോഡ് ആലുവ മൂന്നാർ റോഡാണ്. ഏകദേശം നമ്മുടെ പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തിലൂടെയാണ് ഈ റോഡ് കടന്നുപോകുന്നത്. പുരാതന കാലത്ത് എറണാകുളം ജില്ല അടങ്ങുന്ന പ്രദേശങ്ങളുടെ തലസ്ഥാനമായ തൃക്കാരിയൂരും തൃക്കാക്കരയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു രാജ പാത നിലവിലുണ്ടായിരുന്നു. തൃക്കാരിയൂരിൽ നിന്ന് തുടങ്ങി ആയക്കാട് കൂടി പാനിപ്ര സ്കൂൾ കവലയിൽ നിന്ന് ഓടക്കാലിയിൽ എത്തി അവിടെ നിന്നും പുക്കാട്ടു പടി കൂടിയാണ് പ്രസ്തുത റോഡ് പോയിരുന്നത്. നൂറ്റാണ്ടുകൾ പഴക്കമുള്ള ചില വൃക്ഷങ്ങൾ ഇന്നും ഈ വഴിക്കരികിലൂടെ നിൽക്കുന്നത് ആ കാലഘട്ടത്തിൽ നട്ടുപിടിപ്പിച്ച തണൽ വൃക്ഷങ്ങളായി കണക്കാക്കാം. തൃക്കാരിയൂരും മൂവാറ്റുപുഴയും തമ്മിൽ ബന്ധിപ്പിക്കുന്ന പ്രധാന മാർഗ്ഗമായിരുന്നു തൃക്കാരിയൂർ - പേഴയ്ക്കാപ്പിള്ളി റോഡ്. സ്വാതന്ത്ര്യാനന്തരം ഇരുമലപ്പടി പുതുപ്പാടി റോഡും വികാസം പ്രാപിച്ചു. വില്ലേജാഫീസിലെ പുറമ്പോക്ക് രജിസ്റ്റർ അനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ 143.45 ഏക്കർ റോഡാണുള്ളത്. പഞ്ചായത്തിൽ വികാസം പ്രാപിച്ച റോഡുകൾ എല്ലാംതന്നെ പൊതുജന പങ്കാളിത്തത്തോടെ നിർമ്മിച്ചവയാണ്. പഞ്ചായത്തിലെ ആകെ 167.77 കി.മി..നീളം റോഡിൽ 25.5 കി.മി.നീളം റോഡും 15.5 കി.മി. റോഡ് പി. വി. ഐ.പി കനാൽ റോഡുമാണ്. ഇതിൽ 58.7 കി.മി.ടാർ ചെയ്തതും 1.5 കി.മി.മെറ്റലിംഗ് നടന്നതും 89.7 കി.മി. മൺറോഡുമാണ്. കനാൽറോഡിൽ 2.5 കി.മി. മാത്രമാണ് ടാർ ചെയ്തത്.

പ്രശ്നങ്ങൾ

- വിപുലമായ റോഡ് ശൃംഖലയുണ്ടെങ്കിലും 65% റോഡുകളും ടാർ ചെയ്യാൻ ബാക്കി നിൽക്കുന്നവയാണ്. ഇതിൽ 75% റോഡും വീതി കുറഞ്ഞവയാണ്. ഡ്രെയിനേജ് സംവിധാനം ഇല്ലാത്തതിനാലും വഴിക്കരികിലുള്ള മരങ്ങളിൽ നിന്നും വെള്ളം ചാടി ടാറിംഗ് അതിവേഗം നശിക്കുന്നതു മൂലവും റോഡുകൾ ഗതാഗത യോഗ്യമല്ലാതായി മാറുന്നു. പ്രധാനപ്പെട്ട റോഡുകൾക്കുപോലും ഡ്രെയിനേജ് സൗകര്യം ഇല്ലാത്തതുകൊണ്ട് വെള്ളക്കെട്ട് ഉണ്ടാവുകയും സഞ്ചാരയോഗ്യമല്ലാതാവുകയും ചെയ്യുന്നു.
- നെല്ലിക്കുഴി കവല, തൃക്കാരിയൂർ, ചെറുവട്ടൂർ, ഇരുമലപ്പടി എന്നിവിടങ്ങളിൽ ഓട്ടോ റിക്ഷകൾക്കും മറ്റു വാഹനങ്ങൾക്കും പാർക്കിംഗ് സൗകര്യം ഫലപ്രദമായില്ലാത്തതുമൂലം ഗതാഗതകുരുക്കും അപകടവും സാധാരണയായി ഉണ്ടാകാറുണ്ട്. യാത്രക്കാർക്ക് ആവശ്യാനുസരണം വെയിറ്റിംഗ് ഷെഡ് ഇല്ലാത്തതും ഉള്ളത് ഫലപ്രദമല്ലാത്തതും യാത്രക്കാരെ വലയ്ക്കുന്നു.
- റോഡിന് ടാറിംഗും മറ്റു ജോലികളും കോൺട്രാക്ടറുടെ ഇഷ്ടാനുഷ്ടാനങ്ങൾക്ക് വിധേയമായാണ് ഇപ്പോൾ നടന്നുവരുന്നത്. ഇത് ടെൻഡർ അടങ്കലിന്റെ നല്ലൊരു പങ്ക് പാഴാക്കി കളയുന്നു.
- മെയിൻ റോഡുകളുടെ അറ്റകുറ്റ പണികൾ തീർത്ത് സഞ്ചാരയോഗ്യമാകുമ്പോഴേക്കും റോഡിന്റെ ഇരുവശത്തു കൂടി കാനകൾ കീറി കേബിൾ ലൈനുകളും വാട്ടർ അതോറിട്ടിയുടെ പൈപ്പുകൾ സ്ഥാപിക്കുന്നത് മൂലവും റോഡുകൾ സ്ഥിരമായി ഗതാഗത യോഗ്യമല്ലതാകുകയും അപകടങ്ങൾ നിത്യേനയാവുകയും ചെയ്യുന്നു. അശാസ്ത്രീയമായ ധനവിനിയോഗമായി തീരുന്നു.

സാധ്യതകൾ

- നിലവിലുള്ള റോഡുകളുടെ എണ്ണവും സ്ഥിതിയും പട്ടികയായി അന്യത്ര ചേർത്തിട്ടുണ്ട്.
- മൺറോഡുകൾ ടാർ ചെയ്യുകയും കാനകൾ നിർമ്മിക്കുകയും ചെയ്യുക.
- റോഡ് പണികൾ ജനകീയ കമ്മറ്റികളുടെ നേതൃത്വത്തിൽ നടത്തുക.
- ടാറിംഗ് ഫലപ്രദമല്ലാത്തിടത്ത് കോൺക്രീറ്റ് സംവിധാനം നടപ്പിലാക്കുക.
- P.W.D., ടെലഫോൺസ്, വാട്ടർ അതോറിറ്റി എന്നിവയിലൂടെ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ പഞ്ചായത്തിന്റെ സഹായത്തോടെ ശാസ്ത്രീയമാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക.

പട്ടിക - 1

ഗ്രാമീണ റോഡുകൾ സംബന്ധിച്ച വിശദ വിവരങ്ങൾ

വാർഡ്	റോഡിന്റെ പേര്	ദൂരം മീ.	വീതി മീ.	ടാർ ചെയ്ത ദൂരം മീ.	മെറ്റൽ കി. മീ.
I	കൊമ്പൻ പാറ- ചെറുവട്ടൂർ- മുളവൂർ	1400	8	1400	
	ചെളിക്കുഴി ത്തണ്ട്- ഹരിജൻ കോളനി	600	$4^1/_2$	600	
	കറുകടം- കുരുവിനാപ്പാറ	600	8		
	കറുകടം- കുരുവിനാപ്പാറ- മുളവൂർ	500	10		
	കോട്ടേ പീടിക- ഊരംകുഴി	700	12		
	ഓക്കേ പടി- കഷായ പ്പടി	800	4		
	പട്ടളായി മോളം- പുൽപ്പറമ്പി മോളം	550	3		
	ഊരംകുഴി- പള്ളിപ്പടി	900	6		
	തേമാംകുഴി - കോട്ടേപ്പീടിക	1200	5		
	ചെളിക്കുഴിത്തണ്ട്- കറുകടം	1000	7		
	ഊരംകുഴി - പായിപ്ര	700	5		
	ചാർത്താൻ കാവ്- ഓലിപ്പാറ	1500	5		
	മുളവൂർ - കുരുവിനാപ്പാറ	900	6		
II					
	ഹൈസ്ക്കുൾപ്പടി- പാറേപ്പീടിക	1000	3		
	പാറേപ്പീടിക- കുഴിപ്പള്ളി- ശാസ്താം പടി	1100	4		
	എം. എം.കവല - കുഴിപ്പള്ളി- ശാസ്താം പടി	1000	4		
	കമ്മറ്റംപടി- പരിപ്പ് തോട്	500	4		
	കാമ്പത്തും പടി- മടത്തുംപടി പാടം	250	3		
	ചെറുവട്ടൂർ കവല- പഴമ്പള്ളി മോളം	500	3		
	വില്ലാരി- നാരകത്തുംപടി	400	4		
	ഹൈസ്ക്കുൾ പടി കനാൽ	2000	4.8		
	ശാസ്താം പടി- കൊല്ലക്കടവ്	500	5		
	കാനാട്ട് പടി - കൊമ്പൻപാറ	1000	5	250	
	പാറോളി- നിരപ്പ്	750	4		
	കാനാട്ടുപടി - നിരപ്പു റോഡ്	2430	5.4		2430
	കാനാട്ടുപടി -ഹൈസ്ക്കുൾ പടി	1210	4.8		1210

വാർഡ്	റോഡിന്റെ പേര്	ദൂരം മീ.	വീതി മീ.	ടാർ ചെയ്ത ദൂരം മീ.	മെറ്റൽ കി. മീ.
	കാനാട്ടു പടി- കൊമ്പൻ പാറ	1000	5		250
III					
	ചെറുവട്ടൂർ കവല- കാണിക്കാട്ട് മോളം	2000	4		
	ഹരിജൻ കോളനി - കാട്ടാംകുഴിപള്ളി റോഡ്	3000	4		
	മാളിക പീടിക- ചക്കുംചിറ	1750	8	400	
	ഹൈസ്ക്കൂൾ - കൊറ്റിക്കൽ				
	പുളിഞ്ചോട്- കൊറ്റിക്കൽ	500	4		
	കാഞ്ഞിരക്കാട്ട് മോളം- ഹരിജൻ കോളനി	2000	6	1000	
	ഓരടി മോളം- പാറേപീടിക	4000	4		
	മാളികപീടിക- ഇരമല്ലൂർ	2000	4		
	ഹൈസ്ക്കൂൾ പടി - ചക്കും ചിറ	2800	6.6		1400
	പിഷാരത്ത് പടി- മേതല	1610	6.6		
IV					
	ചകനക്കാവ് - പള്ളിപടി	1000	8	500	
	കുറ്റിലഞ്ഞി എൽ. പി. എസ് - മുണ്ടയ്ക്കാപടി	810	4	110	
	പള്ളിപടി- ഓടക്കാലി	300	8	300	
	പള്ളിപടി- പാഴൂർ മോളം	800	4		
	ഓലി പാറ - പാറേപീടിക	700	3		
	പാലക്കുഴിച്ചാൽ- പുവത്തൂർ പള്ളിപടി	400	3		
	മേതല- കുറ്റിലഞ്ഞി പാടം	1200	3		
	ചക്കനക്കാവ് - പാറലിങ്ക്	1100	3		
	പാഴൂർ മോളം- ഹരിജൻ കോളനി- ചാമക്കാലായ്	500	8		
	കോട്ടചിറ - ചാമക്കാലായ്	800	6		
	സ്ക്കൂൾപ്പടി- കുറ്റിലഞ്ഞി-ലിഫ്റ്റ് റോഡ്	500	2		
	കനാൽ പാലം- ആരു പുറം	450	3		
	കോട്ടചിറ- പള്ളിപ്പടി	600	3		
	മേയ്ക്കപടി - മേതല	1610	8		1610
	കോട്ടചിറ - ചക്കനക്കാവ്	1600	8		1600

വാർഡ്	റോഡിന്റെ പേര്	ദൂരം മീ.	വീതി മീ.	ടാർ ചെയ്ത ദൂരം മീ.	മെറ്റൽ കി. മീ.
V					
	കുറ്റിലഞ്ഞി- പള്ളിപടി- പുതുക്കുടി	1500	4		
	കമ്പനിപടി- മണക്കാട്ടുപടി	800	4		
	കുപ്പശ്ശേരി മോളം- കനാൽ	500	4		
	ഇടുപ്പാക്കുന്ന്- പുതുക്കുടി	800	4		
	കുപ്പശ്ശേരി മോളം- കോളനി	1000	4	800	
	ഇരുമലപ്പടി- പാനിപ്ര	1609	6	1609	
	കമ്പനിപ്പടി- പള്ളിപ്പടി- ഇരമല്ലൂർ	1210	8	1600	
	കുപ്പശ്ശേരി മോളം - ഹരിജൻ കോളനി	1000	4	1000	
VI					
	കുന്നത്തുകുടി- കുരീപ്പാറമോളം- ഹരിജൻ കോളനി	1000	4		
	പഞ്ചായത്തുപടി- തായ്ക്കൽ കോളനി	700	6		
	ഇടനാട് - വികാസ് കോളനി	700	6		
	പഞ്ചായത്തുപടി- ലക്ഷം വീട്-കൊമ്പൻപാറ	600	4	600	
	മുണ്ടയ്ക്കാപടി- കനാൽ(വായനശാല-കനാൽ)	700	4	700	
	മുണ്ടയ്ക്കാപടി- കുരിയാപാറമോളം ഹരിജൻ കോളനി	1000		1000	
	കമ്പനിപ്പടി- ചിറപ്പടി	600	8	600	
VII	ഇരമല്ലൂർ- ചിറപ്പടി- കൊമ്പൻ പാറ- ചെറുവട്ടൂർ	400	3		
	പട്ടളായപടി (314)- ഹരിജൻ കോളനി	1000	6		
	മേയ്ക്കരപ്പടി-314	1400	8		
	ഇരമല്ലൂർ ചിറ- 314	1000	4		
	ഇരമല്ലൂർ ചിറ- പൂക്കുഴിമോളം	800	4		
	ഇരമല്ലൂർ കനാൽ-314	1600	6		
	തട്ടുപറമ്പ്- നെടുമ്പാറ	850	4		
	ട്രാൻസ് ഫോർമർ സ്ക്കൂൾ ഗ്രൗണ്ട്	200	3		
	തട്ടുപറമ്പ്- പള്ളിപ്പടി- മടത്തിക്കുടി തുരുത്ത്	1000	4		
	314- പാറച്ചാലിപ്പാട	800	4		
	കൊമ്പൻപാറ- ചെറുവട്ടൂർ	4000	8	4000	

വാർഡ്	റോഡിന്റെ പേര്	ദൂരം മീ.	വീതി മീ.	ടാർ ചെയ്ത ദൂരം മീ.	മെറ്റൽ കി. മീ.
	ഇരമല്ലൂർ- ഇളമ്പ്ര	1610	4.8		
VIII	കനാൽ പാലം - ആലുമാവ്- കരൂർ	300	3		
	മേയ്ക്കരപ്പടി - പണാട്ടി പാടം	400	3		
	ചവപ്പം കുന്ന് - കനാൽ	500	3		
	യു. പി. എസ്. പടി- മേയ്ക്കരപ്പടി	500	6		
	നെല്ലിക്കുഴി- കാപ്പു ചിറ	810	3	300	
	നങ്ങേലിപ്പടി- അമ്പട്ട് മോളം	400	4		
IX	തങ്കളം- മുനിയറ-പുലിക്കുന്നത്തുമാലി ഹരിജൻ കോളനി	1000	3		
	കണ്ണംകുളം- പൊട്ടയ്ക്കൽ	1000	4		
	പൊട്ടയ്ക്കൽ - മേയ്ക്കരപ്പടി	500	3		
	ബൈപാസ്- അട്ടാവ് റോഡ്	500	3	500	
	അട്ടാവ്- കണ്ണംകുളം	500	4		
	കനാൽ- പുത്തൻകുടി പാറ	500	3		
	പഞ്ചായത്തുകുളം റോഡ്	400	6		
	കനാൽ- മാലിൽ പാടി റോഡ്	1000	3		
	കണ്ണം കുളം- കുരൂർ	1000	6	1000	
	24 എ.എം. ചെറുവട്ടൂർ	5000	8	125	
	കണ്ണംകുളം- പുത്തൻകുടിപാറ	500	6		
X	പടപ്പറമ്പ്- ആലുമാവ്- കുരൂർ	500	3	500	
	കക്കുഴിച്ചാൽ- കരിച്ചിറക്കടവ്	700	3		
	ഇരിങ്ങോത്തുപടി- പാറേക്കടവ്	700	3		
	ചന്ദ്രത്തിപടി- ചെറളാട്	600	$2^1/_2$		
	സബ്സെൻറർ- മുട്ടത്തിപടി വഴി-ആലുമാവ്-കുരൂർ	700	$3^1/_2$		
	എടനാട് - ഹരിജൻ സെറ്റിൽമെൻറ് കോളനി	520	$2^1/_2$		
	കാവനാൽ പടി- വികാസ് ക്രഷ്	300	3	4000	
	കക്കുഴിച്ചാൽ - പടപ്പറമ്പ്	520	4		
	ആലുമാവ്- കരിപ്പചിറ	400	3		
	പുത്തയം- ചെറളാട് പടി	1000	3		

വാർഡ്	റോഡിന്റെ പേര്	ദൂരം മീ.	വീതി മീ.	ടാർ ചെയ്ത ദൂരം മീ.	മെറ്റൽ കി. മീ.
	എടനാട്- പാലായിക്കുടി- എച്ചിത്തൊണ്ട്	300	3		
	കവനാപടി- കക്കുഴിച്ചാൽ	1500	8		1500
XI	പഞ്ചായത്ത്- തൃക്കാരിയൂർ വായനശാലപടി	1000	3		
	തൃക്കാരിയൂർ- ആനക്കൊട്ടുങ്കൽ കമ്പനിപ്പടി	400	4		
	ബ്ലായിപ്പടി- കരയോഗം	150	3 1/2		
	ലക്ഷം വീട് -മുല്ലേക്കടവ്	800	3		
	ദേവസ്വം കുളം Circle റോഡ്	300	3		
	അമ്പലപ്പടി- ഹൈക്കോർട്ട് കവല	800	4	800	
	ദേവസ്വം സ്ക്കൂൾ- അമ്പലപ്പടി	300	3		
	ഹൈക്കോർട്ട് കവല- വളകഴിപാടം	800	4		
	വെള്ളരിക്കടവ് തോട്- കുളിക്കടവ്	500	3		
	കാവും പടി- തുരുത്തി ഗ്രാമം	900	4		
	സമൂഹം പടി- ഗ്രാമം റോഡ്	600	2 1/2		
	സൊസൈറ്റി പടി- കടവ് റോഡ്	500	3		
	തൃക്കാരിയൂർ- കരിപ്പുകുഴി	1500	6		
	തൃക്കാരിയൂർ Temple - എച്ച്. എസ്. റോഡ്	1600	4.8	1600	
	തടത്തിക്കവല- മുല്ലേക്കടവ്	810	5		
XII	അമ്പലപ്പറമ്പ് കാവ്- പോലിയോ ചിറ	500	3		
	ചെറളാട് - സി.ജി. റോഡ്	500	3		
	എടവിളായിപടി- കളരിക്കൽ പടി	500	3		
	ഇടനാട് - ഹരിജൻ കോളനി-ഭണ്ടാരപടി	500	2		
	ആലയ്ക്കാപടി-മാനാക്കുഴി പടി- ഇടനാട് പാടം	700	3		
	ഇടനാട് വായനശാല പടി- അമ്പലപടി	1500	4		
	പുലിമല- കല്ലമ്പിള്ളി- സബ് കനാൽ	300	4		
	ചെറളാട്- പുത്തൻ കുളം	400	3		
	പുലിമല- കല്ലമ്പള്ളി	2500	6		
	തൃക്കാരിയൂർ- പനാമാകവല- പുലിമല	500	8		500
	പുലിമല- തുരുത്തിഗ്രാമം	1210	4.8		1210

പട്ടിക - 2

പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

- മുനിയറ - പുലിക്കുന്നത്തുമാലി റോഡിൽ നിന്നും പാലയത്തുകാവു വഴി കണ്ണംകുളം ബൈപാസ് റോഡിലേയ്ക്ക് നിലവിലുള്ള തൊണ്ട് (ഇടവഴി) വീതി കൂട്ടി വാഹനഗതാഗതത്തിന് അനുയോജ്യമാക്കണം. ഇത് ജനപങ്കാളിത്തത്തോടെ നിർമ്മിക്കാവുന്നതാണ്.
- മുളവൂർ ബ്രാഞ്ച് കനാൽ ബണ്ട് റോഡിൽ നിന്നും പാലക്കാടൻ, പരുന്തുംകുഴി, ആനച്ചിറ എന്നീ വീട്ടുകാരുടെ പറമ്പിൽകൂടി നിലവിലുള്ള നടപ്പുവഴി വീതി കൂട്ടി N.H- 49 (M.A. College Junction) ലേക്ക് വാഹനഗതാഗതത്തി ന് അനുയോജ്യമാക്കണം. ഇതിനും ജനങ്ങളുടെ ശ്രമദാനം ലഭ്യമാക്കുന്നതാണ്.
- ആവലുംപറമ്പ് കാവ് പോലിയോച്ചിറ റോഡ് പിണ്ടിമന പഞ്ചായത്തിലെ റോഡുമായി യോജിപ്പിക്കണം.
- ഇടനാട് വായനശാലപ്പടി - അമ്പലപ്പടി റോഡ് ആയക്കാടുമായി യോജിപ്പിക്കണം.
- ആലയ്ക്കപ്പടി - മാനാക്കുഴി റോഡ് ; വായനശാലപ്പടി - അമ്പലപ്പടി റോഡ് ആയക്കാടുമായി യോജിപ്പിക്കണം.
- ഇടവിളായിപ്പടി - കൊടക്കശ്ശേരിപ്പടി റോഡ് ; വായനശാലപ്പടി - അമ്പലപ്പടി റോഡ് ആയക്കാടുമായി യോജിപ്പിക്കണം.
- പുലിമല കനാൽറോഡും - മാമല - കല്ലംമ്പിള്ളി റോഡും തമ്മിൽ യോജിപ്പിക്കണം.
- പുലിമല,കല്ലംമ്പിള്ളി റോഡ് അടിയോടി റോഡുമായും; ഹൈക്കോട്ട് കവല റോഡും പുലിമല കല്ലംമ്പിള്ളി റോഡുമായും യോജിപ്പിക്കണം. മേൽ പറഞ്ഞ റോഡുകൾക്കും പൊതുജന പങ്കാളിത്തം ലഭ്യമാണ്.
- 314 - ആരംഭം പാറച്ചാലിപ്പാറ ഹരിജൻ കോളനി വഴി ഇരമല്ലൂർ.
- ഇരമല്ലൂർ റേഷൻകടപ്പടി - കൊല്ലൻമുടി
- കനാൽപ്പാലം - കാപ്പുമോളം - ചുവപ്പൻകുന്ന്
- തൃക്കാരുയൂർ ഷാപ്പും പടി - കാക്കുഴിച്ചാൽ പടി റോഡ്.
- കാക്കുഴിച്ചാൽ ഹരിജൻ കോളനി റോഡ് - രാമകൃഷ്ണൻപടി റോഡ് - തൃക്കാരിയൂർ.

പട്ടിക - 3

പുതിയ ബസ്സ് റൂട്ടുകളുടെ സാധ്യത

01. നെല്ലിക്കുഴി -തൃക്കാരിയൂർ - ഭൂതത്താൻകെട്ട്
02. കോതമംഗലം - മാതിരപ്പിള്ളി - വെണ്ടുവഴി - ചെറുവട്ടൂർ - മുളവൂർ - മൂവാറ്റുപുഴ.
03. കോതമംഗലം - മേയ്ക്കപ്പടി -മേതല -കോലഞ്ചേരി
04. മൂവാറ്റുപുഴ - ചെറുവട്ടൂർ -മാളിയേപീടിക - ചപ്പും ചിറ - പെരുമ്പാവൂർ
05. കോതമംഗലം - ചക്കനക്കാവ് - മേതലപള്ളി - പെരുമ്പാവൂർ

പട്ടിക 4

പുതുതായി നിർമ്മിക്കേണ്ട പാലങ്ങൾ

1. തൃക്കാരിയൂർ - മുല്ലേക്കടവ് പാലം
2. തൃക്കാരിയൂർ -കമ്പനിപ്പടി പാലം
3. നായ്ക്കൻ കോളനി റോഡ് - പാലം

ഊർജ്ജം

ഊർജ്ജ ഉപഭോഗത്തിൽ പിന്നോക്കം നിൽക്കുന്ന പഞ്ചായത്താണ് നമ്മുടേത്. പരമ്പരാഗത രീതിയിലുള്ള ഊർജ്ജ ഉപഭോഗം മാത്രമാണ് ഇവിടെ നിലനിൽക്കുന്നത്. പാചകയാവശ്യത്തിന് വിറകിനെയാണ് മുഖ്യമായും ആശ്രയിക്കുന്നത്. പെട്രോളിയം ഗ്യാസും ഗോബർ ഗ്യാസും ഉപയോഗിക്കുന്നവരുടെ എണ്ണം പരിമിതമാണ്. പണ്ട് കാലങ്ങളിൽ വടക്കൻ മലകളിൽ പോയി വിറക് ശേഖരിക്കുന്ന പതിവുണ്ടായിരുന്നു.

ഗാർഹിക മേഖലയിൽ ഊർജ്ജ ഉപഭോഗ സ്രോതസ് വാണിജ്യ ഇന്ധനവും ജൈവദ്രവ്യവുമാണ്. വൈദ്യുതി പ്രധാനമായും വെളിച്ചത്തിനുവേണ്ടിയാണ് ഉപയോഗിക്കുന്നത്. സാമ്പത്തികമായി മെച്ചപ്പെട്ട കുടുംബങ്ങളിൽ ഫ്രിഡ്ജ്, ഹീറ്റർ, വാഷിംഗ് മെഷീൻ തുടങ്ങിയ അമിതോപഭോഗ വൈദ്യുതയന്ത്രങ്ങൾ ഉപയോഗിക്കുന്നുണ്ട്. കാർഷിക മേഖലയിലെ ജലസേചനത്തിനായും വീട്ടാവശ്യത്തിനുമായുള്ള മോട്ടോറുകൾ പ്രധാനമായും വൈദ്യുതിയെ ആശ്രയിച്ചാണ് പ്രവർത്തിക്കുന്നത്. ചുരുക്കം ചില ഡീസൽ മോട്ടോറുകൾ നമ്മുടെ പഞ്ചായത്തിൽ അവിടവിടായി കാണപ്പെടുന്നു.

നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചെറുകിട വ്യവസായ സ്ഥാപനങ്ങളെല്ലാം വൈദ്യുതിയെ ആശ്രയിച്ച് നിലനിൽക്കുന്നതാണ്. ഹോട്ടലുകൾ, കച്ചവടസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന മിക്കവാറും യന്ത്രം വൈദ്യുതോർജ്ജത്തെ ആശ്രയിക്കുന്നു. കൽക്കരി, എണ്ണ, പ്രകൃതി വാതകം എന്നിങ്ങനെയുള്ള മറ്റ് വാണിജ്യ ഇന്ധനങ്ങൾ നമ്മുടെ ഗ്രാമത്തിന്റെ ഊർജ്ജ ഉപഭോഗ മേഖലയിൽ ഇനിയും ഉപയോഗപ്പെടുത്തേണ്ടിയിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിലെ ഭൂരിഭാഗം വീടുകളിലും ആഹാര പദാർത്ഥങ്ങൾ പാകം ചെയ്യുന്നതിന് വിറകാണ് ഉപയോഗിക്കുന്നത്. ചകിരി, ചിരട്ട, ഓല എന്നിവ വിറകായി ഉപയോഗിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ റബ്ബർ തോട്ടങ്ങൾ ധാരാളമായി ഉള്ളതുകൊണ്ട് ഈ തോട്ടങ്ങൾ ഗാർഹിക ആവശ്യത്തിനുള്ള വിറകിന് ഒരു ആശ്രയമാണ്. ഗോബർ ഗ്യാസ് പ്ലാൻറുകൾ ചില വീടുകളിൽ ഉണ്ടെങ്കിലും സാധ്യത മുഴുവൻ ഉപയോഗിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല. 681 മണ്ണെണ്ണ പെർമിറ്റുകൾ നമ്മുടെ പഞ്ചായത്തിൽ അനുവദിച്ചിട്ടുള്ളതിൽ ബഹുഭൂരി പക്ഷവും പാചകാവശ്യത്തിനുള്ള ഇന്ധനത്തിനു വേണ്ടിയാണ് ഉപയോഗപ്പെടുത്തുന്നത്.

സമ്പന്ന കുടുംബങ്ങളിലും ചുരുക്കം ചില ഇടത്തരം കുടുംബങ്ങളിലും പാചക വാതകം ഉപയോഗിക്കുന്നുണ്ട് മുൻസിപ്പൽ പ്രദേശത്തിന് അടുത്തു കിടക്കുന്നതുകൊണ്ടു മാത്രം 1980 കളുടെ അവസാനത്തോടെയാണ് പാചക വാതക സൗകര്യം ലഭ്യമായി തുടങ്ങിയത് ചില സ്വകാര്യ ഏജൻസികൾ വിതരണം നടത്തുന്ന പാചക വാതകത്തേയും നമ്മുടെ പ്രദേശത്ത് ഉപയോഗപെടുത്തുന്നു.

വൈദ്യുത ഉപഭോഗം

ഗാർഹികം	വ്യാപാരം	വ്യവസായികം	കാർഷികം	ആകെ
4127	137	100	296	4660

പെട്രോൾ, ഡീസൽ, പാചക വാതകം എന്നിവയ്ക്കായി കോതമംഗലത്തുള്ള സ്വകാര്യ ഏജൻസികളെയാണ് ആശ്രയിക്കുന്നത്. മണ്ണെണ്ണക്ക് പ്രധാനമായും പഞ്ചായത്തിലെ 17 പൊതുവിതരണ കേന്ദ്രങ്ങളെ ആശ്രയിക്കുന്നു മണ്ണെണ്ണയുടെ ശരാശരി ആളോഹരി വാർഷികോപയോഗം 7.11 ലിറ്റർ ആണ്. സ്വകാര്യമേഖലിയേയും ഉപയോഗപ്പെടുത്തുന്നുണ്ട് കോതമംഗലം സബ് സ്റ്റേഷനിൽ നിന്നുള്ള വൈദ്യുതി വിതരണമാണ് പ്രധാനമായിട്ടുള്ളത്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന തടിമില്ലുകൾ, തീപ്പെട്ടി കമ്പനികൾ എന്നിവിടങ്ങളിൽ നിന്നു ലഭിക്കുന്ന അറക്കപ്പൊടി, മരങ്ങളുടെ പുറംതോട് എന്നിവ വീടുകളിൽ പാചക ആവശ്യത്തിന് ഇന്ധനമായി ഉപയോഗിക്കുന്നുണ്ട്. മറ്റ് പഞ്ചായത്തികളിൽ നിന്നും കൊണ്ടുവരുന്ന വിറക് വീട്ടാവശ്യത്തിന് ഉപയോഗപെടുത്തുന്നു.

വർഷം	ഗുണഭോക്താക്കളുടെ എണ്ണം	മണ്ണെണ്ണ		
		പെർമിറ്റുകളുടെ എണ്ണം	പെർമിറ്റ് വഴി വിതരണം (ലി)	കാർഡ് വഴി വിതരണം (ലി)
1991- 92	28315	-	-	219624
1992- 93	26871	359	54252	220128
1993- 94	26963	554	83502	221928
1994- 95	26396	656	96444	218616
1995- 96	28534	681	96828	202980

വോൾട്ടേജ്ക്ഷാമം വളരെയേറെ അനുഭവിക്കുന്ന പ്രദേശമാണ് നമുക്കുള്ളത്ര. വോൾട്ടത കുടിയ ബൾബ് ഉപയോഗിച്ചാൽ പോലും രാത്രി 7 മുതൽ 10 വരെയുള്ള സമയങ്ങളിൽ നമ്മുടെ പല വീടുകളിലും ആവശ്യത്തിന് വെളിച്ചം ലഭിക്കാത്ത സ്ഥിതിയാണുള്ളത്. വ്യാപാര സ്ഥാപനങ്ങളിലും പല വീടുകളിലും ഗ്യാസ് ലൈറ്റുകൾ പെട്രോമാക്സ് തുടങ്ങിയവ വ്യാപകമായി ഉപയോഗിച്ചു വരുന്നുണ്ട്. 1996 -ൽ നമ്മുടെ പഞ്ചായത്തിൽ ആരംഭിച്ച അനർട്ട് ആഫീസിന്റെ പ്രവർത്തനം കൂടുതൽ വിപുലമാക്കുവാനുള്ള ശ്രമങ്ങൾ തുടങ്ങയിട്ടുണ്ട്. ക്ഷമതയുള്ള അടുപ്പുകളും വിളക്കുകളും സ്റ്റൗ, പ്രഷർകുക്കർ, കുറഞ്ഞ വോൾട്ടതയിൽ പ്രകാശിക്കുന്ന ട്യൂബ് ലൈറ്റുകൾ, ഇലക്ട്രോണിക് ചോക്കുകൾ എന്നിവ ഈ സ്ഥാപനത്തിൽ നിന്നും വിറ്റഴിക്കുന്നുണ്ട്.

പഞ്ചായത്തിലെ ഊർജ്ജ പ്രതിസന്ധിക്ക് പരിഹാരം കാണുവാൻ 1986 മുതൽ ശാസ്ത്രസാഹിത്യ പരിഷത്ത് പ്രവർത്തകർ വീടുകളിൽ പരിഷത്ത് അടുപ്പ് നിർമ്മിച്ചുകൊടുത്തുവരുന്നു. 500 ഓളം അടുപ്പുകൾ പല വീടുകളിലും, ചായക്കടകളിലുമായി നിർമ്മിച്ചിട്ടുണ്ട്.

പ്രശ്നങ്ങൾ സാധ്യതകൾ

- സാധാരണക്കാരും, താഴ്ന്ന വരുമാനക്കാരും ആയിട്ടുള്ളവർക്ക് വിറകിനുള്ള സൗകര്യമോ, മണ്ണെണ്ണ പെർമിറ്റോ, പാചക വാതക കണക്ഷനോ ഇല്ല. ന്യായവിയ്ക്ക് വിറക് കിട്ടാനുമില്ല.
- വോൾട്ടേജ്ക്ഷാമം പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും രൂക്ഷമായി അനുഭവപ്പെടുന്നു.
- തെരുവു വിളക്കുകൾ ആവശ്യത്തിനില്ല. ഉള്ളവ കൃത്യമായി കത്തുന്നില്ല. അതുകൊണ്ട് ഉപയോഗിക്കാത്ത വൈദ്യുതിക്കും പഞ്ചായത്ത് പണം അടക്കേണ്ടിവരുന്നു.
- പഞ്ചായത്തിലെ ചില ഭാഗങ്ങളിൽ വൈദ്യുതി എത്തിയിട്ടില്ല.

  ലക്ഷംവീടുകോളനി, കുര്യപ്പാറമുകൾ, ഹരിജൻ കോളനി, ഇടനാട് വികാസ് കോളനി, ഇരമല്ലൂർ ചിറപ്പടി കോളനി, മറ്റപ്പിള്ളിക്കുടി ഭാഗത്ത്, നെടുമ്പാറ ഭാഗത്ത്, ഇടനാട് മുട്ടത്തിപ്പടി ഭാഗത്ത്, ഇടനാട് മാനക്കടി ഭാഗത്ത്, ഓ. കെ. പടി , കക്ഷായപടി ഭാഗത്ത്.

പരിഹാരം

മണ്ണെണ്ണ പെർമിറ്റിന് താഴ്ന്ന വരുമാനക്കാർക്ക് മുൻഗണന കൊടുക്കുക.

പഞ്ചായത്തിൽ ഗ്യാസ് ഏജൻസി അനുവദിക്കണം. അതുവഴി മാത്രമെ പാചകവാതക കണക്ഷൻ നൽകുന്നത് കാര്യക്ഷമമാക്കുവാൻ പറ്റുകയുള്ളു. ന്യായവിലക്ക് വിറക് വിൽക്കുവാൻ വിറക് ഡിപ്പോ ആരംഭിക്കണം. വിറകിന്റെ ആവശ്യം നിറവേറ്റുന്നതിന് വൃക്ഷങ്ങൾ പിടിപ്പിക്കുവാനുള്ള നടപടികൾ ആവിഷ്ക്കരിക്കുക. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് അത്യാവശ്യമായ സ്ഥലങ്ങളിൽ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുക.

തൃക്കാരിയൂരും നെല്ലിക്കുഴി കേന്ദ്രമാക്കി ഒരു ഇലക്ട്രിക് സെക്ഷൻ ആരംഭിക്കുന്നതിനുള്ള അസിസ്റ്റൻറ് എക്സിക്യൂട്ടിവ് എൻജിനിയർ കോതമംഗലത്തിൻെറ നിർദ്ദേശം നടപ്പിലാക്കുക. ഇലക്ട്രിക് ലൈനുകളിൽ മുട്ടിക്കിടക്കുന്ന മരച്ചില്ലകൾ കലാകാലങ്ങളിൽ നീക്കം ചെയ്യുക. പ്രസരണ നഷ്ടം ഒഴിവാക്കാൻ ഇലക്ട്രിക് ലൈനുകൾ ക്രമീകരിക്കുക.

വലിയൊരളവിൽ മീറ്ററുകൾ പ്രവർത്തനക്ഷമമല്ല. അത് മാറ്റി പുതിയവ സ്ഥാപിച്ച് വൈദ്യുതിയുടെ ദുരുപയോഗം തടയുന്നതിന് ബോർഡുമായി സഹകരിച്ച് വേണ്ടുന്ന കാര്യങ്ങൾ ചെയ്യുക.

എല്ലാ പഞ്ചായത്ത് റോഡുകളിലും തെരുവു വിളക്കുകൾ സ്ഥാപിക്കുമ്പോൾ ട്യൂബ് സെറ്റുകൾ സ്ഥാപിക്കുവാനും നിലവിലുള്ള ബൾബുകൾ മാറ്റി ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കുവാനും ശ്രദ്ധിക്കണം. ഇക്കാര്യത്തിൽ പരിസരവാസികളുടെ സാമ്പത്തിക സഹായങ്ങൾ തേടാവുന്നതാണ്.

ഉപയോഗിക്കാത്ത വൈദ്യുതിക്ക് തെരുവു വിളക്കുകളുടെ കണക്കിൽ പണം അടക്കുന്നത് ഒഴിവാക്കുവാൻ തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കണം.

വൈദ്യുതി എത്താത്ത ഭാഗങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിന് വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കണം.

അനർട്ടിൻെറ സഹായത്തോടെയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് വ്യാപകമായ പ്രവർത്തനം പഞ്ചായത്തിൽ നടപ്പിലാക്കുക. പരിഷത്ത് അടുപ്പുകൾ പ്രചരിപ്പിക്കുവാൻ ആവശ്യമായ നടപടികൾ നടപ്പിലാക്കുക.

സൗരോർജ്ജം ഉപയോഗപ്പെടുത്തിയുള്ള തെരുവു വിളക്കുകൾ സ്ഥാപിക്കുക. ഗാർഹിക മേഖലയിൽ സൗരോർജ്ജം ഉപയോഗപ്പെടുത്തുവാൻ പ്രചരണം നൽകുക.

അനുബന്ധം - 10

നെല്ലിക്കുഴി ഗ്രാമ പഞ്ചായത്ത്

10.1 വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

1. നിലവിലുള്ള ഉപഭോക്താക്കൾ 4650
   a) ഗാർഹികം 4127
   b) വ്യാപാരം 137
   c) വ്യവസായികം 100
   d) കാർഷികം 296

2. കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം
   a) Ordinary 97 അവസാനം നൽകിയ
   b) OTP- കണക്ഷൻെറ അപേക്ഷാതീയതി
   c) OYEC 8 .....
   10-08-96

3. സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം 355
   a) ബൾബ് 25 W... 40W.. 60 W... 100W..329
   b) ട്യൂബ് 26
   c) മെർക്കുറി വേപ്പർ- ഇല്ല
   d) സോഡിയം വേപ്പർ- ഇല്ല

4. ആകെ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ: 5

5. തൻ വർഷത്തെ കണക്ഷൻ:
   Ordinary
   OTP-
   OYEC 2

6. പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന LT ട്രാൻസ്ഫോർമറുകളുടെ പേരുകൾ.

1.	റാഡോ	7.	പ്ലൈവുഡ്	13.	ബാബു കമ്പനി
2.	കനാൽ	8.	ഭാരത് ഗ്രാനറ്റ്സ്	14.	ചെറുവട്ടൂർ കവല
3.	യച്ചിത്തൊണ്ട്	9.	സി. പി. ഡേവിഡ	15.	മുണ്ടേത്തിപ്പടി
4.	നെല്ലിക്കുഴി കമ്പനി	10.	കമ്പനിപ്പടി(മാച്ച്)	16.	ചെളിക്കുഴിത്തണ്ട്
5.	നെല്ലിക്കുഴി ടൗൺ	12.	കുരിയപ്പാറ	18.	തൃക്കാരിയൂർ കവല
15.	സി പി. ബാവ	19.	തൃക്കാരിയൂർ P.H.C	20.	ആയക്കാട്

7. സ്ട്രീറ്റ് ലൈറ്റിനുവേണ്ടി പ്രതിമാസം അടയ്ക്കുന്ന തുക 4237 രൂപ

10.2 ഹരിജൻ കോളനി വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ


വാർഡ് നമ്പർ	ഹരിജൻ കോളനികളുടെ പേര്	വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങൾ (എണ്ണം)	സൗജന്യ സ്ലാബിൽ വൈദ്യു. ഉപ. എണ്ണം	പണം നൽകി വൈദ്യുതി കണ: ലഭിക്കുന്ന കുടു. എണ്ണം
	കുപ്പശ്ശേരി മോളം	100		
	പാഴൂർ മോളം	20		
	പുലിക്കുന്നത്ത് മോളം	35	5	30
	യെച്ചിത്തൊണ്ട് നായ്ക്കൻ കോളനി	25	10	15
	314 ഹരിജൻ കോളനി	15	6	9

മാർക്കറ്റ്

നമ്മുടെ പഞ്ചായത്തിൽ കർഷകർ ഉൽപാദിപ്പിക്കുന്ന സാധനങ്ങൾ വാങ്ങുന്നതിനോ വിൽക്കുന്നതോ ആയ പൊതു മാർക്കറ്റ് സൗകര്യം നിലവിലില്ല. പഞ്ചായത്തിനോട് തൊട്ടടുത്തു കിടക്കുന്ന കോതമംഗലം മൂവാറ്റുപുഴ പെരുമ്പാവൂർ എന്നീ നഗരസഭകളിലെ മാർക്കറ്റുകളേയാണ് ഇപ്പോൾ ആശ്രയിക്കുന്നത്.

ദിവസവും രാവിലെ മറ്റു സ്ഥലങ്ങളിൽ നിന്നും നെല്ലിക്കുഴിയിൽ മൊത്തക്കച്ചവടക്കാർ പച്ച മൽസ്യം കൊണ്ടുവരുന്നുണ്ട്. ചെറുകിട കച്ചവടക്കാർ താലൂക്കിന്റെ വിവിധ ഭാഗങ്ങളിലേക്ക് സൈക്കിളുകളിൽ മൽസ്യം കൊണ്ടുപോകുന്നത് ഇവിടെ നിന്നാണ്. നെല്ലിക്കുഴി കവലക്ക് സമീപമുള്ള ബൈപ്പാസ് റോഡിലാണ് ഈ വിൽപ്പന നടന്നുവരുന്നത്. ഇത് പരിസര മലിനീകരണത്തിനും ഗതാഗത കുരുക്കിനും ഇടവരുത്തുന്നുണ്ട്. പരിസരവാസികൾക്ക് വളരെയേറെ ബുദ്ധിമുട്ടുകൾ ഇതുണ്ടാക്കുന്നുണ്ട്.

പഞ്ചായത്തിലെ വഴിയോരങ്ങളിലാണ് ഇപ്പോൾ ഇറച്ചിവെട്ടും വിൽപ്പനയും നടക്കുന്നത്. ശാസ്ത്രീയമായ രീതിയിൽ വേണ്ടത്ര വൈദ്യപരിശോധനക്ക് വിധേയമായ മൃഗങ്ങളെയല്ല ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. ഇറച്ചിവെട്ടിനു ശേഷമുള്ള അവശിഷ്ടങ്ങൾ സംസ്ക്കരിക്കുന്നതിന് ആവശ്യമായ സ്ഥലസൗകര്യങ്ങൾ ഇല്ലാത്തത് പരിസരമലിമീകരണത്തിനും പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്നതിനും ഇടയാക്കുന്നുണ്ട്.





5

പാർപ്പിടവും സാമൂഹ്യക്ഷേമവും

'പാർപ്പിടം' മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിൽ ഒന്നാണ്. ഗുഹകളിലും മരക്കൊമ്പുകളിലും പ്രകൃതിശക്തികളിൽ നിന്നും വന്യജീവികളിൽ നിന്നും അഭയം തേടിയ മനുഷ്യൻ മണ്ണിൽ പണിത പാർപ്പിടങ്ങളിലേക്ക് എത്തിച്ചേർന്ന പ്രക്രിയക്ക് ചരിത്രപരമായ മാനങ്ങളുണ്ട് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന നമ്മുടെ ഗ്രാമത്തിൽ മണ്ണിൽ നിർമ്മിച്ച് വൈക്കോൽ, പുല്ല്, ഓല എന്നിവകൊണ്ട് മേഞ്ഞ കുടിലുകളായിരുന്നു മുമ്പ് ഉണ്ടായിരുന്നത്. ആ സ്ഥാനത്ത് രണ്ടുനില വാർക്ക കെട്ടിടങ്ങൾ ഉൾപ്പെടെ കുറേശ്ശെയായി വന്നുകൊണ്ടിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ ആകെ 7702 വീടുകൾ ഉണ്ട്. ഇതിൽ 6123 ഓടുമേഞ്ഞ കെട്ടിടങ്ങളും 1031 കോൺക്രീറ്റ് കെട്ടിടങ്ങളും 207 കുടിലുകളുമാണ് ഉള്ളത്. കോൺക്രീറ്റ് വീടുകളിൽ 7% ത്തോളം ഇരുനില കെട്ടിടങ്ങളാണ്. ഓടുമേഞ്ഞ വീടുകളിൽ 30% കുടിലുകൾക്ക് സമാനവും 37% തേപ്പ് പൂർത്തിയാക്കാത്തതും 33% പണി പൂർത്തിയായവയുമാണ്. വീടുകളുടെ വാർഡുകൾ തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.

പട്ടിക 1

കെട്ടിടങ്ങളെ സംബന്ധിച്ച വിവരം

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം	ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം	മേൽപ്പുരയുടെ സ്വഭാവം ഒരു നിലയുടെ കെട്ടിടങ്ങൾ				ഭവനരഹിതരായവർക്ക് ഇനിയും ആവശ്യമായ വീടുകളുടെ എണ്ണം
			കോൺക്രീറ്റ്	ഓട്	ഓല	മറ്റുള്ളവ	
I	728	7	104	612	9	3	125
II	687	4	63	604	13	7	110
III	595	8	74	510	7	4	90
IV	657	2	69	578	4	6	118
V	576	7	112	448	13	3	79
VI	792	16	274	460	42	16	150
VII	667	3	78	564	16	9	110
VIII	612	13	183	406	9	14	96
IX	563	17	64	486	6	7	87
X	566	6	87	469	2	8	85
XI	674	5	103	566	3	2	80
XII	585	4	161	420	1	3	75
ആകെ	7702	92	1372	6123	125	82	1205

സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന ചെറു നുനപക്ഷം ആർഭാടമായി കോൺക്രീറ്റു സൗധങ്ങൾ നിർമ്മിക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നുണ്ട്. റോഡുകൾ ക്കരികിലാണ് ഇത്തരം വീടുകൾ കൂടുതലായി നിർമ്മിക്കു ന്നത്. നെൽപ്പാടങ്ങൾ നികത്തി പാർപ്പിടങ്ങൾ നിർമ്മിക്കുന്ന പ്രവണത പഞ്ചായത്ത് അതിർത്തിക്കുള്ളിൽ അവിടവിടെ കണ്ടുവരുന്നു. പാർപ്പിടത്തെ ഒരു ആഢംബര വസ്തുവാക്കി കണക്കാക്കി നിർമ്മിക്കുന്ന രീതി ഇടത്തരക്കാരുടെയിടയിൽ ഒരു ഭ്രമമായി തീർന്നിട്ടുണ്ട്.

ജനസാന്ദ്രയേറിയ നമ്മുടെ പഞ്ചായത്തിൽ ഭവനരഹിതരുടെ എണ്ണം വർഷം തോറും പെരുകുകയാണ്. ഇവരെ ലക്ഷ്യമാക്കി കെട്ടിടങ്ങൾ നിർമ്മിച്ച് വാടകയ്ക്ക് കൊടുക്കുന്ന സമ്പ്രദായം പഞ്ചായത്തിൽ ദൃശ്യമാണ്. നഗരപ്രാന്തമായതിനാലും പശ്ചാത്തലസൗകര്യം കൂടുതലു ള്ളതിനാലും ഇതരപ്രദേശങ്ങളിൽ നിന്ന് ധാരാളം ആളുകൾ ഈ പഞ്ചായത്തിന്റെ മുഖ്യ കേന്ദ്രങ്ങളിലേയ്ക്ക് കുടിയേറി പാർക്കുന്നുത്. ഭവനരഹിതരുടെ പട്ടിക നീളുന്നതിന് ഇടയാക്കിയിട്ടുണ്ട്. ഈ പഞ്ചായത്തിലെ ഭവനരഹിതരുടെ വാർഡ് തിരിച്ചുള്ള എണ്ണം പട്ടിക ഒന്നിൽ ചേർത്തിട്ടുണ്ട്.

സർക്കാർ ഏജൻസികൾ മുഖേന ദുർബല വിഭാഗങ്ങൾക്കായി അൻപതോളം വീടുകൾ പഞ്ചായത്തിൽ പണികഴിപ്പിച്ചിട്ടുണ്ട്. ഈ രംഗത്ത് സാധാരണക്കാരുടെ പരിമിതികളെ പൂർണ്ണമായി അറിഞ്ഞ് പ്രവർത്തിക്കുന്ന യാതൊരു സംവിധാനവുമില്ല.

വീട് നിർമ്മാണത്തിനായി കോതമംഗലത്ത് പ്രവർത്തിക്കുന്ന കോതമംഗലം ഹൗസിംങ്ങ് സഹകരണ സംഘത്തിന്റെ പ്രവർത്തനമേഖലയിൽ ഉൾപ്പെട്ടതാണ് നമ്മുടെ പഞ്ചായത്ത്. 2 ലക്ഷം രൂപ വരെ സംഘത്തിൽ നിന്നും വായ്പയായി നൽകുന്നുണ്ട്. അവിടെ നിന്നും വായ്പ എടുത്ത് 50 വീടുകൾ നമ്മുടെ പഞ്ചായത്ത് അതിർത്തിയിൽ പണി കഴിപ്പിച്ചിട്ടുണ്ട്. സർക്കാർ ജീവനക്കാരും മറ്റ് സ്ഥിര വരുമാനമുള്ള ആളുകളുമാണ് ഇത്തരത്തിൽ വായ്പ എടുത്ത് വീട് നിർമ്മിച്ചിട്ടുള്ളത്. കേരളാ സ്റ്റേറ്റ് ഹൗസിങ്ങ് ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്ത് വീടുകൾ പണിയുന്നു. ചില വാണിജ്യ ബാങ്കുകളിൽ നിന്നും കുറ്റിലഞ്ഞി സഹകരണസംഘത്തിൽ നിന്നും പാർപ്പിട നിർമ്മാണ വായ്പകൾ കുറഞ്ഞ തോതിൽ വിതരണം ചെയ്യുന്നുണ്ട്.

കുറ്റിലഞ്ഞി സർവീസ് സഹകരണ ബാങ്ക് വഴി ജില്ല സഹകരണ ബാങ്കിന്റെ ഫണ്ടിൽ നിന്നും താഴ്ന്ന വരുമാനക്കാർക്കായി 93-94 -ലും 94-95 -ലും വീടുകൾ പണിയുന്നതിനായി വായ്പ നൽകുകയുണ്ടായി . തൻ വർഷം ടി വായ്പ ജില്ല ബാങ്കിൽ നിന്നും ലഭ്യമായിട്ടില്ല. കോതമംഗലം മുവാറ്റുപുഴ കാർഷിക സഹകരണ ബാങ്കിൽ നിന്നും 94-95 വരെ ഭവന നിർമ്മാണ വായ്പ നൽകിയി രുന്നുവെങ്കിലും ഇപ്പോൾ നിർത്തിവച്ചി രിക്കുകയാണ് കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എൻറർ പ്രൈസസിന്റെ കോതമംഗലം ബ്രാഞ്ചിൽ നിന്നും വീട് നിർമ്മാണത്തിനായി വായ്പ നൽകിവരുന്നുണ്ട്. മേൽപ്പറഞ്ഞ എല്ലാ വായ്പ ഏജൻസികളും സ്ഥിര വരുമാനമുള്ള ജന വിഭാഗങ്ങളെ ഉദ്ദേശിച്ചാണ് പ്രവർത്തിക്കുന്നത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന നമ്മുടെ പഞ്ചായത്തിലെ ഭവനരഹിതരെ സംബന്ധിച്ചിടത്തോളം ഇത്തരം പദ്ധതികൾ ബാലികേറാമലയായി നിലകൊള്ളുന്നു.

പഞ്ചായത്തിലെ എല്ലാ പട്ടികജാതി ലക്ഷം വീട് കോളനികളിലും എല്ലാവർക്കും വാസയോഗ്യമായ പാർപ്പിടം ഇനിയും എത്രയോ അകലെയാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. പഞ്ചായത്തിലെ ബഹുഭൂരിപക്ഷം കോളനികളും പാറക്കെട്ടുകൾ നിറഞ്ഞ ഇയർന്ന ഉൾപ്രദേശ ങ്ങളിലാണ്. ചില അംഗീകൃത പട്ടികജാതി കോളനികളിൽ വിവിധ സഹായപദ്ധതിയിലൂടെ വീടുകൾ നിർമ്മിച്ചു എങ്കിലും കാലാകാലങ്ങളിൽ അറ്റകുറ്റ പണികൾ നടത്തു വാൻ കഴിയാത്തതുകൊണ്ട് മിക്കവയും കുടിലുകൾക്ക് സമാനമായി മാറിയിരിക്കുന്നു. പട്ടികജാതി സെറ്റിൽമെൻറ് കോളനികളുള്ള സംബന്ധിച്ച വിവരങ്ങൾ '' പട്ടികജാതി പട്ടികവർഗ്ഗക്ഷേമം'' എന്ന ഭാഗത്ത് വിശദമായി പ്രതിപാ ദിക്കുന്നുണ്ട്. –

നിർമ്മാണ സാമഗ്രികളായ പാറക്കല്ല്, ചെങ്കല്ല് എന്നിവ നമ്മുടെ പഞ്ചായത്തിൽ ലഭ്യമാണ്. നല്ലയിനം ചെങ്കല്ല് അമിതമായ ഉപയോഗം മൂലം കുറഞ്ഞുവരുന്നുണ്ട്. നമ്മുടെ പഞ്ചായത്തിനെ ബാധിച്ച വ്യാപകമായ വന നശീകരണ പ്രക്രിയ കെട്ടിട നിർമ്മാണത്തിന് ഉപയോഗി ച്ചിരുന്ന തേക്ക്, ആഞ്ഞിലി, പ്ലാവ്, മാവ് തുടങ്ങി യവയുടെ ദൗർലഭ്യത്തിന് ഇടയാക്കി. മര ഉരുപ്പിടികൾക്ക് പകരം കോൺക്രീറ്റ് ഉപയോഗിച്ചുള്ള ജന്നൽ, കട്ടിള തുടങ്ങിയവ യാണ് ഉപയോഗിക്കുന്നത്. പഞ്ചായത്തിലെ സ്വകാര്യ വ്യക്തി കൾ നടത്തുന്ന ഹോളോബ്രിക്സ് സ്ഥാപനങ്ങളെയാണ് ഉപഭോക്താക്കൾ ആശ്രയിക്കുന്നത്. പുര മേയുന്നതിനാ വശ്യമായ ഓടുകൾ ദൂരസ്ഥലങ്ങളിൽ നിന്ന് കൊണ്ടുവരുക യോ ഇടനിലക്കാരെ ആശ്രയിക്കുകയോ ആണ് ചെയ്യുന്നത്.

രാജസ്ഥാൻ പോലുള്ള സംസ്ഥാനങ്ങളിൽ നിന്നും മാർബിൾ പോലുള്ള ആഢംബര സാമഗ്രികൾ വൻതുക മുടക്കി ഇറക്കുമതി ചെയ്യുന്ന പ്രവണത ഇടത്തരം വിഭാഗങ്ങളിൽ പോലും കൂടിവരുന്നു. മാർബിളുകളും ചിപ്സുകളും വിൽക്കുന്ന രണ്ട് സ്വകാര്യ സ്ഥാപനങ്ങൾ അടുത്തയിടെ തുറന്നിട്ടുണ്ട്.

കെട്ടിട നിർമ്മാണ രംഗത്തേയ്ക്ക് ഇതരമേഖലയിൽ നിന്നുള്ള തൊഴിലാളികളുടെ കടന്നുകയറ്റമുണ്ടെങ്കിലും വൈദഗ്ധ്യം ലഭിച്ചിട്ടുള്ള തൊഴിലാളികൾ തീരെ കുറവാണ്. തമിഴ്നാട്ടിൽ നിന്നും വളരെയേറെ ആളുകൾ ഈ പ്രദേശത്തു വന്ന് നിർമ്മാണരംഗത്ത് ജോലി ചെയ്തു വരുന്നുണ്ട്.

പാരമ്പര്യമായി ലഭിച്ച തച്ചുശാസ്ത്ര വിജ്ഞാനം അനന്തര തലമുറകളിലേയ്ക്ക് പകരുന്നതിൽ വന്ന അക്ഷന്തവ്യ പൂർണ്ണമായ തെറ്റ് പുതിയ തലമുറയിൽപ്പെട്ട വിദഗ്ദ്ധരെ വാർത്തെടുക്കാൻ സാധിക്കാതെ പോയി. താരതമ്യേന ഉയർന്ന കൂലി നിരക്ക് ഈ മേഖലയിൽ ഉണ്ട്. 100 മുതൽ 200% വരെ വർദ്ധന കഴിഞ്ഞ 10 വർഷംകൊണ്ട് ഉണ്ടായിട്ടുണ്ട്. കോൺക്രീറ്റ് കെട്ടിട നിർമ്മാണരംഗത്ത് പഴയകാലങ്ങളെ അപേക്ഷിച്ച് പരമ്പരാഗതമായി കെട്ടിട നിർമ്മാണ തൊഴിലാളികളല്ലാതിരുന്നവരും കൂലി നിരക്കിലെ ആകർഷണീയത മൂലം നവാഗതരായി എത്തിച്ചേർന്നിട്ടുണ്ട്. സ്ത്രീ തൊഴിലാളികൾ ഈ രംഗത്ത് പൊതുവെ മെക്കാട് പണിയിലാണ് വ്യാപൃതരായിട്ടുള്ളത്. കൂലി നിരക്കിൽ സ്ത്രീ പുരുഷ വിവേചനമുണ്ട്.

പട്ടിക 2

കെട്ടിട നിർമ്മാണ രംഗത്തെ ശരാശരി കൂലിനിരക്ക്

ഇനം	പുരുഷൻ	സ്ത്രീ
മരപണി	150	-
മെയ്സൺ	150	-
മെയ്ക്കാട്	120	90
കോൺക്രീറ്റ്	150	125
പെയിൻറിംഗ്	100	-
ചെങ്കല്ല് വെട്ടിചെത്ത്	500 (100ന്)	-

പ്രശ്നങ്ങൾ

* ഭൂരഹിതർക്ക് പാർപ്പിടം നിർമ്മിക്കുവാനാ വശ്യമായ ഭൂമിയുടെ ദൗർലഭ്യവും കനത്ത വിലയും.
* നിർമ്മാണസാമഗ്രികൾക്കുണ്ടാകുന്ന അടിക്കടി യുള്ള വിലക്കയറ്റം.
* വിദഗ്ധ തൊഴിലാളികളുടെ ദൗർലഭ്യം.
* വായ്പകൾ തരപ്പെടുത്തുവാനുള്ള പ്രയാസം.
* ഔദ്യോഗിക രംഗത്തെ കാലതാമസം.
* ചിലവു കുറഞ്ഞ വീടു നിർമ്മിക്കുന്നതിനുള്ള വിദഗ്ധരുടെ ദൗർലഭ്യം.
* മരം, ചെങ്കല്ല് തുടങ്ങിയവയുടെ ലഭ്യത കുറവ്.
* അശാസ്ത്രീയമായ നിർമ്മാണ രീതി മൂലമുണ്ടാ കുന്ന ആരോഗ്യ പാരിസ്ഥിതിക പ്രശ്നങ്ങൾ.
* അടിസ്ഥാന സൗകര്യങ്ങളില്ലാത്ത കോളനികൾ.

സാധ്യതകൾ

* ഉള്ള ഭൂമി കൂടുതൽ പേർക്ക് ഉപയോഗിക്കുന്നതിനു വേണ്ടി സഹകരണ മേഖലയിൽ ഫ്ളാറ്റുകളുടെ നിർമ്മാണം.
* ഉയർന്ന നിർമ്മാണ ചെലവ് വരുന്ന കെട്ടിടങ്ങൾക്ക് ബഹുമുഖ നികുതി ഏർപ്പെടുത്തുക.
* കോളനികൾക്കുവേണ്ടി തുക ചെലവഴിക്കുമ്പോൾ പൊതു സ്ഥിതിയെ അടിസ്ഥാനമാക്കി ആസൂത്രണം നടത്തുക.
* പുതിയ ഹൗസിംഗ് കൺസ്ട്രഷൻ സൊസൈറ്റി രൂപീകരിക്കുക.
* നിർമ്മിതി കേന്ദ്രത്തിലൂടെ വിദഗ്ധ തൊഴിലാളികളെ പരിശീലിപ്പിച്ചെടുക്കുക.
* ബ്ലോക്ക് അടിസ്ഥാനത്തിൽ നിർമ്മിതി കേന്ദ്രത്തിന്റെ ആഫീസ് തുറക്കുക.
* വായ്പാ നിബന്ധനകൾ ലഘൂകരിക്കുക.
* കോൺക്രീറ്റ് ഉപയോഗം പരമാവധി കുറയ്ക്കുക.
* കോൺക്രീറ്റ് വെയിറ്റിംഗ് ഷെഡുകളുടെ നിർമ്മാണം നിരുൽസാഹപ്പെടുത്തുകയും വിസ്തൃത മായ തണൽവൃക്ഷങ്ങളെ ആശ്രയിക്കുകയും ചെയ്യുക.
* ജൈവവേലികൾ നിർമ്മാണം പ്രചരിപ്പിക്കുക.
* ദുർബല ജനവിഭാഗങ്ങൾക്കുള്ള സഹായപദ്ധതിയുടെ മാനദണ്ഡം സാമ്പത്തികാടിസ്ഥാനത്തിൽ ആക്കുക.
* വിവിധ ഏജൻസികളുടെ പാർപ്പിട നിർമ്മാണ പദ്ധതികൾ ഏകോപിപ്പിക്കുക.
* കെട്ടിട നിർമ്മാണ സാമഗ്രികൾ കുറഞ്ഞവിലക്ക. ലഭ്യമാക്കുവാനുള്ള സംവിധാനം ബ്ലോക്കു തലത്തിൽ ബ്ലോക്കു പഞ്ചായത്ത് ഏർപ്പെടുത്തുക.
* കെട്ടിടങ്ങളുടെ അറ്റകുറ്റ പണികൾക്കുവേണ്ടി യുള്ള ധനസഹായ പദ്ധതി .

സാമൂഹ്യക്ഷേമം

ജനസംഖ്യയുടെ 35% മുതൽ 40% വരെ ദരിദ്ര ജനവിഭാഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു പഞ്ചായത്താണ് നമ്മുടേത്. വിവിധ സർക്കാർ വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന ദാരിദ്ര നിർമാർജ്ജന പദ്ധതികളും ക്ഷേമപ്രവർത്തനങ്ങളും മാത്രമാണ് ആ വിഭാഗത്തിന് തെല്ലൊരു ആശ്വാസം. IRDP, DWCRA വിവിധ പെൻഷ നുകൾ ക്ഷേമ നിധികൾ തുടങ്ങിയവയുടെ ഉപഭോക്താക്കൾ നമ്മുടെ പഞ്ചാത്തിലുണ്ട്.

ദാരിദ്ര നിർമാർജ്ജനത്തിന് IRDP പോലുള്ള പദ്ധതികൾ സാമൂഹ്യക്ഷേമ വകുപ്പിലൂടെ പഞ്ചായത്ത് മുഖാന്തിരം നടപ്പാക്കുന്നു.ഒരു വർഷത്തിൽ ശരാശരി 10 കുടുംബങ്ങൾക്കു മാത്രമാണ് നമ്മുടെ ഗ്രാമത്തിൽ പദ്ധതിയുടെ ഗുണം ലഭിക്കാറുള്ളു. കുറ്റിലഞ്ഞി സർവ്വീസ് സഹകരണ ബാങ്ക്, യൂണിയൻ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, കാനറ ബാങ്ക് തുടങ്ങിയവയുടെ കോതമംഗലം ശാഖകളുടെയും ധനലക്ഷ്മി ബാങ്ക് തൃക്കാരിയൂർ ശാഖയുടേയും സർവ്വീസ് മേഖലയിൽ പെടുന്നതാണ് നമ്മുടെ പ്രദേശം.നമ്മുടെ പഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് അവരവർക്ക് നിശ്ചയിക്കപ്പെട്ടിരിക്കുന്ന ബാങ്കുകളെ മാത്രമാണ് ധനസഹായത്തിന് ആശ്രയിക്കുവാൻ കഴിയുകയുള്ളു. ഇക്കാര്യത്തിൽ തൃക്കാരിയൂർ ധനലക്ഷ്മി ബാങ്കിന്റെ അലംഭാവം കൊണ്ട് 10,11 വാർഡുകളുലെ ദരിദ്ര ജനവിഭാഗങ്ങൾക്ക് ഈ പദ്ധതികൾ പ്രകാരമുള്ള വായ്പകൾ ലഭിക്കാതെ പോകുന്നുണ്ട്. ഏതുവിധേനയും പദ്ധതി ലക്ഷ്യം കൈവരിക്കുക ഏന്ന സമീപനം അർഹതയുള്ളവർക്ക് മുൻഗണന ക്രമത്തിൽ സഹായം ലഭിക്കുന്നതിന് തടസമാകുകയും അനർഹർ ഗുണഭോക്താക്കളായി മാറുകയും ചെയ്യുന്ന ഒരു സ്ഥിതി വിശേഷമാണ് നിലവിലുള്ളത്.

പട്ടിക 3

1995 -96 ൽ സാമൂഹ്യക്ഷേമ വകുപ്പു മുഖേന നടപ്പിലാക്കിയ ക്ഷേമ പരിപാടികളുടെ വിവരങ്ങൾ

	ലോൺ തുക	സബ്സിഡി	ഉപഭോക്താക്കളുടെ എണ്ണം
IRDP	406,080	135360	28
DWCRA	77500	28000	7
പാർപ്പിടം	-	191800	18
കക്കൂസ്	-	31450	16

സർക്കാരിന്റെ വിവിധ വകുപ്പുകൾ വഴി താഴെ കാണും പ്രകാരമുള്ള ക്ഷേമപ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിൽ നിലവിലുണ്ട്.

ക്ഷേമപ്രവർത്തനം	ഗുണഭോക്താക്കളുടെ എണ്ണം
1. കർഷകതൊഴിലാളി ക്ഷേമനിധി	1500
2. നിർമ്മാണ "	300
3. തെങ്ങുകയറ്റ "	25
4. തയ്യൽ	50
5. അഗതി /വിധവാ/വാർദ്ധകൃപെൻഷനുകൾ	122
6. വികലാംഗപെൻഷൻ	25
7. കർഷക തൊഴിലാളി പെൻഷൻ	95
8. തൊഴിലില്ലായ്മ വേതനം	322

പ്രസവം,മരണം, അപകടം, തുടങ്ങിയ അടിയന്തര ആവശ്യങ്ങൾക്ക് ക്ഷേമനിധികളിൽ നിന്നും സഹായം ലഭ്യമാക്കുവാൻ അതാത് തൊഴിലാളി സംഘടനകൾ പ്രത്യേകം ശ്രദ്ധവയ്ക്കുന്നുണ്ട്. ഇത്തരം ക്ഷേമപ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിൽ കൂടുതൽ വ്യാപിപ്പിക്കേണ്ടതായിട്ടുണ്ട്.

പ്രശനങ്ങളും സാധ്യതകളും

- വിവിധ പെൻഷനുകൾ കിട്ടുന്നതിന് കാലതാമസം അനുഭവപ്പെടുന്നു.
- വികലാംഗർക്ക് യാത്രാബത്ത ലഭിക്കുന്നില്ല.
- വികലാംഗ വിദ്യാർത്ഥികൾക്കുള്ള കേന്ദ്രസ്കോ ളർഷിപ്പ് ഏർപ്പെടുത്തണം
- വികലാംഗർക്ക് തൊഴിൽ പരീശീലന കേന്ദ്രങ്ങൾ നിലവിലില്ല.
- ബുദ്ധിമാന്ദ്യം സംഭവിച്ചവർക്ക് സ്കോളർഷിപ്പ് ഏർപ്പെ ടുത്തുക.
- വികലാംഗരെ സംരക്ഷിക്കുന്നതുനുള്ള പ്രത്യേക ഭവനങ്ങൾ ഏർപ്പെടുത്തുക.
- വികലാംഗർക്ക് വിവിധ ഉപകരണങ്ങൾ നൽകുക
- വികലാംഗർ ഉപയോഗിക്കുന്നസ്വന്തം വാഹനങ്ങൾക്ക് ഇന്ധനം സബ്സീഡിനിരക്കിൽ നൽകുക.
- അന്ധർ ബധിരർ എന്നിവർക്ക് പ്രത്യേകം സ്കൂളുകൾ ബ്ലോക്ക് അടിസ്ഥാനത്തിൽ തുടങ്ങുക

- ബ്ലോക്ക് അടിസ്ഥാനത്തിൽ അഗതി മന്ദിരങ്ങളും,യാചക മന്ദിരങ്ങളും സ്ഥാപിക്കുക.
- അന്ധർക്ക് സ്വയം തൊഴിൽ കണ്ടെത്തനുള്ള പദ്ധതികൾ ആരംഭിക്കുക.
- പെൻഷനുകൾ അനുവദിക്കുന്നതിനുള്ള വരുമാന പരിധി ഉയർത്തുക.
- മിശ്രവിവാഹിതർക്ക് സ്വയം തൊഴിൽ കണ്ടെത്താനുള്ള പദ്ധതിയാരംഭിക്കുക.
- ദുർബല ദരിദ്രജനവിഭാഗങ്ങൾക്ക് പുരകെട്ടി മേയലിന് ധനസഹായപദ്ധതി തയ്യാക്കുക.
- വിധവകളുടെ പെൺമക്കൾക്ക് വിവാഹധന സഹായത്തിനുള്ള പടപടിക്രമം ലളിതമാക്കുകയും ധനസ ഹായ തുക വർദ്ധിപ്പിച്ച് യഥാസമയത്ത് ലഭ്യമാക്കുമെന്നവ് ഉറപ്പ് വരുത്തുക.
- പഞ്ചായത്തിൽ പൊതു ശ്മശാനം ഉണ്ടാക്കുക.
- ബ്ലോക്ക് അടിസ്ഥാനത്തിൽ ഒരു ഇലക്ട്രിക് ക്രമേറ്റർ സ്ഥാപിക്കുക.
- വിവിധ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി യുള്ള ബോധവൽക്കരണ പരിപാടികൾ ആരംഭിക്കുക.
- പരിസ്ഥിതി സംബന്ധമായ ബോധവൽക്കരണ പരിപാടികൾ ആരംഭിക്കുകയും നേഴ്സറികളെ പ്രോൽസാ ഹിപ്പിക്കുകയും ചയ്യുക.
- ഉപഭോക്തൃ സംരക്ഷണനിയമത്തെപ്പറ്റിയുള്ള ബോധവൽക്കരണം നടത്തുക.
- പ്രകൃതി ക്ഷോഭം മൂലം കഷ്ടതയനുവേി ക്കുന്നവർക്ക് അടിയന്തര സഹായം എത്തിക്കാനുള്ള പദ്ധതി നടപ്പിലാക്കുക.
- ബ്ലോക്ക് അടിസ്ഥാനത്തിൽ ഒരു അനാഥാലയം ആരംഭിക്കുക.
- സാമൂഹിക നിയമങ്ങളെക്കുറിച്ച് ബോധവൽ ക്കരണം നടത്തുകയും നിയമ സഹായവേദികൾ രൂപീ കരിക്കുക.
- നിർദ്ധനരായ സ്ക്കൂൾ കുട്ടികൾക്ക് ആഹാരം, വസ്ത്രം,പഠനോപകരണങ്ങൾ എന്നിവ കൊടുക്കാനു വാനുള്ള പദ്ധതികൾ നടപ്പിലാക്കുക.
- ഉച്ചക്ഷേണ പരിപാടികൾ വ്യാപകമാക്കുക.
- ബ്ലോക്ക് അടിസ്ഥാനത്തിൽ വൃദ്ധസദനം സ്ഥാപിക്കുക.
- മരണം,വിവാഹം തുടങ്ങിയ ആവശ്യങ്ങൾക്ക് ദുർബലരെ സഹായിക്കാൻ ഉതകുന്ന ചാരിറ്റബിൾ സൊസൈറ്റികൾ ആരംഭിക്കുക.
- രക്തദാന ഫോറങ്ങൾക്ക് ധനസഹായങ്ങൾ നൽകുക.
- PMRY പദ്ധതിക്ക് ഓരോ ബാങ്കിനും ടാർജറ്റ് നിശ്ചയിക്കുകയും അവ ലക്ഷ്യം നേടിയെന്ന് ഉറപ്പുവരു ത്തുകയും ചെയ്യുക. മോണിറ്ററിംഗ് സംബന്ധിച്ച് ബ്ലോക്ക് തലത്തിൽ ജനപ്രതി നിധികളുടെ കമ്മറ്റി രൂപീകരിച്ച് നടപടി സ്വീകരിക്കുക.
- DWCRA യൂണിറ്റുകൾ എല്ലാ വാർഡുകളും ആരംഭിക്കുക.
- IRDP മേളകൾ ബ്ലോക്ക് തലത്തിൽ ആരം ഭിക്കുക.
- IRDP പദ്ധതി ഗ്രൂപ്പ് അടിസ്ഥാനത്തിൽ നടപ്പിലാക്കുക.
- തൊഴിലില്ലായ്മ വേതന ഉപഭോക്താക്കൾക്ക് തൊഴിൽ പരിശീലന പരിപാടികൾ ഏർപ്പെടിത്തുക.
- TRYSEM പരിശീലനം അഭിരുചിയനുസരിച്ച് നടത്തുക.കോടിക്കണക്കിന് രൂപാ ചെലവഴിച്ച് IRDP -യുടെ പൂർണ്ണ പ്രയോജനം ഉപയോഗപ്പെടുത്തുവാൻ ഉതകുന്ന TRYSEM പരിപാടി ശരിയായി പ്രയോജനപ്പെടുത്തുവാൻ ഔദ്യോഗിക ചുവപ്പ് നാടകൾ കൊണ്ടുള്ള കുരുക്കു മൂലം കഴിയുന്നില്ല. വൈദഗ്ധ്യ പോഷണ പരിപാടിയും അഗ്രോ സർവീസ് സെൻററുകളും വഴി ഇത് പ്രയോജനപ്പെടുത്തിയാൽ വൻ വിപ്ലവം ഈ രംഗത്ത് സൃഷ്ടിക്കാൻ ഉതകുന്നതാണ്. നടത്തുന്ന ചില കോഴ്സുകളുടെ ദൈർഘ്യം വർദ്ധിപ്പിക്കേണ്ടതാണ്



വർഷം	കാർഡുടമകളുടെ എണ്ണം			ഗുണഭോക്താക്കളുടെ എണ്ണം			പ്രതിവർഷം വിതരണം ചെയ്ത ഭക്ഷ്യ വസ്തുക്കൾ (കിൻറൽ)							മണ്ണെണ്ണ		
	NE	E	ആകെ	മേജർ (12 വയസിന് മേൽ)	മൈനർ (3- 12 വയസ്)	ആകെ	അരി എല്ലാം ഇനവും	ഗോതമ്പ്	റവ	മൈദ	പഞ്ചസാര	പാമോയിൽ	ആകെ	പെർമിറ്റുകളുടെ എണ്ണം	പെർമിറ്റ് വഴി വിതരണം ചെയ്തത് (ലി)	കാർഡ് വഴി വിതരണം ചെയ്തത് (ലി)
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17
1991-92	2420	3101	5521	25593	5722	28315	7942 (കി)	7942 (കി)	110 (കി)	55 (കി)	113.26 (കി)	ലഭ്യമല്ല	..	-	-	219624 (ലി)
1992-93	2438	3077	5515	21346	5525	26871	7521 (കി)	7521 (കി)	110 (കി)	55 (കി)	107.48 (കി)	..	..	3579	54252 (ലി)	220128 (ലി)
1993-94	2404	3237	5641	21328	5635	26963	7533 (കി)	7533 (കി)	112 (കി)	56 (കി)	107.85 (കി)	..	..	554	83502 (ലി)	221928 (ലി)
1994-95	2356	3219	5525	21000	5396	26396	7371 (കി)	7371 (കി)	110 (കി)	55 (കി)	105.58 (കി)	..	..	656	96444 (ലി)	218616 (ലി)
1995-96	1905	3695	5600	23403	5131	28534	8102 (കി)	8102 (കി)	112 (കി)	56 (കി)	114.14 (കി)	..	..	681	99828 (ലി)	202980 (ലി)



കുടിവെള്ളവും പൊതുജനാരോഗ്യവും

ആരോഗ്യരംഗത്ത് കേരളം മികച്ച നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്.പക്ഷേ, ഈ നേട്ടങ്ങൾ നിലനിർത്തുവാൻ നാം ഒട്ടേറെ പരിശ്രമിക്കേണ്ടി വരുമെന്ന് പൊതുജനാരോഗ്യ രംഗത്തെക്കുറിച്ച് സൂക്ഷ്മമായി വിശകലനം ചെയ്താൽ ബോദ്ധ്യമാകും. മരണ നിരക്ക് കുറഞ്ഞുകൊണ്ടിരിക്കുമ്പോൾതന്നെ, രോഗമുള്ളവരുടെ എണ്ണം വർദ്ധിച്ചു വരുന്നതായി പഠനങ്ങൾ തെളിയിക്കുന്നു. ഒരു സമൂഹത്തിന്റെ പൊതു ആരോഗ്യം നിലനിർത്താൻ അവശ്യം വേണ്ട ഘടകങ്ങൾ പോഷകാഹാരം, ശുദ്ധജലം, വൃത്തിയായ പരിസരം, രോഗപ്രതിരോധ പ്രവർത്തനങ്ങൾ, ചികിൽസാ സൗകര്യങ്ങൾ എന്നിവയാണ്. ശുദ്ധമായ കുടിവെള്ളത്തിന്റെ അപര്യാപ്തത, മലിനമായ പരിസരം എന്നിവമൂലമാണ് മലമ്പനി,ഛർദ്ദി, അതിസാരം, കോളറ മുതലായ രോഗങ്ങൾ ഉണ്ടാകാൻ പ്രധാന കാരണം. അടുത്തകാലത്തായി എലിപ്പനി, എൻസെഫലൈറ്റിസ് എന്നീ രോഗങ്ങൾ വ്യാപിക്കുന്നതായി കാണുന്നു. ഇത് നമ്മുടെ ആരോഗ്യ രംഗം നേരിടുന്ന ഗുരുതരമായ ഭീഷണിയെ സൂചിപ്പിക്കുന്നു. ഇതിന്റെ ഒരു പ്രധാന കാരണം പൊതുജനാരോഗ്യ സംവിധാനത്തിന്റെ തകർച്ചയാണെന്നു പറയാം. ദരിദ്രജന വിഭാഗങ്ങളിൽ നിന്നു പോലും ഒരു ന്യൂനപക്ഷമേ സർക്കാർ ചികിൽസാലയങ്ങളെ ആശ്രയിക്കുന്നുള്ളൂ.

കുടിവെള്ളം:-

പഞ്ചായത്തിലെ മുഖ്യകുടിവെള്ള സ്രോതസ് കിണറുകളാണ്. കുടിവെള്ളത്തിനായി 80% ജനങ്ങളും കിണറുകളെ ആശ്രയിക്കുന്നു. താരതമ്യേന ഉയർന്ന പ്രദേശങ്ങളിലും ചരിഞ്ഞ പ്രദേശങ്ങളിലും വർഷകാലങ്ങളിലൊഴികെ, കിണറുകളിൽ ജലം ലഭ്യമല്ല. ചില പ്രദേശങ്ങളിലെ ജനങ്ങൾക്ക് കുടിവെള്ളത്തിനായി 500 മീറ്ററിലധികം സഞ്ചരിക്കേണ്ടി വരുന്നുണ്ട്. പഞ്ചായത്തിലെ ജനസംഖ്യയുടെ 40% ശുദ്ധജലക്ഷാമം അനുഭവിക്കുന്നുണ്ട്.

കേരളാ വാട്ടർ അതോറിറ്റി നടപ്പാക്കിയിട്ടുള്ള 3 ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ പഞ്ചായത്തിലുണ്ട്. നെല്ലിക്കുഴി, തൃക്കാരിയൂർ, ചെളിക്കുഴിത്തണ്ട് എന്നീ പദ്ധതികൾ വഴി പൊതു ടാപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. മേൽപറഞ്ഞ പദ്ധതികൊണ്ട് 20% ജനങ്ങൾക്കു മാത്രമെ പ്രയോജനം ലഭിക്കുന്നുള്ളൂ. 11 കുഴൽ കിണറുകൾ വിവിധ വാർഡുകളിലായി സ്ഥാപിച്ചിട്ടുണ്ട്. രോഗികളിൽ ഏറിയ പങ്കും ജലജന്യ രോഗങ്ങൾ ബാധിച്ചവരാണ്.

ശുദ്ധജല വിതരണ പദ്ധതികൾ കൊണ്ട് രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന മാസങ്ങളിൽ പോലും വേണ്ടത്ര പ്രയോജനം ജനങ്ങൾക്ക് ലഭിക്കുന്നില്ല. ഓരോ പദ്ധതിയുടെയും ശേഷിക്ക് ആനുപാതികമായിട്ടല്ല പൈപ്പു ലൈനുകളും ടാപ്പുകളും അനുവദിക്കപ്പെട്ടിട്ടുള്ളത്. ടാങ്കുകൾ യഥാസമയം വൃത്തിയാക്കുകയോ പഴകി ദ്രവിച്ച പൈപ്പുകൾ മാറ്റി സ്ഥാപിക്കുകയോ പമ്പു ഹൗസിലെ ഫിൽറ്ററിംഗ് കാര്യക്ഷമമാക്കുകയോ ചെയ്യാത്തതു മൂലം ലഭിക്കുന്ന ജലം രോഗാണു മുക്തമല്ല. കുഴൽകിണറുകളിൽ മിക്കവയും കേടുപാടുകൾ മൂലം പ്രയോജനപ്പെടുന്നില്ല.

ജലസ്രോതസ്സുകൾ

പട്ടിക1

വാർഡ്	പൊതു കിണറുകൾ	കുഴൽകിണറുകൾ	ചിറകൾ
1	5	2	4
2	5	-	1
3	4	1	3
4	5	2	2
5	1	1	-
6	4	-	2
7	4	2	5
8	1	-	1
9	2	-	1
10	3	2	1
11	2	-	-
12	1	1	2

ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ

പട്ടിക2.

നെല്ലിക്കുഴി	തൃക്കാരിയൂർ	ചെളിക്കുഴിത്തണ്ട്	സ്കീം	പൊതു ടാപ്പുകൾ
1	1	1	R.W.S.S	169

വാഹനങ്ങളിൽ ജലമെത്തിക്കുന്ന പ്രദേശങ്ങൾ

പട്ടിക3.

വാർഡ്	സ്ഥലങ്ങൾ
I	ഉഴറംകുഴി, ഐ.കെ പടി, കൂരുവിതാപ്പാറ, പാറത്താഴം, താണോലിപടി
II	പട്ടളായി മോളം, ഐഹക്കോർട്ട് കവല, കക്ഷായീ
III	കാട്ടാംകുഴി, ഇടുപ്പക്കുഴി,
IV	കൂവത്തൂർ, ഓലിപ്പാറ, ചക്കുംചിറ, പാഴൂർമോളം,കുറ്റിലഞ്ഞി
V	കുർമ്മശ്ശേരി മോളം, ഞണക്കാട്ടു പടി, ലക്ഷം വീട്
VI	കുരുപ്പാറ, മുണ്ടയ്ക്കാപ്പടി, തർമ്മഗിരി വികാസ് കോളനി,ലക്ഷം വീട്
VII	എടപ്പാറ, മുതിരക്കാലായി, പൂക്കുഴിമോളം, പിറപ്പടി,പള്ളിപ്പടി, പാറപ്പാലി
VIII	എടയാലി, നഞ്ചേലിപ്പടി
IX	പുത്തൻകുടി, പെമ്പാറ, പാറത്താഴം, ഇറിഗേഷൻ, പൂലിക്കുന്നത്തുചാലി

കുടിവെള്ളം: -പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും (ഗ്രാമസഭാതലം)

1-ാം വാർഡ് :- കുരുവിനാപ്പാറ, ഊരംകുഴി പ്രദേശങ്ങളിൽ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു. നീലിച്ചിറയിൽ നിന്നും വെള്ളം പമ്പുചെയ്ത് ഉയർന്നപ്രദേശത്ത് ടാങ്കുകെട്ടി സംഭരിച്ച് കുരുവിനാപ്പാറ പ്രദേശത്ത് വിതരണം നടത്തുക . ഊരംകുഴി പാടത്ത് ഒരു കുളം കുഴിച്ച് വെള്ളം പമ്പുചെയ്ത് ഉയർന്നപ്രദേശത്ത് ടാങ്കുകെട്ടി സംഭരിച്ച് ഊരംകുഴി പ്രദേശത്ത് വിതരണം നടത്തുക . മുണ്ടോത്തിപ്പിടികയിൽ സ്ഥാപിച്ചിട്ടുള്ള പമ്പുസെറ്റ് ഉയോഗിച്ച് ഊരംകുഴി പട്ടികജാതിമോളം ഭാഗത്തേയ്ക്ക് വെള്ളം എത്തിക്കുക. കോട്ടച്ചിറ പദ്ധതിയുടെ ശേഷി വർദ്ധിപ്പിക്കുക.

2-ാം വാർഡ്:-

അടിവാട്ടു പാടത്ത് ഒരുകുളം കുഴിച്ച് വെള്ളം പമ്പു ചെയ്ത് കക്ഷായി ഭാഗത്ത് സംഭരിക്കുകയും കക്ഷായി, ഓലിൽ,ഊരംകുഴി ഭാഗങ്ങളിലെ കുടിവെള്ളക്ഷാമ പ്രദേശങ്ങളിൽ എത്തിക്കുകയും ചെയ്യുക.

3-ാം വാർഡ്:-

കൊറ്റിക്കൽ ഭാഗത്തെ സർക്കാർ സ്ഥലത്ത് കിണർ കുഴിച്ച് ടി പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുക. കുടിവെള്ളക്ഷാമുള്ള കാട്ടാംകുഴിപ്പടി, ഓലിക്കുന്ന്, പാറേപ്പീടിക എന്നീ പ്രദേശങ്ങളിൽ കുഴൽ കിണറുകൾ സ്ഥാപിക്കുക. ഇടുപ്പക്കുന്ന് ഭാഗത്ത് ഒരു ടാങ്ക് നിർമ്മിച്ച്, ഇരമല്ലൂർ പാടത്തുനിന്നും വെള്ളം പമ്പുചെയ്യുന്നതിനുള്ള കുളം കുഴിച്ച് ഇടുപ്പക്കുന്നു ഭാഗത്തെ കുടിവെള്ളക്ഷാമത്തിന് പരിഹാരം ഉണ്ടാക്കുക.

4-ാം വാർഡ്:-

ഓലിപ്പാറ, പൂവത്തൂർ, പാഴൂർമോളം, പള്ളിപ്പടി എന്നീ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. നെല്ലിക്കുഴിയിൽ ഒരു വാട്ടർ ടാങ്ക് സ്ഥാപിച്ച് പൈപ്പു വഴി ടി സ്ഥലങ്ങളിൽ ജലമെത്തിക്കുക. പാഴൂർമോളം, പാറേപ്പീടിക, കുറ്റിലഞ്ഞി എന്നീപ്രദേശങ്ങളിൽ സ്ഥാപിബച്ചിട്ടുള്ള കുഴൽ കിണറുകളുടെ കേടുപാടുകൾ തീർക്കുക.

5-ാം വാർഡ്:-

മണക്കാട്ടുപടി, കുപ്പശ്ശേരിമോളം, ഇരമല്ലൂർ, മദ്രസ്സപ്പടി എന്നീപ്രദേശങ്ങളിൽ ജലക്ഷാമമുണ്ട്. കുപ്പശ്ശേരിമോളം കേന്ദ്രീകരിച്ച് ഒരു ചെറുകിട ജലവിതരണ പദ്ധതി ആരംഭിക്കുക. മണക്കാട്ടുപടി ഭാഗത്തേക്ക് നിലവിലുള്ള പദ്ധതിയിൽ നിന്നും പൈപ്പ് ലൈൻ ദീർഘിപ്പിക്കുക. ഇരമല്ലൂർ ചിറപ്പടി മുതൽ ഇരമല്ലൂർ റേഷൻകടപടി വരെ പൈപ്പ് ലൈൻ നിട്ടുക. ചുള്ളംകുളം വൃത്തിയാക്കി മദ്രസ്സപടി ഇടുപ്പക്കുന്ന് ഭാഗങ്ങളിലെ ജലക്ഷാമത്തിന് ആശ്വാസം നൽകുക.

6-ാം വാർഡ്:-

തട്ടുപ്പറമ്പ് കോളനി- മുണ്ടയ്ക്കാപ്പടി - കുഴൽ കിണർ സ്ഥാപിക്കുക. ഇടനാട് സെറ്റിൽമെൻറ് കോളനി, മുന്നുസെൻറ് സെറ്റിൽമെൻറ് കോളനി, കുര്യപ്പാറ മോളം, മുണ്ടയ്ക്കാപ്പടി,ഇടനാട് വായനശാലപടി, ലക്ഷംവീട് കോളനി, കുന്നത്തുകുടി, പാത്രച്ചാൽ എന്നീ പ്രദേശങ്ങളിൽ വെള്ള ക്ഷാമമുണ്ട്. നിലവിലുള്ള പദ്ധതിയിൽ നിന്നും ഇടനാട് സെറ്റിൽമെൻറ് കോളനിയിലേയ്ക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കുക. കുര്യപ്പാറ മോളം കേന്ദ്രീകരിച്ച് ഒരു പദ്ധതി ആരംഭിക്കുക. നിലവിലുള്ള കിണർ വൃത്തിയാക്കി കോളനിയിലുള്ള ജനങ്ങൾക്ക് ജലം ലഭ്യമാക്കുക. ഇടനാട് വായനശാലപടി വരെ പൈപ്പ്ലൈൻ ദീർഘിപ്പിക്കുക.

7-ാം വാർഡ്:-

ചുമപ്പൻകുന്ന്, 314, സ്ക്കൂൾപ്പടി, ചിറപ്പടി, പുക്കുഴി മോളം ,ഹരിജൻ കോളനി, അരീക്കച്ചാൽ- ഞാറക്കുഴി കോളനികൾ, ഇടപ്പാറ കോളനി , കാപ്പുചിറ എന്നീ പ്രദേശങ്ങളിൽ വെള്ളത്തിന് ക്ഷാമം അനുഭവപ്പെടുന്നു. ഇരമല്ലൂർ കനാൽ ഭാഗത്ത് കിണർ കുഴിക്കുകയും 314-ൽ ടാങ്ക് നിർമ്മിച്ച് അവിടേയ്ക്ക് വെള്ളം പമ്പ് ചെയ്ത് ശേഖരിക്കുകയും ചെയ്ത് 314 ഭാഗത്തുള്ളവർക്ക് പ്രയോജനപ്പെടുത്തുക. ഇളമ്പ്രകനാൽ ഭാഗത്ത് കുളം കുഴിച്ച് വെള്ളം പമ്പ് ചെയ്ത് ചുമപ്പൻകുന്നിൽ സംഭരിച്ച് ചുമപ്പൻ കുന്ന്, സ്ക്കൂൾപ്പടി, ചിറപ്പടി തുടങ്ങിയ സ്ഥലങ്ങളിൽ വെള്ളമെത്തിക്കുക. സ്ക്കൂൾ പരിസരത്തെ നിർദ്ദിഷ്ട ടാങ്ക് പരമാവധി ഉയരത്തിൽ സ്ഥാപിച്ച് സമീപപ്രദേങ്ങൾക്ക് പ്രയോജനം നൽകുക. ഇരമല്ലൂർചിറ, റേഷൻകടപ്പടി, ചിറപ്പടി കോളനി, 314, കുറമ്പൻപടി, പുക്കുഴി മോളം, ചുമപ്പൻകുന്ന്, അരീക്കച്ചാൽ, ഞാറക്കുഴി, മറ്റപ്പിള്ളി പടി , കാപ്പുചിറ റോഡ് കാപ്പു മോളം അമ്പാട്ട് മോളം എന്നീ പ്രദേശങ്ങളിലേയ്ക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കുക.

8-ാം വാർഡ്:-

കനാലിനോട് ചേർന്നുള്ള പാടത്ത് കുളം കുഴിച്ച് അവിടെ നിന്നും ജലം പമ്പ് ചെയ്ത് ചുമപ്പൻ കുന്നിൽ സംഭരിച്ച് വിതരണം നടത്തുക വഴി ടി പ്രദേങ്ങളിലെ ജലക്ഷാമം പരിഹരിക്കുക. നിലവിലുള്ള സംഭരണിയുടെ ശേഷി വർദ്ധിപ്പിക്കുക.

9-ാം വാർഡ്:-

പുത്തൻകുടി പാറയിൽ ഒരു ടാങ്ക്സ്ഥാപിച്ച്, പഞ്ചായത്തു കുളത്തിൽ നിന്നും വെള്ളം പമ്പ് ചെയ്ത് സംഭരിക്കുക. ഒരു ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ടാങ്ക് നിർമ്മിച്ചാൽ പഞ്ചായത്തിലെ 1/3 പ്രദേശങ്ങൾക്ക് പ്രയോജനം ലഭിക്കും.

10-ാം വാർഡ്:-

500 മീറ്റർ മുതൽ 1 കിലോമീറ്റർ വരെ സഞ്ചരിച്ച് കുടിവെള്ളം ശേഖരിക്കേണ്ടിവരുന്ന പ്രദേശങ്ങളുണ്ട്. കരിയിപ്പുചിറ, തങ്കളം ബാലവാടി, കുറുപ്പം കോളനി, കാക്കുഴിച്ചാൽ കോളനി, ഇടനാട് സെറ്റിൽമെൻറ് കോളനി എന്നിവിടങ്ങളിൽ കുടിവെള്ളത്തിനു ക്ഷാമമുണ്ട്. തങ്കളം ബ്രാഞ്ച് കനാൽ ഭാഗത്ത് ലിഫ്റ്റ് ഇറിഗേഷൻ, കരിയിപ്പു ചിറ ഭാഗത്ത് പൊതു കിണർ എന്നിവ നടപ്പാക്കുക.

11-ാം വാർഡ്:-

ലക്ഷം വീട് കോളനി, പഞ്ചായത്തു കടവു ഭാഗം എന്നിവിടങ്ങളിലാണ് കുടിവെള്ളത്തിന് ക്ഷാമം. പൊതു കിണറിൻെറ വ്യാപ്തി വർദ്ധിപ്പിക്കുക. ഹൈക്കോർട്ട് കവലയിൽ നിന്നും വെള്ളരിക്കടവ് , വളവുഴി ഭാഗങ്ങളിലേയ്ക്ക് പൈപ്പു ലൈൻ ദീർഘിപ്പിക്കുക. തടത്തിക്കവല-

മുല്ലേക്കടവു ഭാഗത്തേയ്ക്കും പൈപ്പു ലൈൻ നീട്ടുക.

12-ാം വാർഡ്:-

പുലിമല, മുണ്ടയ്ക്കാപ്പടി പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. മുണ്ടയ്ക്കാപ്പടിയിൽ പൊതു കിണർ കുഴിക്കുക, നിലവിലുള്ള പൈപ്പിലൂടെ കൂടുതൽ സമയം ജലം ലഭ്യമാക്കുക, പഞ്ചായത്തു കിണറുകൾ വൃത്തിയാക്കുക.

കുടിവെള്ളത്തെ സംബന്ധിച്ച് 12 ഗ്രാമ സഭകളിലും സജീവമായ ചർച്ചകൾ നടന്നതായി കാണുന്നു. ചെറുവട്ടൂർ പ്രാഥമിക ആരോഗ്യ കേന്ദ്രം, ചെറുവട്ടൂർ എച്ച്.എസ് തുടങ്ങി പരിഗണന അർഹിക്കുന്ന പല സ്ഥാപനങ്ങളിലും ശുദ്ധജലമെത്തിക്കുവാൻ ഇതുവരെ കഴിയാതിരുന്നതിന്റെ കാരണങ്ങൾ സമഗ്രമായ പരിശോധന അർഹിക്കുന്നു.

പൊതു നിർദ്ദേശങ്ങൾ:-

- നിലവിലുള്ള 3 ജലവിതരണ പദ്ധതികളുടെയും ശേഷി വർദ്ധിപ്പിക്കുകയും ശേഷിക്കാനുപാതികമായി പൈപ്പ് ലൈനുകളും ടാപ്പുകളും സ്ഥാപിക്കുകയും ചെയ്യുക.
- പൊതു കിണറുകളുടെ ആഴം കൂട്ടുകയും അവ വൃത്തിയാക്കുകയും ചെയ്യുക.
- പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ കുടിവെള്ളത്തിനായി ജനങ്ങൾ 200 മീറ്ററിലധികം സഞ്ചരിക്കുന്ന പ്രദേശങ്ങൾക്ക് മുൻഗണന നൽകുക.
- ഹരിജൻ കോളനി, ലക്ഷം വീടു കോളനി, കുന്നിൻ പ്രദേശങ്ങൾ എന്നിവയ്ക്ക് മുൻഗണന നൽകി പദ്ധതി ആവിഷ്ക്കരിക്കുക.
- പഴകി ദ്രവിച്ചതും കേടു വന്നതുമായ പൈപ്പു ലൈനുകളും ടാപ്പുകളും അടിയന്തിരമായി കേടുപാടുകൾ തീർക്കുകയോ മാറ്റി സ്ഥാപിക്കുകയോ ചെയ്യുക.
- കുഴൽകിണറുകളുടെ അറ്റകുറ്റ പണികൾ നടത്തുക.
- നിർദ്ദിഷ്ട ചെറുവട്ടൂർ ഹൈസ്ക്കൂൾ ശുദ്ധജല വിതരണ പദ്ധതിയുടെ ശേഷി വർദ്ധിപ്പിച്ച് പണി അടിയന്തിരമായി പൂർത്തിയാക്കുക.
- ഇരമല്ലൂർ ലിഫ്റ്റ് ഇറിഗേഷൻ, കുറ്റിലഞ്ഞി കമ്മ്യൂണിറ്റി ഇറിഗേഷൻ എന്നീ സ്കീമുകൾ അടിയന്തിരമായി പൂർത്തിയാക്കുക. ഇതുവഴി ഇരമല്ലൂർ പുവ്വത്തൂർ പ്രദേശങ്ങളിലെ കിണറുകളും കുളങ്ങളും വേനൽക്കാലങ്ങളിൽ വറ്റിപ്പോകുന്നത് ഒരു പരിധിവരെ തടയാൻ കഴിയും.

ആരോഗ്യം:-

പരമ്പരാഗതമായി ആയുർവ്വേദ - നാട്ടു-ചികിൽസാ സമ്പ്രദായത്തെ മാത്രം ആശ്രയിച്ചിരുന്ന നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾക്ക് നാലോ അഞ്ചോ കിലോമീറ്റർ സഞ്ചരിച്ചാൽ ആധുനിക ചികിൽസ ലഭ്യമാക്കുവാൻ ആവശ്യമായ പൊതുമേഖലാ സ്ഥാപനങ്ങൾ നിലവിലുണ്ട്. എങ്കിലും സമീപ പട്ടണങ്ങളിലെ ആശുപത്രികളിൽ ചികിൽസാർത്ഥം എത്തുന്നവരിൽ ഭൂരിപക്ഷവും മഞ്ഞപ്പിത്തം വയറിളക്കം തുടങ്ങിയ ജലജന്യ രോഗങ്ങൾ ബാധിച്ച നമ്മുടെ ഗ്രാമ വാസികളാണെന്നു കാണുന്നു. ഇത് നമ്മുടെ പഞ്ചായത്ത് നേരിടുന്ന ഗുരുതരമായ ശുദ്ധജല ദൗർലഭ്യത്തിന്റെ ഏകദേശ ചിത്രം വ്യക്തമാക്കുന്നു.

പരിസര ശുചിത്വ സംവിധാനങ്ങളുടെ അപര്യാപ്തത, ശുദ്ധജല വിതരണത്തിലെ തകരാറുകളും ലഭ്യതക്കുറവും, മാലിന്യ നിർമ്മാർജ്ജന കാര്യത്തിലുള്ള അലംഭാവം എന്നിവ നമ്മുടെ പൊതുജനാരോഗ്യ മേഖലയെ തകർച്ചയിലേയ്ക്കു നയിക്കുന്നതിന് മുഖ്യ പങ്ക് വഹിക്കുന്നുണ്ട്. കൂടാതെ സർക്കാർ ആശുപത്രികളുടെ ശോച്യാവസ്ഥമൂലം, അവ യഥാസമയം ജനങ്ങൾക്ക് ഉപകരിക്കുന്നില്ല എന്നതു ഒരു പ്രധാന പ്രശ്നമാണ്.

നമ്മുടെ പഞ്ചായത്ത് പൊതു മരണനിരക്ക്, ശിശു മരണനിരക്ക് എന്നിവയിൽ സംസ്ഥാന ശരാശരിയോടൊപ്പം നിൽക്കുന്നു. എന്നാൽ മാതൃ മരണനിരക്ക് കുറവാണ്. കുട്ടികൾക്ക് പോഷകനിലവാരക്കുറവുള്ളതായി കണക്കുകൾ കാണിക്കുന്നു. ജലജന്യ രോഗങ്ങളാണ് സാധാരണയായി കണ്ടു വരുന്നത്. ആസ്മാ രോഗം വർദ്ധിച്ചു വരുന്നതായി സൂചനയുണ്ട്. കൂടാതെ അടുത്തകാലത്തായി വിവിധ പ്രദേശങ്ങളിൽ ചെറുവട്ടൂർ പ്രാഥമിക ആരോഗ്യ കേന്ദ്രവും അതിന്റെ കീഴിൽ പ്രവർത്തിക്കുന്ന നാല് സബ് സെൻററുകളും വാരപ്പെട്ടി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു സബ്സെൻററും ചെറുവട്ടൂർ ഗവ: ആയുർവ്വേദ- ആശുപത്രിയുമാണ് പഞ്ചായത്തിലെ പൊതുജനാരോഗ്യ മേഖലയിലെ സർക്കാർ സംവിധാനം. ചെറുവട്ടൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇളമ്പ്ര സബ്സെൻററിന് സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ല.

സർക്കാർ വക ആരോഗ്യ കേന്ദ്രങ്ങൾ
പട്ടിക1

നമ്പർ	സ്ഥാപനങ്ങൾ	വാർഡ്	ജീവനക്കാരുടെ എണ്ണം
1	ചെറുവട്ടൂർ പ്രാഥമിക ആരോഗ്യ കേന്ദ്രം	I	10
2	ഇരമല്ലൂർ സബ് സെൻറർ	II	1
3	കുറ്റിലഞ്ഞി സബ് സെൻറർ	V	1
4	ഇടമാട് സബ് സെൻറർ	VIII	1
5	പുക്കാരിമ്യൂർ സബ് സെൻറർ	XII	1
6	ഇളമ്പ്ര സബ് സെൻറർ	-	1
7	ചെറുവട്ടൂർ ഗവ: ആയുർവേദ ആശുപത്രി	III	9

സമ്പൂർണ്ണ രോഗപ്രതിരോധ പ്രവർത്തനങ്ങൾ, സ്കൂൾ ആരോഗ്യ പരിപാടി, മാതൃ ശിശു സംരക്ഷണപ്രവർത്തനങ്ങൾ, കുടുംബക്ഷേമ പ്രവർത്തനങ്ങൾ, ആരോഗ്യ

ബോധ വൽക്കരണം, പകർച്ചവ്യാധി നിയന്ത്രണം മുതലായവയാണ് PHC യുടെയും സബ്സെൻറുകളിടെയും പ്രധാന പ്രവർത്തനങ്ങൾ.

ജനസംഖ്യാനുപാതികമായി ജീവനക്കാരെ നിയമിക്കാത്തതുമൂലം എല്ലാ മേഖലകളിലേയ്ക്കും പ്രവർത്തനം വ്യാപിപ്പിക്കുവാൻ കഴിയുന്നില്ല.

എഴുപതുകളിൽ ചെറുവട്ടൂർ ഗവ: റൂറൽ ഡിസ്പെൻസറിയായി പ്രവർത്തനം ആരംഭിച്ച സ്ഥാപനം 1988-ൽ PHC ആയി ഉയർത്തി. ഒരു മെഡിക്കൽ ഓഫീസറുൾപ്പെടെ 14 ജീവനക്കാർ സേവനമനുഷ്ഠിക്കുന്നു. 1982- മുതൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന ടി സ്ഥാപനത്തിലേയ്ക്ക് ശുദ്ധജലമെത്തിക്കുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. പ്രാഥമികാരോഗ്യ കേന്ദ്രമായി ഉയർത്തണമെങ്കിൽ ഒരേക്കർ സ്ഥലം സർക്കാരിലേയ്ക്ക് കൈമാറേണ്ടതുണ്ട്. എന്നാൽ ആയതു ചെയ്തിട്ടില്ല PHC യുടെയും സബ് സെൻറുകളുടെയും കെട്ടിടങ്ങൾക്ക് അറ്റകുറ്റപ്പണി നടത്താറില്ല.

പ്രാഥമികാരോഗ്യ കേന്ദ്രം രാവിലെ 8 മുതൽ 11.30 വരെയും വൈകിട്ട് 3.30 മുതൽ 5 വരെയും പ്രവർത്തിക്കുന്നു എങ്കിലും ഡോക്ടറുടെ സേവനം 11.30 വരെയെ ലഭ്യമാകുന്നുള്ളൂ. ആരോഗ്യ കേന്ദ്രത്തിലേക്കുള്ള മരുന്നുകൾ ജില്ലാ മെഡിക്കൽ സ്റ്റോറിൽ നിന്നും നേരിട്ട് നൽകുന്നു. ചികിൽസാർത്ഥം ദിവസേന ശരാശരി 80 പേർ എത്തുന്നുണ്ട്.ജനസംഖ്യാനുപാതികമായി സബ് സെൻററുകൾ അനുവദിച്ചിട്ടില്ല. 5000 ജനങ്ങൾക്കു ഒരു ആരോഗ്യ പ്രവർത്തകൻ എന്നാണ് സർക്കാർ നയം എങ്കിലും ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ മാത്രമേ നിലവിലുള്ളൂ. ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ നടക്കുന്നില്ല. ഗൃഹ സന്ദർശനം പല ഭാഗങ്ങളിലും തീരെ കുറവാണ്. ആരോഗ്യ കേന്ദ്രത്തിൽ സൂക്ഷിക്കേണ്ടതും, ശേഖരിക്കേണ്ടതുമായ അടിസ്ഥാന വിവരങ്ങൾ ലഭ്യമല്ല. ഹോട്ടലുകളുടെയും ചായക്കടകളുടെയും ശുചിത്വം സംബന്ധിച്ച പരിശോധന നടക്കുന്നില്ല. ആശുപത്രി വികസന സമിതി പ്രവർത്തിക്കുന്നില്ല. പഞ്ചായത്തിൻെറ ഒരറ്റത്തായതുകൊണ്ട് ഭൂരിപക്ഷം ജനങ്ങൾക്കും വേണ്ടത്ര പ്രയോജനം ലഭിക്കുന്നില്ല. ക്യാൻസർ ബാധിച്ചവരുടെ എണ്ണം കൂടിവരുന്നു. കുടുംബക്ഷേമപ്രവർത്തനങ്ങളുടെ ഫലമായി, ജനങ്ങളിൽ ജനന നിയന്ത്രണ മാർഗ്ഗങ്ങളെക്കുറിച്ച് അവബോധമുണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.97% കുട്ടികൾക്കും പ്രതിരോധ കുത്തിവയ്പുകൾ ലഭ്യമാണ്. സബ്സെൻററുകളിൽ ഗർഭിണികളേയും കുട്ടികളേയും പരിശോധിച്ച് ചികിൽസ നടത്തുന്നുണ്ട്.

1954 -ൽ ചെറുവട്ടൂർ ആയുർവേദ ഡിസ്പെൻസറി പ്രവർത്തനം ആരംഭിച്ചു. 1966 -ൽ പത്തു കിടക്കകളോടു കൂടിയ വാർഡ് നിർമ്മിച്ച് ആശുപത്രിയായി ഉയർത്തപ്പെട്ട ഈ സ്ഥാപനം താലൂക്കിലെ ഏക ആയുർവേദ ആശുപത്രിയാണ്. സ്വന്തമായി ഒരേക്കറോളം സ്ഥലവും കെട്ടിടവുമുള്ള സ്ഥാപനത്തിൽ ഡോക്ടർ ഉൾപ്പെടെ 9 ജീവനക്കാരുണ്ട്. തക്ക്, വാതം മുതലായ രോഗങ്ങളുടെ ചികിൽസാർത്ഥം ദിവസേന ശരാശരി 150 രോഗികൾ എത്തുന്നു. താലൂക്കിലെ വിവിധ ഭാഗങ്ങളിൽ നിന്നും രോഗികൾ എത്തുന്നുണ്ടെങ്കിലും ചികിൽസക്കു വേണ്ട അടിസ്ഥാനസൗകര്യങ്ങൾ നിലവിലില്ല. തിരുമ്മ്, പിഴിച്ചിൽ ഇവ നടത്തുവാൻ പ്രത്യേക മുറിയില്ല. മരുന്നുകൾ പകർന്നു നൽകുന്നതിനുള്ള പാത്രങ്ങളോ, മരുന്നുകൾ സൂക്ഷിക്കുന്ന തിനുള്ള സൗകര്യമോ നിലവിലില്ല. കൂടാതെ ഉപകരണങ്ങളുടെ ദൗർലഭ്യവും അനുഭവപ്പെടുന്നു. ശുദ്ധജല ലഭ്യത കുറവാണ്. ആശുപത്രി വികസന സമിതിയും സൗഹൃദ സമിതിയും പ്രവർത്തന രഹിതമാണ്.

സ്വകാര്യമേഖലയിൽ 10 ഹോമിയോ ഡിസ്പെൻസറികളും 2 അലോപ്പതി ഡിസ്പെൻസറികളും 4 ആയുർവേദ ഡിസ്പെൻസറികളും ഒരു മർമ്മ ചികിൽസാ കേന്ദ്രവും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഏതാനും നാട്ടുവൈദ്യൻമാരും ഈ മേഖലയിൽ ഉണ്ട്.

ആരോഗ്യ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിൻെറ ഭാഗമായി പഞ്ചായത്തു തലത്തിൽ ജനകീയസമിതിക്ക് രൂപം നൽകിയാൽ നന്നായിരിക്കും. മാസം തോറും യോഗം ചേർന്ന് പ്രവർത്തനങ്ങൾ അവലോകനം ചെയ്യണം. താലൂക്കിലെ ഏക ആയുവേദ ആശുപത്രിയായ ചെറുവട്ടൂർ ആശുപത്രി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആയുർ വേദ ആശുപത്രിയായി ഉയർത്തുന്നതിന് ശ്രമിക്കണം PHC യിൽ സത്വരമായി 10 കിടക്കകൾ ഉള്ള വാർഡു നിർമ്മിക്കുന്നതിന് ആവശ്യമായ ശ്രമങ്ങൾ ഉണ്ടാകണം. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 1,2,3 വാർഡുകളിലെ ജനങ്ങൾക്ക് പ്രത്യേകിച്ചും, പഞ്ചായത്തിന് പൊതുവെയും ഇത് ഗുണകരമാകും. അടിസ്ഥാന സൗകര്യങ്ങൾ ആശുപത്രികളിൽ അടിയന്തിരമായി ഉണ്ടാക്കുക. ജനസംഖ്യാനുപാതികമായി സബ്സെൻററുകൾ അനുവദിപ്പിക്കുവാൻ ശ്രമിക്കുക. ഒരു ഹോമിയോ ആശുപത്രി പഞ്ചായത്തിൽ അനുവദിപ്പിക്കുന്നതിനുള്ള ശ്രമം നടത്തുക എന്നിവ ഉടനെ ചെയ്യേണ്ടതാണ്. ഇളംമ്പ്ര സബ്സെൻററിന് സ്ഥലവും കെട്ടിടവും നിർമ്മിക്കേണ്ടതുണ്ട്. ചെറുവട്ടൂർ PHC യ്ക്കുവേണ്ടി വാങ്ങിയിട്ടുള്ള സ്ഥലം അടിയന്തിരമായി സർക്കാരിന് കൈമാറേണ്ടതാണ്. ഒരു സഹകരണ അലോപ്പതി ആശുപത്രി ആരംഭിക്കുന്നതിനുള്ള സാധ്യതകളെക്കുറിച്ച് പരിശോധിക്കാവുന്നതാണ്. ആശുപത്രികളിൽ യഥാസമയം മുരുന്നുക് ലഭ്യമാക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ആശുപത്രികളുടെ അറ്റകുറ്റ പണികൾ യഥാസമയം നടത്തേണ്ടതാണ്.

ശുചിത്വം:-

മലിനജലം കെട്ടിക്കിടന്ന് പരിസര ദുഷണമുണ്ടാക്കുന്ന പല പ്രദേശങ്ങളുമുണ്ട്. നൂറുകണക്കിനാളുകൾ കുളിക്കവാനുപയോഗിക്കുന്ന ഇരമല്ലൂർ ചിറയുടെ പരിസരത്ത് കന്നുകാലികളെ കശാപ്പു ചെയ്യുന്നു. ഇതിൻെറ അവശിഷ്ടങ്ങളും മറ്റും ഒഴുകിയെത്തി ചിറ മലിനപ്പെടുന്നു . മനുഷ്യൻ കുളിക്കുന്നിടത്തു തന്നെ കന്നുകാലികളേയും കുളിപ്പിക്കുന്നു. ഇത് രോഗങ്ങളുണ്ടാകാൻ കാരണമാകുന്നു. ചെറുവട്ടൂർ, നെല്ലിക്കുഴി കവലകളിലെ ഓടകളിൽ അഴുക്കുവെള്ളം കെട്ടിക്കിടന്ന ദുർഗന്ധം പരത്തുന്നു. ചെറുവട്ടൂരിൽ ചപ്പുചവറുകൾഇരമല്ലൂർ പബ്ലിക് ലൈബ്രറിവക സ്ഥലത്ത് നിക്ഷേപിക്കുന്നു. കൊതുകുകൾ പടർന്ന് രോഗങ്ങളുണ്ടാക്കുന്നതിന് സാധ്യതയുണ്ട്. നെല്ലിക്കുഴി കവല

ക്കു സമീപം ചെറുവട്ടൂർ റോഡിനിരുവശവും കശാപ്പു ശാലകൾ ദുർഗന്ധം പരത്തുന്നു. കൂടാതെ അവശിഷ്ടങ്ങൾ കിത്യമായി സംസ്ക്കരിക്കപ്പെടുന്നില്ല.നെല്ലിക്കുഴികവലയ്ക്ക് സമീപം കനാൽ തീരത്തുള്ള മത്സ്യ വിൽപന കേന്ദ്രത്തിന് പ്രത്യേക സ്ഥലം കണ്ടെത്തുകയും കനാൽ വെള്ളം മലിനപ്പെടുത്തുന്നത് തടയുകയും ചെയ്യേണ്ടതുണ്ട്.

ജനസംഖ്യയുടെ 40% പേർക്കും സ്വന്തമായി കക്കൂസുകളില്ലാത്തവരാണ്. സാമ്പത്തിക പരാധീനത തന്നെയാണ് ഈ അവസ്ഥയ്ക്ക് പ്രധാന കാരണം. പൊതുസ്ഥലങ്ങളിൽ മലമൂത്ര വിസർജ്ജനം നടത്തുന്നതുമൂലം സാംക്രമിക രോഗങ്ങളും പടർന്നുപിടിക്കുവാൻ എളുപ്പമാണ്. പൊതുകിണറുകൾ, സ്വകാര്യ കിണറുകൾ എന്നിവയിൽ ക്ലോറിനേഷൻ നടത്തുന്ന പതിവില്ല. പല സ്ക്കൂളുകളുടേയും മൂത്രപുരകളും കക്കൂസുകളും വൃത്തിയാക്കുന്നില്ല. പഞ്ചായത്ത് അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്ന ഹോട്ടലുകളിലേയും ശീതളപാനിയ ശാലകളിലേയും ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണ നിലവാരം പരിശോധിക്കുന്നില്ല. ചെറുവട്ടൂർ കവല, M.M. കവല എന്നിവിടങ്ങളിൽ ആവശ്യത്തിന് ഓടകളില്ല. മലിനജലം റോഡിലൂടെ ഒഴുകുന്നു. കമ്പോസ്റ്റ് നിർമ്മാണം ഇല്ല.

നിർദ്ദേശങ്ങൾ:-

- ആധുനിക രീതിയിലുള്ള അറവുശാല നിർമ്മിക്കുക.
- പ്രധാന കവലകളിൽ ചപ്പുചവറുകൾ നിക്ഷേപിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും അവ യഥാസമയം വൃത്തിയാക്കുകയും ചെയ്യുക.
- പഞ്ചായത്തിലെ എല്ലാവർക്കും കക്കൂസ് എന്നത് സമയബന്ധിതമായി നടപ്പാക്കണം.
- ലക്ഷംവീട് കോളനികൾ,ഹരിജൻ കോളനികൾ എന്നിവയ്ക്ക് സന്നദ്ധസേവനവും പ്രാദേശികമായ മറ്റുവിഭവങ്ങളും ശേഖരിച്ച് സൗജന്യമായി കക്കൂസ് നിർമ്മിച്ചു നൽകുന്നതിനുള്ള ഒരു സമഗ്ര പദ്ധതിക്ക് രൂപം നൽകണം.
- കൊതുകു നിയന്ത്രണത്തിന് പദ്ധതി ആവിഷ്ക്കരിക്കണം.
- പ്രധാന കവലകളായ നെല്ലിക്കുഴി, ചെറുവട്ടൂർ എന്നിവിടങ്ങളിലെ ഓടകൾ വൃത്തിയാക്കി സൂക്ഷിക്കുന്നതിനും നിലവിൽ ഓടകളില്ലാത്ത ഭാഗങ്ങളിൽ അവ നിർമ്മിക്കുന്നതിനും സത്വര നടപടി എടുക്കുക.
- ചപ്പുചവറുകളും അറവുശാലകളിലെ അവശിഷ്ടങ്ങളും മറ്റും ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിച്ചു സംസ്ക്കരിക്കുക.

ആരോഗ്യം:-

പ്രശ്നങ്ങൾ:- [ഗ്രാമ സഭാ തലം]

1-ാം വാർഡ് :- PHC യിൽ മരുന്നില്ല. ഉച്ചവരെ മാത്രമാണ് പ്രവർത്തനം.സ്ഥലം പ്രയോജനപ്പെടുത്തി യിട്ടില്ല.(80 സെൻറ്)

2-ാം വാർഡ്:- FW Centre ന്റെ (314) പ്രവർത്തനം തൃപ്തികരമല്ല. പേരിനു മാത്രം ഗൃഹസന്ദർശനം നടത്തുന്നു. PHC യിൽ കൃത്യമായി ഡോക്ടറുടെ സേവന വും മരുന്നുകളും ലഭിക്കുന്നില്ല. ആരോഗ്യ ക്ലാസ്സുകൾ നടത്താറില്ല.

3-ാം വാർഡ്:- ആയുർവേദ ആശുപത്രിയുടെ പ്രവർത്തനം ഫലപ്രദമല്ല. FW സബ്സെൻററില്ല.

4-ാം വാർഡ്:- ആരോഗ്യ കേന്ദ്രങ്ങളില്ല.

5-ാം വാർഡ് :-കുറ്റില ഞ്ഞിയിലുള്ള FWC- ന്റെ കെട്ടിടം കാലാകാലങ്ങളിൽ മെയിൻറനൻസ് നടത്താത്തതുമൂലം ചോർന്നൊലിക്കുന്നു. ശുദ്ധജലം ലഭ്യമല്ല. മഞ്ഞപ്പിത്തം, അതിസാരം, അഞ്ചാം പനി എന്നീ രോഗങ്ങൾ അലട്ടുന്നു.

6-ാം വാർഡ്:- ആരോഗ്യ കേന്ദ്രമില്ല.

7-ാം വാർഡ്:-പകർച്ചവ്യാധികൾ വ്യാപകം. ആരോഗ്യ കേന്ദ്രമില്ല.

8-ാം വാർഡ്:- FWC ഇടനാട്- കെട്ടിടം ചോർന്നൊലിക്കുന്നു. മഞ്ഞപ്പിത്തം വയറിളക്കം എന്നിവ വ്യാപകമായി കാണുന്നു.

9-ാം വാർഡ്:- പൊതുജനാരോഗ്യ കേന്ദ്രമില്ല. ഇടനാട് FWCഗൃഹസന്ദർശനം ഫലപ്രദമല്ല. എല്ലാ സ്ഥലത്തും പ്രവർത്തനം എത്തുന്നില്ല. രോഗപ്രതിരോധ കുത്തിവയ്പുകൾ നൽകുന്നില്ല.

10-ാം വാർഡ്:-പൊതുജനാരോഗ്യ കേന്ദ്രമില്ല. ആരോഗ്യ ക്ലാസ്സുകളില്ല.

11-ാം വാർഡ്:-പൊതുജനാരോഗ്യ കേന്ദ്രമില്ല.

12-ാം വാർഡ്:- FWC തൃക്കാരിയൂർ പ്രവർത്തനം ഫലപ്രദമല്ല.

പൊതുജനാരോഗ്യം - പരിഹാര നിർദ്ദേശങ്ങൾ:-

-ഗ്രാമ സഭാതലം-

1-ാം വാർഡ്:- ചെറുവട്ടൂർ PHC 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു ആശുപത്രിയായി ഉയർത്തുക. 40 കിടക്കകളോടുകൂടിയ വാർഡ് പണിയുക.

2-ാം വാർഡ്:-1. 314-ൽ പ്രവർത്തിക്കുന്നFW Sub centre ന്റെ പ്രവർത്തനം മെച്ചപ്പെടുത്തുക.

* പോഷകാഹാരക്കുറവ് പരിഹരിക്കുവാൻ ബോധവൽക്കരണം നടത്തുക.

3-ാം വാർഡ്:-

* താലൂക്കിലെ ഏക ആയുർവേദ ആശുപത്രിയായ ചെറുവട്ടൂർ ഗവ: ആശുപത്രി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയായി ഉയർത്തുക.
* ആശുപത്രിയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക.
* വാർഡിൽ ഒരു FW സബ്സെൻറർ അനുവദിക്കുക.
* വാർഡ് പഞ്ചായത്ത് തലങ്ങളിൽ ജനകീയ സമിതികൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ചിലവു കുറഞ്ഞ ഇരട്ടക്കുഴൽ കക്കൂസ് നിർമ്മിച്ചു നൽകുക.
* ആശുപത്രി വികസനസമിതിയും, സൗഹൃദ സമിതിയും സാംസ്ക്കാരിക സംഘടനാപ്രതിനിധികളെ ചേർത്ത് പുനഃസംഘടിപ്പിക്കുക.
* കൊറ്റിക്കൽ സർക്കാർ സ്ഥലത്ത് കിണർ കുഴിച്ച് കുടിവെള്ളമെത്തിക്കുവാൻ പദ്ധതി തയ്യാറാക്കുക.
* വാർഡിൻെറ വിവിധ ഭാഗങ്ങളിലായി 4 കിണറുകൾ രണ്ടു കുളങ്ങൾ ഇവ സ്ഥാപിക്കുക.
* വാർഡിലുള്ള പഞ്ചായത്ത് കിണറുകൾ സംരക്ഷിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക.
* ചെറുവട്ടൂർ കവലയ്ക്കു സമീപം വെയ്സ്റ്റ് ബോക്സ് സ്ഥാപിക്കുകയും അത് യഥാസമയം ശുചീകരിക്കുന്നതിന് ജോലിക്കാരനെയും നിയമിക്കുകയും ചെയ്യുക.
* ചെറുവട്ടൂർ കവലയിൽ റോഡിൻെറ ഇരു വശവും കാനകൾ നിർമ്മിച്ച് മലിനജലം കെട്ടികിടക്കുന്നത് തടയുക.

4-ാം വാർഡ്:-

* കുറ്റിലഞ്ഞി FW സബ്സെൻറർ ആശുപത്രിയായി ഉയർത്തി രോഗികളെ കിടത്തി ചികിൽസിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക.
* പഞ്ചായത്തിൽ ഒരു ഹോമിയോ ആശുപത്രി ആരംഭിക്കുക.
* നെല്ലിക്കുഴി കേന്ദ്രീകരിച്ച് ഒരു സഹകരണ അലോപ്പതി ആശുപത്രി ആരംഭിക്കുക.
* കക്കൂസുകളില്ലാത്ത 150 -ഓളം വീടുകളിൽ കക്കൂസുണ്ടാക്കുന്നതിന് സഹായം നൽകുക.

5-ാം വാർഡ്:-

* കുറ്റിലഞ്ഞി FW സബ്സെൻറർ PHC ആയി ഉയർത്തണം.
* ഒരു ഹോമിയോ ആശുപത്രി കമ്പനിപ്പടി കേന്ദ്രീകരിച്ച് ആരംഭിക്കണം.

6-ാം വാർഡ്:-

* നെല്ലിക്കുഴി പഞ്ചായത്തിൻെറ കേന്ദ്രസ്ഥാനമായ 6-ാം വാർഡിൽ ഒരു PH സെൻറർ തുടങ്ങണം. നെല്ലിക്കുഴി കവലയിലുള്ള ഓടകൾ വൃത്തിയാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണം.
* നിർധനരായവർക്ക് അടിയന്തിരമായി കക്കൂസ് നിർമ്മിക്കുന്നതിനുള്ള സഹായം ലഭ്യമാക്കണം.

7-ാം വാർഡ്:-

* ഇരമല്ലൂർ ചിറയുടെ സമീപത്തുള്ള സർക്കാർ വക 25 സെൻറ് സ്ഥലത്ത് ഒരു ആയുർവേദ ആശുപത്രിയോ, ഡിസ്പെൻസറിയോ സ്ഥാപിക്കുക.
* കോളനിയിലെ പൊതു ആവശ്യത്തിനായി തിരിച്ചിട്ടിരിക്കുന്ന സ്ഥലത്ത് ഒരു PHC സ്ഥാപിക്കുക.
* കക്കൂസില്ലാത്തവർക്ക് അടിയന്തിരമായി അവ നിർമ്മിക്കുക.
* ആധുനിക രീതിയിലുള്ള അറവുശാല സ്ഥാപിക്കുക.
* ഇരമല്ലൂർ ചിറയിലേയ്ക്ക് മലിനജലം ഒഴുകുന്നത് തടയുകയും കന്നുകാലി റാംബ് പടിഞ്ഞാറു ഭാഗത്തേയ്ക്ക് മാറ്റി സ്ഥാപിക്കുകയും, സ്ത്രീകൾക്ക് പ്രത്യേക കുളിക്കടവ് നിർമ്മിക്കുകയും , ചിറയിലെ ചെളി കോരി വൃത്തിയാക്കുകയും ചെയ്യുക.

8-ാം വാർഡ്:-

* ഇടനാട് സബ്സെൻറർ PHC ആയി ഉയർത്തുക.
* പേപ്പട്ടി ശല്യത്തിന് അടിയന്തിര പരിഹാരം കാണുക.

9-ാം വാർഡ്:-

* കണ്ണംകുളം കേന്ദ്രമാക്കി ഒരു PHC സ്ഥാപിക്കുക.
* ഇടനാട് PH സെൻററിൽ സ്ഥിരമായി ഡോക്ടറെ നിയമിക്കുക.
* ആരോഗ്യ ക്ലാസ്സുകളും പ്രതിരോധ കുത്തിവയ്പുകളും നടത്തുക.

10-ാം വാർഡ്:-

* ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക.
* മാതൃ ശിശു സംരക്ഷണകേന്ദ്രവും ഹോമിയോ ആശുപത്രിയും സ്ഥാപിക്കുക.
* ഹരിജൻ കോളനി കുരീപ്പച്ചിറ റോഡിലും ആലുമ്മാവ് കരൂർ റോഡിൽ ട്രാൻസ്ഫോർമർ ഇരിക്കുന്ന ഭാഗത്തും ഇടനാട്- കാക്കുഴിച്ചാൽ റോഡിലും മലിനജലം കെട്ടികിടക്കുന്നത് തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

11-ാം വാർഡ്:-

തൃക്കാരിയൂർ ലക്ഷം വീട് കോളനിയിൽ പ്രതിരോധ കുത്തിവയ്പും, ബോധവൽക്കരണ ക്ലാസ്സുകളും നടത്തുക. ആയുർവേദ ഡോക്ടർ തൃക്കാരിയൂരിൽ വിസിറ്റിംഗ് നടത്തുക.


12-ാം വാർഡ്:-

* മുളവൂർ ബ്രാഞ്ച് കനാലിൻെറ നെല്ലിക്കുഴി ഭാഗത്തെ മലിനീകരണം തടയുക.
* തൃക്കാരിയൂർ FW സബ് സെൻറർ PHC ആയി ഉയർത്തുക.
* തൃക്കാരിയൂർ മുതൽ DBHS വരെ റോഡിൻെറ ഇരുവശവുമുള്ള ഓടകൾ വൃത്തിയാക്കുക.
* വിദ്യാർത്ഥികളെ മാസത്തിലൊരിക്കലെങ്കിലും ഡോക്ടർമാരുടെ വിദഗ്ധ സംഘം സ്ക്കൂളുകളിൽ എത്തി പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾ
പട്ടിക (ആരോഗ്യം) 1

നമ്പർ	സ്ഥാപനങ്ങൾ	വാർഡ്	സ്ഥാപിച്ച വർഷം	ജീവനക്കാരുടെ എണ്ണം
1	P. H. C ചെറുവട്ടൂർ	I	1971	14
2	ഗവ: ആയുർവേദ ആശുപത്രി	III	1954	9
3	F.W .C ഇരമല്ലൂർ	II		1
4	F.W .C കുറ്റിലഞ്ഞി	V		1
5	F.W .C ഇടനാട്	VIII		1
6	F.W .C തൃക്കാരിയൂർ	XII		1

7



വിദ്യാഭ്യാസം

വിദ്യാഭ്യാസം ഒരു സാമൂഹിക വികസന പ്രക്രിയയാണ്. സാർവത്രിക വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ നമ്മുടെ സംസ്ഥാനം പണ്ടുതന്നെ ഖ്യാതി നേടിയിട്ടുണ്ടെങ്കിലും എണ്ണത്തിലുള്ള ഗുണപരമായ കാര്യങ്ങളിൽ ഇത് ദൃശ്യമല്ല. കേരളത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്ക് ചരിത്രപരമായ ചില അനുകൂല ഘടകങ്ങൾ കൂടിയുണ്ട്. സാമൂഹ്യനവോത്ഥാന പ്രസ്ഥാനങ്ങളും, പരിഷ്കർത്താക്കളും ക്രൈസ്തവ മിഷനറിമാരുടെ പ്രവർത്തനങ്ങളുമാണ് ഇതിനുള്ള പ്രധാന കാരണം. എന്നിരുന്നാലും നമ്മുടെ പൊതുവിദ്യാഭ്യാസം ഇന്നും ഗുരുതരമായ വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുന്നു. സാർവത്രികമായ മൂല്യത്തകർച്ചയും വരണ്യേവൽക്കരണവും വിദ്യാഭ്യാസം നേരിടുന്ന പ്രധാന പ്രശ്നമാണ്. ഈ വരണ്യേവൽക്കരണത്തിനും മൂല്യത്തകർച്ചയ്ക്കുമെതിരേ പ്രതികരിക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. ഇതിനുള്ള ബാധ്യത നാം ഓരോരുത്തരും ഏറ്റെടുക്കേണ്ടിയിരിക്കുന്നു.

വിദ്യാഭ്യാസപരമായി വളരെയധികം പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്. ഭൂരിഭാഗം ജനങ്ങളും പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം പഠനം നിറുത്തിയവരാണ്. സാമ്പത്തിക സാമൂഹിക മേഖലകളിലുള്ള പ്രശ്നങ്ങളാണ് പ്രധാനകാരണം. ഈ പഞ്ചായത്തിൽ വിദ്യാഭ്യാസനിലവാരം പ്രാദേശികമായി സന്തുലിതമല്ല എന്ന് ബന്ധപ്പെട്ട സർവ്വേകൾ വ്യക്തമാക്കുന്നു. തൃക്കാരിയൂർ പ്രദേശങ്ങളും ചെറുവട്ടൂർ ഹൈസ്ക്കൂളിനു സമീപത്തുള്ള സാമാന്യം തൃപ്തികരമായ നിലവാരം ഇക്കാര്യത്തിലുള്ളപ്പോൾ ബഹുഭൂരിപക്ഷം വരുന്ന മറ്റു പ്രദേശങ്ങളിൽ വിദ്യാഭ്യാസനിലവാരം വളരെയധികം പിന്നിലാണ്. തൃക്കാരിയൂർ ചെറുവട്ടൂർ പ്രദേശങ്ങളിൽ ആദ്യമേ സ്ക്കൂളുകൾ സ്ഥാപിക്കപ്പെട്ടതും ടി പ്രദേശങ്ങളിലെ അനുകൂലമായ മറ്റു ഭൗതിക സാഹചര്യങ്ങളുമാണ് ഇതിനുള്ള പ്രധാന കാരണം. മേതല കല്ലിൽ പ്രദേശങ്ങളിലുണ്ടായ സാംസ്ക്കാരിക മുന്നേറ്റം ടി പ്രദേശങ്ങളോടു ചേർന്നു കിടക്കുന്ന നമ്മുടെ പഞ്ചായത്തു പ്രദേശങ്ങളെ വിദ്യാഭ്യാസപരമായി മുന്നോട്ടു കൊണ്ടുപോകുവാൻ സഹായിച്ചിട്ടുണ്ടാകണം.

കൊല്ലവർഷം 1108 ൽ സ്ഥാപിതമായ തൃക്കാരിയൂർ എൽ. പി. സ്ക്കൂളാണ് നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം. ഇന്നുള്ള സ്ക്കൂളിന്റെ പുറകുവശത്താണ് ടി വിദ്യാലയം പ്രവർത്തിച്ചിരുന്നത്. വർഷങ്ങളായി നിലനിന്ന സാംസ്ക്കാരിക ഔന്നത്യവും തൽഫലമായ കൂട്ടായ്മയുമാണ് ടി വിദ്യാലയത്തിന്റെ ആരംഭത്തിനു കാരണമായത്. തുടർന്ന് കൊല്ലവർഷം 1115-ൽ പഞ്ചായത്തിലെ രണ്ടാമതു വിദ്യാലയമായ ചെറുവട്ടൂർ എൽ.പി. സ്ക്കൂൾ സ്ഥാപിതമാവുകയും പിന്നീട് ടി വിദ്യാലയം യു. പി. സ്ക്കൂളായി ഉയർത്തുകയും ചെയ്തു. 1983 -ൽ ഈ സ്ക്കൂൾ വിഭജിച്ച് എൽ. പി. യും യു. പി. യും രണ്ട് സ്ക്കൂളാക്കി മാറ്റി. കുറ്റിലഞ്ഞിയിൽ സ്ഥാപിക്കപ്പെട്ട എൽ.പി.സ്ക്കൂളാണ് പിന്നീടുണ്ടായ വിദ്യാലയം. 1981 -ൽ ടി വിദ്യാലയം യു.പി.സ്ക്കൂളായി ഉയർത്തി. 1953 -ൽ പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്ക്കൂളായ തൃക്കാരിയൂർ ദേവസ്വം ബോർഡ് റൈഹസ്ക്കൂൾ സ്ഥാപിക്കപ്പെട്ടു. ആദ്യം ഇത് ദേവസ്വം ക്യാമ്പ് ഷെഡിലാണ് പ്രവർത്തിച്ചത്. പിന്നീടാണ് ഇപ്പോഴത്തെ സ്ഥലത്തേക്കു മാറ്റിയത്. മേൽപറഞ്ഞ നാല് വിദ്യധലയങ്ങളാണ് 1955കൾക്ക് മുമ്പ് സ്ഥാപിതമായ വിദ്യാലയങ്ങൾ. മറ്റു വിദ്യാലയങ്ങളെല്ലാം അൻപതുകളുടെ അവസാനവും അതിനുശേഷവും സ്ഥാപിക്കപ്പെട്ടവയാണ്.

നമ്മുടെ പഞ്ചായത്തിൽ നിലവിൽ 2 ഹൈസ്ക്കൂളുകളും 3 എൽ. പി. സ്ക്കൂളുകളും 3 യു. പി. സ്ക്കൂളുകളുമാണ് പ്രവർത്തിക്കുന്നത്. കൂടാതെ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന 2 ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളും ഒരു ഗവ: ടി.ടി.ഐ ഉം ഒരു സ്വകാര്യ ചെയിൻ സർവ്വേ സ്ക്കൂളുമുണ്ട്. എട്ടോളം ബാലവാടിയും 5 നേഴ്സറി സ്ക്കൂളുകളും 13 കുടിപ്പള്ളിക്കൂടങ്ങളുമുണ്ട്. 1965 -ൽ അന്ന് പ്രസിഡൻറായിരുന്ന ടി.എം. മീതിയൻ മുൻകയ്യെടുത്ത് സ്ഥാപിക്കപ്പെട്ട നെല്ലിക്കുഴിയിലുള്ള യു.പി. സ്ക്കൂൾ പഞ്ചായത്തു മാനേജ്മെൻറിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്. ടി സ്ഥാപനം ആരംഭിച്ചതോടു കൂടി പ്രസ്തുത പ്രദേശങ്ങളിലുള്ള വിദ്യാർത്ഥികൾക്ക് കൂടുതൽ സൗകര്യം ലഭിച്ചു. മേൽപറഞ്ഞ സ്ഥാപനങ്ങൾ കൂടാതെ 8 ട്യൂട്ടോറിയൽ കോളേജുകളും 3 ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിട്യൂട്ടുകളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. അംഗീകാരമുള്ള നെല്ലിക്കുഴി പഞ്ചായത്ത് സഹകരണസംഘം നടത്തുന്ന തയ്യൽ പരിശീലനകേന്ദ്രവും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

കഴിഞ്ഞ 5 വർഷത്തെ കണക്കുകൾ പരിശോധിച്ചാൽ നമ്മുടെ പഞ്ചായത്തിലെ സർക്കാർ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം ക്രമാനുഗതമായി കുറഞ്ഞു വരുന്നതായി കാണാം. സർക്കാർ വിദ്യാലയങ്ങളുടെ പരിമിതികളും ആംഗലേയ ഭാഷാ മാധ്യമത്തോടുള്ള ജനങ്ങളുടെ ഭ്രമവും സ്വകാര്യ വിദ്യാലയങ്ങളിലെ പ്രൗഡിയും മറ്റു പ്രലോഭനങ്ങളും ഇടത്തരക്കാരെ വിദ്യാഭ്യാസത്തിനായി സ്വകാര്യ വിദ്യാലയങ്ങൾ തെരെഞ്ഞെടുക്കുന്നതിന് പ്രേരിപ്പിച്ചിട്ടുണ്ട്. എൺപതുകൾക്കു ശേഷം നമ്മുടെ സംസ്ഥാനത്തുണ്ടായ വിദ്യാഭ്യാസ പരിഷ്ക്കാരങ്ങളുടെയും ഫലമായി ജനങ്ങളുടെ ചിന്താധാരയിൽ വന്ന വ്യതിയാനം ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിലേയ്ക്ക് ഒരു കുടിയേറ്റത്തിന് കാരണമായി.

ഇതിന്റെ അലയടി നമ്മുടെ പഞ്ചായത്തിലും ദൃശ്യമാണ്. നമ്മുടെ പഞ്ചായത്തിൽ താമസക്കാരായ ഏകദേശം ആയിരത്തോളം കുട്ടികൾ കോതമംഗലം മുവാറ്റുപുഴ പായിപ്ര ഓടയ്ക്കാലി, പാനിപ്ര എന്നിവിടങ്ങളിലുള്ള സ്കൂളുകളിലായി പഠിക്കുന്നുണ്ട്. മുന്നൂറോളം വിദ്യാർത്ഥികൾ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലും പഠിക്കുന്നവരുണ്ട് എന്ന് ബന്ധപ്പെട്ട കണക്കുകൾ വ്യക്തമാക്കുന്നു.

ഉന്നത വിദ്യാഭ്യാസത്തിനായി സമീപ പട്ടണങ്ങളിലെ ആർട്ട്സ് ആൻറ് സയൻസ് കോളേജുകളേയും കോതമംഗലം എഞ്ചനിയറിംഗ് കോളേജിനേയും മറ്റ് സാങ്കേതിക വിദ്യാലയങ്ങളെയുമാണ് ആശ്രയിക്കുന്നത്. പുതിയ ബാച്ചിന്റെ അഡ്മിഷൻ ഗവൺമെൻറ് നടത്താത്തതുമൂലം ചെറുവട്ടൂർ ഗവ. ടി.ടി.ഐ. യിൽ ഇപ്പോൾ ക്ലാസ് നടക്കുന്നില്ല. വിദ്യാഭ്യാസമുള്ളവരിൽ പോലും തൊഴിലില്ലായ്മ വർദ്ധിച്ചിട്ടുണ്ട്. ആയതു മൂലം ടെക്നിക്കൽ വിദ്യാഭ്യാസത്തോട് പലർക്കും താൽപര്യം വർദ്ധിച്ചിട്ടുണ്ട് എന്നാൽ സാങ്കേതിക വിദ്യാഭ്യാസം നൽകുന്നതിനുപകരിക്കുന്ന വിദ്യാലയങ്ങൾ ഒന്നും തന്നെ നമ്മുടെ പഞ്ചായത്തിലില്ല എന്ന് പറയാം.

എറണാകുളം ജില്ലാ സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തോടനുബന്ധിച്ച് മുഴുവൻ നിരക്ഷരരേയും എഴുത്തും വായനയും പഠിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഈ പഞ്ചായത്തിൽ നടന്നിട്ടുണ്ട്. 384 സാക്ഷരതാ ക്ലാസുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്നു. എന്നാൽ 1988-ൽ നടന്ന സാക്ഷരതാ പ്രസ്ഥാനത്തിന്റെ ആവേശം തണുത്തുറഞ്ഞു പോയതുകൊണ്ടും തുടർസാക്ഷരതാ പരിപാടി ഏറ്റെടുത്ത് നടത്താൻ കഴിയാത്തതു മൂലം നവസാക്ഷരർക്ക് തുടർ വിദ്യാഭ്യാസത്തിന് അവസരം ലഭിച്ചില്ല. തുടർസാക്ഷരതാ പ്രവർത്തനത്തിനായി ആരംഭിച്ച ജനവിദ്യാ കേന്ദ്രങ്ങൾ 2 എണ്ണം ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നുവെങ്കിലും കാര്യമായ പ്രവർത്തനങ്ങളൊന്നും നടത്തുവാൻ ടി ജനവിദ്യാ കേന്ദ്രങ്ങൾക്ക് കഴിഞ്ഞതുമില്ല. സാക്ഷരതാ പ്രവർത്തനങ്ങളിലൂടെയുണ്ടായ ജനകീയ മുന്നേറ്റം തുടർന്ന് വികസനമേഖലകളിലേയ്ക്ക് തിരിച്ചുവിടുവാൻ നമ്മെക്കൊണ്ട് കഴിഞ്ഞതുമില്ല.

ശരാശരി വിദ്യാഭ്യാസത്തിലെത്തുവാൻ നമ്മുടെ പഞ്ചായത്തിലെ ഹൈസ്ക്കൂളുകൾക്ക് കഴിഞ്ഞിട്ടില്ലയെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. എന്നാൽ ചെറുവട്ടൂർ ഗവ: മോഡൽ ഹൈസ്ക്കൂളിനേക്കാൾ തൃക്കാരിയൂർ ദേവസ്വം ബോർഡ് ഹൈസ്ക്കൂൾ മുന്നിലാണ്. 1996 മാർച്ചിൽ ചെറുവട്ടൂർ ഹൈസ്ക്കൂളിൽ 33.3%-വും തൃക്കാരിയൂർ ഹൈസ്ക്കൂളിൽ 68% -വും വിജയം ഉണ്ടായിരുന്നു S.S.L C യ്ക്കു ശേഷം കമ്പ്യൂട്ടറടക്കമുള്ള തൊഴിലധിഷ്ഠിത കോഴ്സുകളിൽ ചേരുന്നതിന് അടുത്ത കാലത്തായി വിദ്യാർത്ഥികളിൽ താൽപര്യം വർദ്ധിച്ചിട്ടുണ്ട്. തുടർ വിദ്യാഭ്യാസ കാര്യത്തിൽ ആൺകുട്ടികളേക്കാൾ പെൺകുട്ടികൾ അൽപം മുന്നിലാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു.

വിദ്യാഭ്യാസ നിലവാരത്തിലും ഭൗതിക സാഹചര്യങ്ങളിലുമുള്ള സർക്കാർ വിദ്യാലയങ്ങളുടെ കുറവ് പരിഹരിക്കുന്നതിനായി ഈ അദ്ധ്യയനവർഷം ഗ്രാമ പഞ്ചായത്ത് സമിതി ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ സഹകരണത്തോടെ നമ്മുടെ പഞ്ചായത്തിൽ സ്ക്കൂൾ കോംപ്ലക്സ് പരിപാടിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. വിദ്യാർത്ഥികളിലെ നിരക്ഷരതാ നിർമ്മാർജ്ജനവും കലാകായിക രംഗത്ത് അവരുടെ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള സൗകര്യം വർദ്ധിപ്പിക്കുകയും ജനപങ്കാളിത്തത്തോടെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും അദ്ധ്യാപകർക്ക് ആവശ്യത്തിന് പരിശീലനം നൽകുകയും ഈ കോംപ്ലക്സിന്റെ ലക്ഷ്യങ്ങളാണ്. വിപുലമായ ചന്ദ്രദിനാചരണവും ജനപങ്കാളിത്തത്തോടുകൂടിയുള്ള സ്വാതന്ത്ര്യദിനാഘോഷവും അദ്ധ്യാപകർക്കു നൽകിയ പരിശീലന കളരികളും എടുത്തു പറയേണ്ടതാണ്.

എല്ലാ വിദ്യാലയങ്ങളിലും പി.റ്റി. എ യും മാതൃസംഗമവും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നവയുടെ എണ്ണം തുലോം കുറവാണ് സാഹിത്യസമാജം കാർഷിക ക്ലബ്ബ് സയൻസ് കോർണർ എന്നിവയുടെ പ്രവർത്തനങ്ങൾ മിക്ക സ്ക്കൂളുകളിലും നിർജ്ജീവമാണ്. സ്ക്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്ന കാര്യത്തിൽ അദ്ധ്യാപക രക്ഷാകർതൃ സമിതികൾ വിലയേറിയ സംഭാവനകൾ നൽകിവരുന്നു. കുറ്റിലഞ്ഞി യു.പി.എസ്., ചെറുവട്ടൂർ എച്ച്.എസ്., ചെറുവട്ടൂർ യു.പി.എസ്., തൃക്കാരിയൂർ എൽ.പി.എസ്. എന്നിവിടങ്ങളിലെ പി.റ്റി.എ യുടെ പ്രവർത്തനം ശ്ലാഘനീയമാണ്.ഗ്രാമപഞ്ചായത്ത് അതിർത്തിയിലെ സ്ക്കൂളുകളിലെ വിദ്യാർത്ഥികളിൽ എസ്. എസ്. എൽ.സി. യ്ക്ക് ഉയർന്ന മാർക്ക് വാങ്ങുന്നവരെ പഞ്ചായത്ത് എല്ലാ വർഷവും അവാർഡ് നൽകി ആദരിച്ചുവരുന്നു. കൂടാതെ ഇരമല്ലൂർ പബ്ലിക് ലൈബ്രറിയും തൃക്കാരിയൂർ എൻ.എസ്.എസ്. കരയോഗവും ചില യുവജന സംഘടനകളും ഉയർന്ന മാർക്കു വാങ്ങുന്ന വിദ്യാർത്ഥികളെ അനുമോദിക്കാറുണ്ട്. യൂണിവേഴ്സിറ്റി പരീക്ഷകളിൽ കഴിഞ്ഞ വർഷങ്ങളിൽ ഉയർന്ന റാങ്ക് നേടിയ ചില വിദ്യാർത്ഥികൾ നമ്മുടെ പഞ്ചായത്തിലുണ്ട്.

പ്രൈമറി വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ നമ്മുടെ പഞ്ചായത്തിൽ തുലോം കുറവാണ് പിഞ്ചുകുട്ടികൾക്ക് നേഴ്സറി വിദ്യാഭ്യാസത്തിനായി കിലോമീറ്ററുകൾ താണ്ടേണ്ട അവസ്ഥയാണുള്ളത് . പല പ്രദേശങ്ങളിലും നേഴ്സറിസ്ക്കൂളുകൾ ഇല്ല . ഇതു മൂലം ഭൂരിഭാഗം കുട്ടികൾക്കും പ്രൈമറി വിദ്യാഭ്യാസം ലഭിക്കാറില്ല. ആയതുകൊണ്ട് പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ അടിയന്തിരമായി പ്രീ പ്രൈമറി വിദ്യാലയങ്ങൾ ആരംഭിക്കേണ്ടിയിരിക്കുന്നു.

ഗ്രാമ സഭകളിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് താഴെ വിവരിക്കുന്നു. ഭൂരിഭാഗം ഗ്രാമസഭകളിലും നിലവിലുള്ള വിദ്യാലയങ്ങളുടെ നിലവാരം ഉയർത്തണമെന്ന നിർദ്ദേശങ്ങളാണ് പൊന്തി വന്നിട്ടുള്ളത്. ചുരുക്കം ചില ഭാഗങ്ങളിൽ പുതിയ സ്ക്കൂളുകൾ ആരംഭിക്കണമെന്ന നിർദ്ദേശവും ഉയർന്നു വന്നിട്ടുണ്ട്.

ഗവ. മോഡൽ എച്ച്. എസ്. ചെറുവട്ടൂർ

നെല്ലിക്കുഴി പഞ്ചായത്തിലെ ഏക ഗവൺമെൻറ് ഹൈസ്ക്കൂളാണ്. പ്രീ പ്രൈമറി മുതൽ ടി.ടി. ഐ. വരെ ഈ സ്ക്കൂൾ കോമ്പൗണ്ടിൽ പ്രവർത്തിക്കുന്നുണ്ട്. 30 ഡിവിഷനു

കളിലായി 1201 കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്. 49 അദ്ധ്യാപകർ ഈ സ്ക്കൂളിന് ആവശ്യമുണ്ടെങ്കിലും 47 പേർ മാത്രമേ നിലവിലുള്ളൂ. 8 ഏക്കർ മൊത്തം വിസ്തീർണ്ണമുള്ള സ്ക്കൂൾ കാമ്പസിൽ 1 ഏക്കർ കൃഷിസ്ഥലവും 4 ഏക്കർ സ്ഥലം ഒന്നിനും ഉപയോഗിക്കാതെയും കിടപ്പുണ്ട്. സ്ക്കൂൾ കാമ്പസിന് ചുറ്റുമതിലുകളോ ആവശ്യത്തിന് ഫർണിച്ചറോ ഇല്ല ലൈബ്രറി, ലാബറട്ടറി സൗകര്യങ്ങളുണ്ടെങ്കിലും പ്രവർത്തനം കാര്യക്ഷമമല്ല. സിനിമ സ്ലൈഡ്സ പ്രൊജക്ട കമ്പ്യൂട്ടറുകളും സ്ക്കൂളിലുണ്ട്.

കുടിവെള്ള പ്രശ്നം പരിഹരിക്കുകയും സ്ക്കൂൾ കോമ്പൗണ്ടിന് ചുറ്റുമതിൽ കെട്ടുകയും ഒരു ഓഡിറ്റോറിയം പണിയുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. ഇനി ആവശ്യമുള്ള ഫർണിച്ചറുകളുടെ എണ്ണം താഴെ ചേർക്കുന്നു.

ഡസ്ക്	ബഞ്ച്	മേശ	കസേര	അലമാര	റാക്ക്	ബോർഡ്
25	25	5	5	5	2	10

കൂടാതെ 4 പുതിയ ക്ലാസുമുറികളും ഒരു കക്കൂസും 2 മൂത്രപ്പുരകളും അടിയന്തിരമായി പണിയേണ്ടതുണ്ട്. അദ്ധ്യാപക രക്ഷാകർത്തൃ സംഘടനയും മാതൃസംഗമവും ഊർജ്ജിതമാക്കണം.

1992-93	1993-94	1994-95	1995-96
39%	30%	35.5%	33.3%

കഴിഞ്ഞ 4 വർഷത്തെ കണക്കുകൾ പരിശോധിച്ചാൽ എസ്.എസ്. എൽ.സി വിജയശതമാനം ഓരോ വർഷവും കുറഞ്ഞു വരുന്നതായി കാണാം. ഇത് ഗൗരവപൂർവ്വം കാണേണ്ട വസ്തുതയാണ്.

ഈ സ്ക്കൂൾ ജൂനിയർ സ്ക്കൂളായി ഉയർത്തി അതോടനുബന്ധിച്ച് ഒരു പ്ലസ് ടു കോഴ്സ് ആരംഭിച്ചാൽ ഈ മേഖലകളിലുള്ള വിദ്യാർത്ഥികൾക്ക് പഠനത്തിന് പുറത്തേയ്ക്ക് പോകുന്ന അവസ്ഥ ഒഴിവാക്കാൻ കഴിയും.

1. വിസ്തൃതമായ കോമ്പൗണ്ട് ഉള്ള ടി സ്ക്കൂളിൽ ഒരു പോളി ടെക്നിക് ആരംഭിക്കുന്നതിനുള്ള നടപടി കൈക്കൊള്ളണം.

2. എച്ച്. എസ് നിലവാരത്തിലുള്ള ഒരു കെട്ടിടം ഇതുവരെ ഉണ്ടയിട്ടില്ല. എത്രയും വേഗം നടക്കണം.

D. B. H. S. തൃക്കാരിയൂർ

പഞ്ചായത്തിൽ തൃക്കാരിയൂർ ഭാഗത്ത് പ്രവർത്തിക്കുന്ന ദേവസ്വം ബോർഡിന്റെ മാനേജ്മെന്റിൽ നടക്കുന്ന സ്ക്കൂളാണിത്. 8 മുതൽ 10 വരെ ക്ലാസുകളിൽ 11 ഡിവിഷനുകളിലായി 420 കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട് 22 അദ്ധ്യാപകർ ഇവിടെ പഠിപ്പിക്കുന്നുണ്ട്. 4 ഏക്കർ വിസ്തീർണ്ണമുള്ളതിൽ 2 ഏക്കർ കളിസ്ഥലമുണ്ട്. ചുറ്റുമതിലുകൾ ലൈബ്രറി ലാബ്രറട്ടറി സൗകര്യങ്ങൾ നാമമാത്രമായുണ്ട്. ആവശ്യത്തിന് ഫർണിച്ചറുകൾ ഉണ്ട്. അധ്യാപക രക്ഷാകർത്തൃ സംഘടനയുടെയും മാതൃസംഗമത്തിന്റേയും പ്രവർത്തനം കാര്യക്ഷമമാക്കേണ്ടത് അത്യാവശ്യമാണ്.

കഴിഞ്ഞ 4 വർഷത്തെ എസ്.എസ്. എൽ.സി വിജയശതമാനം ചുവടെ ചേർക്കുന്നു.

1992-93	1993-94	1994-95	1995-96
58%	60%	68%	68%

സ്ക്കൂളിന്റെ പ്രവർത്തനം പൊതുവെ തൃപ്തികരമാണെങ്കിലും അൽപം കൂടി ശ്രമിച്ചാൽ വിജയശതമാനം വർദ്ധിപ്പിക്കുവാൻ കഴിയും. ഈ സ്ക്കൂളിനോടനുബന്ധിച്ച് പ്ലസ് ടു കോഴ്സ് ആരംഭിച്ചാൽ തദ്ദേശവാസികൾക്ക് ഗുണപ്രദമായിരിക്കും.

P. U. P. S നെല്ലിക്കുഴി

നെല്ലിക്കുഴി പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന യു.പി. സ്ക്കൂളാണിത്. 1 മുതൽ 7 വരെ ക്ലാസുകളിൽ 22 ഡിവിഷനുകളിലായി 825 കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്. ഇതോടനുബന്ധിച്ച് ഒരു പ്രീപ്രൈമറി വിദ്യാലയവും പ്രവർത്തിക്കുന്നുണ്ട്. 26 അധ്യാപകർ ഇവിടെ പഠിപ്പിക്കുന്നുണ്ട് 3 ഏക്കർ വിസ്തീർണ്ണമുള്ള സ്ക്കൂൾ കാമ്പസിൽ 1 ഏക്കർ കളിസ്ഥലമുണ്ട്. സ്ക്കൂൾ കാമ്പസിന് ചുറ്റുമതിലുകളോ സ്ക്കൂളിൽ ആവശ്യത്തിന് ഫർണിച്ചറുകളോ ഇല്ല. ലൈബ്രറി ലാബ്രട്ടറി സൗകര്യങ്ങൾ പരിമിതമാണ്.

കളിസ്ഥലങ്ങൾ നന്നാക്കുകയും അടിയന്തിരമായി സ്ക്കൂളിന് ചുറ്റുമതിലുകൾ പണിയുകയും ആവശ്യത്തിന് ഫർണിച്ചർ നിർമ്മിക്കുകയും, മൂത്രപ്പുരയും കക്കൂസും പണിയുകയും കുടിവെള്ളക്ഷാമം പരിഹരിക്കുകയും വേണം.

ഈ സ്ക്കൂളുകളിൽ ഓരോ വർഷം ചെല്ലുന്തോറും വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞു വരുന്നതായി കാണാം. നിലവാരത്തകർച്ചയും സൗകര്യങ്ങളുടെ അപര്യാപ്തതയുമാണ് ഇതിനുള്ള പ്രധാന കാരണം. അധ്യാപക രക്ഷാകർത്തൃ സംഘടനയുടെ പ്രവർത്തനം തൃപ്തികരമല്ല. ഈ പഞ്ചായത്തിലുള്ള ഹൈസ്ക്കൂളുകൾ രണ്ടും പഞ്ചായത്തിന്റെ രണ്ടറ്റത്തുമായാണ് സ്ഥിതി ചെയ്യുന്നത്. ഇത് മൂലം പഞ്ചായത്തിന്റെ മധ്യഭാഗത്തുള്ളവർക്ക് ടി സ്ക്കൂളുകളിൽ എത്തപ്പെടുവാൻ ബുദ്ധിമുട്ടുണ്ട്. ആയതുകൊണ്ട് നെല്ലിക്കുഴിയുടെ ഹൃദയ ഭാഗത്തുള്ള പഞ്ചായത്ത് യു.പി.സ്ക്കൂൾ അപ്ഗ്രേഡ് ചെയ്ത് ഹൈസ്ക്കൂളായി ഉയർത്തേണ്ടത് അത്യാവശ്യമാണ്. കൂടാതെ നെല്ലിക്കുഴി കേന്ദ്രീകരിച്ച് ഒരു ഐ. ടി. ഐ. തുടങ്ങണം.

ഗവ.യു.പി.എസ്. കുറ്റിലഞ്ഞി

നെല്ലിക്കുഴി പഞ്ചായത്തിലെ 4-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന സ്ക്കൂളാണിത്. 1 മുതൽ 7 വരെ ക്ലസ്സുകളിൽ 14 ഡിവിഷനുകളിലായി 548 കുട്ടികൾ പഠിക്കുകയും 17 അധ്യാപകർ പഠിപ്പിക്കുകയും ചെയ്യുന്നുണ്ട്. 1.50 ഏക്കർ വിസ്തീർണ്ണമുള്ള ഈ സ്ക്കൂളിൽ 50 സെൻറ് സ്ഥലം കളിസ്ഥലമായി ഉപയോഗിക്കുന്നു. ആവശ്യത്തിന് ചുറ്റുമതിലോ ഫർണിച്ചറുകളോ ഇല്ല. ലൈബ്രറി സൗകര്യം തീരെയില്ല. ലബോറട്ടറി സൗകര്യം പരിമിതമാണ്.

ഈ സ്ക്കൂളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കേണ്ടത് അത്യാവശ്യമാണ്. കൂടാതെ ചുറ്റുമതിൽ പണിയുകയും കളിസ്ഥലം നന്നാക്കുകയും ആവശ്യത്തിന്

ഫർണിച്ചറുകളും 2 മൂത്രപ്പുരകളും പണിയേണ്ടതാവശ്യമാണ്.

നിലവിൽ ഈ സ്ക്കൂളിൽ 2 ഡിവിഷനുകൾക്കുള്ള കുട്ടികൾ കൂടുതലാണ്. ആയതുകൊണ്ട് അടിയന്തിരമായി ഒരു 60 അടി കെട്ടിടം പണിയേണ്ടതുണ്ട്. അധ്യാപക രക്ഷാകർത്തൃസംഘടനയും മാതൃസംഗമവും കാര്യക്ഷമമായി പ്രവർത്തുക്കുന്നുണ്ട്. മറ്റ് സ്ക്കൂളുകളിലേയ്ക്ക് 3 കി.മീ. അധികം ദൂരമുള്ളതുകൊണ്ട് ഈ സ്ക്കൂൾ ഹൈസ്ക്കൂളായി ഉയർത്തണം.

ഗവ.യു.പി.എസ്. ചെറുവട്ടൂർ

നെല്ലിക്കുഴി പഞ്ചായത്തിൽ 1-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന സ്ക്കൂളാണിത് 5-ാം സ്റ്റാൻഡേർഡ് മുതൽ 7-ാം സ്റ്റാൻഡേർഡ് വരെ വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നുണ്ട്. 9 ഡിവിഷനുകളിലായി 330 വിദ്യാർത്ഥികളും 13 അധ്യാപകരുമുണ്ട്. 1.5 ഏക്കർ സ്ഥലമുണ്ടെങ്കിലും ആവശ്യത്തിന് കളിസ്ഥലമില്ല.ചുറ്റുമതിൽ പൂർണ്ണമായില്ലെങ്കിലും ഫർണിച്ചറുകൾ കുറവാണ്. ലൈബ്രറി ലബോറട്ടറികൾ പ്രവർത്തിക്കുന്നുണ്ട്. പി.ടി.എ നന്നായി പ്രവർത്തിക്കുന്നുണ്ടെങ്കിലും മാതൃസംഗമം സജീവമല്ല.

സ്ക്കൂളിന് ചുറ്റുമതിലുകൾ കെട്ടുകയും ആവശ്യത്തിന് ഫർണിച്ചറുകൾ ഉണ്ടാക്കുകയും ചെയ്യേണ്ടതുണ്ട്. കൂടാതെ കളിസ്ഥലം നിർമ്മിക്കേണ്ടതും അത്യാവശ്യമാണ്.

ഈ സ്ക്കൂളിൽ ആവശ്യത്തിൽ ക്ലാസു മുറികളുണ്ട്. ആയതുകൊണ്ട് ഈ സ്ക്കൂൾ ഒരു ഗേൾസ് ഹൈസ്ക്കൂളായി ഉയർത്തിയാൽ അതുമൂലം ഈ ക്ലാസ് മുറികൾ ഉപയോഗിക്കാൻ കഴിയുകയും വിദ്യാർത്ഥികളുടെ ഭാവി ശോഭനമാക്കുവാൻ കഴിയുകയും ചെയ്യും.

ഗവ.എൽ.പി.എസ്. ചെറുവട്ടൂർ

നെല്ലിക്കുഴി പഞ്ചായത്തിൽ 1-ാം വാർഡിൽപ്പെട്ട സ്ക്കൂളാണിത്. 1 മുതൽ 4 വരെ ക്ലാസ്സുകളിൽ 8 ഡിവിഷനുകളിലായി 308 വിദ്യാർത്ഥികൾ പഠിക്കുകയും 11 അധ്യാപകർ പഠിപ്പിക്കുകയും ചെയ്യുന്നുണ്ട്. 42 സെൻറ് വിസ്തീർണ്ണമുള്ള സ്ക്കൂളിന് കളിസ്ഥലമോ ചുറ്റുമതിലോ ഫർണിച്ചറുകളോ ആവശ്യത്തിനില്ല.അധ്യാപക രക്ഷാകർത്തൃസംഘടനയും മാതൃസംഗമവും സജീവമല്ല.

ഒരു ക്ലാസ് മുറിയും കളിസ്ഥലവും മൂത്രപ്പുരയും ഈ സ്ക്കൂളിന് ആവശ്യമുണ്ട് . കൂടാതെ ചുറ്റു മതിലുകൾ പണിയുകയും ആവശ്യത്തിന് ഫർണിച്ചറുകളും പഠനോപകരണങ്ങളും അത്യാവശ്യമാണ്. കുടിവെള്ള വിതരണം കാര്യക്ഷമമാക്കുകയും അദ്ധ്യാപക രക്ഷാകർത്തൃ സംഘടനയും മാതൃസംഗമവും കാര്യക്ഷമമാക്കുകയും ചെയ്യേണ്ടതുണ്ട്.

ഇളമ്പ എൽ.പി.സ്ക്കൂൾ

ഈ പഞ്ചായത്തിലെ 9-ാം വാർഡിൽ സ്ഥിതി ചെയ്യുന്നു സ്വകാര്യ മാനേജ്മെൻറിന് കഴിലുള്ള ഗവ.അംഗീകൃത സ്ക്കൂളാണിത്. ഈ സ്ഥാപനത്തിലൂടെ 1 മുതൽ 4 വരെ സ്ലാസുകളിലായി 8 ഡിവിഷനുകളിൽ 269 കുട്ടികൾ പഠിക്കുകയും 9 അധ്യാപകർ പഠിപ്പിക്കുകയും ചെയ്യുന്നുത്. 1 ഏക്കർ 61 സെൻറ് വിസ്തീർണ്ണമുള്ളതിൽ 1 ഏക്കർ കളിസ്ഥലമാണ്.

സ്ക്കൂൾ ഭരണം സൊസൈറ്റി ഏറ്റെടുക്കണം. ഈ സ്ക്കൂൾ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുകയും പുതിയതായി 2 മൂത്രപ്പുരകൾ പണിയുകയും കിണറുകളിൽ നിന്നും വെള്ളം പമ്പ് ചെയ്ത് കുടിവെള്ളക്ഷാമം പരിഹരിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. ഈ പ്രദേശത്തുള്ള കുട്ടികൾക്ക് യു.പി.ക്ലസുകളിൽ പഠിക്കുന്നതിനായ് കിലോമീറ്ററുകളോളം സഞ്ചരിക്കേണ്ട കവസ്ഥയാണുള്ളത്. ആയതുകൊണ്ട് ഈ സ്ക്കൂൾ യു.പി.സ്ക്കൂളായി ഉയർത്തേണ്ടത് അത്യാവശ്യമാണ്.

ഗവ. എൽ.പി.എസ്.തൃക്കാരിയൂർ

നെല്ലിക്കുഴി പഞ്ചായത്ത് 10-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന സ്ക്കൂളാണിത്. 1 മുതൽ 5 വരെ ക്ലസുകളിൽ 6 ഡിവിഷനിഷളിലായി 179 കുട്ടികൾ പഠിക്കുകയും 7 അധ്യാപകർ പഠിപ്പിക്കുന്നുമുണ്ട്. 64 സെൻറ് സ്ഥലം സ്വന്തമായുണ്ടെങ്കിലും ഈ സ്ക്കൂളിന് ഒരു കളിസ്ഥലമില്ലാത്ത അവസ്ഥയാണുള്ളത് . ചുറ്റുമതിലുകൾ ഇല്ല കുടിവെള്ള വിതരണം കാര്യക്ഷമമല്ല. അധ്യാപക രക്ഷാകർത്തൃസംഘടനയും മാതൃസംഗമവും പ്രവർത്തിക്കുന്നുണ്ട്.

അടിയന്തിരമായി സ്ക്കൂളിൽ ചുറ്റുമതിൽ നിർമ്മിക്കുകയും കളിസ്ഥലമുണ്ടാക്കുകയും വേണം കൂടാതെ ആവശ്യത്തിന് ഫർണിച്ചറുകളും അത്യാവശ്യമാണ്.

1 മുതൽ 5 വരെ ക്ലാസുകളുള്ളതു മൂലം ഈ സ്ക്കൂൾ എൽ.പി.യോ യു.പി.യോ അല്ലാത്ത അവസ്ഥയാണ്.ഇതുമൂലം പലരും ഈ സ്ക്കൂളിൽ കുട്ടികളെ ചേർക്കുന്നില്ല. ആയതുകൊണ്ട് അടിയന്തിരമായി ഈ സ്ക്കൂൾ യു.പി. സ്ക്കൂളായി ഉയർത്തേണ്ടത് അത്യാവശ്യമാണ്.

ഗവ. റ്റി.റ്റി.ഐ ചെറുവട്ടൂർ

നെല്ലിക്കുഴി പഞ്ചായത്തിൽ 3-ാം വാർഡിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണത്. ഗവ.മോഡൽ ഹൈസ്ക്കൂൾ കോമ്പൗണ്ടിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. സ്വന്തമായി മുറികളുള്ള ഒരു കെട്ടിടമുണ്ട്. ആവശ്യത്തിന് ഫർണിച്ചറുകൾ വാങ്ങുകയും 2 മൂത്രപ്പുരകൾ പണിയുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. പുതിയ ബാച്ച് അഡ്മിഷനുകൾ നടത്താത്തതുമൂലം ഈ സ്ഥാപനത്തിൽ ഇപ്പോൾ വിദ്യാർത്ഥികൾ ആരും തന്നെ പഠിക്കുന്നില്ല.

പ്രീപ്രൈമറികൾ

നമ്മുടെ പഞ്ചായത്തിൽ താഴെ പറയുന്ന ഭാഗങ്ങളിൽ പ്രീപ്രൈമറി വിദ്യാലയങ്ങൾ തുടങ്ങേണ്ടത് അത്യാവശ്യമാണ്. ഊരംകുഴി, കുരുവിനാപ്പാറ, കക്ഷായിപ്പടി, ലക്ഷം വീട് കോളനി, പുവത്തൂർ, കുറ്റിലഞ്ഞി, ഓലിപ്പാറ,പാഴൂർ മോളം,കമ്പനിപ്പടി ഇരമല്ലൂർ, റേഷൻകടപ്പടി, പഞ്ചായത്ത് ലക്ഷം വീട് കോളനി, മുണ്ടയ്ക്കാപ്പടി, 314 റേഷൻകടപ്പടി, മേക്കരപ്പടി, നങ്ങേലിപ്പടി, കണ്ണംകുളം, മറ്റത്തിപീടിക, തൃക്കാരിയൂർ, ഹൈക്കോർട്ട് കവല, അമ്പലം ജംഗ്ഷൻ, പുലിമല എടനാട്, വായനശാലപ്പടി,

പഞ്ചായത്തിൻെറ മൊത്തം സ്ഥിതി പരിശോധിക്കുമ്പോൾ വിദ്യാഭ്യാസത്തിൻെറ നിലവാരം മോ

ശമാണ് എന്ന് കാണുവാൻ കഴിയും. സ്ക്കൂളുകളിലെ നിലവാരം ഉയർത്തുന്നതിനായി കൂട്ടായ ശ്രമം ആവശ്യമാണ്. പൊതു വിദ്യാഭ്യാസത്തിന്റെ നിലനിൽപിനും രക്ഷയ്ക്കുമായി നാം ഓരോരുത്തരും കർമ്മപഥത്തിലേയ്ക്ക് ഇറങ്ങേണ്ടിയിരിക്കുന്നു. ഇതിനായി ഒരു ബഹുജന മുന്നേറ്റം ആവശ്യമായി വന്നിരിക്കുന്നു. ഇതിനായി തുടങ്ങിവച്ചതും തുടങ്ങേണ്ടതുമായ കാര്യങ്ങൾ കാര്യക്ഷമമാക്കണം.

പട്ടിക 1 പഞ്ചായത്തിലെ സ്ക്കൂളുകളുടെ പട്ടിക.

ക്രമനമ്പർ	സ്ക്കൂളിന്റെ പേര്	മാനേജ്മെൻറ്
1.	മോഡൽ ഹൈസ്ക്കൂൾ ചെറുവട്ടൂർ	ഗവ.
2.	D. B. H. S. തൃക്കാരിയൂർ	പ്രൈവറ്റ്ഗവ.അംഗീകൃതം
3.	യു.പി.എസ്. നെല്ലിക്കുഴി	പഞ്ച.മാനേജ്മെൻറ്
4.	യു.പി.എസ്. കുറ്റിലഞ്ഞി	ഗവ.
5.	യു.പി.എസ്.ചെറുവട്ടൂർ	ഗവ.
6.	എൽ.പി.എസ്.ചെറുവട്ടൂർ	ഗവ.
7.	എൽ.പി.എസ്.എളമ്പ്ര	മാനേജ്മെൻറ്
8.	എൽ.പി.എസ്. തൃക്കാരിയൂർ	ഗവ.
9.	മാർ ബസേലിയോസ്	ഇംഗ്ലീഷ് മീഡിയം പ്രൈവറ്റ്
10.	ഗ്രിൻവാലി പബ്ലിക്ക് സ്ക്കൂൾ	പ്രൈവറ്റ്.

പട്ടിക 2 പഞ്ചായത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ

1.	റ്റി. റ്റി. ഐ ചെറുവട്ടൂർ	ഗവ.
2.	ചെയിൻ സർവ്വേ സ്ക്കൂൾ തങ്കളം	പ്രൈവറ്റ്

പട്ടിക3. ആകെ വിദ്യാർത്ഥികളുടെ എണ്ണം

1.	G.M.H.S ചെറുവട്ടൂർ	1201
2.	D.B.H.S തൃക്കാരിയൂർ	420
3.	P.U.P.S നെല്ലിക്കുഴി	825
4.	G.U.P.S കുറ്റിലഞ്ഞി	598
5.	G.U.P.S.ചെറുവട്ടൂർ	330
6.	G.L.P.S ചെറുവട്ടൂർ	308
7.	L.P.S ഇളമ്പ്ര	261
8.	L.P.S. തൃക്കാരിയൂർ	179

പട്ടിക 4 പെൺകുട്ടികളുടെ എണ്ണം

1.	G.M.H.S ചെറുവട്ടൂർ	640
2.	D.B.H.S തൃക്കാരിയൂർ	197
3.	P.U.P.S നെല്ലിക്കുഴി	399
4.	G.U.P.S കുറ്റിലഞ്ഞി	293
5.	G.U.P.S.ചെറുവട്ടൂർ	169
6.	G.L.P.S ചെറുവട്ടൂർ	148
7.	L.P.S. ഇളമ്പ്ര	133
8.	G.L.P.S. തൃക്കാരിയൂർ	94

പട്ടിക 5 പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണം

1.	G.M.H.S ചെറുവട്ടൂർ	56
2.	D.B.H.S തൃക്കാരിയൂർ	-
3.	P.U.P.S നെല്ലിക്കുഴി	56
4.	G.U.P.S കുറ്റിലഞ്ഞി	40
5.	G.U.P.S.ചെറുവട്ടൂർ	9
6.	G.L.P.S ചെറുവട്ടൂർ	14
7.	L.P.S. ഇളമ്പ്ര	22
8.	G.L.P.S. തൃക്കാരിയൂർ	15

പട്ടിക 6 അധ്യാപകരുടെ എണ്ണം

1.	G.M.H.S ചെറുവട്ടൂർ	47
2.	D.B.H.S തൃക്കാരിയൂർ	-
3.	P.U.P.S നെല്ലിക്കുഴി	26
4.	G.U.P.S കുറ്റിലഞ്ഞി	17
5.	G.U.P.S.ചെറുവട്ടൂർ	13
6.	G.L.P.S ചെറുവട്ടൂർ	11
7.	L.P.S. ഇളമ്പ്ര	9
8.	G.L.P.S. തൃക്കാരിയൂർ	7

പട്ടിക 7
96-97 വർഷത്തിൽ ഇടയ്ക്കു വച്ച്
പഠനം നിറുത്തിയവരുടെ ലിസ്റ്റ്

1.	G.M.H.S ചെറുവട്ടൂർ	24
2.	D.B.H.S തൃക്കാരിയൂർ	-
3.	P.U.P.S നെല്ലിക്കുഴി	-
4.	G.U.P.S കുറ്റിലഞ്ഞി	4
5.	G.U.P.S.ചെറുവട്ടൂർ	-
6.	G.L.P.S ചെറുവട്ടൂർ	-
7.	L.P.S. ഇളമ്പ്ര	-
8.	G.L.P.S. തൃക്കാരിയൂർ	-



8

സംസ്ക്കാരം

ഒരു ജീവിതവ്യവസ്ഥയാണ് സംസ്ക്കാരം എന്ന വാക്ക് പ്രതിനിധീകരിക്കുന്നത്. ആചാരാനുഷ്ഠാനങ്ങൾ, പെരുമാറ്റ രീതികൾ, വിശ്വാസപ്രമാണങ്ങൾ, മൂല്യങ്ങൾ, കല, സാഹിത്യം, ഭാഷ, ഭക്ഷണം, വസ്ത്രധാരണം തുടങ്ങിയ കാര്യങ്ങൾ ഇതിൽ ഉൾക്കൊള്ളുന്നു. ഭക്ഷണം, വസ്ത്രം, കിടപ്പാടം തുടങ്ങിയ ഭൗതികാവശ്യങ്ങൾ നേടുന്നതിന് ആവശ്യമായ ഉൽപ്പാദനവും ഉൽപാദനബന്ധവുമുൾക്കൊള്ളുന്ന അടിത്തറയുടെ മേൽക്കൂരയാണ് സംസ്ക്കാരമെന്ന് സാമാന്യമായി പറയുന്നുണ്ട്. അടിത്തറയെ സംരക്ഷിക്കുന്നതിന് മേൽക്കൂരയ്ക്കും പങ്കുള്ളതുപോലെ സംസ്ക്കാരം ഭൗതീക ജീവിതത്തെ സ്വാധീനിക്കുന്നു.അപവാദങ്ങൾ ഉണ്ടാകാമെങ്കിലും പൊതുവെ പറഞ്ഞാൽ ശക്തമായ ഭൗതികാടിസ്ഥാനമില്ലാതെ സമ്പന്നമായ സാംസ്ക്കാരിക വളർച്ച അസാധ്യമാണ്.

പഞ്ചായത്തിന്റെ സാമൂഹ്യ സാംസ്ക്കാരിക ചരിത്രം ഈ റിപ്പോർട്ടിന്റെ രണ്ടാം ഭാഗത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. അതിപ്രാചീനവും സമ്പന്നവുമായ സാംസ്ക്കാരിക പാരമ്പര്യത്തിന്റെ ഉടമകളാണെങ്കിലും സമകാലീന സാംസ്ക്കാരിക രംഗം അത്ര അഭിമാനകരമാണെന്ന് പറഞ്ഞുകൂടാ. സമീപ ഭൂതകാലത്തിന്റെ ജഡഭാരം കൈയൊഴിഞ്ഞുകൊണ്ടല്ലാതെ ഈ രംഗത്തെ മുരടിപ്പിന് പരിഹാരം കാണാൻ കഴിയുകയില്ല. വിശദമായ ഒരു പഠനം ആവശ്യമാണെങ്കിലും അതിനു കഴിയുന്നില്ല.പഠനത്തിനും ഗവേഷണത്തിനും വഴിയൊരുക്കാവുന്ന ചില സൂചനകളും അനുമാനങ്ങളും രേഖപ്പെടുത്തുവാൻ മാത്രമെ കഴിയൂ.

ബൗദ്ധർ അന്തിമമായി പരാജയപ്പെട്ടത് തൃക്കാരിയൂർ വച്ചാണെന്ന് ചരിത്രകാരൻമാർ പറയുന്നുണ്ട് മുഹമ്മദിയരേയും 'ബൗദ്ധന്മാർ' എന്നു വിളിക്കാറുണ്ട്. ''കായികവും സായുധവുമായ സമരം നടത്തിയുട്ടുണ്ടെങ്കിൽ തന്നെ അതു സംബന്ധിച്ച് വ്യക്തവും സംശയം കൊടുക്കാത്തതുമായ തെളിവുകളില്ല. നേരെ മറിച്ച് സാംസ്ക്കാരിക രംഗത്ത് സുദീർഘവും ഗൗരവുമായ സമരം നടത്തിയിട്ടുണ്ടെന്നുള്ളതിന് ധാരാളം തെളിവുകളുണ്ടു താനും. ഈ സാംസ്ക്കാരിക ചരിത്രത്തിന്റെ രൂപം ബ്രാഹ്മണ - ബൗദ്ധ മതങ്ങൾ തമ്മിലുള്ള സംഘട്ടനമായിരുന്നു. ജാതി വ്യവസ്ഥയും ജൻമി മേധാവിത്വവുമില്ലാത്ത പഴയ കേരള സാമൂഹ്യ ഘടനയെ നിലനിർത്തണമെന്ന അഭിപ്രായമുള്ളവർ ബുദ്ധമതത്തേയും, ആ പഴയ സാമൂഹ്യ ഘടനയെ തകർത്ത് പുതിയ സാമൂഹ്യ ഘടന നിലവിൽ വരുത്തണമെന്ന് ആഗ്രഹിച്ചവർ ബ്രാഹ്മണ മതത്തേയും ആശ്രയിച്ചു.'' ('കേരളം മലയാളികളുടെ മാതൃഭൂമി - ഇ. എം. എസ്.)

കല്ലിൽ ക്ഷേത്രത്തിന്റെ സാമീപ്യം ഈ പ്രദേശത്ത് ജൈനമതാനുയായികളുടെ സാന്നിധ്യവും സ്വാധീനവും സൂചിപ്പിക്കുന്നു. പരാജയപ്പെട്ടവർ പിൻതള്ളപ്പെട്ടുവെന്ന് വിശ്വസിക്കണം.ബുദ്ധ - ജൈന മതാനുയായികൾ പരിവർത്തനം ചെയ്ത് ഇസ്ലാം ക്രൈസ്തവാദി മതാനുയായികളായി തീർന്നിരിക്കണം. പഞ്ചായത്തിൽ ഹിന്ദുക്കളും, മുസ്ലീങ്ങളും, ക്രൈസ്തവരും സൗഹാർദ്ദത്തോടെ കഴിയുന്ന അന്തരീക്ഷമാണ് ഇപ്പോഴുള്ളത്. ഇവിടെ ചവളർ സമുദായത്തിൽപ്പെട്ട തൊണ്ണൂറോളം കുടുംബങ്ങൾ ഉണ്ട്. 'ചോളർ' എന്നത് ചവളർ ആയിത്തീർന്നതാണെന്ന് പറയുന്നു. 1795 -ൽ ഈസ്റ്റ് ഇന്ത്യാ കമ്പനിക്ക് തിരുവിതാംകൂറിന്റെ മേൽക്കോയ്മ കൈവന്നപ്പോൾ മുമ്പ് നിലനിന്നിരുന്ന കാർഷിക മര്യാദ തകർക്കപ്പെട്ടു. തുടർന്നു ജാതി, ജൻമി- നാടുവാഴി മേധാവിത്വം നടമാടി. കോട്ടയ്ക്കകം നാടുവാഴി (കർത്താക്കൻമാർ) കളുടെ പരാക്രമങ്ങളും, എതിരായ ചെറുത്തുനിൽപ്പു പരിശ്രമങ്ങളും പഠനമർഹിക്കുന്നു. തൃക്കാരിയൂർ മഹാദേവർ ക്ഷേത്രം, മേതല മുഹ്യുദ്ദീൻ പള്ളി തുടങ്ങിയ അതിപ്രാചീന ചരിത്രം തുടങ്ങി ഗവേഷണം നടത്തേണ്ട നല്ലൊരു മേഖലയിവിടെയുണ്ട്. ജനങ്ങളിൽ 5.54 % വരുന്ന പട്ടികജാതി ജനവിഭാഗത്തിന്റെ പ്രാചീന കലാ - സാംസ്ക്കാരിക രംഗവും ഗവേഷണം അർഹിക്കുന്നു. നാടിന് നല്ല സംഭാവനകൾ നൽകിയിട്ടുള്ള നമ്മുടെ സാംസ്ക്കാരിക നായകൻമാരെക്കുറിച്ച് ശരിയായ വിവരങ്ങൾ ശേഖരിക്കേണ്ടിയിരിക്കുന്നു.

പ്രധാന ആരാധനാലയങ്ങൾ, ഉൽസവങ്ങൾ, പെരുനാളുകൾ എന്നിയെ സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

വാർഡ് 1:- കോട്ടേപീടിക പള്ളി, ഊരംകുഴിപള്ളി, 314 മുസ്ലിംപള്ളി, കുരുവിനാപാറ മുസ്ലിംപള്ളി, മാമ്പള്ളി ഭഗവതി ക്ഷേത്രം, തേമാംകുഴി ശിവക്ഷേത്രം.

ശിവക്ഷേത്രത്തിൽ കുംഭമാസത്തിൽ തിരുവാതിര മഹോൽസവം നടത്തുന്നു.

വാർഡ് 2:- കുഴിപ്പിള്ളി ശാസ്താവ്, മാടശ്ശേരി ശാസ്താവ്, ചെറുവട്ടൂർ ഭഗവതി ക്ഷേത്രം ചെറുവട്ടൂർ ജുമാ-മസ്ജിദ്,അടിവാട്ട് ജുമാ-മസ്ജിദ്.

ചെറുവട്ടൂർ ക്ഷേത്രത്തിൽ കുംഭഭരണി മഹോൽസവവും ശാസ്താവിന്റെ ക്ഷേത്രത്തിൽ മകരവിളക്ക് ഉൽസവവും നടക്കുന്നു.

വാർഡ് 3:- കാട്ടാംകുഴി പള്ളി, ഇരമല്ലൂർ ഭഗവതിക്ഷേത്രം,അടിവാട്ട് ഭഗവതിക്ഷേത്രം.

ഇരമല്ലൂർ ഭഗവതി ക്ഷേത്രത്തിൽ കുംഭമാസത്തിൽ മകം ഉൽസവം നടത്തുന്നു.

വാർഡ് 4:- മേതല ജുമാ-മസ്ജിദ്, കുറ്റിലഞ്ഞി മുസ്ലിം പള്ളി, ഏക്കുന്നം ശിവക്ഷേത്രം, ചക്കനക്കാവ് ഭഗവതിക്ഷേത്രം, പുവത്തൂർ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം.

മേതല പള്ളിയിൽ ആണ്ടുതോറും ചന്ദനക്കുടവും പുവത്തൂർ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലും ചക്കനക്കാവിലും ഉൽസവങ്ങൾ നടത്തുന്നുണ്ട്. എല്ലാജാതി മതസ്ഥരും സൗഹാർദ്ദത്തോടെ പങ്കെടുക്കുന്നുണ്ട്.

വാർഡ് 5:- ഇരമല്ലൂർ സെൻട്രൽ ജുമാ- മസ്ജിദ്, തൃക്ക ശിവക്ഷേത്രം.

ശിരാത്രി മഹോൽസവം വിവിധ ജാതി- മതസ്ഥരുടെ സഹകരണത്തോടെ നടത്തുന്നു.

വാർഡ് 6:- നെല്ലിക്കുഴി സെൻട്രൽ ജുമാ-മസ്ജിദ്,നെല്ലിക്കുന്നത്ത് ജുമാ - മസ്ജിദ്, നെല്ലിക്കുഴി ഭഗവതിക്ഷേത്രം.

രണ്ടു നൂറ്റാണ്ടോളം പഴക്കമുള്ളതും ചവളർ സമുദായത്തിന്റെ നിയന്ത്രണത്തിൽ ഉള്ളതുമായ ഭഗവതി ക്ഷേത്രത്തിൽ ആണ്ടുതോറും മകരഭരണി മഹോൽസവം കൊണ്ടാടുന്നു. ആദ്യകാലത്ത് കൊടുങ്ങല്ലൂർ ഭരണിയുമായി ബന്ധപ്പെടുത്തിയാണ് ഉൽസവം നടന്നിരുന്നത്. ഇപ്പോൾ അക്ഷരാർത്ഥത്തിൽ സർവമതസ്ഥരും പങ്കെടുക്കുന്ന ഉൽസവമാണ്. ഈ വിഭാഗത്തിന്റെ മതം തന്നെ മതേതരത്വമാണെന്ന് പറയാം.

വാർഡ് 7:- കിഴക്കേഇരമല്ലൂർ മുഹ്യുദ്ദീൻ പള്ളി (തട്ടുപറമ്പ്)

വാർഡ് 8:- ഇളമ്പ്ര മുസ്ലിംപള്ളി.

വാർഡ് 9:- ഓലക്കാട്ട് മോളം മുസ്ലിംപള്ളി, ഇളമ്പ്ര ശാസ്താവ്ക്ഷേത്രം, പാലായത്ത്കാവ്.

വാർഡ് 10:- ധർമ്മഗിരി മഠത്തിൽ കത്തോലിക്കാപള്ളി, കരിയിപ്പുചിറ ഭഗവതിക്ഷേത്രം.

വാർഡ് 11:- തൃക്കാരിയൂർ മഹാദേവർക്ഷേത്രം. മീനം ഒന്നു മുതൽ 10 വരെ ഉൽസവം കൊണ്ടാടുന്നു. കഥകളി, കുറത്തിയാട്ടം, ചാക്യാർ കൂത്ത്, ഓട്ടംതുള്ളൽ എന്നീ പാരമ്പര്യ കലാപരിപാടികൾ ക്ഷേത്രമതിൽക്കെട്ടിനുള്ളിൽ നടത്താറുണ്ട്. മറ്റു ജനകീയ കലാപരിപാടികൾ വമ്പിച്ച ജനപങ്കാളിത്തത്തോടെയും സഹകരണത്തോടെയും നടന്നുവരുന്നു. സ്ഥലപരിമിതി ആഘോഷങ്ങൾക്ക് ബുദ്ധിമുട്ടാണ്.

വാർഡ് 12:- ഇടനാട് ശ്രീകൃഷ്ണ സ്വാമിക്ഷേത്രം കുംഭമാസം 1 മുതൽ 8 വരെ ഉൽസവം നടക്കുന്നു. അഷ്ടമി രോഹിണി മറ്റൊരു വിശേഷദിവസമാണ്.

മതസൗഹാർദ്ദം നിലനിൽക്കുന്ന പ്രദേശമാണ് ഈ പഞ്ചായത്ത്. ജനനേതാക്കളുടെ സമചിത്തതയും, പക്വതയും ഇതിന് സഹായകമാണ്.കേരളശാസ്ത്ര സാഹിത്യ പരിഷത്തിന്റെ 4യൂണിറ്റുകൾ ഈ പഞ്ചായത്തിൽ സജീവമായി പ്രവർത്തിക്കുന്നുണ്ട്. പരിഷത് പ്രവർത്തകരുടെ മുൻകൈയോടെ വിദ്യാഭ്യാസ കോംപ്ലക്സ് പ്രവർത്തിക്കുന്നുണ്ട്.

ഈ പഞ്ചായത്തിൽ ഒരു സാംസ്ക്കാരിക നിലയം നിലവിലുണ്ട്. പ്രവർത്തനം മന്ദീഭവിച്ച തൃക്കാരിയൂർ പബ്ലിക് ലൈബ്രറി പഞ്ചായത്ത് ഏറ്റെടുത്ത് നടത്തുന്നതാണ് പ്രസ്തുത നിലയം ജീർണ്ണിച്ച് സ്ഥലസൗകര്യങ്ങളില്ലാത്ത കെട്ടിടമാണ്.വായനശാലയിൽ തന്നെ ടെലിവിഷൻ പ്രവർത്തിപ്പിക്കുന്നു. സാംസ്ക്കാരിക നിലയം പഞ്ചായത്തിലെ ഭൂരിപക്ഷം വാർഡുകളിലെ ജനങ്ങൾക്ക് പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. ഗ്രന്ഥശാലകളുടെയും വായനശാലകളുടെയും പട്ടിക താഴെ ചേർക്കുന്നു.

പട്ടിക - 1

ക്ര.ന	പേര്	സ്ഥാപിച്ച വർഷം	ഗ്രേഡ്	പുസ്തകങ്ങളുടെഎണ്ണം	ശരാശരി പ്രതിമാസ പുസ്തക വിതരണം	ആനുകാലികങ്ങളുടെ എണ്ണം	മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ
1	ഇരമല്ലൂർ പബ്ലിക്ക് ലൈബ്രറി	1950	B	6591	770	18	സിമ്പോസിയം ചർച്ചാ ക്ലാസ്സുകൾ
2	പബ്ലിക്ക് ലൈബ്രറി & റീഡിംഗ് റൂം പെരുവട്ടൂർ	1954	B	6537	560	17	കലാ കായിക മത്സരങ്ങൾ ഓണാഘോഷം
3	പബ്ലിക്ക് ലൈബ്രറി കുറ്റിലഞ്ഞി	1963	C	4374	480	8	വനവൽക്കരണം സാക്ഷരതാ പ്രവർത്തനങ്ങൾ
4	മെഹബൂബാ ലൈബ്രറി & റീഡിംഗ് റൂം ക്ലബ്ബ് എടനാട്	1968	C	-	-	-	-
5	യുഗദീപ്തി ഗ്രന്ഥശാല നെല്ലിക്കുഴി	1979	B	5284	930	23	പരിസര ശുചീകരണം ,വിപുലമായ ഓണാഘോഷം, രക്തദാന ഫോറം, സെമിനാറുകൾ, സൗജന്യ മെഡിക്കൽ ക്യാമ്പുകൾ
6	ശില്പി പബ്ലിക്ക് ലൈബ്രറി & ആർട്ട്സ് ക്ലബ്ബ്	1984	E	2470	600	6	സാക്ഷരതാ പ്രവർത്തനം കൃഷി പുസ്തക കോർണർ
7	ഐശ്വര്യ കലാകേന്ദ്രം & ഗ്രന്ഥശാല	1987	F	1107	170	5	

കോതമംഗലം താലൂക്കിൽതന്നെ ഏറ്റവും മെച്ചപ്പെട്ട ലൈബ്രറിയാണ് ഇരമല്ലൂർ പബ്ലിക് ലൈബ്രറി. ധാരാളം ജനങ്ങൾ പ്രയോജനപ്പെടുത്തുന്ന ഈ സ്ഥാപനത്തിൽ സിംമ്പോസിയങ്ങളും, ചർച്ചകളും സംഘടിപ്പിക്കുന്നുണ്ട്. ഇത് ജനസാമാന്യത്തിന് അറിവുപകരുന്നതിനും സാംസ്കാരിക ഉന്നമനത്തിനും സഹായിക്കുന്നു. ഗ്രാമീണ പുസ്തക വിതരണ പദ്ധതിപ്രവർത്തിക്കുന്നുണ്ട്. ലൈബ്രറിയുടെ പ്രധാന പ്രവർത്തകർ വലിയ സാമ്പത്തിക ഭാരം വഹിച്ചു കൊണ്ടാണ് ഈ സ്ഥാപനം നടത്തുന്നത്. സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ട്. കെട്ടിടത്തിൽ സ്ഥലസൗകര്യം കുറവാണ്. ഇതുൾപ്പെടെ പഞ്ചായത്തിലെ ലൈബ്രറികളിലൊന്നും പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യമില്ല.

പഞ്ചായത്ത് ആസ്ഥാനത്ത് പ്രവർത്തിക്കുന്ന യുഗദീപ്തി ഗ്രന്ഥശാലക്ക് 1986-ൽ ഹിന്ദു മിഷനിൽ നിന്നും സൗജന്യമായി ലഭിച്ച 14 സെൻറ് സ്ഥലം സ്വന്തമായിട്ടുണ്ട്. നാലുവർഷമായി നല്ലരീതിയിൽ വികസന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുകയാണ്. പുതിയ മന്ദിര നിർമ്മാണമുൾപ്പെടെ ഇപ്പോൾ ഏറ്റെടുത്തിരിക്കുന്ന വികസന പ്രവർത്തനങ്ങൾ ഭാരിച്ച സാമ്പത്തിക ബാദ്ധ്യതയുള്ളതാണ്. ഇതിൽ രക്തദാന ഫോറം സജീവമായി പ്രവർത്തിക്കുന്നു. സെമിനാറുകളും ചർച്ചാക്ലാസുകളും മറ്റും നടത്താറുണ്ടെങ്കിലും മിക്കവാറും യുവാക്കൾ മാത്രമാണ് ലൈബ്രറി പ്രയോജനപ്പെടുത്തുന്നത്. എല്ലാസന്ധ്യകളിലും അവർ ഒത്തുകൂടി പ്രശ്നോത്തരി നടത്തുകയും നല്ലനിലവാരമുള്ള അനൗപചാരിക ചർച്ചകളിൽ ഏർപ്പെടുകയും ചെയ്യുന്നു. ജാതി-മത-കക്ഷിഭേദമന്യേ ജനസാമാന്യം പങ്കെടുക്കുന്ന വമ്പിച്ച ഒണാഘോഷ പരിപാടി ഈ ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ നടന്നുവരുന്നു.

ചെറുവട്ടൂർ പബ്ലിക് ലൈബ്രറിക്ക് സ്വന്തമായി സ്ഥലവും വളരെ പഴയ കെട്ടിടവുമുണ്ട്. ഇടക്കാലത്ത് പ്രവർത്തന രഹിതമായിരുന്നു. സ്ഥലവാസികൾ വലിയ പ്രതീക്ഷ അർപ്പിക്കുന്ന സ്ഥാപനമാണെങ്കിലും പ്രവർത്തകരുടെ കുറവുണ്ട്.

കുറ്റിലഞ്ഞി പബ്ലിക് ലൈബ്രറിക്ക് സ്വന്തം സ്ഥലവും കെട്ടിടവുമുണ്ട്. സുരക്ഷിതമില്ലാത്തതുകൊണ്ട് ടെലിവിഷൻ മോഷണം പോയി. പ്രവർത്തകർ കുറവാണ്.

എളമ്പ്ര ശില്പി പബ്ലിക് ലൈബ്രറിക്ക് സ്വന്തമായി സ്ഥലവും പഴയ കെട്ടിടവുമുണ്ട്. കെട്ടിടം സുരക്ഷിതമല്ല. പ്രവർത്തനം വേണ്ടത്ര സജീവമാക്കണം.

നങ്ങേലിപ്പടി ഐശ്വര്യ കലാ കേന്ദ്രം & ലൈബ്രറിക്ക് സ്വന്തം സ്ഥലവും ചെറിയ കെട്ടിടവുമുണ്ട്. നാമമാത്ര പ്രവർത്തനം മാത്രമാണ് നടന്നിരുന്നത്. ഇപ്പോൾ സജീവമാണ്.

ഇടനാട് മഹാത്മ ഗ്രന്ഥശാലക്ക് സ്വന്തം സ്ഥലവും കെട്ടിടവുമുണ്ട്. വാർഷിക ഗ്രാൻറ് ലഭിക്കുന്നില്ല. ഒരു കളർ ടി.വി. സ്വന്തമായി ഉണ്ടായിരുന്നത് മോഷണം പോയി. ഇപ്പോൾ ഒരു ബ്ലാക് & വൈറ്റ് ടി.വി. ഉണ്ട്. കുറെപേർ ക്ലബ് ആയി ഉപയോഗിക്കുന്നുണ്ട്. ഗ്രന്ഥശാലയുടെയും വായനശാലയുടെയും പ്രവർത്തനം സജീവമാക്കണം.

പഞ്ചായത്തിലുള്ള അംഗീകൃത ലൈബ്രറികളിൽ ഇരമല്ലൂർ പബ്ലിക് ലൈബ്രറി ഒഴികെയുള്ളവ സ്ത്രീകൾക്കോ കുട്ടികൾക്കോ പ്രയോജനപ്പെടുന്നില്ല.

പഞ്ചായത്തിലെ ക്ലബുകളുടെയും കലാസമിതികളുടെയും അധികൃതമായ ഒരു പട്ടിക ലഭിച്ചിട്ടില്ല. ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

വാർഡ് III :- പ്രഭാത് ആർട്ട്സ് ക്ലബ് ഇരമല്ലൂർ
ഭാരത് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്

വാർഡ് IV (i) കുറ്റിലഞ്ഞി സാംസ്ക്കാരിക വേദി സജീവമാണ്. വിപുലമായ അത്താഘോഷ പരിപാടികൾ സംഘടിപ്പിക്കുന്നു.

(ii) ചിൽഡ്രൻസ് ലൈബ്രറി, കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് പ്രവർത്തകർ കുട്ടികൾക്കായി നടത്തുന്ന മാതൃകാ സ്ഥാപന മാണ്. സ്വന്തം സ്ഥലവും കെട്ടിടവുമില്ല.

(iii) സാസ്കോ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്

(iv) മൈത്രി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്

വാർഡ് VII ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് 314

വാർഡ് VIII സത്യൻ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്

വാർഡ് IX അട്ടാവ് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്

വാർഡ് X (i) അരങ്ങ് സാംസ്ക്കാരിക വേദി

(ii) നവധാര ആർട്ട്സ് & സ്പോർ ട്സ് - ക്ലബ്

വാർഡ് XI (i) സർഗം ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്

(ii) സന്ധ്യ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്

X - ാം വാർഡിൽ ഭരത നൃത്താലയം എന്ന ഒരു സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. 4-ാം വാർഡിൽ സാമ്പത്തിക പ്രതിസന്ധി മൂലം പ്രവർത്തിക്കാൻ കഴിയാത്ത രണ്ട് നാടകട്രൂപ്പുകൾ ഉണ്ട്. കുറ്റിലഞ്ഞിയിലുള്ള സാംസ്ക്കാരിക വേദി, ചിൽഡ്രൻസ് ലൈബ്രറി എന്നിവയൊഴിച്ചാൽ ക്ലബുകളോ കലാ സമിതികളോ നന്നായി പ്രവർത്തിക്കുന്നു എന്ന് പറയാവുന്നതായി ഒരു സ്ഥാപനവും ശ്രദ്ധയിൽപെട്ടില്ല. സാമ്പത്തിക ഭദ്രതയോ ശരിയായ നേതൃത്വമോ ഇല്ലാത്തതുകൊണ്ടാണ് കലാ സമിതികൾ എല്ലാം തന്നെ പ്രതിസന്ധിയിലായത്. ഇത് നമ്മുടെ സംസ്ക്കാരിക നിലവാരത്തിന്റെ ഒരു സൂചികയായി കണക്കാക്കാം.

നാടൻ കലകൾ

കുടതുള്ളൽ, ഒപ്പന, ചിന്ത്, കോൽക്കളി, അറബന മുട്ട്, വിൽപാട്ട്, ഭഗവതിപാട്ട്, തിരുവാതിരകളി, കൈമുട്ടുകളി, ശാസ്താം പാട്ട്, കാളകളി എന്നീ നാടൻകല കളും ഓട്ടംതുള്ളൽ, ചാക്യാർ കൂത്ത്, പാഠകം, തീയാട്ട്, മുടിയേറ്റ് എന്നീ പാരമ്പര്യകലകളും നാശോൻമുഖമായിക്കൊണ്ടിരിക്കുകയാണ്.

മര ഉരുപ്പടികളിലും കതകിലും കൊത്തുപണികളിൽ ഏർപ്പെട്ടിരിക്കുന്നവർ ഇവിടെയുണ്ട്.

കലാസാംസ്ക്കാരിക രംഗത്ത് സ്ത്രീകളുടെ പ്രവർത്തനം ഇല്ലെന്നുതന്നെ പറയാം.

പഞ്ചായത്തിൽ 1100 ദിനപത്രങ്ങൾ വിതരണം ചെയ്യുന്നുണ്ട്. മലയാള മനോരമ, മാതൃഭൂമി, ദേശാഭിമാനി, മാധ്യമം, ചന്ദ്രിക, ഇൻഡ്യൻ എക്സ്പ്രസ് എന്നിവയാണ് പ്രചാരത്തിൽ മുമ്പിൽ നിൽക്കുന്നത്. ആനുകാലികങ്ങളിൽ മലയാള മനോരമ വാരികക്കാണ് കൂടുതൽ വരിക്കാരുള്ളത്.

ഈ പഞ്ചായത്തിൽ സിനിമാശാലകൾ ഇല്ല. ഒരു കേബിൾ ടി.വി. നെറ്റ്വർക്ക് ഉണ്ട്.5%-ത്തോളം വീടുകളിൽ ടെലിവിഷൻ സെറ്റ് ഉണ്ട്. സ്വകാര്യ വീഡിയോ കാസറ്റ് ലൈബ്രറികൾ 5 എണ്ണം ഉണ്ട്. ടി. വി., വീഡിയോ ഭ്രമം പടർന്നുകൊണ്ടിരിക്കുന്നു. കുര്യപ്പാറമുകൾ ഹരിജൻ കോളനിയിലുള്ള ടെലിവിഷൻ സെറ്റ് പ്രവർത്തിക്കുന്നില്ല.

കായിക രംഗം

പഞ്ചായത്തു വക കളിസ്ഥലം കൂടാതെ രണ്ടു ഹൈസ്ക്കൂളുകളിലും കളി സ്ഥലമുണ്ട്. ഇത് ആവശ്യങ്ങൾക്ക് തീരെ അപര്യാപ്തമാണ്. 6-ാം വാർഡിൽ ഒരു കളരിയും ഒരു കരാട്ടെ സ്ക്കൂളും 4-9ം വാർഡിൽ ഒരു കരാട്ടെ സ്ക്കൂളും പ്രവർത്തിക്കുന്നു.

പ്രശ്നങ്ങൾ

ലൈബ്രറിയുടെ മാതൃകാപരമായ പ്രവർത്തനത്തിന് തടസമായ കാരണങ്ങൾ ഇവയാണ്. നല്ല കെട്ടിടങ്ങൾ ഇല്ല. ഉള്ളവയിൽ സ്ഥലസൗകര്യം കുറവാണ്. പ്രാഥമിക ആവശ്യങ്ങൾക്ക് സൗകര്യമില്ല. അറ്റകുറ്റ പണികൾ നടക്കുന്നില്ല. വേണ്ടത്ര പുസ്തകങ്ങൾ ഇല്ല. ഉള്ളവ ഏബെൻഡ് ചെയ്യുന്ന പതിവില്ല. ഉപകരണങ്ങൾ വേണ്ടത്രയില്ല. വേണ്ടത്ര ആനുകാലികങ്ങളില്ല. ഒരു രൂപയോ രണ്ടുരൂപയോ മാത്രം മാസവരി പിരിക്കുന്ന ലൈബ്രറികൾക്ക് സാമ്പത്തിക പ്രതിസന്ധി സ്വഭാവികം മാത്രമാണ്. 1995 -96ൽ മൊത്തം 500 രൂപയാണ് പഞ്ചായത്തു ഫണ്ടിൽ നിന്നും പുസ്തകങ്ങൾ വാങ്ങുന്നതിന് ലൈബ്രറികൾക്ക് സഹായധനമായി നൽകിയിട്ടുള്ളത്.

ഗ്രന്ഥശാലകളിൽ നല്ല പുതിയ പുസ്തകങ്ങൾ വേണ്ടത്ര ഇല്ലാത്തതും സ്ത്രീകൾക്കും കുട്ടികൾക്കും പ്രയോജനപ്പെടുന്ന ഗ്രാമീണ പുസ്തക വിതരണ പദ്ധതി നടപ്പിലാക്കുവാൻ കഴിയാത്തതു മൂലം വായനാശീലം കുറഞ്ഞു വരുന്നു. പഞ്ചായത്തു സാംസ്ക്കാരിക നിലയത്തിൽ വായനശാലയിൽ തന്നെ ടെലിവിഷൻ പ്രദർശിപ്പിച്ചു വരുന്നു. സാംസ്ക്കാരിക നിലവാരം കുറഞ്ഞ സിനിമകളുടെ അതിപ്രസരം മൂലം അസൻമാർഗ്ഗിക പ്രവർത്തനങ്ങൾക്ക് ഒരു തരം മാന്യത കൈവരുന്നു. കോളനികളോട് ബന്ധപ്പെട്ടും മറ്റിടങ്ങളിൽ 1000 പേർക്ക് ഒരു ലൈബ്രറി, കുട്ടികളുടെ ലൈബ്രറി, പൊതു ടി. വി. റേഡിയോ എന്നിവയാവശ്യമാണ്.

സാധ്യതകൾ

ലൈബ്രറികൾക്കുള്ള വാർഷിക ഗ്രാൻറ് 94 -95 വർഷം മുതൽ ഗ്രന്ഥശാലാ സംഘം വർദ്ധിപ്പിച്ചിട്ടുണ്ട്. 9-ാം പദ്ധതി വിഹിതത്തിൽ നിന്ന് പുസ്തകങ്ങൾക്കും ആനുകാലികങ്ങൾക്കും ഉപകരണങ്ങൾക്കും മാച്ചിംഗ് ഗ്രാൻറ് കെട്ടിടത്തിൻെറ വാർഷിക അറ്റകുറ്റപണികൾക്ക് ഗ്രാൻറും നൽകി പ്രവർത്തനങ്ങൾ സജീവമാക്കാനും വൈവിധ്യവൽക്കരിക്കുവാനും കഴിയും. പുതിയ ലൈബ്രറികൾക്കും കോളനികളോട് ബന്ധപ്പെട്ട് ആവശ്യമായ വായനശാലകൾക്കും ജനപങ്കാളിത്തത്തോടെ സ്ഥലം വാങ്ങുവാനും കെട്ടിടം പണിയുവാനും കഴിയും. പെരിയാർ വാലി കനാൽ തരിശു ഭൂമി ലഭ്യമാക്കിയാൽ മേൽപറഞ്ഞ സാംസ്ക്കാരിക സ്ഥാപനങ്ങൾക്കും പ്രയോജനപ്പെടും.

കുറ്റിലഞ്ഞി സാംസ്ക്കാരികവേദിയിലെ അത്താഘോഷം, നെല്ലിക്കുഴി യുഗദീപ്തി ഗ്രന്ഥശാല, എളമ്പ്ര അട്ടാവ് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്, ഇരമല്ലൂർ പ്രഭാത് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് എന്നിവിടങ്ങളിലെ ഓണാഘോഷ പരിപാടികൾ നടത്താറുള്ളതുപോലെ മറ്റ് കലാസാംസ് ക്കാരിക സംഘടനകളുടെ ആഭിമുഖ്യത്തിൽ നടത്തുന്ന ആഘോഷങ്ങളും ഉൽസവങ്ങളും കൂടുതൽ ജനകീയവും വിപുലവുമാക്കണം.

നിലവിലുള്ള കളിസ്ഥലങ്ങളിലെ സൗകര്യങ്ങൾ അഭിവൃദ്ധിപ്പെടുത്തുകയും പുതിയ കളിസ്ഥലങ്ങൾ നിർമ്മിക്കുകയും ചില വാർഡുകളിൽ നീന്തൽകുളങ്ങൾ നിർമ്മിക്കുകയും ചെയ്യുക.

ഗ്രന്ഥശാലകളേയും കലാസാംസ്ക്കാരിക സമിതികളേയും ഏകോപിപ്പിച്ച് പരിപാടികളും ഉൽസവങ്ങളും എല്ലാമാസവും നടത്തുന്നതിന് വാർഷിക കലണ്ടർ നിർമ്മിക്കുക.

നാടൻകലകളുടെ മേളകൾ എല്ലാവർഷവും പഞ്ചായത്തു തലം മുതൽ നടത്തുക.

ആഡിയോ വീഡിയോ ശൃംഖലകൾക്കെതിരെ മുഖം തിരിഞ്ഞു നിൽക്കുക പ്രായോഗികമല്ല. ഗ്രന്ഥശാലകളോടും കലാസമിതികളോടും ആനുബന്ധിച്ച് ഇവക്കുവേണ്ടി പ്രത്യേകം ഹാൾ തയ്യാറാക്കി അറിവും സംസ്ക്കാരവും വികസിപ്പിക്കുന്നതിനുതകുന്ന പരിപാടികളും ഡോക്കുമെൻററികളും പ്രദർശിപ്പിക്കുകയാണ് വേണ്ടത്.

കലാസമിതികളേയും, കേരള ശാസ്ത്ര സാഹിത്യ പരിഷത്തിനേയും ഗ്രന്ഥശാലകളേയും പ്രോൽസാഹിപ്പിച്ച് പ്രയോജനപ്പെടുത്തി ഫലപ്രദമായി കലാ കായിക മൽസരങ്ങൾ നടത്തുകയും അനാചാരങ്ങൾക്കെതിരേ ബോധവൽക്കരണം നടത്തുകയും ചെയ്യുക.

9

പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

ജനകീയാസൂത്രണത്തോടനുബന്ധിച്ച് നമ്മുടെ പഞ്ചായത്തിൽ നടന്ന വിശേഷാൽ ഗ്രാമസഭകളിൽ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ പ്രാതിനിധ്യം വേണ്ടത്രയുണ്ടായിട്ടില്ല. അതിമൂലം ഗ്രാമസഭകളിൽ ഈ വിഷയത്തിൽ കാര്യക്ഷമമായ ചർച്ച നടന്നില്ല. കുറവു പരിഹരിക്കുന്നതിനുവേണ്ടി ഈ ജനവിഭാഗത്തിന്റെ പ്രതേകയോഗം വിളിച്ചു ചേർക്കുകയും പ്രശ്നങ്ങൾ നേരിട്ടു പഠിക്കുന്നതിന് ഒരു സർവേ നടത്തുകയും ചെയ്തു. എം. ഇ. രാമൻ ചെയർമാനും പഞ്ചായത്ത് അംഗം കെ.കെ. രാജു കൺവിനറുമായി രൂപീകരിച്ച കമ്മറ്റിയാണ് സന്നദ്ധമായി സർവേ പൂർത്തീകരിച്ചത്. 75 -ൽ പരം മനുഷ്യാധ്വാന ദിനങ്ങൾ ഇതിനായി ചെലവഴിക്കേണ്ടി വന്നു.

നൂറ്റാണ്ടുകളായി നിലനിന്നിരുന്ന ജാതീയമായ അടിച്ചമർത്തലുകളും ഉച്ചനീചത്വങ്ങളും അൻപതുകളുടെ അവസാനം വരെ വളരെ തീഷ്ണമായി തന്നെ നമ്മുടെ പഞ്ചായത്തിലും നിലനിന്നിരുന്നു. അക്കാലത്ത് സവർണ്ണ ഹിന്ദുക്കൾക്ക് പട്ടിക ജാതിക്കാർ വഴിമാറിക്കൊടുക്കണമായിരുന്നു. ജൻമിമാരുടെ കീഴിൽ പണിയെടുത്തിരുന്ന ഇവർക്ക് മുറ്റത്തു കുഴി കുഴിച്ച് അതിൽ വാഴയില വച്ച് അതിലായിരുന്നു കഞ്ഞി കൊടുത്തിരുന്നത്. ചായക്കടകളിലും മറ്റും ഈ വിഭാഗത്തെ ഇതരസാമൂഹ്യ വിഭാഗക്കാരോടൊപ്പം ഇരിക്കുവാൻ അനുവദിച്ചിരുന്നില്ല. ഇവർക്കായി ചായക്കടകളിൽ മുളകൊണ്ടുള്ള പ്രത്യേക ഇരിപ്പിടങ്ങളോടു കൂടിയ ചായ്പുകൾ ഉണ്ടായിരുന്നു. ഈ വിഭാഗക്കാർ ഭക്ഷണം കഴിച്ചശേഷം പാത്രം കഴുകി കമിഴ്ത്തി കൊടുക്കണമായിരുന്നു. ക്ഷേത്ര പ്രവേശന വിളംബരം നടന്ന് വർഷങ്ങൾ പിന്നിട്ടിട്ട് പഞ്ചായത്തിലെ ചില ക്ഷേത്രങ്ങളിലോ പരിസരപ്രദേശങ്ങളിലോ പട്ടിക ജാതിക്കാർക്ക് പ്രവേശനം ഉണ്ടായിരുന്നില്ല എന്നുള്ളതാണ് വസ്തുത.

70 -തുകളുടെ ഉത്തരാർദ്ധത്തിൽ പഞ്ചായത്തിലെ പട്ടികജാതിക്കാർ സംഘടിക്കുവാൻ തുടങ്ങി. ജാതിയമായ അടിച്ചമർത്തലുകളിൽ നിന്നും പീഡനങ്ങളിൽ നിന്നുമുള്ള ചെറുത്തു നിൽപ്പിന്റെ ഭാഗമായാണ് സംഘടിച്ചത്. ഭൂപരിഷ്ക്കരണം വഴി ജൻമിത്തം അവസാനിക്കുകയും അയിത്തംപോലുള്ള ആചാരങ്ങളുടെ തീവ്രത കുറയ്ക്കുകയും ചെയ്തതോടെ ഈ സംഘനടകൾ സ്വാഭാവികമായി പിന്നീടു പ്രവർത്തന രഹിതമായി മാറി.

ഇന്നും ഈ വിഭാഗക്കാർ സാമൂഹ്യ സാംസ്ക്കാരിക രംഗത്ത് വളരെ പിന്നിലാണ്. പൊതുപ്രവർത്തന രംഗത്ത് നേതൃത്വപരമായ പങ്കു വഹിക്കുന്നവർ വിരളമാണ്. പഞ്ചായത്തിലെ ഭൂരിഭാഗം പട്ടികജാതിക്കാരും കോളനികേന്ദ്രീകരിച്ചാണ് താമസിക്കുന്നത്. ഈ കോളനികളിലെല്ലാം മറ്റു സമുദായക്കാരും താമസിക്കുന്നുണ്ട്.

പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 5.25% പട്ടികജാതി പട്ടികവർഗ്ഗത്തിൽ പെട്ടവരാണ്. 370 പട്ടികജാതിക്കാരും 3 പട്ടികവർഗ്ഗ കുടുംബങ്ങളും അധിവസിക്കുന്നുണ്ട്.ഇതര സാമൂഹ്യ ജനവിഭാഗങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഈ വിഭാഗം സാമൂഹ്യ, വിദ്യാഭ്യാസ, സാമ്പത്തിക രംഗത്ത് പൊതുവെ പിന്നിലാണ്. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഈ വിഭാഗക്കാർ താമസിക്കുന്നുണ്ടെങ്കിലും 5,6,7 വാർഡുകളിലാണ് ഇവർ കൂടുതൽ ഉള്ളത്. പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിലും പാറക്കെട്ടുകളിലും ഒറ്റപ്പെട്ട പ്രദേശങ്ങളിലുമാണ് ഏറെ കുടുംബങ്ങളും താമസിക്കുന്നത്.

വിവിധ വാർഡുകളിലായി 16 കോളനികൾ ഉണ്ട്. ചെളികുഴിതണ്ട്, 314,കാഞ്ഞിരക്കാട്ടുമോളം, തൃക്കാമോളം, പാഴൂർമോളം, കുപ്പശ്ശേരിമോളം, കുര്യപാറമോളം, ഇടനാട് , പഞ്ചായത്ത് മൂന്നുസെൻറ് കോളനി, ഞാറക്കുഴി, പൂക്കുഴിമോളം, അരീക്കച്ചാൽ, അമ്പാട്ടുമോളം, കാക്കുഴിച്ചാൽ കൊമ്പുകുടി, പുലിക്കുന്നത്തുമാലി എന്നിവയാണ് ഇവ.

കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ പൂർണ്ണമായും തൃപ്തികരമല്ല. കുപ്പശ്ശേരിമോളം, കൊമ്പുകുടി, കുര്യപാറമോളം, അരീക്കച്ചാൽ, പൂക്കുഴിമോളം, അമ്പാട്ടുമോളം, ചെളിക്കുഴിതണ്ട്, പാളൂർ മോളം എന്നീ ഉയർന്ന പ്രദേശങ്ങളിലെ കോളനികളിലാണ് കുടിവെള്ള ക്ഷാമം രൂക്ഷമായിട്ടുള്ളത്. കാഞ്ഞിരക്കാട്ടുമോളം, പൂക്കുഴിമോളം,തൃക്കാമോളം, അരീക്കച്ചാൽ, ഞാറക്കുഴി, കൊമ്പുകുടി എന്നീ കോളനികളിൽ പൈപ്പുലൈൻ എത്തിയിട്ടില്ല. പെപ്പുലൈൻ എത്തിയിട്ടുള്ള പ്രദേശങ്ങളിൽ കൃത്യമായി വെള്ളം കിട്ടുന്നില്ല. പഞ്ചായത്തിൽ 88 പട്ടികജാതി വീടുകളിൽ മാത്രമാണ് കിണർ ഉള്ളത്.ഇതിൽ തന്നെ വർഷത്തിൽ എല്ലാമാസവും വെള്ളം കിട്ടുന്ന കിണർ പരിമിതമാണ്. ബഹുഭൂരിപക്ഷം കുടുംബങ്ങളും ഉയർന്ന പ്രദേശങ്ങളിൽ വസിക്കുന്നതിനാൽ കിണർ കുഴിച്ചാൽപോലും വെള്ളംകിട്ടാത്ത അവസ്ഥയാണ്.

പഞ്ചായത്തിൽ മൊത്തം 373 പട്ടികജാതി-പട്ടിക വർഗ്ഗ വീടുകളിൽ 306 വീടും ഓടുമേഞ്ഞതാണ്. 10 കോൺക്രീറ്റ് വീടുകളും 56 കുടിലുകളുമുണ്ട്. 223 വീടുകൾ സർക്കാരിൽ നിന്നുള്ള വിവിധ പദ്ധതികൾ പ്രകാരം ധനസഹായം കിട്ടിയിട്ടുള്ളതാണ്. 12 കുടുംബങ്ങൾക്ക് സ്വന്തമായി സ്ഥലവും വീടും ഇല്ലാത്തവരാണ്. 45 കുടുംബങ്ങൾ വീടു വച്ച് മാറിത്താമസിക്കേണ്ടവരുണ്ട്. ഇതു സംബന്ധിച്ച വിശദാംശം പട്ടിക ഒന്നിൽ ചേർക്കുന്നു.

പട്ടിക - 1

വീട്, കക്കൂസ്, കിണർ, തുടങ്ങിയവയെ സംബന്ധിച്ച വിവരങ്ങൾ

		വീട്					കക്കൂസ്				
വാർഡ്	ആകെ കുടുംബങ്ങൾ	ഓട്	ഓല കൂടിൽ	വാർക്ക	ധന സഹായം ലഭിച്ചത്	ആവശ്യമുള്ള വീട്	കക്കൂസ്	ധന സഹായംലഭിച്ചത്	കക്കൂസ് ഇല്ലാത്ത വീട്	കിണർ ഉള്ളത്	വൈദ്യുതി ഉള്ളത്
1	39	31	8	-	24	12	26	25	13	9	20
2	23	19	3	1	11	5	16	8	7	9	15
3	14	12	-	2	12	1	8	8	6	6	7
4	18	17	-	1	10	4	13	8	5	11	12
5	53	44	8	1	35	15	27	18	26	18	27
6	66	56	9	1	45	20	44	34	22	4	35
7	60	42	18	-	33	20	16	12	44	9	31
8	14	11	2	1	7	4	13	6	1	5	10
9	37	31	4	2	22	9	21	13	16	6	32
10	34	30	4	-	18	10	27	22	7	5	25
11	6	6	-	-	1	-	3	2	3	1	4
12	9	7	-	2	5	1	9	6	-	5	8
ആകെ	373	306	56	11	223	101	223	162	150	88	226

നിലവിലുള്ള ഭൂരിവിഭാഗം വീടുകളും കാലപഴക്കത്താലും ഗുണമേൻമ കുറഞ്ഞ വസ്തുക്കൾ ഉയോഗിച്ച് പണിതതുമൂലവും ചോർന്നൊലിച്ചുകൊണ്ടിരിക്കുകയാണ് ഭിത്തിയും തറയും സിമൻറ് ചെയ്തിട്ടുള്ള വീടുകൾ പരിമിതമാണ്. വട് പുതുക്കി പണിയുന്നതിനും അറ്റകുറ്റ പണിക്കും പദ്ധതികൾ രൂപീകരിച്ച് ധനസഹായം നൽകിയാൽ മാത്രമെ ഇവ സംരക്ഷിച്ച് ഉപയോഗിക്കുവാൻ കളിയുകയുള്ളു.

സർക്കാർ ധാസഹായം ലഭിക്കുന്ന വീടുകൾക്ക് ഫണ്ടിൻെറ അപര്യാപ്തത മൂലം പണി പൂർത്തീകരിക്കാൻ കഴിയാത്ത അവസ്ഥയുണ്ട്. നിലവിലുള്ള പദ്ധതികളുടെ തുക വർദ്ധിപ്പിച്ചാൽ മാത്രമെ വീടുപണി തൃപ്തികരമായി പൂർത്തീകരിക്കാനാവു. പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപറേഷൻ മുഖാന്തിരം വായ്പ എടുത്തിട്ടുള്ള കുടുംബങ്ങളിൽ പകുതിയിലേറെ പേർ കുടിശിഖക്കാരാണ്. ഇതുമൂലം ഭൂമിയുടെ ക്രയവിക്രയവും മറ്റു പല ആനുകൂല്യങ്ങളും അസാധ്യമാക്കപ്പെടുന്ന പരിതാപകരമായ അവസ്ഥയും നിലനിൽക്കുന്നു. നിലവിൽ ഓലക്കുടിലിൽ താമസിക്കുന്നവരും മാറിതാമസിക്കേണ്ടവരുമുൾപ്പെടെ 101 കുടുംബങ്ങൾക്ക് അടിയന്തിരമായി സഹായം എത്തിക്കേണ്ടതാണ്.

കക്കൂസുകൾ ഉള്ളത് water ടൈപ്പ് ആണെങ്കിലും ഭൂരിഭാഗവും മേൽക്കൂരയില്ലാത്തതും സിമൻറ് -തേച്ച് സംരക്ഷിക്കാത്തതുമാണ്. 150-ഓളം വീടുകൾ നിലവിൽ കക്കൂസ് സൗകര്യമില്ലാത്തതാണ്. ഇന്നു നിലവിലുള്ള കക്കൂസുകളിൽ 72.97% സർക്കാർ ധനസഹായംകൊണ്ട് ഉണ്ടാക്കിയിട്ടുള്ളതാണ്. കോളനികളിൽ കക്കൂസുകളുടെ അപര്യാപ്തത പരിസര മലിനീകരണത്തിനും അതുവഴി പല സാംക്രമിക രോഗങ്ങൾക്കും ഇടയായികൊണ്ടിരിക്കുന്നു. ഇതു സംബ ന്ധിച്ച വിശദ വിവരം പട്ടിക ഒന്നു മുതൽ കൊടു ത്തിട്ടുണ്ട്.

പഞ്ചായത്തിലെ എല്ലാ കോളനികളിലേക്കും വൈദ്യുതി എത്തിയിട്ടുണ്ട്. 226 കുടുംബങ്ങളിൽ വൈദ്യുതിയുണ്ട്. 147 കുടുംബങ്ങൾകൂടി വൈദ്യുതീകരിക്കണം. പല കോളനികളിലും സ്ട്രീറ്റ് ലൈറ്റുകളില്ല. ഉള്ളടിത്ത് കൃത്യമായി ബൾബുകൾ ഇടാറില്ല.

ഭൂരിഭാഗം പട്ടികജാതി വീടുകളിലും ഗൃഹോപകരണങ്ങൾ തീരെയില്ലന്നുതന്നെ പറയാം. കട്ടിൽ, മേശ, കസേര തുടങ്ങിയവയുള്ള വീടുകൾ വളരെ തുച്ഛമാണ്. 150 വീടുകളിൽ റേഡിയോയും 45 വീടുകളിൽ ടെലിവിഷനും, 10 വീടുകളിൽ വർത്തമാന പത്രവമുണ്ട്. വിരലിലെണ്ണാവുന്നവർക്കു മാത്രമെ വാഹനങ്ങൾ ഉള്ളു. ഡ്രൈവിംഗ് ലൈസൻസുള്ള അനേകം യുവാക്കളുണ്ട്. ഇതിൽ സ്വയംതൊഴിൽ സംരംഭം എന്ന നിലയിൽ വാഹനവായ്പ എടുക്കുവാൻ സന്നദ്ധരായവർ ഉണ്ടെങ്കിലും ഉദ്യോഗസ്ഥ ജാമ്യം നൽകുവാൻ കഴിയാത്തതുമൂലം പലർക്കും വായ്പ എടുക്കുവാൻ കഴിയാത്ത സ്ഥിതിയുണ്ട്.

മൃഗങ്ങളെ വളർത്തുന്ന കാര്യത്തിലും വളരെ വിമുഖരാണ് ഈ വിഭാഗം. ഇതിന് ഒരു പ്രധാന കാരണം സൗകര്യങ്ങൾ ഇല്ലായ്മയാണ്. ആട്, കോഴി, പശു തുടങ്ങിയവ അപൂർവ്വം വീടുകളിൽ മാത്രം വളർത്തിവരുന്നു.

നമ്മുടെ പഞ്ചായത്തിലെ പട്ടികജാതി പട്ടികവർ

ഗ്ഗക്കാർ പൊതുവെ പൊതുശ്മശാനം ഉപയോഗിക്കുന്നവരല്ല. അവർ സ്വന്തം ഭൂമിയിലാണ് ശവശരീരങ്ങൾ മറവു ചെയ്തു വരുന്നത്. നിലവിൽ 5സെൻറിൽ താഴെ ഭൂമിയുള്ള ധാരാളം കുടുംബങ്ങൾ ഉണ്ട്. ഇവർക്ക് പൊതുശ്മശാനത്തെ ആശ്രയിക്കയെല്ലാതെ നിർവ്വാഹമില്ല. പഞ്ചായത്തിൽ ഒരു പൊതുശ്മശാനം ഉണ്ടാക്കേണ്ടത് അനിവാര്യമാണ്. ഇവിടെയുള്ള ബോയൻ സമുദായത്തിൽപെട്ടവർക്കാണ് ഈ പ്രശ്നം ഏറെ അഭിമുഖീകരിക്കേണ്ടി വരുന്നത്. ഇപ്പോൾ ഈ വിഭാഗക്കാർ കിലോമിറ്ററുകൾക്കകലെ സ്ഥിതിചെയ്യുന്ന മുൻസിപ്പാലിറ്റിയിലുള്ള പൊതുശ്മശാനത്തെയാണ് ആശ്രയിക്കുന്നത്. ഇതിനായി ഇവർക്ക് വളരെയധികം ക്ലേശങ്ങൾ അനുഭവിക്കേണ്ടി വരുന്നു.

കോളനികളിലേയ്ക്കുള്ള റോഡുകൾ പലതും സഞ്ചാരയോഗ്യമല്ല. കാഞ്ഞിരക്കാട്ട്മോളം, ഇടനാട്, പഞ്ചായത്ത് മുന്നു സെൻറ് കോളനി, പുക്കുഴിമോളം, അരീക്കച്ചാൽ,പുലിക്കുന്നത്തുമാലി, കാക്കുഴിച്ചാൽ എന്നീ കോളനികളിലേയ്ക്കുള്ള റോഡുകൾ തീർത്തും ഉപയോഗപ്രദമല്ല. എല്ലാകോളനികളിലേയ്ക്കുമുള്ള റോഡുകളും ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കേണ്ടതാണ്.

എല്ലാ വാർഡുകളിലുമായി 180 പുലയർ കുടുംബവും 144 പറയ കുടുംബവും 21 ബോയൻ കുടുംബവും 16 വേലൻ കുടുംബവും 3 ചക്ലിയർ കുടുംബവും 3 കുറവ കുടുംബവും 3 ഉള്ളാടർ(പട്ടികവർഗ്ഗം) കുടുംബവും ഒരു വള്ളുവർ കുടുംബവും ഉണ്ട്.

പഞ്ചായത്തിൽ ആകെ പട്ടികജാതി പട്ടികവർഗ്ഗക്കാർ 1637 പേരാണുള്ളത്. ഇതിൽ 830 പുരുഷൻമാരും 807 സ്ത്രീകളുമാണ്.417 പുരുഷൻമാരും 467 സ്ത്രീകളും വിവാഹിതരാണ്. 18 വയസ്സിൽ താഴെയുള്ള 220 പുരുഷൻമാരും 208 സ്ത്രീകളുമുണ്ട്.18 വയസിനും 60 വയസിനും ഇടയിൽ പ്രായമുള്ള 531 പുരുഷൻമാരും 516 സ്ത്രകളുമുണ്ട്. 60 വയസിന് മുകളിൽ 79 പുരുഷൻമാരും 83 സ്ത്രകേളുമുണ്ട്. 34 പേർ അംഗവൈകല്യമുള്ളവരാണ്. ജനസംഖ്യ സംബന്ധിച്ച വിശദാംശം പട്ടിക രണ്ടിൽ ചേർക്കുന്നു.

പട്ടിക - 2

ജനസംഖ്യ സംബന്ധിച്ച വിവരങ്ങൾ

					വിവാഹിതർ		18 വയസിന് താഴെ		18 നും 60 നും ഇടയിൽ		60 വയസിന് മുകളിൽ	
വാർഡ്	ആകെ കുടുംബങ്ങൾ	ജനസംഖ്യ	പുരു	സ്ത്രീ	പുരു	സ്ത്രീ	പുരു	സ്ത്രീ	പുരു	സ്ത്രീ	പുരു	സ്ത്രീ
1	39	167	91	76	42	43	20	15	59	52	12	9
2	23	106	51	55	30	31	14	17	31	31	6	7
3	14	54	28	26	15	19	8	7	17	15	3	4
4	18	91	44	47	19	20	10	8	29	34	5	5
5	53	237	128	109	57	68	40	25	75	72	13	12
6	66	283	147	136	73	87	56	34	83	93	8	9
7	60	259	123	136	60	66	18	46	94	77	11	13
8	14	64	36	28	13	14	12	8	22	17	2	3
9	37	165	77	88	49	53	20	27	47	52	10	9
10	34	145	70	75	43	49	14	14	50	52	6	9
11	6	24	11	13	5	6	3	3	7	9	1	1
12	9	42	24	18	11	11	5	4	17	12	2	2
ആകെ	373	1637	830	807	417	467	220	208	531	516	79	83

പട്ടികജാതി പട്ടിക്വർഗ്ഗക്കാർക്ക് മൊത്തം 77.31 ഏക്കർ പുരയിടവും വെറും 1 ഏക്കർ നിലവുമാണ് പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ കൈവശമുള്ളത്. ഇത് ആകെ ഭൂമിയുടെ 2.2% മാത്രമാണ്.

ബഹുഭൂരിപക്ഷം പട്ടികജാതിക്കാരും കാർഷിക മേഖലയിൽ തൊഴിൽ ചെയ്യുന്നവരാണ്. കുടാതെ പാറപണി, ചെങ്കല്ല്, വെട്ട്, ഈറ്റ നെയ്ത്ത്, കെട്ടിടം പണി തുടങ്ങിയ മേഖലയിലും തൊഴിലെടുക്കുന്നവരാണ്. സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ള മേഖലയിലും വ്യവസായ മേഖലയിലും തൊഴിൽ ചെയ്യുന്നവർ വളരെ പരിമിതമാണ്. പരമ്പരാഗത തൊഴിലായ ഈറ്റനെയ്ത്തിനാവശ്യമായ ഈറ്റ ന്യായമായ വിലയ്ക്ക് ലഭ്യമല്ലാത്തത് ഈ മേഖലയെ തകർച്ചയുടെ വക്കത്ത് എത്തിച്ചിരിക്കുകയാണ്.സ്ത്രീകളിൽ 80% പേരും കുലിവേല ചെയ്യുന്നവരാണ്. കൃഷിപണി, പാറപണി, ഈറ്റനെയ്ത്ത്, കെട്ടിടംപണി തുടങ്ങിയ രംഗത്താണ് തൊഴിൽ ചെയ്തു വരുന്നവരാണിവരിൽ ഏറെപേരും.ബിരുദധാരികളുൾപ്പെടെ അനേകം യുവതീയുവാക്കൾ തൊഴിലില്ലാത്തവരായുണ്ട്. വിവിധ തൊഴിൽ സംരംഭങ്ങൾ

ആരംഭിക്കുന്നതിനായി 222 കുടുംബങ്ങൾ IRDP വായ്പ എടുത്തിട്ടുണ്ട്. ഇതുവഴി ഉപജീവനം നടത്തുന്ന കുടുംബങ്ങൾ തീർത്തും ഇല്ലെന്നാണ് യാഥാർത്ഥ്യം. ഇതിൽ പകുതിയിലേറെ കുടുംബങ്ങൾ വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത കടകെണിയിൽ അകപ്പെട്ടിരിക്കുകയാണ്. പഞ്ചായത്തിൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽപെട്ട 35 ഗവ: ജീവനക്കാർ മാത്രമാണുള്ളത്.

നമ്മുടെ പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗക്കാർ പൊതുവെ സമ്പാദ്യശീലം കുറഞ്ഞവരാണ്. പഞ്ചായത്തിലെ സഹകാരൃപണമിടപാടുകാരിൽ നിന്നും വായ്പവാങ്ങുന്നവർ ധാരാളമുണ്ട്. വിവധക്ഷേമ നിധികളിലായി നൂറോളം ആളുകൾ അംഗങ്ങളുമായി ചേർന്നിട്ടുണ്ട്. 40 പേർക്ക് വിവിധ പദ്ധതികൾ പ്രകാരം പെൻഷൻ ലഭിക്കുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിലെ പട്ടികജാതിക്കാർ വിദ്യാഭ്യാസ രംഗത്ത് പിന്നിലാണ്. സാങ്കേതിക വിദ്യാഭ്യാസം സിദ്ധിച്ചവർ വിരലിലെണ്ണാവുന്നതേയുള്ളു. 314 നിരക്ഷരരായ പട്ടികജാതിക്കാരുണ്ട്. 743 പേർ 10-ാം ക്ലാസിന് താഴെ മാത്രം വിദ്യാഭ്യാസമുള്ളവരാണ്. 171 പേർ എസ്.എസ്.എൽ.സി. പാസായിട്ടുണ്ട്. 18 പേർ ബിരുദധാരികളാണ്. 2 പേർ എൻജനിയറിംഗും, 3പേർ B.Ed. ഉം 3 പേർT.T.C.യും 4 പേർ J.D.C.യും 3 പേർ കൊമേഴ്സ്യൽ ഡിപ്ലോമയും പാസായവരുണ്ട്.

ഈ വിഭാഗത്തിന്റെ എല്ലാ കുട്ടികളും സ്ക്കൂളിൽ പോകുന്നുണ്ടെങ്കിലും വിദ്യാഭ്യാസ നിലവാരം പരിതാപകരമാണ്. സ്ക്കൂൾതലം കഴിഞ്ഞ് വിദ്യാഭ്യാസ രംഗത്തു നിന്നും പൊതുവെ പിൻതള്ളപ്പെടുകയാണ്. സ്ക്കൂൾ തലത്തിൽ അധ്യാപകരും രക്ഷിതാക്കളും വേണ്ടത്ര ശ്രദ്ധചെലുത്താത്തതാണ് ഈ പിന്നോക്കാവസ്ഥയ്ക്ക് കാരണം. പട്ടികജാതിക്കാരുടെ ഈ മേഖലയിലെ സവിശേഷ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക പദ്ധതികൾ രൂപപ്പെടുത്തേണ്ടതുണ്ട്. നിലവിലുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകയും അവ യഥാസമയങ്ങളിൽ ലഭ്യമാക്കേണ്ടതുമാണ്. വിദ്യാഭ്യാസത്തെ സംബന്ധിച്ച് പട്ടിക 3 -ൽ ചേർത്തിരിക്കുന്നു.

പട്ടിക - 3

വിദ്യാഭ്യാസം സംബന്ധിച്ച വിവരങ്ങൾ

വാർഡ്	നിരക്ഷരർ	10-ാംക്ലാസിന് താഴെ	S.S.L.C	ഡിഗ്രി	പി. ജി.
1	35	92	20	-	-
2	17	49	11	2	-
3	10	23	7	1	-
4	21	19	28	2	1
5	38	96	31	3	1
6	59	123	10	1	-
7	44	144	19	3	-
8	11	27	4	2	-
9	45	58	20	3	-
10	23	79	12	2	-
11	5	12	2	-	-
12	6	21	7	-	-
	314	743	171	18	2

പട്ടികജാതിക്കാരുടെ പുരോഗതിക്കായി നമ്മുടെ പഞ്ചായത്തിൽ കമ്പനിപടി കേന്ദ്രമാക്കി ഒരു സർവ്വീസ് സഹകരണ സംഘം പ്രവർത്തിക്കുന്നുണ്ട്. മൂലധന കുറവുമൂലം ലക്ഷ്യം കൈവരിക്കാൻ കഴിയാത്തഅവസ്ഥയാണിപ്പോൾ. ഗവൺമെൻറിന്റേയും അംഗങ്ങളുടേയും കൂട്ടായ പ്രയത്നത്തിലൂടെ സംഘത്തെ പുനരുജ്ജീവിപ്പിക്കേണ്ടതാണ്. ഇതു സംബന്ധിച്ച വിശദാംശം സഹകരണം എന്ന വിഷയത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

തലമുറകളായി പിൻതുടർന്നു പോരുന്ന ഒരു സംസ്ക്കാരിക പൈതൃകത്തിന് ഉടമകളാണ് നമ്മുടെ പഞ്ചായത്തിലെ പട്ടികജാതിക്കാർ.

വിവാഹചടങ്ങുകൾ, മരണാനന്തര ക്രിയകൾ എന്നീകാര്യങ്ങളിൽ ഒരു ഗോത്ര വർഗ്ഗ സ്വഭാവം നിലനിന്നിരുന്നു. ഇതിൽ വിവാഹചടങ്ങുകളിൽ മാറ്റങ്ങൾ ഉണ്ടായെങ്കിലും മരണാനന്തര ക്രിയകൾ ഇന്നും പ്രാചീനരീതിയിലാണ്. ഈ വിഭാഗത്തിൽ തന്നെയുള്ള പ്രായമായ കാരണവൻമാരാണ് ഇത്തരം സന്ദർഭങ്ങളിൽ ചടങ്ങുകൾക്ക് നേതൃത്വം കൊടുത്തുവരുന്നത്. കുടതുള്ളൽ, കോൽകളി, കാളകളി, അടിയന്തിരപാട്ട്, പഞ്ഞപ്പാട്ട് തുടങ്ങിയ കലാരൂപങ്ങൾ ഇവരുടെയിടയിൽ നിലനിന്നിരുന്നു. പുതിയ തലമുറയിൽപ്പെട്ടവർ ഇത്തരം കലാരംഗത്തോട് പൊതുവെ വിമുഖത കാട്ടുന്നുണ്ട്.

സംഗീതം, ചിത്രരചന, അഭിനയം, ശില്പനിർമ്മാണം തുടങ്ങിയ രംഗത്ത് പ്രതിഭയുള്ള ധാരാളം പേർ ഇവരുടെയിടയിൽ ഇന്നുണ്ട്. ഇവർക്ക് വേണ്ടത്ര പരിശീലനവും പ്രോൽസാഹനവും ഇല്ലാത്തതിനാൽ ഈ രംഗത്ത് നേട്ടങ്ങൾ ഉണ്ടാക്കുവാൻ കഴിയാതെ പോകുകയാണ്.

നാളിതുവരെ നടപ്പിലാക്കിപോന്നിരുന്ന പദ്ധതികൾ മൂലം പട്ടികജാതി പട്ടികവർഗ്ഗത്തിന്റെ ജീവിതനിലവാരത്തിൽ വളരെയധികം പുരോഗതി കൈവന്നിട്ടുണ്ട്.

വികേന്ദ്രീകൃത ആസൂത്രണം വഴി ഈ വിഭാഗത്തിന്റെ പ്രശ്നങ്ങൾ തൊട്ടറിഞ്ഞ് പദ്ധതികൾ തയ്യാറാക്കി ഇവരുടെ സാമൂഹ്യ സാമ്പത്തിക രംഗത്തെ ഇന്നത്തെ മുരടിപ്പ് അവസാനിപ്പിക്കുവാൻ കഴിയും എന്ന് പ്രത്യാശിക്കാം.

പ്രശ്നങ്ങൾ


- തൊഴിലില്ലയ്മ
- തൊഴിൽ മേഖലയിലെ പിന്നോക്കാവസ്ഥ
- കുട്ടനെയ്ത്ത്, പനമ്പ് നെയ്ത്ത് തുടങ്ങിയ പരമ്പരാഗത തൊഴിൽ ചെയ്യുന്നതിന് ആവശ്യമായ ഈറ്റകൾ കിട്ടാനില്ല.
- അരീക്കച്ചാൽ, ഞാറക്കുഴി, കാഞ്ഞിരക്കാട്ടുമോളം, കുപ്പ ശ്ശേരിമോളം, കുര്യാപാറമോളം, ഇടനാട് കൊച്ചുകുടി, ചെളികുഴിതണ്ട്, പുക്കുഴുമോളം, അമ്പാട്ടുമോളം എന്നിവിടങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്.
- വീട്, കക്കൂസ് സൗകര്യങ്ങൾ അപര്യാപ്തത
- ഭൂരിഭാഗം വീടുകളും കാലപഴക്കം കൊണ്ടും മറ്റും ജീർണ്ണാവസ്ഥയിലാണ്.

സ്ഥലവും വീടും ഇല്ലായ്മ

- കോളനികൾ കുന്നിൻ പുറങ്ങളിലും പാറപുറങ്ങളിലും ആയതിനാൽ കിണർ കുഴിക്കാൻ കഴിയുന്നില്ല.
- വൈദ്യുതി പൂർണ്ണമായും എത്തിയിട്ടില്ല.
- കോളനികളിൽ സ്ട്രീറ്റ് ലൈറ്റുകൾ ഇല്ല.
- ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തത
- പൊതുശ്മശാനം ഇല്ല.
- നിലവിലുള്ള പദ്ധതികളെക്കുറിച്ച് യഥാസമയങ്ങളിൽ അറിയുന്നില്ല.
- വായ്പകൾ എടുത്ത് കടകെണിയിൽ അകപ്പെട്ടിരിക്കുന്നു.
- വായ്പാ സൗകര്യങ്ങളില്ല.
- പഠനോപകരണങ്ങളും ഗൃഹോപകരണങ്ങളും ഉല്ല.
- സ്ത്രീധന പ്രശ്നം
- പോഷകാഹാരക്കുറവ്.
- വിദ്യാഭ്യാസ നിലവാരക്കുറവ്.
- ഉന്നതവിദ്യാഭ്യാസ രംഗത്തേയ്ക്ക് എത്തുന്നില്ല.
- ദാരിദ്രം, പട്ടിണി
- P.S.C.പോലുള്ള പരീക്ഷകൾ എഴുതുന്നതിന് വേണ്ടത്ര കോച്ചിംഗിന്റെറയും തയ്യാറെടുപ്പുകളുടെയും അപര്യാപ്തത

സാധ്യതകൾ

- നെല്ലിക്കുഴി കേന്ദ്രീകരിച്ച് പട്ടികജാതിക്കാർക്കായി മരപ്പണി പഠിക്കുന്നതിന് സർക്കാർ തലത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങണം.
- ബാംബു കോർപറേഷനിൽ നിന്നും നേരിട്ട് ശേഖരിച്ച് പട്ടികജാതി സഹകരണ സംഘം വഴി വിതരണം ചെയ്യണം.
- സ്വയംതൊഴിൽ വായ്പകൾ ഉദാരമാക്കണം.
- വാർഡുതലത്തിൽ പട്ടികജാതി വികസന സമിതികൾ രൂപീകരിച്ചാൽ പദ്ധതികളെക്കുറിച്ച് യഥാസമയങ്ങളിൽ അറിയുവാൻ കഴിയും.
- ബ്ലോക്കുതലത്തിൽ പട്ടിക ജാതിക്കാർക്ക്വേണ്ടി മൽസരപരീക്ഷകൾ എഴുതുന്നതിന് ട്രെയിനിംഗ് നൽകുക.
- കോളനികൾ കേന്ദ്രീകരിച്ച് ആരോഗ്യ വിദ്യാഭ്യാസ ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക.
- നെല്ലിക്കുഴി പഞ്ചായത്ത് പട്ടിജാതി സർവ്വീസ് സഹകരണ സംഘം വഴി വായ്പകൾ നൽകുക.
- പഞ്ചായത്തു തലത്തിൽ S.S.L.C.പരീക്ഷയ്ക്ക് ഉന്നതവിജയം കരസ്ഥമാക്കുന്ന പട്ടിജാതി വിദ്യാർത്ഥികൾക്ക് പ്രോൽസാഹന സമ്മാനങ്ങൾ നൽകുക.
- പഞ്ചായത്തിൽ ഉള്ള സ്ക്കൂളുകളിലെ പട്ടിജാതിവിദ്യാർത്ഥികളുടെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് സ്ക്കൂൾ കോപ്ലക്സുകളെ ഉപയോഗപ്പെടുത്തുക.
- കാഞ്ഞിരക്കാട്ടു മോളത്ത് ഒരു കമ്മ്യൂണിറ്റി ഹാളും പൊതു ടി. വി. യും സ്ഥാപിക്കുക.
- പട്ടിജാതിക്കാർക്കായുള്ള പ്രത്യേക ഘടക പദ്ധതിയിലെ തുക നേരിട്ട് ഗുണം കിട്ടുന്ന കാര്യങ്ങൾക്ക് മാത്രം വിനിയോഗിക്കുക.





വനിത

പാതി ആകാശത്തിനുടമകളായ സ്ത്രീ സമൂഹത്തെ അടുക്കളയിൽ നിന്ന് അരങ്ങത്തേയ്ക്ക് കൊണ്ടുവരുവാൻ നടത്തിയ ശ്രമങ്ങളുടെ തുടർച്ച 1/3 സീറ്റുകൾ നിയമ നിർമ്മാണ സഭകളിൽ സ്ത്രീകൾക്ക് സംവരണം ചെയ്യുന്നതിനുള്ള നിയമ നിർമ്മാണ പ്രക്രിയയിലെത്തി നിൽക്കുന്നു. എങ്കിലും നമ്മുടെ പഞ്ചായത്തിലെ സ്ത്രീകളിലേറെ കുറും അടുക്കളയിൽ ഒതുങ്ങിക്കഴിയുന്നവരാണ്.

സ്ത്രീവിമോചന പ്രസ്ഥാനങ്ങൾക്ക് ഈ പഞ്ചായത്തിൽ കാര്യമായ വേരോട്ടമില്ല. സാമൂഹ്യരംഗത്തും തൊഴിൽ രംഗത്തും സ്ത്രീകൾ ലിംഗവിവേചനത്തിന് വിധേയരാകുന്നു. ഇതിനൊരപവാദം തൊണ്ണൂറുകളിൽ നടന്ന സാക്ഷരതാ പ്രസ്ഥാനം മാത്രമാണ്. സാക്ഷരതാ പ്രസ്ഥാനത്തിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്കും സാമൂഹിക പ്രവർത്തന മേഖലകളിലേയ്ക്കും കടന്നു വരുന്ന അഭ്യസ്തവിദ്യരായ യുവതികളുടെ സംഘബോധം നിലനിർത്തി അവരെ വികസന പ്രക്രിയയിൽ പങ്കാളികളാക്കുവാൻ കഴിയാതെ പോയി. വർത്തമാന കാലത്ത് ദൃശ്യ - ശ്രാവ്യ അച്ചടി മാധ്യമങ്ങൾ സ്ത്രീയെ അരങ്ങത്തു നിന്നും അടുക്കളയിലേയ്ക്ക് തിരികെ കൊണ്ടുപോകുവാൻ ബോധപൂർവ്വം നടത്തുന്ന ശ്രമങ്ങൾ സ്ത്രീപ്രപഞ്ചത്തിന്റെ വൃത്തം വീണ്ടും പരിമിതപ്പെടുത്തുകയാണ്. പഞ്ചായത്തീ രാജ് സംവിധാനത്തിലൂടെ നിർബന്ധപൂർവ്വം സാമൂഹ്യരംഗത്തേയ്ക്ക് കടന്നുവന്ന സ്ത്രീകൾ ആ രംഗത്ത് സ്തുത്യർഹമായ സേവനത്തിനുള്ള അടിത്തറ പാകുന്നുണ്ടെന്നുള്ളത് പറയാതെ വയ്യ. ഇവർ അസംഘടിത സ്ത്രീ സമൂഹത്തിന് സംഘബോധം നൽകി അവരുടെ സർഗ്ഗശേഷി ഉപയോഗപ്പെടുത്തി വികസന പ്രക്രിയയിൽ പങ്കാളികളാക്കാൻ ശ്രദ്ധിക്കേണ്ടിയിരുന്നു.

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ 49.54% സ്ത്രീകളാണ്. 1991 - ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ സ്ത്രീ ജനസംഖ്യ 14661 ആണ്. 1000 പുരുഷൻമാർക്ക് 982 സ്ത്രീകൾ.

സാക്ഷരതാനിരക്കിൽ പുരുഷൻമാരെ അപേക്ഷിച്ച് സ്ത്രീകൾ പിന്നിലാണ്. സ്ക്കൂൾ തലത്തിൽ ആൺ - പെൺ അനുപാതം ഏതാണ്ട് ഒപ്പമാണെങ്കിലും കോളേജ് തലത്തിൽ പെൺകുട്ടികളാണ് മുന്നിൽ. സ്ക്കൂൾ തലത്തിൽ ആൺ പെൺ അനുപാതം സംബന്ധിച്ച് കണക്കുകൾ വിദ്യാഭ്യാസ റിപ്പോർട്ടിൽകൊടുത്തിട്ടുണ്ട്.

തൊഴിൽ മേഖലയും സ്ത്രീകളും

കൃഷി, കെട്ടിടനിർമ്മാണം, തീപ്പെട്ടിക്കമ്പനി, പാരമട, പരമ്പരാഗത വ്യവസായങ്ങൾ തുടങ്ങിയ മേഖലകളിലാണ് സ്ത്രീകൾ കൂടുതലായും പണിയെടുക്കുന്നത്. സർക്കാർ ഉദ്യോഗസ്ഥകളായ സ്ത്രീകളുടെ എണ്ണം പഞ്ചായത്തിൽ പരിമിതമാണെന്ന് കാണുന്നു. 1991 - ലെ സെൻസസ് പ്രകാരം തൊഴിൽ മേഖലയിലെ സ്ത്രീ പങ്കാളിത്തം സംബന്ധിച്ച കണക്കുകൾ താഴെ ചേർക്കുന്നു.

തൊഴിൽ മേഖല	പുരുഷൻ	സ്ത്രീ
കർഷകൻ	866	57
*കർഷകതൊഴിലാളി	2043	848
കാഷിക അനുബന്ധ മേഖല	302	85
കരിങ്കൽ ക്വാറി	134	150
സംസ്ക്കരണം	190	160
നിർമ്മാണ പ്രവർത്തനം	250	180
വ്യാപാരം	1265	34
ഗതാഗതം	533	-
കുടിൽ വ്യവസായം	625	382
ഇതര മേഖലകൾ	798	288
ആകെ	7006	2184

* റബ്ബർ ടാപ്പിംഗും ഭൂരഹിത കർഷകരും ഉൾപ്പെടുന്നു.

പട്ടികയിൽ നിന്ന് തൊഴിൽ മേഖലയിലെ സ്ത്രീ പങ്കാളിത്തം 31.1% ആണെന്ന് കാണാം. ഇത് സൂചിപ്പിക്കുന്നത് തൊഴിൽ മേഖലയിൽ നിന്നും സ്ത്രീ സമൂഹം വളരെ അകലെ നിൽക്കുന്നുവെന്നതാണ്. വൈദഗ്ദ്ധ്യം ആവശ്യമില്ലാത്തതും കഠിനാദ്ധ്വാനം വേണ്ടിവരുന്നതുമായ മേഖലകളിലാണ് സ്ത്രീകളിലേറിയ കുറും ജോലി ചെയ്യുന്നത്. 1961 - ലെ സെൻസസ് പ്രകാരം 32.28% ആയിരുന്നു തൊഴിൽ മേഖലയിലെ സ്ത്രീ പങ്കാളിത്തം. തൊഴിൽ മേഖല പരിമിതമായ തോതിലാണെങ്കിലും വികസിക്കുന്നതിനനുസരിച്ച് സ്ത്രീപങ്കാളിത്തം കൂടുന്നില്ലെന്നു മാത്രമല്ല കുറയുകയാണെന്ന് പഠനങ്ങൾ വെളിവാക്കുന്നു. പരമ്പരാഗത കൈത്തൊഴിൽ മേഖലയുടെ തകർച്ചയും കാർഷിക മേഖലയുടെ വാണിജ്യ വൽക്കരണവും തൊഴിൽ പങ്കാളിത്തം ചുരുങ്ങിപ്പോകുന്നതിന് ഇടയാക്കിയിട്ടുണ്ട്.

പ്രാഥമിക മേഖലയിൽ ജോലി ചെയ്തിരുന്ന സ്ത്രീകൾ കൺസ്ട്രക്ഷൻ മേഖലയിലേയ്ക്ക് ക്രമേണ കുടിയേറുന്ന പ്രവണത വ്യാപകമായി വരുന്നു. ഗൃഹജോലികൾ മുഴുവൻ ചെയ്തു തീർക്കുക എന്നത് സ്ത്രീകളുടെ കടമയായി കണക്കാക്കപ്പെടുകയും അങ്ങനെതന്നെ നടക്കുകയും ചെയ്യുന്നു. എന്നാൽ ഗൃഹജോലി ഒരു തൊഴിൽ തുറയായി അംഗീകരിക്കുന്നതിനോ കണക്കെടുപ്പുകൾക്ക് വിധേയമാ

ക്കുന്നതിനോ സമൂഹം തയ്യാറാകുന്നില്ല എന്നത് ചിന്തനീയമാണ്.

കൂലിനലരക്കും സ്ത്രീകളും

കാർഷിക - വ്യവസായിക മേഖലകളിലെ കൂലി നിരക്കുകൾ ബന്ധപ്പെട്ട റിപ്പോർട്ടുകളിൽ ചേർത്തിട്ടുണ്ട്. പ്രസ്തുത കണക്കുകൾ സൂചിപ്പിക്കുന്നത് കൂലിനിരക്കിലെ അന്തരത്തെയാണ്. കഠിനമായ കായിക അദ്ധ്വാനം വേണ്ടിവരുന്ന കരിങ്കൽക്വാറി, കൺസ്ട്രക്ഷൻ, കൃഷി എന്നീ തൊഴിൽ മേഖലകളിൽപോലും സ്ത്രീകളുടെ കൂലി നിരക്ക് പുരുഷൻമാരെ അപേക്ഷിച്ച് വളരെ കുറവാണ്. തുല്യജോലിക്ക് തുല്യവേതനം എന്നത് ഒരു തൊഴിൽ മേഖലയിലും കണ്ടെത്താൻ കഴിയില്ല.

സ്ത്രീകളുടെ നിയന്ത്രണത്തിലുള്ള വീടുകളുടെ എണ്ണം പഞ്ചായത്തിൽ 1% മാത്രമാണ്. സ്ത്രീകൾ തൊഴിൽ ചെയ്ത് കുടുംബവരുമാനത്തിന്റെ നല്ലൊരു പങ്ക് കണ്ടെത്തുന്ന വീടുകളിൽപോലും സ്ത്രീ നിയന്ത്രണത്തിന്റെ പങ്ക് വളരെ ചെറുതാണ്. പഞ്ചായത്തിൽ 87 പേർക്ക് വിധവാ പെൻഷൻ ലഭിക്കുന്നുണ്ട്. അർഹതയുണ്ടായിട്ടും 60 -ൽ ഏറെപ്പേർക്ക് ഇനിയും പെൻഷൻ ലഭിക്കുവാനുണ്ട്. കർഷക തൊഴിലാളി പെൻഷൻ ലഭിക്കുന്നവരിൽ 48% പേർ സ്ത്രീകളാണ്. സ്ത്രീകളുടെ രോഗാതുരത സംബന്ധിച്ച കണക്കുകൾ ആരോഗ്യ റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്. മുൻ കാലങ്ങളെ അപേക്ഷിച്ച് രോഗപ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിലും കുട്ടികളുടെ ആരോഗ്യകാര്യത്തിലും സ്ത്രീകൾ വളരെ ശ്രദ്ധ കാണിക്കുന്നുണ്ട്.

പഞ്ചായത്തിൽ അംഗൻവാടികളൊന്നും പ്രവർത്തിക്കുന്നില്ല. 10 മഹിളാ സമാജങ്ങളാണ് ഇവിടെയുള്ളത്. മഹിളാസമാജങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല. 5 മഹിളാ സമാജങ്ങൾക്ക് സ്വന്തമായി കെട്ടിടമില്ല. മഹിളാ സമാജങ്ങളുടെ ആഭിമുഖ്യത്തിൽ നടക്കുന്ന നേഴ്സറി വിദ്യാലയങ്ങൾക്ക് വേണ്ടത്ര ഫർണീച്ചറുകളോ, കളിപ്പാട്ടങ്ങളോ ഇല്ല. ഇതോടനുബന്ധിച്ച് നടക്കുന്ന ഫീഡിംഗ് സെൻററുകൾ കേവലം കഞ്ഞിവീഴ്ത്തു കേന്ദ്രങ്ങൾ ആയി അധഃപതിച്ചിരിക്കുന്നു. ഗർഭിണികളുടേയും കുഞ്ഞുങ്ങളുടേയും ആരോഗ്യ പരിരക്ഷ ഉറപ്പു വരുത്തുവാൻ ലക്ഷ്യമിട്ടു പ്രവർത്തിക്കുന്ന പ്രസ്തുത കേന്ദ്രങ്ങളുടെ പ്രവർത്തനം എല്ലാ വാർഡുകളിലും ഇല്ല എന്നുള്ളതും ഉള്ളവതന്നെ ഒട്ടും ഫലപ്രദമായുമല്ല പ്രവർത്തിക്കുന്നത് എന്നത് വിലിയ പോരായ്മയാണ്.

ഈ പഞ്ചായത്തിൽ വനിതകളുടെ 5 സ്വയം തൊഴിൽ സംരംഭങ്ങൾ ഉണ്ട്. പാലുല്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തുന്നതിനുവേണ്ടി എളമ്പ്ര, ഇരമല്ലൂർ, ചെറുവട്ടൂർ, ക്ഷീരോൽപാദക സംഘങ്ങൾ സ്പോൺസർ ചെയ്തിട്ടുള്ള 3 യൂണിറ്റുകളും DWCRA യുടെ കീഴിൽ ചിപ്സ് നിർമ്മാണത്തിലേർപ്പെട്ടിരിക്കുന്ന ഒരു യൂണിറ്റ് ചിറളാടും, റെഡിമേഡ് യൂണിറ്റ് മുണ്ടക്കാപ്പടിയിലും പ്രവർത്തിക്കുന്നു. ഈ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ ലക്ഷ്യത്തിൽ നിന്നും വളരെ വിദൂരമാണ്. വ്യക്തിഗത വനിതാ സ്വയം തൊഴിൽ സംരംഭകർ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും സാമ്പത്തിക സഹായം നേടിയെടുത്തതിന്റെ കണക്കുകൾ കണ്ടെത്താൻ കഴിയുമെങ്കിലും പരിശോധനകൾക്ക് വിധേയമാക്കിയാൽ ഈ സരംഭങ്ങളിലൊന്നും വനിതാ പങ്കാളിത്തം കണ്ടെത്താൻ കഴിയുക വിഷമകരമായിരിക്കും. ലോൺ സംഘടിപ്പിക്കുന്നതിനു വേണ്ടി മാത്രം വനിതകളുടെ 'പേര്' ഉപയോഗപ്പെടുത്തുന്ന രീതി നിലവിലുണ്ട്.

പൊതുരംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകളുടെ എണ്ണം വളരെ പരിമിതമാണ്. സാമൂഹ്യ- രാഷ്ട്രീയ സംഘടനകളുടെ തലപ്പത്ത് സ്ത്രീ സാന്നിദ്ധ്യം ഇല്ലെന്ന് തന്നെ കാണാം. വിവാഹക്കമ്പോളത്തിലെ സ്ത്രീധനത്തിന്റെ തോത് സാധാരണക്കാർക്കും ഇടത്തരക്കാർക്കും അചിന്തനീയനമാംവിധം ഉയർന്നുകൊണ്ടിരിക്കുന്നു. മുസ്ലീം സമുദായത്തിൽ ഇത് മറ്റ് സമുദായങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലാണ്. സ്ത്രീധന പീഢനങ്ങളും മരണങ്ങളും പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെടാറിലും ചികഞ്ഞു ചെന്നാൽ നാലു ചുമരുകൾക്കുള്ളിൽ സ്ത്രീധനത്തിന്റെ പേരിൽ ഉരുകിത്തീരുന്ന സഹോദരിമാരുടെ കഥകൾക്ക് ക്ഷാമമുണ്ടാകില്ല.

പുരുഷൻമാരുടെ മദ്യപാനം മൂലം ദുരിതമനുഭവിക്കുന്ന സ്ത്രീകൾ പഞ്ചായത്തിലുണ്ട്. ചാരായ നിരോധനം കൊണ്ട് ചില കുടുംബങ്ങളിൽ ഗുണം ഉണ്ടായി എങ്കിലും വിലകൂടിയ മദ്യങ്ങളിലേയ്ക്ക് തിരികെ പോയവരുടെ കുടുംബങ്ങളിൽ പട്ടിണിയുടെ പരിദേവനങ്ങൾ കൂടുതൽ ഉച്ചത്തിൽ തിരിച്ചുവരുന്നത് കേട്ടു തുടങ്ങിയിരിക്കുന്നു. സമ്പൂർണ്ണ മദ്യനിരോധനം അനിവാര്യമാണെന്ന് ഗ്രാമ സഭാ നിർദ്ദേശങ്ങൾ ഓർമ്മിപ്പിക്കുന്നു. സ്ത്രീകളോടുള്ള അതിക്രമങ്ങൾ പഞ്ചായത്തിലില്ല. സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്ന പോസ്റ്ററുകൾ കാണാറില്ല. ബസ്സുകളിൽ സ്ത്രീകളുടെ സീറ്റ് സ്ത്രീകൾക്കു ലഭിക്കാറില്ല. ഇത് ചോദിച്ചു വാങ്ങുന്ന കാര്യത്തിൽ സ്ത്രീകൾ ശ്രദ്ധിക്കാറില്ല. മക്കളുടെ വിദ്യാഭ്യാസകാര്യത്തിൽ അമ്മമാർ വളരെ താൽപര്യവും ശ്രദ്ധയും കാണിക്കുന്നുവെന്നത് ശ്രദ്ധേയമാണ് സ്ക്കൂൾ P.T.A. കളിൽ എത്തുന്നവരിൽ ഏറിയ പങ്കും അമ്മമാരാണ് മാതൃസംഗമങ്ങളിൽ അമ്മമാർ നന്നായി ശ്രദ്ധിക്കുന്നു.

ആധുനിക ദൃശ്യ- ശ്രാവ്യ- അച്ചടി മാദ്ധ്യമങ്ങൾ വളർത്തിയെടുത്തുകൊണ്ടിരിക്കുന്ന ഉപഭോഗ സംസ്ക്കാരത്തിന് അടിപ്പെട്ട് ജീവിതശൈലി രൂപപ്പെടുത്തിയെടുക്കുന്ന പ്രവണത ഇടത്തരം കുടുംബങ്ങളിൽ പ്രകടമായി വരുന്നുണ്ട്.

നാം ജീവിക്കുന്ന സമൂഹത്തിൽ പുരുഷമേധാവിത്വ ആശയങ്ങളുടെ സ്വാധീനം സർവ്വ സ്പർശിയാണ്. ഇന്നത്തെ അവസ്ഥ സനാതനവും സ്വാഭാവികവുമാണെന്ന് ബോധമാണ് സ്ത്രീകളടക്കം ഭൂരിപക്ഷം ആളുകളെയും ഭരിക്കുന്നത്. ഇത് മുറിച്ചുകടക്കുന്നതിനുള്ള ശ്രമങ്ങൾ രാഷ്ട്രീയ- സാമൂഹ്യ രംഗങ്ങളിൽ സംഘടിതമായി പ്രവർത്തിക്കുന്ന സംഘടനകളിൽപ്പോലും കാണുന്നില്ല. സ്ത്രീസമൂഹത്തിന്റെ പ്രശ്നങ്ങളെ പൊതുപ്രശ്നങ്ങളുമായി ബന്ധപ്പെടുത്തി കാണുകയും സാമൂഹ്യ പ്രസ്ഥാനങ്ങളുടെ മുഖ്യ അജണ്ടയിൽ ഇത് ബോധപൂർവ്വം ഉൾപ്പെടുത്തി പരിപാടികൾക്ക് രൂപം നൽകി കർമ്മരംഗത്തിറങ്ങുകയും ചെയ്യുക എന്നത് മാത്രമാണ് സ്ത്രീസമൂഹം നേരിടുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാരം

പ്രശ്നങ്ങൾ


* തൊഴിൽ മേഖലയിലെ പരിമിതമായ സ്ത്രീപങ്കാളിത്തം ക്രമേണ കുറഞ്ഞുവരുന്നു.
* തുല്യ ജോലിയ്ക്ക് തുല്യവേതനം ഒരു മേഖലയിലും ഇല്ല.
* തൊഴിലെടുക്കുന്ന സ്ത്രീകൾക്ക് അധികമായി ലഭിക്കേണ്ട ആരോഗ്യ പരിരക്ഷാ സംവിധാനങ്ങൾ ലഭ്യമല്ല.

KERALA INSTITUTE OF LOCAL ADMINISTRATION, THRISSUR
73426

* കാർഷിക മേഖലയിലെ തൊഴിൽ ദിനങ്ങൾ പരിമിതമാണ്.
* സാമൂഹ്യ- രാഷ്ട്രീയ മണ്ഡലങ്ങളിൽ സ്ത്രീ പങ്കാളിത്തക്കുറവ്
* മഹിളാസമാജങ്ങൾ പരിമിതമാണ് . ഉള്ളവയുടെ പ്രവർത്തനം തൃപ്തികരമല്ല.
* അംഗൻവാടികൾ നിലവിലില്ല.
* ഫീഡിംഗ് സെൻററുകളിൽ നിലനിന്നിരുന്ന മാതൃ-ശിശു ക്ഷേമപ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുന്നു. മഹിളാസമാജങ്ങൾക്കും നേഴ്സറികൾക്കും കെട്ടിടത്തിനേറയും അനുബന്ധസൗകര്യങ്ങളുടേയും അപര്യാപ്തത
* തയ്യൽ, നെയ്ത്ത് തുടങ്ങിയ രംഗങ്ങളിൽ പരിശീലനം സിദ്ധച്ചവർ ധാരാളമുണ്ടെങ്കിലും തൊഴിൽ കണ്ടെത്തുന്നതിനുള്ള ഭൗതിക സാഹചര്യങ്ങൾ ഇല്ല.
* വായനശാലകളിലും ഗ്രന്ഥശാലകളിലും സ്ത്രീകൾ വന്നെത്തുന്ന പതിവ് ഇല്ല.
* സ്ത്രീധന സമ്പ്രദായത്തിൻെറ രൂക്ഷത ഏറിവരുന്നു.
* സ്ത്രീ ഭൂരിപക്ഷമുള്ള തൊഴിൽ ശാലകളിലും ഇതര മേഖലകളിൽപ്പോലും വനിതാ നേതൃത്വമില്ല.
* സ്വയം തൊഴിൽ സംരംഭകർക്ക് മാർഗ്ഗ നിർദ്ദേശങ്ങളും വായ്പാ സൗകര്യങ്ങളും ലഭ്യമല്ല.
* അർഹരായ നിരവധിപ്പേർക്ക് പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല.
* പൊതു സ്ഥലങ്ങളിൽ പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കാൻ സൗകര്യങ്ങളില്ല.

നിർദ്ദേശങ്ങൾ

* പഞ്ചായത്ത് തലത്തിൽ വനിതാ സ്വയം തൊഴിൽ സംരംഭകരുടെ ഒരു കേന്ദ്ര സഹകരണസംഘം രൂപീകരിക്കുകയും വാർഡുകളിൽ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്യുക. അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പു വരുത്തുകയും വിപണി കണ്ടെത്തുകയും കേന്ദ്ര സംഘം ചെയ്യുക. ഭക്ഷ്യ ഉൽപ്പന്നങ്ങൾ , (കറിപൗഡറുകൾ, അച്ചാർ , ബേക്കറി), റെഡിമേയ്ഡ് വസ്ത്ര നിർമ്മാണം, സോപ്പ് നിർമ്മാണം,ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങൾ എന്നിവയ്ക്ക് സാദ്ധ്യത കാണുന്നു.
* മഹിളാസമാജങ്ങൾ ഈ ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിനുള്ള ശൃംഖലയാക്കി മാറ്റുന്നതിന് ശ്രമിക്കാവുന്നതാണ്.
* മഹിളാസമാജങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന നേഴ്സറികളിൽ മലയാള പഠനം പ്രോത്സാഹിപ്പിക്കണം. കുട്ടികളെ 5 വയസ്സിന് മുമ്പ് സ്ക്കൂളിൽ ചേർക്കുന്നത് നിരുത്സാഹപ്പെടുത്തുക.
* ഗ്രന്ഥശാലകൾതോറും ഗ്രാമീണ പുസ്തക വിതരണ പരിപാടി ആരംഭിക്കുകയും വീട്ടമ്മമാർക്ക് വീട്ടിൽ പുസ്തകം എത്തിക്കുകയും ചെയ്യുക.
* തൊഴിൽ മേഖലയിൽ ഉൽപ്പാദനക്ഷമതയുടെ അടിസ്ഥാനത്തിൽ കൂലി നിശ്ചയിക്കുക. തുല്യജോലിയ്ക്ക് തുല്യവേതനം ലഭിക്കാൻ സംവിധാനം ഉണ്ടാക്കുക.
* തുടർസാക്ഷരതാ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക. ഉപഭോക്തൃ വിദ്യാഭ്യാസം, മാതൃശിശു ക്ഷേമ കാര്യങ്ങൾ, രോഗപ്രതിരോധ പ്രവർത്തനങ്ങൾ തുങ്ങിയവയ്ക്ക് തുടർ സാക്ഷരതാ വിദ്യാഭ്യാസത്തിൽ ഊന്നൽ നൽകുക.
* അംഗൻവാടികൾ ആരംഭിക്കുക.
* ബാലവാടികൾക്കും നഴ്സറികൾക്കും കെട്ടിടം പണിയുക. വേണ്ടത്ര ഭൗതിക സാഹചര്യങ്ങൾ കണ്ടെത്തുക.



11

സഹകരണ മേഖല

സഹകരണ മേഖലയുമായി നമ്മുടെ പഞ്ചായത്തിന് അരനൂറ്റാണ്ടിലേറെ പഴക്കമുള്ള ചാരിത്രമുണ്ട്. കോതമംഗലം താലൂക്കിലെ ആദ്യത്തെ സഹകരണ സംഘം രജിസ്റ്റർ ചെയ്ത് തൃക്കാരിയൂർ കേന്ദ്രമാക്കിയാണ്. 08-08-1116- ൽ ശ്രീ. ശിവങ്കരപിള്ള പ്രസിഡൻറായി രജിസ്റ്റർ ചെയ്ത തൃക്കാരിയൂർ ഐക്യ നാണയ സംഘമാണ് പ്രസ്തുത സഹകരണ സംഘം. അഭിമാനകരമായ ഒരു സംസ്ക്കാരിക പാരമ്പര്യത്തിൻെറ പശ്ചാത്തലത്തിൽ ദേശീയ പ്രസ്ഥാനവും നവോത്ഥാന പ്രക്ഷോഭങ്ങളും ഉയർത്തിവിട്ട കൂട്ടായ്മയാണ് പ്രസ്തുത സംഘത്തിൻെറ പിറവിക്ക് നിദാനമായി തീർന്നത്.

പഞ്ചായത്തിലെ സഹകരണ സംഘങ്ങളുടെ പേര് വിവരം താഴെ ചേർക്കുന്നു.

1. കുറ്റിലഞ്ഞി സർവീസ് സഹകരണ സംഘം.
2. നെല്ലിക്കുഴി പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണ സംഘം.
3. കോതമംഗലം താലൂക്ക് വുഡ് വർക്കേഴ്സ് സഹകരണ സംഘം.
4. ചെറുവട്ടൂർ ക്ഷീരോൽപാദക സഹകരണ സംഘം.
5. ഇരുമലപ്പടി ക്ഷീരോൽപാദക സഹകരണ സംഘം.
6. ഇലമല്ലൂർ ക്ഷീരോൽപാദക സഹകരണ സംഘം.
7. ഇളമ്പ്ര ക്ഷീരോൽപാദക സഹകരണ സംഘം.
8. തൃക്കാരിയൂർക്ഷീരോൽപാദകസഹകരണസംഘം.
9. റാഡോ ടയേഴ്സ് എംപ്ലോയിസ് സഹകരണ സംഘം.
10. തൃക്കാരിയൂർ ദേവസ്വം ബോർഡ് ഹൈസ്ക്കൂൾ സഹകരണ സംഘം.
11. ചെറുവട്ടൂർ ഗവൺമെൻറ് ഹൈസ്ക്കൂൾ സഹകരണ സംഘം.
12. ചെറുവട്ടൂർ ഗവൺമെൻറ് യു. പി. സ്ക്കൂൾ സഹകരണ സംഘം.

കൂടാതെ താഴെ പറയുന്ന പ്രവർത്തന രഹിതമായ മൂന്ന് സഹകരണ സംഘങ്ങളുണ്ട്.

1. തൃക്കാരിയൂർ ഹാൻറ്ലൂം വീവേഴ്സ് സഹകരണ സംഘം.
2. നെല്ലിക്കുഴി പഞ്ചായത്ത് വില്ലേജ് ഇൻഡസ്ട്രീസ് സഹകരണ സംഘം.
3. നെല്ലിക്കുഴി പഞ്ചായത്ത് സെറികൾച്ചറൽ സഹകരണ സംഘം.

ഈ പഞ്ചായത്തിൽ ആദ്യമായി രജിസ്റ്റർ ചെയ്ത തൃക്കാരിയൂർ സർവ്വീസ് സഹകരണ സംഘം വ്യത്യസ്തങ്ങളായ സാഹചര്യങ്ങളുടെ സമ്മർദ്ദത്തിൽ പുരോഗതി പ്രാപിക്കാനാവാതെ വന്നതിനാൽ 583-ാം നമ്പർ കോതമംഗലം സർവ്വീസ് സഹകരണ ബാങ്കിൽ ലയിപ്പിക്കുകയുണ്ടായി. പഴയ തൃക്കാരിയൂർ സഹകരണ സംഘത്തിൻെറ കെട്ടിടത്തിൽ ഇപ്പോൾ കോതമംഗലം സർവ്വീസ് സഹകരണ ബാങ്കിൻെറ എക്സ്റ്റൻഷൻ കൗണ്ടർ പ്രവർത്തിച്ചു വരികയാണ്. നമ്മുടെ പഞ്ചായത്തിൻെറ 9 മുതൽ 12 വപരയുള്ള വാർഡുകളിലെ ജനങ്ങളുടെ മുഖ്യ ആശ്രയ കേന്ദ്രമാണ് കോതമംഗലം സർവ്വീസ് സഹകരണ ബാങ്ക്.

നേരത്തെ രേഖപ്പെടുത്തിയ സഹകരണ സംഘങ്ങളെ രണ്ടായി തരം തിരിക്കാം.

കുറ്റിലഞ്ഞി സർവ്വീസ് സഹകരണ ബാങ്ക്, റാഡോ ടയേഴ്സ് എംപ്ലോയീസ് സഹകരണ സംഘം, നെല്ലിക്കുഴി പഞ്ചായത്ത് പട്ടികജാതി സഹകരണ സംഘം എന്നിവ വായ്പാ മേഖലയിലും ഇതര സംഘങ്ങൾ വയവേതര മേഖലയിലും പ്രവർത്തിക്കുന്നു. വായ്പാ സംഘങ്ങൾ വയ്വേതര പ്രവർത്തനങ്ങളിലും ഏർപ്പെടുന്നുണ്ട്.

ഓരോ സഹകരണ സംഘത്തേയും സംബന്ധിച്ച വിവരങ്ങൾ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

പേര്	സ്ഥാപിച്ച വർഷം	അംഗങ്ങളുടെ എണ്ണം	ജീവനക്കാരുടെ എണ്ണം	ഓഹരി മൂലധനം	ലാഭം / നഷ്ടം
കുറ്റിലഞ്ഞി SCB	20-6-1971	4309	4	970395.25	ലാഭം
പട്ടികജാതി സർവീസ് സഹകരണ സംഘം	30-7-1977	549	2	71515	നഷ്ടം
കോതമംഗലം താലൂക്ക് വുഡ് വർക്കേഴ്സ് സഹകരണ സംഘം	31-12-1961	375	ഇല്ല	100720	ലാഭം
റാഡോ ടയേഴ്സ് എംപ്ലോയീസ്	14-12-1995	154	ഇല്ല	9400	ഓഡിറ്റ് പൂർത്തിയായിട്ടില്ല
ചെറുവട്ടൂർ ഹൈസ്ക്കൂൾ സഹകരണ സംഘം	8-12-1975	5322	ഇല്ല	6439	ലാഭം
ചെറുവട്ടൂർ UPS	5-11-1976	1726	ഇല്ല	3605	ലാഭം
ദേവസ്വം ബോർഡ് ഹൈസ്ക്കൂൾ സംഘം	4-12-1975	3830	ഇല്ല	3025	ലാഭം
ചെറുവട്ടൂർ ക്ഷീരോൽപാദക സഹകരണ സംഘം	10-10-1992	625	2	6440	ലാഭം
ഇളമ്പ്ര ക്ഷീരോൽപാദക സഹകരണ സംഘം	7-10-1992	516	1	5520	ലാഭം
ഇരമല്ലൂർ ക്ഷീരോൽപാദക സഹകരണ സംഘം	20-8-1992	484	1	4830	ലാഭം
തൃക്കാരിയൂർ ക്ഷീരോൽപാദക സഹകരണ സംഘം	19-2-1986	434	3	4340	ലാഭം
ഇരുമലപ്പടി	7-9-1991	718	2	7180	ലാഭം
തൃക്കാരിയൂർഹാൻഡ് ലൂം വീവേഴ്സ് സഹകരണ സംഘം	28-2-1996	35	ഇല്ല	2908	പ്രവർത്തന രഹിതം
നെല്ലിക്കുഴി വില്ലേജ് ഇൻഡസ്ട്രിസ് സഹകരണ സംഘം	-	-	-	-	പ്രവർത്തന രഹിതം
നെല്ലിക്കുഴി പഞ്ചായത്ത് സെറികൾച്ചറൽ സഹകരണ സംഘം	-	-	-	-	പ്രവർത്തന രഹിതം

വായ്പാ മേഖലയിൽ പ്രവർത്തിക്കുന്ന കുറ്റിലഞ്ഞി സർവ്വീസ് സഹകരണ ബാങ്കും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 5 ആപ്കോസ് ക്ഷീരോൽപാദക സംഘങ്ങളും സാമാന്യം നന്നായി പ്രവർത്തിച്ചു വരുന്നവയാണ്.

നമ്മുടെ പഞ്ചായത്ത് അതിർത്തിയിൽ ആദ്യമായി രജിസ്റ്റർ ചെയ്ത തൃക്കാരിയൂർ സർവ്വീസ് സഹകരണ സംഘം ഏറെനാൾ ജനങ്ങളുടെ കാർഷുക വായ്പാ വശ്യങ്ങളെ ഒരു പരിധി വരെ പരിഹരിച്ചിരുന്നുവെങ്കിലും പ്രാദേശിക സാധ്യതകളെ ചൂഷണം ചെയ്യുന്നതിൽ വന്ന വീഴ്ചയും മാനേജ് മെൻറിന്റെ കാര്യക്ഷമതാരാഹിത്യവും തൃക്കാരിയൂർ സർവ്വീസ് സഹകരണ സംഘത്തെ തളർച്ചയിലേയ്ക്ക് നയിച്ച വസ്തുതകളാണ്. ഫലപ്രദമായ ജനകീയ ഇടപെടലുകൾ ഉണ്ടായിരുന്നുവെങ്കിൽ സംഘത്തെ തനതായി വളർത്തിയെടുത്ത് വ്യക്തിത്വം നിലനിർത്താ മായിരുന്നു. വിദ്യാഭ്യാസപരമയി ഏറെ മുന്നിൽ നിൽക്കുന്ന ഈ പ്രദേശത്ത് സഹകരണ രംഗത്ത് വന്ന നിർഭാഗ്യകരമായ ഈ തിരിച്ചടി ഏവരുടേയും കണ്ണ് തുറപ്പിക്കേണ്ടതാണ്.

അസംസ്കൃത വസ്തുക്കളുടെ രൂക്ഷമായ വിലകയറ്റവും വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ തുടർ കണ്ണികളെ കണ്ടെത്തുന്നതിൽ വന്ന അലംഭാവവും ഉൽപാദനങ്ങളെ കാലാനുസൃതമായി രൂപകൽപന ചെയ്യുന്നതിൽ വന്ന പരാജയവുമാണ് തൃക്കാരിയൂർ ഹാൻറ് ലൂം വിവേഴ്സ് സഹകരണ സംഘത്തെ പ്രവർത്തന രഹിതമാക്കിയത്.

ജനാധിപത്യപരമായ പ്രവർത്തനത്തിന്റെ അഭാവവും മാനേജ്മെൻറിന്റെ ബോധപൂർവ്വമായ ദുർനടപടി കളും നെല്ലിക്കുഴി വില്ലേജ് ഇൻഡസ്ട്രിയൽ സഹകരണ സംഘത്തെ സമാപ്തീകരണ നടപടികളുടെ വക്കിലെത്തിച്ചിരിക്കുന്നു.

1. കുറ്റിലഞ്ഞി സർവ്വീസ് സഹകരണ ബാങ്ക്

വായ്പാ മേഖലയിൽ പ്രവർത്തിക്കുന്ന ഈ സഹകരണ സംഘമാണ് പഞ്ചായത്തിലെ ഏറ്റവും ജനബന്ധമുള്ള സഹകരണ സ്ഥാപനം. കാൽനൂറ്റാണ്ടു കാലത്തെ പ്രവർത്തന പാരമ്പര്യമുള്ള ഈ സഹകരണ സംഘം പരേതനായ ഇരുമല മത്തായ വറുഗീസ് ചീഫ് പ്രമോട്ടറായി രൂപീകരിച്ചതാണ്. ഇതിന്റെ ആദ്യത്തെ പ്രസിഡൻറ് നമ്മുടെ പഞ്ചായത്തിന്റെ മുൻപ്രസിഡൻറു കൂടിയായ ശ്രി.എം ആർ. നീലകണ്ഠൻ കർത്താവായിരുന്നു. ഇപ്പോഴും അദ്ദേഹമാണ് പ്രസിഡൻറ്. ശ്രി. സി.എ. മക്കാർ സെക്രട്ടറിയായി സേവന മനുഷ്ഠിച്ചു വരുന്നു. ഒരുകോടി രൂപ നിക്ഷേചവും ഒന്നര കോടി രൂപ വായ്പയും സംഘത്തി നുണ്ട്. ആയതിൽ ഒരുകോടി രൂപയോളം ഹ്രസ്വകാല, മധ്യകാല, കാർഷിക വായ്പയായിട്ടാണ് നൽകുന്നത്. കൂടാതെ സാധാരണ വായ്പ, സ്വർണ്ണ പണയ വായ്പ, വിദ്യാഭ്യാസ വായ്പ, സ്വയം തൊഴിൽ വായ്പ തുടങ്ങിയവും നൽകിവരുന്നു. ദൈനംദിന ഭരണ കാര്യങ്ങളിൽ പ്രകടിപ്പി ക്കുന്ന കാര്യക്ഷമതയാണ് സംഘത്തെ അഭിമാന കരമായ ഈ നിലവാരത്തിലേക്ക് ഉയർത്തിയത്. പഞ്ചായത്തിന്റെ ബഹുഭൂരിപക്ഷം ജനങ്ങളുടേയും വായ്പാവശ്യങ്ങൾക്കുള്ള ആശ്രയമായി സംഘം പ്രവർത്തിച്ചു വരുന്നുണ്ട്.

പട്ടിക - 2

കുറ്റിലഞ്ഞി ബാങ്ക് പ്രവർത്തനം 94-95-ൽ

ഓഹരി മൂലധനം	970395
നിക്ഷേപം	6466199
വായ്പ	15922957
ലാഭം	128636

എങ്കിലും പ്രവർത്തന മേഖലയിലെ എല്ലാ വിഭാഗം ജനങ്ങളുടേയും ആഗ്രഹാഭിലാഷങ്ങൾ സഫലമാക്കുന്നതിന് സംഘത്തിന്റെ മൂലധന പരിമിതി തടസ്സമായി നിൽക്കുന്നു. പ്രവർത്തന മേഖലയിലെ മുഴുവൻ ജനവിഭാഗങ്ങളുടേയും ഓഹരി പങ്കാളിത്തം ഉറപ്പു വരുത്തിയാൽ ഒരു പരിധിവരെ പ്രശ്നം പരിഹരിക്കാം.

2.നെല്ലിക്കുഴി പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണ സംഘം

ദുർബല വിഭാഗത്തിൽപെട്ട ആളുകളുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി രൂപീകരിക്കപെട്ട സംഘം ലക്ഷ്യം സാക്ഷാൽക്കരിക്കാനകാതെ കാലിടറി നിൽക്കുകയാണ്. സംഘത്തിൽ ഇപ്പോൾ K.G.T.E.അംഗീകാരമുള്ള തയ്യൽ പരിശീന കേന്ദ്രം വൈർത്തിച്ചു വരുന്നുണ്ട്. ഒട്ടേറെ സ്ത്രീകൾക് പ്രസ്തുത കേന്ദ്രം വഴി തയ്യൽ പരിശീലനം ലഭിച്ചിട്ടുണ്ട്. ഏറെ വ്യാപാര സാധ്യതയുള്ള ഒരച്ചടി ശാല ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട് ശ്രി. പി.കെ. തങ്കപ്പൻ ആയിരുന്നു സംഘത്തിന്റെ ആദ്യത്തെ പ്രസിഡൻറ്. നമ്മുടെ ഗ്രാമ പഞ്ചായത്ത് മെമ്പർ കൂടിയായ ശ്രി.കെ.കെ. രാജുവാണ് ഇപ്പോഴത്തെ

പ്രസിഡൻറ്.

ആദ്യകാലത്ത് ആരംഭിച്ച വെട്ടുകൽ വ്യാപാര പദ്ധതിയും കരിങ്കൽ വ്യവസായവും കാര്യക്ഷമമായ മാനേജ്മെൻറിൻെറ അഭാവത്തിൽ അവസാനിപ്പിക്കേണ്ടി വന്നു. വിദഗ്ധ തൊഴിലാളികളുടെ അഭാവത്തിൽ ചുരൽ ഉൽപാദനങ്ങളുടെ വ്യവസായം പരാജയപ്പെട്ടു. സ്വന്തമായി കെട്ടിട സൗകര്യമുള്ള സംഘം പട്ടികജാതി വിഭാഗങ്ങളുടെ സാമൂഹ്യമായ പുരോഗതി ഉറപ്പു വരിത്തുന്നതിനുള്ള പദ്ധതികൾ ആധുനിക കാലഘട്ടത്തിനനുസൃതമായി ആവിഷ്ക്കരിച്ചാൽ ഭാവി ശോഭനമായിരിക്കുമെന്ന് പ്രതീക്ഷിക്കാവുന്നതാണ്.

3. ക്ഷീരവ്യവസായ സംഘങ്ങൾ

പഞ്ചായത്തിൽ 5 ക്ഷീരസഹകരണ സംഘങ്ങളുണ്ട്. ആനന്ദ് മാതൃകയിലാണ് 5 സംഘങ്ങളും സംഘടിപ്പിച്ചിട്ടുള്ളത്. ദിനംപ്രതി 1500 ലിറ്ററോളം പാൽ സംഘങ്ങൾ വഴി വ്യാപാരം നടത്തുന്നുണ്ട്. കാർഷിക പ്രാധാന്യമുള്ള നമ്മുടെ പഞ്ചായത്തിൻെറ മൃഗസംരക്ഷണ രംഗത്തുള്ള സാധ്യതകളെ സമ്പൂർണ്ണമായി ഉയോഗപ്പെടുത്തുവാൻ ക്ഷീരസംഘങ്ങൾ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്.

4.കോതമംഗലം താലൂക്ക് വുഡ് വർക്കേഴ്സ് സഹകരണ സംഘം

മരവ്യവസായത്തിന് ഈ പഞ്ചായത്തിൽ ആഴത്തിൽ വേരുകളുണ്ട്. ഈ രംഗത്തുള്ള സാധ്യതകളെ ഉപയോഗപ്പെടുത്തുന്നതിനു വേണ്ടിയാണ് ഈ സംഘം രൂപീകരിച്ചിരിക്കുന്നത്. ഈ താലൂക്കിൽ നന്നായി പ്രർത്തിച്ചു വരുന്ന ഏക വ്യവസായ സഹകരണ സ്ഥാപനവും ഇതാണ്.. മര ഉൽപന്നങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഈ കാലഘട്ടത്തിൽ ഉയർന്നു വന്നിട്ടുള്ള സാധ്യതകളെ പൂർണ്ണമായും ഉയോഗപ്പെടുത്തുന്നതിന് ആവശ്യമായ ആധുനിക വൽക്കരണം നടത്തിയാൽ സംഘം പുരോഗതി പ്രാപിക്കുമെന്ന് തീർച്ചയാണ്.

5. ഹൗസിംഗ് സഹകരണ സംഘം

കോതമംഗലത്ത് പ്രവർത്തിക്കുന്ന ഹൗസിംഗ് സഹകരണ സംഘത്തിൻെറ പ്രവർത്തന പരിധിയിൽ നമ്മുടെ പഞ്ചായത്തും ഉൾപ്പെട്ടിട്ടുണ്ട്. സ്ഥിരവരുമാനക്കാരായ ആളുകൾക്ക് രണ്ട് ലക്ഷം രൂപ വരെ സംഘം വായ്പ നൽകി വരുന്നുണ്ട്. എന്നാൽ മൂലധന ശരാശരി മൂലം മുഴുവൻ തുകയും വായ്പ നൽകാൻ കഴിയുന്നുല്ല.

6. മാർക്കറ്റിംഗ് സഹകരണ സംഘം

കോതമംഗലത്ത് പ്രവർത്തിച്ചു വരുന്ന ജനറൽ മാർക്കറ്റിംഗ് സഹകരണ സംഘത്തിൻെറ പ്രവർത്തന പിധിയിലും നമ്മുടെ പഞ്ചായത്തും ഉൾപ്പെടുന്നുണ്ട്. മുഖ്യമായും റബ്ബർ വ്യപാരം നടത്തുന്ന ഈ സംഘം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. എല്ലാത്തരം മലഞ്ചരക്ക് വസ്തുക്കളും വ്യാപാരം നടത്താത്തതുകൊണ്ട് മുഴുവൻ യൂസകർക്കും പ്രയോജനം കിട്ടുന്നില്ല.

7.മൂവാറ്റുപുഴ കോതമംഗലം കാർഷിക വികസന ബ്ാങ്ക്

ദീർഘകാല കാർഷിക വായ്പ നൽകുന്നതിനു വേണ്ടി സ്ഥാപിച്ച സ്ഥാപനം നമ്മുടെ പഞ്ചായത്തിലെ ആളുകൾ ശരിയായി പ്രയോജനപ്പെടുത്തുന്നില്ല. കൂടുതൽ ഭൂമിയുള്ളവർക്കാണ് സംഘം വായപ നൽകുന്നത് എന്നതുകൊണ്ടും നടപടി ക്രമീകരിക്കാത്തതുകൊണ്ടും സഹകരണക്കാർക്ക് കാര്യമായ പ്രയോജനം കിട്ടുന്നില്ല എന്നുകാണാം.

സഹകരണ മേഖലയെ നേരിടുന്ന പ്രശ്നങ്ങൾ

A. 1.കുറ്റിലഞ്ഞിസർവ്വീസ് സഹകരണ ബാങ്കിൽ നിക്ഷേപം ഒരു പരിധി വിട്ട് വർദ്ധിക്കാത്തതുകൊണ്ട് വൈവിധ്യമാർന്ന മേഖലകളിൽ വായ്പ നൽകുവാൻ കഴിയുന്നില്ല.

2.പഞ്ചായത്തിൻെറ ഹൃദയ ഭാഗമായ നെല്ലിക്കുഴി പ്രദേശത്ത് കുറ്റിലഞ്ഞി സർവ്വീസ് സഹകരണ ബാങ്കിന് ബ്രാഞ്ച് ഇല്ലാത്തതുകൊണ്ട് അംഗങ്ങൾക്ക് ഏറെ ബുദ്ധിമുട്ടുണ്ട്. ഈ പ്രദേശത്ത് മറ്റൊരു ബാങ്കിനേറയും ബ്രാഞ്ച് നിലവിൽ പ്രവർത്തിക്കുന്നില്ല.

3. സംഘത്തിൽ വായ്പ കൊടുക്കുന്നവരിൽ പലരും യഥാ സമയം തിരിച്ചടക്കുന്നതിൽ താൽപര്യം കാണിക്കുന്നില്ല.

4. വളം, കീടനാശിനി എന്നിവ വിതരണം ചെയ്യുന്നതിന് സംഘത്തിന് നെല്ലിക്കുഴി ഭാഗത്ത് ഡിപ്പോയില്ല.

5.വായ്പാ മേഖല വിട്ട് ഉൽപാദന മേഖലയിലേക്ക് പ്രവേശിക്കുവാൻ സംഘം മടിക്കുന്നു.

B. 1.പട്ടികജാതി സർവ്വീസ് സഹകരണ സംഘം മൂലധന കുറവുമൂലം ലക്ഷ്യത്തിന് അനുസൃതമായി പ്രവർത്തിക്കുവാൻ കഴിയുന്നില്ല.

2. ആധുനിക രീതിയിലുള്ള സ്കീമുകൾ ഈ മേഖലയിൽ ഡിപ്പാർട്ട്മെൻറ് തലത്തിൽ അനുവദിക്കുന്നില്ല.

C. 1. വിപണനത്തിന് സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്തിൽ സ്ഥാപനങ്ങളില്ല.

D. വനിതകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് സഹകരണ സ്ഥാപനങ്ങളില്ല.

E. നിത്യോപയോഗ സാധനങ്ങൾ വിൽപ്പന നടത്തുന്നതിന് സഹകരണ സ്ഥാപനങ്ങൾ ഇല്ലാത്തതുമൂലം ചൂഷണത്തിന് ഇടയാക്കുന്നു.

F. 1.ഇരമല്ലൂർ, ഇളംമ്പ്ര, ചെറുവട്ടൂർ, ഇരുമലപ്പടി

എന്നീ ക്ഷീര സംഘങ്ങൾക്ക് സ്വന്തമായി കെട്ടിടങ്ങളില്ല.

2. ക്ഷീരസംഘം ജീവനക്കാർക്ക് ശമ്പളം പരിമിതമാണ്.


3. സ്വകാര്യമേഖല വെല്ലുവിളി ഉയർത്തുന്നുണ്ട്.

4. കാലിതീറ്റയുടെ വിലവർന്ധനവ് മൂലം അംഗങ്ങൾക്ക് ഈ രംഗത്തുള്ള താൽപര്യം കുറഞ്ഞുവരുന്നു.

5. ഇതരമേഖലയിലെ സംഘങ്ങളെ അപേക്ഷിച്ച് കരുതൽ ധനം 10% കൂടുതലകയാൽ അംഗങ്ങൾക്കുള്ള ലാഭവിതം കുറയുന്നു.

സാധ്യതകൾ

* നിക്ഷേപ സമാഹരണത്തിന് കുറ്റിലഞ്ഞി സർവ്വീസ് സഹകരണ ബാങ്ക് വൈവിധ്യമുള്ള സ്കീമുകൾ ആവിഷ്ക്കരിക്കണം.
* കുറ്റിലഞ്ഞി സർവ്വീസ് സഹകരണ ബാങ്കിന്റെ ഒരു ബ്രാഞ്ച്, വളംഡിപ്പോ എന്നിവ നെല്ലിക്കുഴി പ്രദേശത്ത് ആരംഭിക്കണം.
* വായ്പ കുടിശ്ശിക യഥാ സമയത്ത് തിരിച്ചെടുക്കുന്നതിനുള്ള ബോധവൽക്കരണവും നിയമ നടപടികളും ഉണ്ടാകേണ്ടിയിരിക്കുന്നു.
* പട്ടികജാതി സർവ്വീസ് സഹകരണ ബാങ്കിന്റെ മൂലധനം വർദ്ധിപ്പിക്കുന്ന നടപടി സ്വീകരിച്ചാൽ ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കുവാൻ കഴിയും.
* സംഘത്തിൽ മുഴുവൻ പട്ടികജാതിക്കാരും അംഗത്വം നേടണം.
* പ്ലാസ്റ്റിക്, നെയ്ത്ത് പരിശീലനം നൽകുന്നതിനും പ്ലാസ്റ്റിക്കുവള്ളികൾ ഉപയോഗിച്ചുള്ള ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആരംഭിക്കണം.
* പഞ്ചായത്തടിസ്ഥാനത്തിൽ എല്ലാവസ്തുക്കളും കൈകാര്യം ചെയ്യുന്ന ഒരു വിപണന സംഘം, റബ്ബർ, പ്ലസ്റ്റിക് ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള വ്യവസായ സഹകരണ സംഘങ്ങൾ, ഓട്ടോമൊബൈൽ സഹകരണ സംഘം, ഹോർട്ടികൾച്ചറൽ സഹകരണ സംഘം താലൂക്ക് അടി സ്ഥാനത്തിലുള്ള അർബൻ സഹകരണ ബാങ്ക്, സഹകരണ ആശുപത്രി എന്നിവ സ്ഥാപിക്കണം.



വിഭവസമാഹരണം

വിഭവസമാഹരണം ശരിയായി അവലോകനം ചെയ്യുന്നതിന് സഹായകമായ ചില സ്ഥിതി വിവരകണക്കുകൾ താഴെ ചേർക്കുന്നു.

പട്ടിക - 1

വരവു വിവരങ്ങൾ

ഇനം	ധനാഭ്യർത്ഥന	പിരിച്ചത്	ബാക്കി
കെട്ടിട നികുതി	193306.50	131011.60	62294.90
തൊഴിൽ നികുതി	118000.00	116180.00	1820.00
പ്രദർശന നികുതി	160.00	160.00	-
ലൈസൻസ് ഫീസ്	12125	11430.00	695.00
വസ്തുത കൈമാറ്റ നികുതി	202595.00	202595.00	-
സർക്കാർ ഗ്രാൻറുകളും മറ്റും ഒഴികെയുള്ള മറ്റു വരവുകൾ	30878.20	27348.25	3529.95
ഡെപ്പോസിറ്റ്	17815.00	17815.00	-
മറ്റുള്ളവ	414.20	414.20	-
ആകെ	575293.90	506954.05	68339.85

പട്ടിക - 2

ചെലവു സംബന്ധിച്ച വിവരങ്ങൾ

ഇനം	തുക
ഭരണം	332257.00
പൊതുമരാമത്ത്	25708.00
വിദ്യാഭ്യാസം	25177.35
തെരുവു വിളക്കുകൾ കത്തിക്കുന്നത്	50844.00
മറ്റുള്ളവ	416206.70
ആകെ	**850193.05**

പട്ടിക - 3

പൊതു സമ്പത്തിക നില 95 - '96

	പൊതു കണക്ക്	മൂലധന കണക്ക്	കടം സംബന്ധിച്ച കണക്ക്
1	2	3	4
വരവ്	784938. 70	306175. 00	25261. 60
ചെലവ്	830448. 05	3137. 00	16608. 00

പട്ടിക - 4

മൂന്നു വർഷത്തെ തനതു വരുമാനത്തിന്റെ കണക്കുകൾ താഴെ കൊടുക്കുന്നു.

	1989 - 90	91- 92	93 - 94
കെട്ടിട നികുതി	50065.40	108933.85	159238.50
തൊഴിൽ നികുതി	33214.00	72218.-	67115.-
പ്രദർശന നികുതി	2735.51	4367.16	-
ലൈസൻസ് ഫീസ്	-	5625 -	7505.-
വസ്തു കൈമാറ്റ നികുതി	122873 -	114567 -	282281.-
സർക്കാർ ഗ്രാൻറുകളും മറ്റും ഒഴികെയുള്ള മറ്റു വരവുകൾ	11163.83	222328.54	47910.85
ഡെപ്പോസിറ്റ്	755 -	1845 -	34600 -
മറ്റുള്ളവ	-	-	-
ആകെ	220806.74	529884.55	598650.35

മൊത്തം വരുമാനത്തിൽ തനതു വരുമാനത്തിലും അതിൽ തന്നെ ഓരോ നികുതിയിനത്തിലും ഉണ്ടായ വർദ്ധനവ് എത്രയെന്ന് മുകളിൽ കൊടുത്തിരിക്കുന്നതും സ്വയം സംസാരിക്കുന്നതുമായ കണക്കുകൾ വ്യക്തമാക്കുന്നു. നാലു മുറികളുള്ള ഒരു ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ച് നികുതിയേതര വരുമാനത്തിന് ശ്രമം ഈ വർഷം ആരംഭിച്ചു.

ഇപ്പോൾ പ്രതിമാസം 9850/- രൂപ വാടകയിനത്തിൽ ലഭിക്കുന്നുണ്ട്.

ഉപാധിരഹിതഫണ്ടിനേറയും ജെ.ആർ.വൈ. യുടെയും മറ്റു ഗ്രാൻറുകളുടെയും കണക്കുകൾ താഴെ ചേർക്കുന്നു.

പട്ടിക - 5

ഗ്രാൻറ് ഇനം	വർഷം			
	1989-'90	1991-'92	1993-'94	1995-'96
വില്ലേജ് റോഡ് മെയിൻറനൻസ്	5870-	6679-	6445-	7650
മൈനർ ഇറിഗേഷൻ	6774 -	6774 -	6770 -	6774 -
വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ	61000 -	64619 -	23000 -	171275 -
അടിസ്ഥാന നികുതി 25%				
75%	44616 -	45853 -	45841 -	54317 -
സ്പെഷ്യൽ ഗ്രാൻറ്				
ജെ. ആർ. വൈ	391940 -	298900 -	282650 -	181520 -
അൺടൈഡ് ഫണ്ട്	ഇല്ല	190000 -	215280 -	306175 -
ആകെ	510200 -	612825 -	579986 -	727711 -

പട്ടിക - 6

പഞ്ചായത്ത് രാജ് നിയമപ്രകാരം

മറ്റു വകുപ്പുകളിൽ നിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ

1995 - '96


വകുപ്പ്	തുക
മൃഗസംരക്ഷണം	100 - 00
ആരോഗ്യം	172692 - 00
കൃഷി	670740 - 00
ഹരിജന ക്ഷേമം	4000 - 00
മറ്റുള്ളവ	2900 - 00
ആകെ	850432 - 00

പട്ടിക - 7

കഴിഞ്ഞ ചില വർഷങ്ങളിലെ ചെലവ് സംബന്ധിച്ച വിവരങ്ങൾ

ഇനം	വർഷം			
	1989-'90	1991-'92	1993-'94	1995-'96
ഭരണം	140504-50	192322 -	266395 -	332257 -
പൊതു മരാമത്ത്	20512 -	1205 -	291150 -	25708 -
വിദ്യാഭ്യാസം	1869 -	5644 - 75	33082 - 90	25177 - 35
തെരുവ് വിളക്കുകൾ കത്തിക്കുന്നത്	37611 -	37974 -	52493 -	50844 -
മറ്റുള്ളവ	251482 -25	228152-15	560847 -	416206- 70
ആകെ	451978-75	465297- 90	1203967-90	850193-05

ഭരണ ചെലവിന്റെ തോത് വർദ്ധിച്ചുകൊണ്ടിരിക്കുന്നതായി കാണാം. പൊതുവിൽ ഉണ്ടാകുന്ന വിലക്കയറ്റമാണിതിനു കാരണം. ഭരണച്ചെലവ് തോതിനെ കവച്ചുവയ്ക്കുന്ന തോതിൽ വരുമാനം വർദ്ധിച്ചെങ്കിൽ മാത്രമെ മരാമത്തുൾപ്പെടെ ഇതര ജനോപകാരപ്രദമായ മേഖലകളിലേയ്ക്ക് കൂടുതൽ തുക നീക്കി വെയ്ക്കാൻ കഴിയു.



വിലവർധനവിന്റെ തോതിൽ ചെലവ് വർദ്ധിക്കുമ്പോൾ അതനുസരിച്ച് വരുമാനം വർധിക്കുന്നില്ലെന്നു കണ്ടു. വിൽപന നികുതി, ആദായ നികുതി തുടങ്ങിയ ഇനങ്ങളിൽ ഒരു നിശ്ചിത വരുമാനം പഞ്ചായത്തിന് ലഭ്യമാക്കണം. പുതിയ സംവിധാനത്തിൽ കൃഷി, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ തുറകളിൽ ഗ്രാമപഞ്ചായത്തിന് ചുമതലയും ചെലവും വരുന്നു. ആഫീസ് ജീവനക്കാരുടെ എണ്ണത്തിലും ഭരണചെലവിലും വർദ്ധനവ് സ്വാഭാവികമാണ്. പ്രസ്തുത വകുപ്പുകളിലെ ബഡ്ജറ്റ് അലോട്ട്മെൻറിൽ നിന്നും നിശ്ചിത ശതമാനം ഗ്രാമ പഞ്ചായത്തിന് ലഭ്യമാക്കണം. കരിങ്കൽ ക്വാറി തുടങ്ങിയ മേഖലകളിൽ നിന്നും പഞ്ചായത്തിന് വരുമാനം കണ്ടെത്താൻ കഴിയുന്ന വിധത്തിൽ നിയമം നിർമ്മിക്കണം. ധനലക്ഷ്മി ബാങ്ക് മാത്രമാണ് ഈ പഞ്ചായത്തിലെ ഏക വാണിജ്യ ബാങ്ക്. ബാങ്കിന്റെ നിക്ഷേപ- വായ്പ സർവ്വീസിനെ സൂചിപ്പിക്കുന്ന ചില കണക്കുകൾ താഴെ ചേർക്കുന്നു.

	1984- 85	1990-91	1995-96
നിക്ഷേപം	20.93 ലക്ഷം	42.42 ലക്ഷം	215.72 ലക്ഷം
വായ്പ	7.11 ലക്ഷം	12.23 ലക്ഷം	11.71 ലക്ഷം.

നിക്ഷേപം 10 വർഷംകൊണ്ട് 1030 ശതമാനം വർദ്ധിച്ചപ്പോൾ വായ്പ 165% മാണ് വർദ്ധിച്ചത്. സംസ്ഥാനത്തെ നിക്ഷേപ വായ്പാ അനുപാതം 40% മാണ്. എന്നാൽ ഈ പഞ്ചായത്തിലെ ഏക വാണിജ്യ ബാങ്കിലെ നിക്ഷേപ വായ്പാ അനുപാതം കേവലം 5% ആണ്. സംസ്ഥാനത്തെ നിക്ഷേപ വായ്പാ അനുപാതം തന്നെ ഇന്ത്യൻ ശരാശരിയെക്കാൾ തുലോം താഴ്ന്നതാണെന്നുള്ളത് പ്രത്യേകം പ്രസ്താവ്യമെത്രേ!

പഞ്ചായതതിൽ ലൈസൻസുള്ള സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ 1ജ എണ്ണം ഉള്ളതായിട്ടാണ് അറിയുന്നത്. അവ പ്രധാനമായും സ്വർണ്ണ പണയത്തിൻമേൽ വായ്പ നൽകുന്നു. ബ്ലാങ്ക് ചെക്കുകളിലും, മുദ്രപ്പത്രങ്ങളിലും ഒപ്പിട്ടുവാങ്ങി അനധികൃതമായ രീതിയിലും ഇടപാടികൾ നടന്നു വരുന്നു.

അനൗപചാരികമായി പണം പലിശക്ക് നൽകുന്നുറോളം വ്യക്തികൾ ഈ പഞ്ചായത്തിൽ ദിവസേന രണ്ടു ലക്ഷത്തിൽപരം രൂപയുടെ ഇടപാടുകൾ നടത്തുന്നുണ്ട്. കോളനികളേയും മറ്റു പാവപ്പെട്ടവർ അധിവസിക്കുന്ന മേഖലകളേയും കേന്ദ്രീകരിച്ച് പണമിടപാടുകളും, തവണവ്യവസ്ഥയിൽ തുണിത്തരങ്ങൾ, പാത്രങ്ങൾ, മറ്റുവീട്ടുപകരണങ്ങൾ എന്നിവയുടെ വ്യാപാരം വൻതോതിൽ നടക്കുന്ന പഞ്ചായത്താണ്. തമിഴ്നാട്ടുകാരായ പണമിടപാടുകാരാണ് കോളനികളെ കേന്ദ്രീകരിച്ച് ഇടപാടുകൾ നടത്തുന്നവരിൽ അധികവും. 875 രൂപ വായ്പ നൽകി, 10 രൂപ വീതം നൂറ് ദിവസം പിരിച്ചെടുക്കുന്ന 'ഡെയ്ലി കളക്ഷൻ' സമ്പ്രദായമാണ് ഈ അനൗപചാരിക മേഖലയിൽ നിലവിലുള്ളത്. ചെറുവിഭാഗം കടഉടമകളും, കടകളില്ലാത്ത ചെറുകിട കച്ചവടക്കാരുമാണ് ഈ ഇടപാടുകളിലെ ഉപഭോക്താക്കൾ. കടഉടമകൾക്കും ഈടുനൽകാൻ പ്രാപ്തിയുള്ള മറ്റ് ന്യൂനപക്ഷം ഉപഭോക്താക്കൾക്കും ഔപചാരിക മേഖലകളിൽ നിന്ന് വായ്പ ലഭ്യമാക്കാൻ കഴിയും.

ഗൾഫ് നാടുകളിൽ ജോലി ചെയ്യുന്നവരുടെ ഏകദേശ വിവരം മാത്രമാണ് ലഭിച്ചിട്ടുള്ളത്. ഗൾഫ് നാടുകളിലേക്കുള്ള കുടിയേറ്റം തുടങ്ങിയത് വൈകിയാണ്. ജനങ്ങൾ കൂടുതലായി പോയിതുടങ്ങിയിട്ട് 15 വർഷത്തോളമേ ആയിട്ടുള്ളൂ. അവിദഗ്ധ തൊഴിലാളികളാണ് അധികവും. ഗൾഫ് നാടുകളിൽ നിന്ന് അഞ്ഞൂറോളം പേർ തിരികെ വന്നിട്ടുണ്ട്. കെട്ടിട നിർമ്മാണമൊഴികെയുള്ള മേഖലകളിൽ മുതൽ മുടക്കിയതായി കാണുന്നില്ല. സാമൂഹ്യ സാംസ്ക്കാരിക മേഖലകളിലെ പൊതുപ്രവർത്തനങ്ങൾക്ക് കാര്യമായ സംഭാവനകളൊന്നും നൽകുന്നില്ല. ചെറിയൊരു വിഭാഗം ഗൾഫുകാരിൽ നിന്നും മാത്രമേ വിഭവ സമാഹരണത്തിനു സാധ്യതയുള്ളൂ.

നാട്ടുകാരിൽ നിന്നും പൊതു സംഭാവന വാങ്ങി നടത്തിയ പ്രവർത്തനങ്ങൾ താഴെ വിവരിക്കുന്നു.

1. നെല്ലിക്കുഴി യുഗദീപ്തി ഗ്രന്ഥശാല. ഏകദേശം രണ്ടുലക്ഷം രൂപ

2. പി.വി. ഐ. പി. മുതുവൂർ ബ്രാഞ്ച് കനാലിന്റെ മറ്റത്തിപീടിക കഴിഞ്ഞുള്ള കോവാട്ടുപടി മുതൽ കണ്ണംകുളം വരെ വലതുകര ബണ്ട് 375 മീറ്ററോളം നീളത്തിൽ മണ്ണിട്ടു നികത്തി ഗതാഗത യോഗ്യമാക്കി. ഏകദേശം 85000/- രൂപയുടെ പണി.

3. ഇളമ്പ്ര ക്ഷീരോൽപാദക സംഘത്തിന് കെട്ടിടം പണിയുന്നതിന് 5 അടി താഴ്ത്തി 4 സെൻറിലെ മണ്ണ് നീക്കി നിരപ്പാക്കി. ഏകദേശം 20,000/- രൂപയുടെ പണി നടത്തി. 4. കുറ്റിലഞ്ഞി യു. പി. സ്ക്കൂളിനോടനുബന്ധിച്ച് കെട്ടിടനിർമ്മാണത്തിനായി ഏകദേശം 1 ലക്ഷം രൂപയോളം ജനങ്ങൾ സംഭാവന ചെയ്തു.

5. ചെറുവട്ടൂർ യു.പി, എൽ. പി. സ്ക്കൂളുകൾ വാട്ടർ ടാങ്ക് ടാപ്പ് തുടങ്ങി 25000 രൂപയോളം ജനങ്ങൾ സംഭാവന ചെയ്തു നിർമ്മിച്ചു.

6. ചെറുവട്ടൂർ മൃഗാശുപത്രി, ആയുർവേദ ആശുപത്രി, അലോപ്പതി ആശുപത്രി എന്നിവയ്ക്കായി 2 ലക്ഷത്തോളം രൂപ ജനങ്ങൾ സംഭാവന ചെയ്തു.

പ്രശ്നങ്ങൾ

പഞ്ചായത്തിന്റെ വരുമാന സാധ്യതകൾ ശാസ്ത്രീയമായി വിലയിരുത്തി ഉപയോഗിക്കണം. കെട്ടിടങ്ങളുടെ എണ്ണത്തിലും ആഡംബരത്തിലും ഉണ്ടായിട്ടുള്ള വർദ്ധനവിന് ആനുപാതികമായി നികുതി വീരുമാനം വർദ്ധിപ്പിക്കണം. തൊഴിൽ നികുതി വർദ്ധിപ്പിക്കുന്നതിന് പുതിയ മേഖലകൾ കണ്ടെത്തണം. വിനോദനികുതിയിനത്തിൽ വരുമാനം കണ്ടെത്താൻ മാർഗ്ഗങ്ങളാരായണം. പുതിയ സേവനങ്ങൾ നൽകി അവക്ക് ചാർജ് ഈടാക്കുവാൻ ശ്രമിക്കണം. കോൺട്രാക്ടർമാരേയും ഇടത്തട്ടുകാരേയും ഒഴിവാക്കി പാഴ്ച്ചിലവ് കുറക്കണം. ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പകൾ ലഭ്യമാക്കുന്നതിനും അവ ഉൽപാദന ക്ഷമമായി ഉപയോഗിക്കുന്നതിനും കഴിയേണ്ടതാണ്. പ്രാദേശികാവശ്യങ്ങൾക്ക് അനുസരിച്ച് സ്കീമുകൾ തയ്യാറാക്കുന്നതിന് ശരിയാ

യ സംവിധാനം ആവശ്യമാണ്.സന്നദ്ധപ്രവർത്തനങ്ങൾക്കുള്ള സാധ്യത പ്രയോജനപ്പെടുത്തണം. വരവുചലവു കണക്കുകൾ ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിന് സംവിധാനമുണ്ടാക്കണം.

സാധ്യതകൾ

* പഞ്ചായത്തിന്റെ വരുമാന വർദ്ധനവിന് പരമാവധി സാധ്യതകൾ ഉപയോഗപ്പെടുത്തുക. വരവു വർദ്ധിപ്പിക്കുക.നാനാ മേഖലകളിലെ തൊഴിലാളികളെ ഇൻഷ്വറൻസ് പദ്ധതികളിൽ ചേർത്ത് സാമൂഹ്യ ക്ഷേമ ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും അവരിൽ നിന്ന് തൊഴിൽ നികുതി പിരിക്കുകയും ചെയ്യുക.
* നിലവിലുള്ള പരസ്യ നികുതി പ്രാവർത്തികമാക്കുക.
* കൃഷി ഭൂമി നിയമപ്രകാരമുള്ള അനുമതിയോടെ നികത്തുന്നവരിൽ നിന്നും ലാൻറ് കൺവർഷൻ ടാക്സ് ഈടാക്കുക.
* സ്വകാര്യമേഖലയിലോ സഹകരണ മേഖലയിലോ സിനിമാ തിയേറ്റർ സ്ഥാപിക്കുക.
* 20 കരിങ്കൽ ക്വാറികൾ പ്രവർത്തിക്കുന്ന ഈ പഞ്ചായത്തിൽ നിന്ന് പതിനായിരക്കണക്കിന് ലോഡ് പാറ കയറ്റിക്കൊണ്ടു പോകുന്നുണ്ട്. വേണ്ടിവന്നാൽ പുതിയ നിയമ നിർമ്മാണം നടത്തുന്നതിന് പരിശ്രമിച്ച് പഞ്ചായത്തിന് നികുതി ചുമത്തുവാൻ അധികാരം ഉറപ്പിക്കുക.
* പഞ്ചായത്തു കോമ്പൗണ്ടിൽ ബഹുനില മന്ദിരം പണിത് തറനില ഷോപ്പിംഗ് കോംപ്ലക്സാക്കുക.
* തൃക്കാരിയൂർ ഉള്ള പഞ്ചായത്ത് പബ്ലിക് ലൈബ്രറി കെട്ടിടം പൊളിച്ച് രണ്ടുനിലയായി പണിത് തറനില ഷോപ്പിംഗ് കോംപ്ലക്സാക്കുക.
* പൊതുമാർക്കറ്റ്, മൽസ്യചന്ത, അറവുശാല എന്നിവ സ്ഥാപിക്കുക. (ഇതിലേക്കാവശ്യമായ ഭൂമി പെരിയാർവാലി കനാൽ തരിശു പതിച്ചു വാങ്ങുകയോ സാധ്യമല്ലെങ്കിൽ പൊന്നും വിലക്കെടുക്കാവുന്നതോ ആണ്)
* മരാമത്തു പണികൾക്കും പദ്ധതിപ്രവർത്തനങ്ങൾക്കും രജിസ്റ്റർ ചെയ്ത വികസന സമിതികളെ ഏർപ്പെടുത്തുക.

വിദേശത്തു ജോലി ചെയ്യുന്നവരിൽ നിന്ന് നിക്ഷേപങ്ങൾ സമാഹരിക്കുവാൻ കഴിയുന്ന 389 ഓളം പേരുണ്ട് അവരുടെ ഏകദേശ വിവരം താഴെ ചേർക്കുന്നു.

പട്ടിക - 8

വാർഡ്	1	2	3	4	5	6	7	8	9	10	11	12
എണ്ണം	41	25	24	50	25	100	27	20	16	20	31	10

* ചെറുവട്ടൂർ ഭാഗത്ത് ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിന്റെ ബ്രാഞ്ച് സ്ഥാപിച്ച് ബാങ്കിംഗ് സൗകര്യം ഏർപ്പെടുത്തുക.
* ശാസ്ത്രീയമായ പഠനങ്ങളുടെ പിൻബലത്തോടെ പ്രത്യുൽപാദന പദ്ധതികൾ ആവിഷ്ക്കരിച്ച് വായ്പാ സൗകര്യങ്ങളുപയോഗപ്പെടുത്തുക.
* ഗ്രാമസഭകളിലവതരിപ്പിക്കേണ്ട വരവുചെലവു കണക്കുകൾ ഓഡിറ്റ് ചെയ്യുകയും അച്ചടിച്ച് പരസ്യപ്പെടുത്തുകയും ചെയ്യുക. ആഡിറ്റ് ചെയ്യുന്നതിന് ജനകീയ സമിതിയെ ചുമതലപ്പെടുത്തുന്നതിനും ഇതിനുതകുന്ന നിയമം സംസ്ഥാനതലത്തിൽ നിർമ്മിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക.
* വികസന സമിതികൾ രജിസ്റ്റർ ചെയ്ത് കേന്ദ്രഗവ: ഏജൻസികളിൽ നിന്നും ലഭിക്കുവാൻ സാധ്യതയുള്ള സഹായധനം പ്രയോജനപ്പെടുത്തുക. വികസന പ്രവർത്തനങ്ങളും പദ്ധതിനടത്തിപ്പും രജിസ്റ്റർ ചെയ്ത സമിതികൾ വഴി മാത്രം നടപ്പിലാക്കുക.

വിഭവ സമാഹരണ സാധ്യതകൾ ക്രോഡീകരണം

വാർഡ് I ശ്രമദാനം ലഭ്യമാണ്.

വാർഡ് II വിശേഷജോലിക്കാർ ഏറെയുണ്ട്. നിക്ഷേപവും, വിഭവസമാഹരണവും സാധ്യമാണ്. ശ്രമദാനവും ലഭ്യമാണ്.

വാർഡ് III ശ്രമദാനം ലഭ്യമാണ്.

വാർഡ് IV ശ്രമദാനം ലഭ്യമാണ്.

വാർഡ് V ശ്രമദാനവും സാങ്കേതിക വിദഗ്ധരുടെ സേവനവും ലഭ്യമാണ്.

വാർഡ് VI പഞ്ചായത്ത് 4 സെൻറ് കോളനി ആലുവ മൂന്നാർ റോഡുമായി ബന്ധിക്കുന്ന റോഡിന്റെ നിർമ്മാണത്തിന് സ്ഥലവും, പണവും, ശ്രമദാനവും ലഭ്യമാണ്.

വികാസ് കോളനി PVI കനാൽറോഡുമായി ബന്ധിപ്പിക്കുന്നതിന് മനുഷ്യാദ്ധ്വാനം ലഭ്യമാണ്.

വാർഡ് VII ഉൽപാദന രംഗത്തും നിർമ്മാണ മേഖലയിലും മാനവശേഷി ഉപയോഗിക്കുവാൻ കഴിയും.

വാർഡ് VIII ഓഹരികൾ വഴി മുലധനം സമാഹരിക്കാം. റോഡുപണിക്ക് മനുഷ്യശേഷി ലഭ്യമാണ്.

വാർഡ് IX ശ്രമദാനം ലഭ്യമാണ്.

വാർഡ് X ചെറളാട് തങ്കളം വെസ്റ്റ് റോഡ് നിർമ്മാണത്തിന് മനുഷ്യശേഷി ലഭ്യമാണ്.

വാർഡ് XII ശ്രമദാനങ്ങൾ വഴി വിവിധ പ്രവർത്തനങ്ങൾ നടത്താൻ കഴിയും.

ഉപസംഹാരം

സ്നേഹിതരെ

എറെനാളുകളായി ജനങ്ങളാഗ്രഹിക്കുന്ന ഒന്നാണ് ജനപക്ഷത്തു നിന്നുള്ള വികസനം. കഴിഞ്ഞ അരനൂറ്റാണ്ടുകാല വികസന ചരിത്രം ജനാഭിലാഷങ്ങളെ മാറ്റി നിർത്തുന്ന ഔപചാരിക ചടങ്ങുകൾ മാത്രമായിരുന്നു. അകയാൽ നമ്മുടെ സ്വപ്നങ്ങളധികവും പൂവണിയാതെ ബാക്കി നിൽക്കുകയാണ്. അനൊമ്പാരങ്ങളാണ് ഗ്രാമസഭാ ചർച്ചകളിൽ മുഴങ്ങിക്കേട്ടത്. ഒന്നും ശരിയാകില്ലായെന്ന് പലരും ഉറക്കെ പറഞ്ഞു. പക്ഷെ ഈ ചർച്ചകൾ നാടിന്റെ ഉള്ളറകളിലേയ്ക്ക് വെളിച്ചം വീശുന്നതായിരുന്നു. ചരിത്രത്തിൽ ഇതൊരു പ്രഥമ അവസരവുമായിരുന്നു. നാടിനെ അറിഞ്ഞതിലൂടെ നാടിനെ മാറ്റാമെന്ന് ബോധ്യമായി.

ഒട്ടേറെ പഠനങ്ങൾ, അന്വേഷണങ്ങൾ, സംവാദങ്ങൾ, ജനനായകരുടെ ഉപദേശങ്ങൾ, ഔദ്യോഗിക സംവിധാനത്തിലെ സ്ഥിതിവിവര കണക്കുകൾ, വിദഗ്ധരുമായിട്ടുള്ള കൂടിക്കാഴ്ചകൾ .....സമ്പന്നമായ നമ്മുടെ ഭൂതകാലം, ത്രസിക്കുന്ന വർത്തമാനകാലം എല്ലാം ഇതൾവിരിയുകയായിരുന്നു. ഈ റിപ്പോർട്ടിൽ അവ കോറിവയ്ക്കുവാൻ ശ്രമിച്ചിട്ടുണ്ട്. ഒട്ടേറെ വിലയേറിയ മനുഷ്യാധ്വാനം രാപകലില്ലാതെ ഇതിനായി ചെലവഴിക്കപ്പെട്ടിട്ടുണ്ട്.

ഔപചാരികമായി സംസ്ഥാനത്ത് ജനകീയാസൂത്രണ പരിപാടി തുടങ്ങി വയ്ക്കുന്നതിനു മുമ്പേ വാർഡ് മെമ്പർമാർ മുൻകയ്യെടുത്തു സംഘടിപ്പിച്ച മേഖലവികസന യോഗങ്ങൾ ജനപക്ഷവികസന പ്രക്രിയയ്ക്ക് നമ്മുടെ പഞ്ചായത്തിൽ കളമൊരുക്കിയിരുന്നു.

'അർദ്ധനഗ്നനായ ഫക്കീർ' എന്ന് സാമ്രാജ്യത്വ ദല്ലാളൻമാർ പരിഹസിച്ച ആ മഹാനുഭവന്റെ 'ഗ്രാമസ്വരാജ്' എന്ന സ്വപ്നം ഇനിയും സാക്ഷാൽക്കരിക്കപ്പെട്ടിട്ടില്ല. ഇരുപത്തിയൊന്നാം നൂറ്റാണ്ട് ഒട്ടേറെ പ്രതീക്ഷകളുമായി നമ്മെ കാത്തിരിക്കുന്നു. ആ ചരിത്രദൗത്യമേറ്റെടുത്ത് നമുക്ക് മുന്നോട്ട് പോകാം.

ഈ വികസന റിപ്പോർട്ട് പൂർണ്ണമാക്കുവാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. എങ്കിലും കുറെയേറെ പ്രശ്നങ്ങളും സാധ്യതകളും വിട്ടുപോയിട്ടുണ്ടുകാം. വികസന സെമിനാറിലെ ഉൾക്കാമ്പുള്ള ചർച്ചകൾ ഇത് സമ്പൂർണ്ണമാക്കുമെന്ന് ഉറപ്പുണ്ട്.

ഈ വികസന റിപ്പോർട്ടിന് മജ്ജയും മാംസവും നൽകുന്നതിന് വേണ്ടി ശ്രമിച്ച സാമൂഹ്യപ്രതിബദ്ധതയുള്ള എല്ലാ വികസന കാംക്ഷികളോടുമുള്ള നന്ദിയും കടപ്പാടും വാക്കുകളിൽ ഒതുക്കുന്നില്ല. വരുംകാലത്ത് പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഏവരുടേയും ഉള്ള് തുറന്ന സഹായസഹകരണങ്ങൾ ഉറപ്പായി പ്രതീക്ഷിച്ചുകൊണ്ട്

ഇ.എസ്.അബ്ദുൾഖാദർ

പ്രസിഡൻറ്.



കോർഗ്രൂപ്പ്

കൃഷി, ജലസേചനം

സി.എം. അബ്ദുള്ള റഹിമാൻ
ഷീല പോൾ
കെ. ചന്ദ്രൻ

മൃഗപരിപാലനം

റോസിലി ബേബി
കെ. എൻ. രാജേന്ദ്രൻ
Dr. സ്വപ്ന പോൾ
എം.കെ. ബോസ്

വിദ്യാഭ്യാസം

സഹീർ കോട്ടപ്പറമ്പിൽ
പി. വി. നാരായണനുണ്ണി
പരീത് പട്ടരുമഠം
പി. വി. അരവിന്ദ്
അബൂബക്കർ

ആരോഗ്യം, കുടിവെള്ളം

ഇ.എസ്. അബ്ദുൾഖാദർ
സി. സതീഷ് ബാബു
പി.കെ. മധുസൂദനൻ
Dr. വിജയൻ നങ്ങേലിൽ
Dr. വിജയനാഥ്

വ്യവസായം

എ .ബി. മുഹമ്മദ്
കെ.എം. ഗോവിന്ദൻ
പി.കെ. പത്മനാഭൻ

റോഡുകൾ, ഊർജ്ജം

ബ്ലായിൽ രാധാകൃഷ്ണൻ
പി.എം. മഹറൂബ്
പി.എം. രാജു

ഭവന നിർമ്മാണം, സാമൂഹ്യക്ഷേമം

എ.എം. അലിയർ
കെ.ബി. സലിം
ബൈജു. റ്റി. പോൾ
അസീസ് റാവുത്തർ
വറുഗീസ് മോളത്ത്

സംസ്കാരം

എ.എൻ. വത്സല
പി.കെ. കുര്യാക്കോസ്
ടി.ടി. മത്തായി
രഘു .ടി.കെ

സഹകരണം

സി.ജി. വാസുദേവൻ നമ്പൂതിരി
കെ.എ. ഹമീദ്
ഇ.എം. മുഹമ്മദ്
കെ.എം മുഹമ്മദ്
എം.ജി. രവീന്ദ്രൻ

വനിത

സൈനബ അലി
അനു വിജയനാഥ്
പി.കെ. ബാപ്പുട്ടി
വി.എസ്. കലാമണി
രാജമ്മ രഘു
എം.കെ ലളിത
പൊന്നമ്മ ശാസ്ത്രി

പട്ടികജാതി- പട്ടികവർഗ്ഗ ക്ഷേമം

കെ.കെ. രാജു
പി. എസ്. വത്സലൻ
പി.കെ. തങ്കപ്പൻ
എം.കെ. രാജപ്പൻ
കെ.കെ. സുരേഷ്
എം.ഇ. രാമൻ
ടി.ഐ. ശശി

വിഭവസമാഹരണം

എം.എൻ. ജയലക്ഷ്മി
കെ.എ. കുഞ്ഞുമുഹമ്മദ്
എം.എം. അബ്രാഹം
ടി.എ. അലി
സി.എ. മക്കാർ

പഠനപര്യടനം

ചെറുവട്ടൂർ നാരായണൻ
പി.വി. പ്രകാശ്
എ.ടി. രാജീവ്
എ.കെ. അജയൻ
എം.എ. ഇബ്രാഹിം
എം.കെ. രാജപ്പൻ
കെ.കെ. നാസ്സർ
എൻ.എം. അലിക്കുഞ്ഞ്
കെ.ജി. ഷാജി
പി.പി. പ്രേംകുമാർ
എം.എസ്. ആശ
കെ.കെ. ഷാലിജ
ഒ.പി. രവി
ഒ.കെ. മണി
കെ.എസ്. അലിയാർ
എ.സി. സത്യൻ
കെ. വേണുഗോപാൽ
എം.എസ്. ജയപ്രകാശ്

ഭൂപടം

സുനിൽ മാത്യു

കവർ

കെ.ആർ. ഗോപി

Printed at SANJO OFFSET Printers Kothamangalam Ph: 523529


വിദ്യാഭ്യാസ കോംപ്ലെക്സ്
ഉദ്ഘാടനം നാളെ
കുറ്റിലഞ്ഞി ഹെൽത്ത് സെൻറർ
ഡിസ്പെൻസറിയാക്കണം
വികസന പദ്ധതികൾ
ജനകീയാസൂത്രണം
ആസൂത്രണം
ജനങ്ങളിലേക്ക്
ഗ്രാമസഭ
ജനകീയാസൂത്രണം രണ്ടാംഘട്ടത്തിൽ